
# സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും

**Volume I**



കോറെപ്പിസ്കോപ്പ കെ. മാണി രാജൻ, M. Sc., M. Ed., Ph. D.

# സുറിയാനി സഭയിലെ
# രക്തസാക്ഷികളും പരിശുദ്ധന്മാരും
# മേലദ്ധ്യക്ഷന്മാരും

## (Volume I)

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ, M. Sc., M. Ed., Ph. D.

J. S. C. Publications
Patriarchal Centre
Puthencruz

2016

**സുറിയാനി സഭയിലെ**
**രക്തസാക്ഷികളും പരിശുദ്ധന്മാരും**
**മേലദ്ധ്യക്ഷന്മാരും**

**(Vol. I)**

By. Cor-Episcopo (Dr.) K. Mani Rajan

First Edition: 2003, Lotus Publications, Trivandrum -4

Revised Edition: 2009, The Travancore Syriac Orthodox Publishers, Kottayam-686 004

2016, JSC, Puthencruz

Copyright @ Author

All rights reserved . No reproduction or translation in whole or part is allowed without written permission from the author.
Printed at: Done colour Graphs, Kottayam

Price Rs. 75.00

Printed at: Julios Press, Puthencruz

Published by: JSC Publications, M.D. Church Centre
Patriarchal Centre, Puthencruz
Phone: 0484 2255581, 3299030
Email: mdbookstall@yahoo.com

Copies: 1000

# ഉള്ളടക്കം


1. വിശുദ്ധ യോഹന്നാൻ സ്നാപകൻ ...............................................7
2. സെബസ്ത്യായിലെ പരിശുദ്ധന്മാരായ നാല്പതു സഹദേന്മാർ .........12
3. വി. ഗീവറുഗീസ് സഹദാ ........................................................ .14
4. സബ്ദായുടെ പുത്രനായ വി. യാക്കോബ് ശ്ലീഹാ ........................ .17
5. പരിശുദ്ധനായ പത്രോസ് ശ്ലീഹാ ................................................19
6. പരിശുദ്ധനായ പൗലോസ് ശ്ലീഹാ.............................................. .23
7. പാത്രിയർക്കീസായ മോർ ഇഗ്നാത്തിയോസ് നൂറോനോ ................. .26
8. മോർ തോമാശ്ലീഹാ..................................................................30
9. ഈജിപ്റ്റിലെ വി. അന്തോണിയോസ്...........................................37
10. മോർ ബർസൗമൊ....................................................................42
11. പരിശുദ്ധനായ സ്ലീബാ മോർ ഒസ്താത്തേവോസ് ബാവാ...............45
12. മോർ ശെമവൂൻ ദെസ്തുനൊ.....................................................51
13. സുവിശേഷകനായ വിശുദ്ധ മത്തായി ശ്ലീഹാ ..............................55
14. വിശുദ്ധ തെക്ള .......................................................................57
15. സുവിശേഷകനായ വിശുദ്ധ ലൂക്കൊസ്.......................................62
16. പരിശുദ്ധനായ ചാത്തുരുത്തിൽ ഗ്രീഗോറിയോസ് തിരുമേനി..........64
17. സ്വർണ്ണനാവുകാരനായ വിശുദ്ധ ഈവാനിയോസ്..........................70
18. മോർ യാക്കോബ് ബുർദോനൊ ...................................................74
19. സ്രൂഗിലെ മോർ യാക്കോബ്......................................................80
20. പരിശുദ്ധനായ പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവാ........ .83
21. പരിശുദ്ധ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ.................. .88
22. പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ .............91
23. പരിശുദ്ധ മീഖായേൽ റബോ പാത്രിയർക്കീസ് ബാവാ ................ .95
24. മോർ ഗ്രീഗോറിയോസ് യൂഹാനോൻ ബാർ എബ്രായ..................103
25. പുണ്യശ്ലോകനായ
ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ..... .107
26. പുണ്യശ്ലോകനായ മോർ യൂലിയോസ് യാക്കോബ് തിരുമേനി .........111
27. പുണ്യശ്ലോകനായ മോർ തിമോത്തിയോസ് യാക്കോബ് തിരുമേനി. .115
28. മോർ മോശെ ബർ കീപ്പാ......................................................... .118
29. പുണ്യശ്ലോകനായ മോർ അത്താനാസിയോസ് യേശു ശമുവേൽ.. .120
30. പുണ്യശ്ലോകനായ മോർ അത്താനാസിയോസ് ശെമവൂൻ ബാവാ...126

# വിശുദ്ധ യോഹന്നാൻ സ്നാപകൻ

## (? - ഏ.ഡി. 31?)

സെഖര്യാ പുരോഹിതന്റെയും എലിസബെത്തിന്റെയും മകനായി യോഹന്നാൻ ജനിച്ചു (ലൂക്കൊ. 1:13). യേശുക്രിസ്തുവിന്റെ ജനനത്തിന് ആറുമാസം മുമ്പായിരുന്നു യോഹന്നാന്റെ ജനനം (ലൂക്കൊ 1:26, 31). സുറിയാനി സഭയിലെ പെരുന്നാളുകളിൽ ഏറെ പഴക്കമുള്ളതാണ് ജൂൺ 24-ാം തീയതി സഭ ആഘോഷിക്കുന്ന യോഹന്നാന്റെ ജനനപ്പെരുന്നാൾ. ക്രിസ്തുമസ്സിന് ഏകദേശം രണ്ടാഴ്ച മുമ്പും (കൂദോശീത്തൊയ്ക്കുശേഷം ആറാമത്തെ ഞായറാഴ്ച) സഭയിൽ ഈ പെരുന്നാൾ ആചരിക്കുന്നു (കൃത്യമായ തീയതിയില്ല).

ഏ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ യെഹൂദ്യ ദേശത്ത് എൻ കെരെം (En. Kerem or Ain Karim) എന്ന സ്ഥലത്താണ് യോഹന്നാൻ ജനിച്ചത്. ഈ സ്ഥലം ജറുസലേമിന് 6 മൈൽ പടിഞ്ഞാറു മാറി സ്ഥിതിചെയ്യുന്നു.

മറ്റു വിശുദ്ധന്മാരിൽനിന്ന് വിഭിന്നമായി യോഹന്നാൻ മാംദോനായുടെ ജന്മദിനം സഭ പെരുന്നാളായി ആഘോഷിക്കുന്നു. ഇതിനടിസ്ഥാനം വി. കന്യകമറിയാം എലിസബേത്തിനെ സന്ദർശിച്ചപ്പോൾ ഗർഭസ്ഥശിശുവായ യോഹന്നാൻ പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടു എന്നതാണ് (ലൂക്കൊ. 1:15, 39, 45). മറ്റു വിശുദ്ധന്മാരുടെ ജനന പെരുന്നാളുകൾ ആഘോഷിക്കാതിരിക്കുന്ന സുറിയാനി സഭയുടെ പാരമ്പര്യത്തിന്റെ പശ്ചാത്തലമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

വി. യോഹന്നാൻ സ്നാപകൻ കർത്താവിന്റെ മുന്നോടിയാണ് (മത്താ. 11:10; ലൂക്കൊ. 1:76). കർത്താവിന്റെ വഴിയൊരുക്കുന്നതിന് ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ വന്നവനാണ് (ലൂക്കൊ. 1:17 ). യോഹന്നാനെക്കുറിച്ച് യേശുവിന്റെ സാക്ഷ്യം ശ്രദ്ധേയമാണ്: ''സ്ത്രീകളിൽനിന്ന് ജനിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല . . .'' (മത്താ. 11:11 ; ലൂക്കൊ. 7:28).

യോഹന്നാന്റെ വസ്ത്രം ഏലിയാവിനെ പോലെ ഒട്ടകരോമം കൊണ്ടുള്ളതും അരക്കെട്ട് തോൽ കൊണ്ടുള്ളതുമായിരുന്നു (2 രാജാ. 1:8 ). അദ്ദേഹത്തിന്റെ ആഹാരമോ കംസയും (ഒരു ഇനം കിഴങ്ങ്) കാട്ടുതേനും (1 ശമു. 14:25-26) ആയിരുന്നു (മത്താ. 3:4). പ്ശീത്ത ബൈബിൾ വിവർത്തകർ 'കാട്ടുകിഴങ്ങുകളും' എന്നാണ് 'വെട്ടുകിളി' എന്നതിനുപയോഗിച്ചിരിക്കുന്ന പദം.

യോഹന്നാൻ സ്നാപകനെ സന്യാസികൾക്ക് മാതൃകയായി കണക്കാക്കുന്നു. സന്യാസികൾ ഭക്ഷണത്തിൽ മാംസം (ഇറച്ചി) ഉൾപ്പെടുത്തിയിരുന്നില്ല എന്നതിനാൽ 'വെട്ടുകിളി' എന്നതിന് Carob Pods എന്ന പുനർവ്യാഖ്യാനവും ജറോമിന്റെ വ്യാഖ്യാനത്തിൽ കാണുന്നു. Locust tree എന്നു പറയുന്നത് മെഡിറ്ററേനിയൻ പ്രദേശങ്ങളിലെ ഒരു അമരിവർഗ്ഗ വൃക്ഷമാണ്. ഇതിന്റെ മാംസളമായ കനികൾ (പരിപ്പ്) മനുഷ്യന് കാട്ടിലെ വിശിഷ്ട ഭക്ഷണമാണ് (St. John's bread). ഇതിനെയാണ് Carob Pods എന്ന് പരാമർശിച്ചിരിക്കുന്നത്. ചുരുക്കി പറഞ്ഞാൽ യോഹന്നാൻ സ്നാപകൻ മരുഭൂമിയിൽ ലഭ്യമായ കാട്ടുകിഴങ്ങുകളും (അമരി വൃക്ഷത്തിന്റെ കായുടെ പരിപ്പും) കാട്ടുതേനും ഭക്ഷിച്ച് ജീവിച്ചു.

യോഹന്നാൻ എഴുതിയ വി. സുവിശേഷത്തിൽ യോഹന്നാൻ സ്നാപകനെ ക്രിസ്തുവുമായി താരതമ്യം ചെയ്യുന്നുണ്ട്. കർത്താവിനെ മണവാളനും യോഹന്നാനെ മണവാളന്റെ സ്നേഹിതനായും (യോഹ. 3:29) ചിത്രീകരിച്ചിരിക്കുന്നു. യോഹന്നാൻ ജ്വലിച്ച് പ്രകാശിക്കുന്ന വിളക്കായിരുന്നു (യോഹ. 5:35). എന്നാൽ യേശു ലോകത്തിന്റെ വെളിച്ചമാകുന്നു (യോഹ. 8:12). യേശു വചനമായിരുന്നു (യോഹ. 1:1). എന്നാൽ യോഹന്നാൻ "കർത്താവിന്റെ വഴി നേരെയാക്കുവിൻ" എന്നു പറയുന്ന ശബ്ദമായിരുന്നു (യോഹ. 1:23). യേശുക്രിസ്തുവിന്റെയും യോഹന്നാന്റെയും ജനനത്തിൽ സമാന്തരങ്ങളായ പല സംഭവങ്ങളും കാണാവുന്നതാണ്. ദൂതന്റെ അറിയിപ്പ്, ഗർഭധാരണം, ജനനം, ആശംസാഗാനങ്ങൾ, അവരുടെ ഭാവിയെക്കുറിച്ചുള്ള പ്രവചനങ്ങൾ എന്നിവ അതിലുൾപ്പെടുന്നു.

യോഹന്നാൻ സ്നാപകൻ യേശുക്രിസ്തുവിന്റെ മാതുലപുത്രനായിരുന്നു. യോഹന്നാൻ ദൈവത്തിനു നാസീറായി വ്രത

മെടുത്തിരുന്നു. (ലൂക്കൊ. 1:15; സംഖ്യാ. 6:3–4). യോഹന്നാൻ തിബെര്യോസിന്റെ വാഴ്ചയുടെ 15–ാം വർഷം (c. A. D. 28 - 29) തന്റെ ദൗത്യനിർവ്വഹണം യോർദ്ദാന്റെ കരയിൽ ആരംഭിച്ചു. (*Encyclopaedia Americana*, 1988). യോഹന്നാൻ ശലോമിനരികത്തു ഐനോൻ (near modern Nablus) മുതൽ ജറിഹോവിനു കിഴക്കുവരെ യോർദ്ദാൻ താഴ്‌വരയിൽ പ്രസംഗിച്ചു നടന്നു. മരുഭൂമിയിൽ എന്ന പ്രയോഗത്തിൽനിന്ന് (മരുഭൂമിയിൽ വിളിച്ചുപറയുന്നവൻ) ആൾപാർപ്പില്ലാത്ത എന്നല്ല മറ്റുപട്ടണങ്ങളെ അപേക്ഷിച്ച് ആളുകൾ വളരെ കുറച്ചുമാത്രം താമസിക്കുന്നതെന്നാണർത്ഥമാക്കുന്നത്. മരുഭൂമിയും വരണ്ടനിലവും ആനന്ദിക്കും. (യെശയ്യ. 35:1) എന്ന പ്രവചനമാണിവിടെ നിവർത്തിയാകുന്നത്.

യോഹന്നാന്റെ വളർച്ചയുടെ നിർണ്ണായകമായ കാലഘട്ടം യെഹൂദ്യ മരുഭൂമിയിലായിരുന്നു. അവിടെ എസ്സനിസ് (Essenes) സന്യാസികളുടെ സമൂഹമായി ബന്ധപ്പെട്ടായിരിക്കാം വളർന്നത് (*The new Encyclopaedia Britanica,* 1988). എസ്സനിസ് സന്യാസികൾ ബി. സി. രണ്ടാം നൂറ്റാണ്ടുമുതൽ എ. ഡി. ഒന്നാം നൂറ്റാണ്ടുവരെ നിലനിന്നിരുന്ന ന്യായപ്രമാണം കർക്കശമായി പാലിക്കുന്ന യെഹൂദവിഭാഗത്തിലെ ഒരു കൂട്ടമാണ്. ചില പണ്ഡിതന്മാർ യോഹന്നാൻ കുമറാൻ വിഭാഗത്തിൽപ്പെട്ടവരോടു കൂടെയായിരിക്കാം സഹവസിച്ചതെന്ന് അഭിപ്രായപ്പെടുന്നു.

യോഹന്നാന്റെ പ്രസംഗത്തിന്റെ കാതൽ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നതാണ് (മത്താ. 3:2) അന്ന് യെറൂശലേമിലും യെഹൂദ്യദേശമൊക്കെയും യോർദ്ദാന്റെ ഇരുകരയിലുമുള്ള എല്ലാ നാട്ടുകാരും പുറപ്പെട്ട് അവന്റെ അടുക്കൽചെന്നു തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് യോർദ്ദാൻ നദിയിൽ അവനാൽ സ്നാനമേറ്റു (മത്താ. 3:5). ഇപ്പോൾ തന്നെ വൃക്ഷങ്ങളുടെ ചുവട്ടിന് കോടാലി വച്ചിരിക്കുന്നു; നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടുകളയുന്നു (മത്താ. 3:10) എന്നിങ്ങനെ ശക്തമായ ഭാഷയിലായിരുന്നു യോഹന്നാന്റെ മാനസാന്തര പ്രസംഗങ്ങൾ.

യോഹന്നാൻ സ്നാപകന്റെ നാലുപെരുന്നാളുകളാണ് സഭയിൽ ആചരിക്കുന്നത്. ജൂൺ 24– ജന്മദിനം, ഡിസംബർ മാസത്തിൽ ക്രിസ്തുമസ്സിന് ഏതാണ്ട് രണ്ടാഴ്ചമുമ്പും ജന്മദിനം

ആഘോഷിക്കുന്നു. കൂടാതെ ജനുവരി 7-ന് പുകഴ്ച പെരുന്നാളും ഓഗസ്റ്റ് 29 ന് ശിരഛേദനത്തിന്റെ (രക്തസാക്ഷിത്വത്തിന്റെ) ഓർമ്മയും ആഘോഷിക്കുന്നു. യോഹന്നാൻ സ്നാപകന്റെ ശിരസ്സ് ഹോംസിൽ കണ്ടെത്തിയതിന്റെ ഓർമ്മയും (ഫെബ്രുവരി 24) ചില സ്ഥലങ്ങളിൽ പെരുന്നാളായി ആചരിക്കുന്നുണ്ട്. യോഹന്നാൻ സ്നാപകന്റെ ശിരസ്സ് അടക്കം ചെയ്തിരിക്കുന്ന പള്ളി ദമാസ്കൊസിലാണ്. ഇപ്പോൾ ഈ പള്ളി ഹമീദിയ മോസ്ക് എന്നറിയപ്പെടുന്നു.

യോഹന്നാൻ സ്നാപകന്റെ പെരുന്നാളുകൾ ആചരിക്കുന്നതിലൂടെ ആ വിശുദ്ധന്റെ സുകൃതങ്ങൾ ജീവിതത്തിൽ പകർത്തുന്നതിനു ശ്രമിക്കേണ്ടതാണ്. യോഹന്നാന്റെ സുകൃതങ്ങളെ മൂന്നായി തരംതിരിക്കാം.

(1) ''ദൈവത്തിന്റെ കുഞ്ഞാടിനെ'' ലോകത്തിനു കാണിച്ചുകൊടുക്കുക എന്ന അടിസ്ഥാനദൗത്യം യോഹന്നാൻ നിറവേറ്റുന്നു (യോഹ. 1:35-36). ദൈവശുശ്രൂഷ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും അവനു സാക്ഷികളാകുന്നതിനും (യോഹ. 1:7,8) അവസരമായി കാണുന്നു. ആ ദൗത്യത്തിന്റെ ലക്ഷ്യം ഞാനോ കുറയേണം അവനോ വളരേണം എന്നതാണ് (യോഹ. 3:30).

(2) ഭയമില്ലാതെ അധാർമ്മികതയ്ക്കെതിരെ ശബ്ദിക്കുന്ന യോഹന്നാന്റെ മാതൃക അനുകരണീയമാണ്. സഹോദരന്റെ ഭാര്യയെ പരിഗ്രഹിക്കുന്നത് നിനക്ക് വിഹിതമല്ല എന്നു യോഹന്നാൻ ഹേരോദാവിനോടു പറഞ്ഞിരുന്നു (മർക്കൊ. 6:18). ഹേരോദാവിന്റെ ആദ്യ ഭാര്യ അറേബ്യൻ രാജാവായ അരിത്താസ് നാലാമന്റെ മകളായിരുന്നു (Britanica, 1988). ഹെരോദ്യാ അരിസ്റ്റോബുലസിന്റെ മകളും, പരേതനായ ഫിലിപ്പിന്റെ ഭാര്യയുമായിരുന്നു (Josephus, Book 18, Chapter 5). ഹെരോദാവിന്റെ സഹോദരനായ (half brother, മറ്റൊരമ്മയിൽ നിന്ന് ജനിച്ച) ഫിലിപ്പിന്റെ ഭാര്യയെ സംബന്ധിച്ച യോഹന്നാന്റെ താക്കീതിന് യോഹന്നാന്റെ ജീവൻ തന്നെ വില കൊടുക്കേണ്ടിവന്നു (മത്താ. 14:1-12; മർക്കൊ. 6:17- 28)

(3) സത്യത്തിനും നീതിക്കും വേണ്ടിയുള്ള പോരാട്ടമാണ് യോഹന്നാന്റെ ജീവിതശൈലി. യോഹന്നാൻ മാംദോനോയുടെ

പെരുന്നാളുകളിലെ പ്രാർത്ഥനകളിൽ ‘‘ഹെരോദ്യ അവളുടെ മകളെ (ശലോമിയെ) സത്യത്തിനും നീതിക്കും വിരോധമായി യോഹന്നാന്റെ തല തളികയിൽ തരണമെന്നു പറഞ്ഞുകൊടുത്തു പഠിപ്പിച്ചതുപോലെ കർത്താവേ! സത്യത്തിനും നീതിക്കും വിരോധമായി യാതൊന്നും ആവശ്യപ്പെടാനോ പ്രവർത്തിപ്പാനോ ഇടവരാതെ ഞങ്ങളെ കാത്തുകൊള്ളണമെ.’’

‘‘കർത്താവേ! കാരാഗൃഹത്തിലടയ്ക്കപ്പെട്ടാലും രാജകല്പനയുണ്ടായാലും അളവില്ലാത്ത ലോകധനം ലഭിച്ചാലും സത്യത്തിനു വിരോധമായി വിചാരിക്കയോ പ്രവർത്തിക്കുകയോ ചെയ്യാതിരിപ്പാനും . . . ധൈര്യമുള്ള ഹൃദയം കൃപയോടെ ഞങ്ങൾക്കു നൽകണമേ.’’

യേശുക്രിസ്തുവിന് യോഹന്നാൻ മാമോദീസ നൽകിയതിനു ശേഷമാണ് ഹേരോദാവ് യോഹന്നാനെ കാരാഗൃഹത്തിലടയ്ക്കുന്നതും ഹേരോദ്യായുടെ താല്പര്യപ്രകാരം യോഹന്നാൻ മാംദോനായുടെ ശിരച്ഛേദനം നടത്തുന്നതും. ക്രിസ്തുവിന്റെ ക്രൂശുമരണത്തിന് ഒരു വർഷം മുമ്പ് ഓഗസ്റ്റ് 29-ാം തീയതിയാണ് ഈ ക്രൂരകൃത്യം നടന്നതെന്ന് കരുതപ്പെടുന്നു. അരിത്താസിന്റെ മകളുടെ ഭർത്താവായ ഹേരോദാവുമായി (ഹേരോദ്യയെ ഭാര്യയായി സ്വീകരിച്ചതിനുശേഷം) അരിത്താസ് യുദ്ധംചെയ്ത് വിജയിക്കുന്നതിനുമുമ്പ് c. A. D. 35-36 ൽ യോഹന്നാന്റെ ശിരച്ഛേദനം നടന്നുവെന്ന് കരുതുന്നവരുമുണ്ട് (*Britanica*, 1988). യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാർ അദ്ദേഹത്തിന്റെ ശരീരം സെബസ്ത്യയിൽ (ശലോമിനരികെ ഐനോനടുത്ത്) അടക്കം ചെയ്തു. കർത്താവിനെ മാമോദീസ മുക്കിയ യോഹന്നാൻ നമുക്കുവേണ്ടി (മധ്യസ്ഥനായി) പ്രാർത്ഥിക്കുന്നതിനാൽ നമുക്കു അനുഗ്രഹങ്ങളുണ്ടാകട്ടെ.

# സെബസ്ത്യായിലെ പരിശുദ്ധന്മാരായ നാല്പതു സഹദേന്മാർ

**(? - ഏ.ഡി. 320)**

രക്തസാക്ഷികൾ വിശ്വാസത്തെ പ്രതി അവരുടെ ജീവൻ ബലിയർപ്പിച്ചവരാകുന്നു. രക്തസാക്ഷി എന്നർത്ഥമുള്ള '*martyr*' എന്ന പദം മാർട്ടിസ് (*martys*) എന്ന ഗ്രീക്കു പദത്തിൽ നിന്നാണുണ്ടായത്. മാർട്ടിസ് എന്ന പദത്തിന്റെ അർത്ഥം സാക്ഷ്യം (witness) എന്നാണ്. (*Nelson's Encyclopaedia,* 1913; *Encyclopaedia Americana*, 1988). ആദ്യമായി സാക്ഷ്യം എന്ന പദം ക്രിസ്തുവിന്റെ ജീവിതത്തിന് സാക്ഷികളായിരുന്ന ശിഷ്യന്മാരെ ഉദ്ദേശിച്ചായിരുന്നു ഉപയോഗിച്ചിരുന്നത് (അപ്പൊ. 22:20). പിന്നീട് മരണത്തോളം യേശുവിന്റെ സാക്ഷികളായ രക്തസാക്ഷികളെ (സഹദേന്മാർ) ഉദ്ദേശിച്ചും ഈ പദം ഉപയോഗിച്ചുവരുന്നു.

സഹദേന്മാർ (നിണസാക്ഷികൾ) രക്തത്താൽ മാമോദീസ ഏറ്റവരാകുന്നു. അവരുടെ മധ്യസ്ഥത സ്വർഗ്ഗത്തിൽ പ്രത്യേകം പരിഗണിക്കുന്നുവെന്നാണ് സുറിയാനി സഭയുടെ വിശ്വാസം. സെബസ്ത്യായിലെ പരിശുദ്ധന്മാരായ നാല്പതു സഹദേന്മാരുടെ ഓർമ്മ നാല്പതുനോമ്പിലാണ് ക്രമീകരിച്ചിരിക്കുന്നത് (മാർച്ച് - 9).

സെബസ്ത്യ (Sebestea) മദ്ധ്യ ടർക്കിയിലെ (Armenia Minor) ഒരു പട്ടണമാണ്. ആധുനിക സിവാസിന്റെ (Sivas) തലസ്ഥാനമായാണ് സെബസ്ത്യ അറിയപ്പെടുന്നത്. കിസിൽ (Kizil) നദിയുടെ താഴ്വരയിലാണ് ഈ സ്ഥലം സ്ഥിതിചെയ്യുന്നത്. മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഡയോക്ലിഷൻ ചക്രവർത്തിയുടെ ഭരണത്തിലാണ് സെബസ്ത്യ അറിയപ്പെട്ടത് (*Encyclopaedia Britanica,* 1988).

പെങ്കീസാ നമസ്കാരത്തിൽ സെബസ്ത്യയിലെ നാല്പതു സഹദേന്മാരെ നീർച്ചാലിന്റെ തീരത്ത് കമനീയമായി നിൽക്കുന്നതായി യെഹസ്ക്കിയേൽ പ്രവാചകൻ ദർശിച്ച നാല്പത് മോഹനീയ ഈന്തപ്പനകളായും (വൃക്ഷങ്ങളായും) വിഗ്രഹാരാധ

നയുടെ അന്ധകാരത്തെ നീക്കുന്ന നാല്പതു നക്ഷത്രങ്ങളായും സെബസ്ത്യ കടലിൽ രാത്രി മുഴുവനും നിന്ന് പ്രകാശിച്ച് ലോകം മുഴുവനും പ്രകാശം വ്യാപിപ്പിച്ച ദീപങ്ങളായും സഭയുടെ കിരീടത്തിൽ പതിക്കപ്പെട്ട വജ്രങ്ങളായും ഉപമിച്ചിരിക്കുന്നു.

ഏ. ഡി. 320 നോടടുത്ത കാലയളവിലാണ് സെബസ്ത്യയിൽ പടയാളികളായ നാല്പതുപേർ രക്തസാക്ഷികളായത്. വിവിധ രാജ്യങ്ങളിൽ നിന്നുള്ള, അർമ്മേനിയയിൽ പാളയമടിച്ച 12-ാമത്തെ ലീജിയനിലുള്ള സൈനികരായിരുന്നു ഈ വിശുദ്ധർ. ഇവരെ നാല്പതു കപ്പദോക്യമാണിക്യങ്ങളെന്ന് പെങ്കീസാ പ്രാർത്ഥനയിൽ വിശേഷിപ്പിച്ചിരിക്കുന്നു. അവരുടെ സൈന്യാധിപൻ നീചനായ ലിക്കിയാനോസ്സും, ഗവർണ്ണർ നിഷ്ഠുരനായ അഗ്രിക്കോലോവോസുമായിരുന്നു. ചക്രവർത്തി ലിസിനിയൂസ്സിന്റെ ആജ്ഞപ്രകാരം എല്ലാ പടയാളികളും ദേവന്മാർക്ക് ബലികഴിക്കണമെന്ന് ഗവർണ്ണർ ഉത്തരവിട്ടു. എന്നാൽ മേല്പറഞ്ഞ 40 പേർ ഈ ഉത്തരവനുസരിച്ചില്ല. (Moothedan, 2001) അതിനാൽ നാല്പതുപേരെ ചമ്മട്ടികൊണ്ടടിച്ച് ചങ്ങലകൊണ്ട് ബന്ധിച്ച് തടവിലാക്കി.

ഏതാനും ദിവസങ്ങൾക്കുശേഷം സൈന്യാധിപൻ സെബസ്ത്യയിൽ വന്നു തടവുകാരെ രണ്ടാമതും വിചാരണ ചെയ്തു. അവർ ദൃഢമാനസരെന്നു കണ്ടപ്പോൾ അവരെ നഗ്നരാക്കി സെബസ്ത്യയിലെ തടാകത്തിൽ (സമുദ്രത്തിൽ) രാത്രി മുഴുവനും നിർത്തി. തടാകത്തിലെ ജലം മഞ്ഞുകട്ടയായി മാറിയിരുന്നു. കൊടും തണുപ്പിനാൽ നാല്പതു സഹദേന്മാരുടെ ശരീരങ്ങൾ വരണ്ട് മരവിച്ച് അവർ മരിച്ചു. (ക്രിസ്തുവിനെ നിഷേധിക്കുന്നവരെ രക്ഷിക്കുന്നതിനായി അരികെതന്നെ ചൂടുവെള്ളം ശേഖരിച്ചിരുന്നു). അവരെ വിറകുപോലെ തീയിൽ അടുക്കിവച്ച് ദഹിപ്പിച്ചു. ഈ പരിശുദ്ധന്മാർ വിഗ്രഹാരാധനയെ ചെറുക്കുകയും വിശ്വാസം ത്യജിക്കാതെ ഉപദ്രവങ്ങളെ സഹിക്കുകയും ചെയ്തു. മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയാത്തവനെ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയുകയില്ല എന്ന തിരുവചനം അവരെ ശക്തരാക്കി (മത്താ. 10:32-33).

നാല്പതുനോമ്പിലെ പെങ്കീസാ നമസ്കാരത്തിൽ (സന്ധ്യ, പ്രഭാതം, സെദറാകളിൽ) ഈ പരിശുദ്ധന്മാരുടെ പേരുകൾ

ചേർത്തിരിക്കുന്നു. ദുമേത്തിയാനോസ്, അലക്സന്ത്രയോസ്, കൂറിലോസ്, പ്ലാബിയോസ്, സ്മാർഗ്ദോസ്, ക്സന്തിയോസ്, സിസിയാനോസ്, ലേവന്തിയോസ്, സേവേറിയാനോസ്, പീലക്തീമോൻ, ആഗാഗിയോസ്, ഇറാക്കിലിയോസ്, അക്ദീക്കിയോസ്, കുറിയോൻ, ആവലീസ്, എവുത്തിക്കിയോസ്, ഹുസെഖിയോസ്, എവുനിക്കിയോസ്, ഈലിയാനോസ്, ആക്കാക്കിയോസ്, എയാത്തിയോസ്, അത്താനാസിയോസ്, നീക്കോലാവോസ്, മെലത്തിയാന്, കന്തീദോസ്, ബിബിയനോസ്, കുദിയോന്, ഗായോസ്, സാക്കർദോന്, ദുമ്മിനോസ്, ഗൊർഗോനിയോസ്, പ്രിസ്കോസ്, തോവോദോലോസ്, അനാത്തോലിയോസ്, മേലേത്തിയോൻ, ഈലിനിയോസ്, തെയോപ്പിലോസ്, ലൂസിമാക്കോസ്, ഇയവന്നീസ്, കിൽത്തോദിയോസ് എന്നിവരാകുന്നു.

കഠിനമായ പീഡകളിൽ സഹദേന്മാർ സങ്കീർത്തനക്കാരനോടു ചേർന്ന് ഇങ്ങനെ പാടി. ഇവയെല്ലാം ഞങ്ങൾക്കു സംഭവിച്ചുവെങ്കിലും നിന്റെ പരിശുദ്ധനാമത്തെ ഞങ്ങൾ മറന്നില്ല. തീയിലൂടെയും വെള്ളത്തിലൂടെയും ആ പരിശുദ്ധന്മാർ നിത്യതയിലേക്കു പ്രവേശിച്ചു. നാല്പതുനോമ്പിനെ അലങ്കരിപ്പാൻ തക്കവണ്ണം യുദ്ധവീരന്മാരായ നാല്പതു സഹദേന്മാരെ കിരീടം ധരിപ്പിച്ച കർത്താവിനെ നമുക്കു മഹത്ത്വപ്പെടുത്താം.

## വി. ഗീവറുഗീസ് സഹദാ
### (ഏ.ഡി. ? - 303)

ഗീവറുഗീസ് (George , Gurgis, jurjis) കിഴക്കൻ ഏഷ്യാമൈനറിലെ കപ്പദൊക്യയിൽ (Lydda, also called Diospolis in Palestine) ഉദ്ദേശം A. D. 283 ൽ ജനിച്ചു. മെറ്റ ഫ്രാസ്റ്റൈസ് എന്ന ഗ്രന്ഥകാരന്റെ വിവരണമനുസരിച്ച് മാതാപിതാക്കൾ കുലീനന്മാരായിരുന്നു (Moothedan, 2001). ഗീവറുഗീസിന്റെ പിതാവ് ഡയോക്ലീഷൻ ചക്രവർത്തിയുടെ സൈന്യാധിപനായിരുന്നുവെന്നു കരുതപ്പെടുന്നു. ഗീവറുഗീസ്, ഡയോക്ലീഷൻ ചക്രവർത്തിയുടെ ഒരു ഉന്നത സൈനിക ഉദ്യോഗസ്ഥനായിരുന്നു.

വി. ഗീവറുഗീസ് സഹദായെ സംബന്ധിച്ച് ധാരാളം ഐതിഹ്യങ്ങൾ നിലവിലുള്ളതിനാൽ ഐതിഹ്യവും ചരിത്രവും തമ്മിൽ വേർതിരിക്കുന്നതിനു ബുദ്ധിമുട്ടുണ്ട്. എങ്കിലും പരിശോധിച്ച നിരവധി പുസ്തകങ്ങളിൽ പരാമർശിച്ചിരിക്കുന്ന ഒരു സംഭവം ഇവിടെ ചേർക്കുന്നു. ഒരിക്കൽ ഗീവറുഗീസ് ഉത്തരാഫ്രിക്കയിലെ ലിബിയ (Lybia) ദേശത്തെ സൈലീൻ (Sylene) എന്ന പട്ടണത്തിലൂടെ സവാരി ചെയ്യുകയായിരുന്നു. ആ പട്ടണത്തിനടുത്തുള്ള ഒരു ചതുപ്പുസ്ഥലത്ത് (നീലതടാകത്തിൽ?) ഒരു വ്യാളം (ചിറകുള്ളതും കവചാകൃതിയിൽ ശല്കങ്ങളുള്ളതും പല്ലിയുടെ ആകൃതിയുള്ളതും, അഗ്നിജ്വാലകൾ ഉച്ഛ്വസിക്കുന്നതുമായ ഒരു ജീവി) ഉണ്ടായിരുന്നു. ഈ വ്യാളം ആടുമാടുകളെയും മനുഷ്യരെയും ഉപദ്രവിക്കുകയും പിടിച്ചുതിന്നുകയും ചെയ്യുമായിരുന്നു. ഈ വ്യാളത്തിന്റെ ദുസ്സഹമായ ദുർഗന്ധം വമിക്കുന്ന വിഷമയമായ ചീറ്റൽ (ഊതൽ) മൂലം ആളുകൾക്ക് അതിനെ കൊല്ലുന്നതിനു സാധിച്ചില്ല.

ഈ വ്യാളത്തെ പ്രസാദിപ്പിക്കുന്നതിനു ദിവസവും രണ്ടാടുകളെ കൊടുക്കുന്ന പതിവുണ്ടായിരുന്നു. എന്നാൽ ഏറെനാൾ കഴിഞ്ഞപ്പോൾ ആടുകൾ തീർന്നുപോയതിനാൽ, ഓരോ ആളിനെ ഓരോ ദിവസവും കൊടുക്കുന്നതിന് രാജാവ് ഉത്തരവായി. അങ്ങനെയുള്ള ആളുകളെ തിരഞ്ഞെടുക്കുന്നതിന് നറുക്കിടുന്ന പതിവുണ്ടായിരുന്നു.

ഗീവറുഗീസ് സൈലീൻ പട്ടണത്തിലെത്തിയ ദിവസം നറുക്ക് ലിബിയ രാജാവിന്റെ മകൾ ആൻഡ്രോമേദയ്ക്ക് (സോഫിയ?) വീണിരുന്നു. രാജകുമാരിയുടെ ഊഴം മറ്റാരും ഏല്ക്കുന്നതിനു തയ്യാറായില്ല. ആയതിനാൽ രാജകുമാരിയെ നല്ല പകിട്ടുള്ള കല്യാണവസ്ത്രങ്ങൾ അണിയിച്ച് വ്യാളത്തിന് ഭക്ഷണമാകുന്നതിന് അയച്ചു. എന്നാൽ ഗീവറുഗീസ് (പച്ച) കുതിരപ്പുറത്തുവന്ന് ആ ജീവിയെ കുന്തംകൊണ്ട് തുളച്ചു. രാജകുമാരിയുടെ അരയിലെ കെട്ടുകൊണ്ട് വ്യാളത്തിന്റെ കഴുത്തിൽകെട്ടി പട്ടണത്തിലേക്കു കൊണ്ടുവന്നു. വിഗ്രഹാരാധനക്കാരായ സൈലീൻകാർ പരിഭ്രാന്തരായി ഓടി. എന്നാൽ ഗീവറുഗീസ് അവരോടു പറഞ്ഞു:നിങ്ങൾ യേശുക്രിസ്തുവിൽ വിശ്വസിച്ച് മാമോദീസ ഏല്ക്കുമെങ്കിൽ, ഞാൻ ഈ പാമ്പിനെ (വ്യാളം)

കൊല്ലാം. രാജാവും ആളുകളും സമ്മതിച്ചതനുസരിച്ച് അതിനെ കൊന്ന് നാല് കാളകൾ വലിക്കുന്ന വണ്ടിയിൽ കയറ്റി വ്യാളത്തെ നീക്കംചെയ്തു. ഗീവറുഗീസ് ഇതിന് പ്രതിഫലം ഒന്നും സ്വീകരിച്ചില്ല. അദ്ദേഹം രാജാവിനോട് പറഞ്ഞു. പള്ളികൾ പണിയുകയും പുരോഹിതന്മാരെ ആദരിക്കുകയും ദരിദ്രരോട് ദയ കാണിക്കുകയും ചെയ്യുക.

നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നിക്കോമേദിയ (Nicomedia)യിലെ ഡയോക്ലീഷൻ രാജാവിന്റെ മതപീഡയെ തുടർന്നാണ് ഗീവറുഗീസ് രക്തസാക്ഷിയായത്. ഈ പീഢ ഏഴ് വർഷങ്ങൾ നീണ്ടുനിന്നുവെന്ന് ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പല്ലോൻ, ഹോക്ലിസ് എന്നീ ദേവന്മാരെ ആരാധിക്കുന്നതിന് വിസമ്മതിച്ചതിനാലാണ് പീഡകൾ സഹിക്കേണ്ടിവന്നത്. ആ കാലഘട്ടത്തിലെ എഴുപതിലധികം രാജാക്കന്മാർ ഡയോക്ലീഷനോടുചേർന്നു പ്രവർത്തിച്ചിരുന്നതിനാൽ പല ചരിത്രങ്ങളിലും പല രാജാക്കന്മാരുടെ പേരുകളാണ് പരാമർശിച്ചിരിക്കുന്നത്.

ഡയോക്ലീഷൻ ചക്രവർത്തിയുടെ ഭാര്യ അലക്സന്ത്രിയായും പുത്രി വലേറിയയും ക്രിസ്തുവിൽ വിശ്വസിച്ചു. വി. ഗീവറുഗീസ് മുഖാന്തരം അനേകം അത്ഭുതങ്ങൾ നടന്നിരുന്നു. അലക്സന്ത്രിയയെ ഏല്പിച്ച നിരവധി പീഡകൾക്കൊടുവിൽ മേടം 8-ാം തീയതി അവൾ വാളാൽ കൊല്ലപ്പെട്ടു. അലക്സന്ത്രിയ കൊല്ലപ്പെട്ട അതേ സ്ഥലത്തുവച്ച് മേടം 23-ാം തീയതി വി. ഗീവറുഗീസിന്റെ ശിരസ്സ് ഛേദിക്കപ്പെട്ടു.

മോർ ഗീവറുഗീസിന്റെ രക്തസാക്ഷിമരണം ഉദ്ദേശം അ.ഉ.303 ലാണെന്ന് കരുതപ്പെടുന്നു. ഏ.ഡി. 494 ലെ രണ്ട് സുറിയാനി പള്ളികളിലെ ലിഖിതങ്ങളിൽ നിന്നും വി. ഗീവറുഗീസ് രക്തസാക്ഷിയായത് പലസ്തീനിലെ (Diospolis?) ലിഡ (Now, Lod, Israel) എന്ന സ്ഥലത്താണെന്നും അദ്ദേഹത്തിന്റെ നാമം ഏറെ ആദരിക്കപ്പെട്ടുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട് (*Britannica*. 2001; *Encarta* 2001). മഹാനായ കുസ്തന്തീനോസ് ചക്രവർത്തിയുടെ കാലത്തുതന്നെ ഗീവറുഗീസ് സഹദായുടെ നാമത്തിൽ നിക്കോമേദിയ, ലുദിയ, തെസ്സലോനിക്യ എന്നീ സ്ഥലങ്ങളിൽ പള്ളികളുണ്ടായിരുന്നു.

വി. ഗീവറുഗീസ് സഹദായെ ഇംഗ്ലണ്ടിന്റെ പരിത്രാണക പുണ്യവാളനായി കരുതുന്നു. ഇംഗ്ലണ്ടിലെ നാണയങ്ങളിലും സെന്റ് ജോർജ്ജിന്റെ അടയാളം മുദ്രിതമായിട്ടുണ്ട്. ഇതിന്റെ കാരണം വ്യക്തമല്ലെങ്കിലും റിച്ചാർഡ് ഒന്നാമൻ, എഡ്വേർഡ് മൂന്നാമൻ, എഡ്വേർഡ് നാലാമൻ, ഹെന്റി ഏഴാമൻ എന്നിവർ വി. ഗീവറുഗീസ് സഹദായെ പരിശുദ്ധനായി പരിഗണിച്ച് അവരുടെ സേനകൾക്ക് ഗീവറുഗീസിന്റെ നാമം നല്കുകയും, സേനാംഗങ്ങളുടെ വസ്ത്രങ്ങളിൽ സെന്റ് ജോർജ്ജിന്റെ ചുവന്ന കുരിശ് ഉപയോഗിക്കുകയും, വിശുദ്ധന്റെ നാമത്തിൽ ചാപ്പൽ പണിയുകയും ചെയ്തതായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗീവറുഗീസ് ഒരു സൈന്യാധിപനായിരുന്നതാകാം ഇതിനു കാരണമെന്നും അതല്ല, സെന്റ് ജോർജ്ജ് സൈന്യാധിപനെന്ന നിലയിൽ പ്രതിനിധിയായി ഇംഗ്ലണ്ടിൽ പോയിട്ടുണ്ടെന്നും ചിലർ അഭിപ്രായപ്പെടുന്നു.

വി. ഗീവറുഗീസ് സഹദാ പാമ്പുകളിൽനിന്നും ഇഴജന്തുക്കളിൽനിന്നും രക്ഷനേടുന്നതിനുള്ള മധ്യസ്ഥനായി വിശ്വസിക്കപ്പെടുന്നു. ഈ പരിശുദ്ധന്റെ പെരുന്നാൾ ഏപ്രിൽ 23-ാം തീയതി സുറിയാനി സഭ ആഘോഷിക്കുന്നു.

## സബ്ദായുടെ പുത്രനായ വി. യാക്കോബ് ശ്ലീഹാ
### (ഏ.ഡി. ? - 44)

വി. യാക്കോബ് ശ്ലീഹാ സബ്ദായുടെയും (മത്താ. 4:21) ശലോമിയുടെയും പുത്രനാണ്. സബ്ദാ ഗലീലയിലെ ബെത്സൈയ്ദായിൽ നിന്നുള്ള ഒരു മീൻപിടുത്തക്കാരനായിരുന്നു (മത്താ. 4:21). ദൈവമാതാവിന്റെ സഹോദരിയായ ശലോമി, മേരി എന്ന പേരിലും അറിയപ്പെടുന്നു.

കർത്താവിന്റെ സഹോദരനും, ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനുമായ മോർ യാക്കോബിൽനിന്ന് (ഗലാ. 1:19) വേർതിരിച്ചറിയുന്നതിന്, സബ്ദായ പുത്രനായ യാക്കോബിനെ വലിയ യാക്കോബ് (James, the Greater) എന്നും കർത്താവിന്റെ

സഹോദരനായ യാക്കോബിനെ നീതിമാനായ യാക്കോബ് (James, the just) എന്നുമാണ് വിളിച്ചിരുന്നത്. ശിഷ്യന്മാരിൽ മറ്റൊരുവനായ അൽപായിയുടെ മകനായ യാക്കോബിനെ ഇളയവനെന്ന അർത്ഥത്തിൽ പ്രായത്തിൽ ഇളപ്പമായ യാക്കോബ് അഥവാ ചെറിയ യാക്കോബ് (James, the lesser) എന്നും അറിയപ്പെടുന്നു.

വലിയ മാർ യാക്കോബ്, ശിഷ്യനും സുവിശേഷകനുമായ യോഹന്നാന്റെ മൂത്ത സഹോദരനാണ്. അൽപായിയുടെ മകനായ യാക്കോബിനു മുമ്പ് യേശുവിനാൽ വിളിക്കപ്പെട്ടവൻ എന്ന അർത്ഥത്തിലാണ് യാക്കോബിനെ വലിയ യാക്കോബ് എന്ന് വിളിച്ചിരുന്നതെന്നാണ് മറ്റൊരു പ്രബലമായ നിഗമനം. വലിയ യാക്കോബിന് യേശുവിനേക്കാൾ ഉദ്ദേശം 12 വയസ്സെങ്കിലും കൂടുതലുണ്ടായിരുന്നതായി കരുതുന്നു.

സബ്ദായ പുത്രനായ വലിയ യാക്കോബിനും യോഹന്നാനും ബോവനർഗേസ് (*Boanerges*) എന്നും പേരുണ്ട്. ബോവനർഗേസ് എന്ന ഗ്രീക്കുപദത്തിന് ഇടിമുഴക്കത്തിന്റെ മക്കൾ എന്ന അർത്ഥമാണുള്ളത് (മർക്കൊ. 3:17) ഇടിമക്കൾ എന്ന് വിളിക്കപ്പെട്ട യാക്കോബിന്റേയും യോഹന്നാന്റെയും സ്വഭാവവിശേഷമാണ് ആ പേരിന് അടിസ്ഥാനമെന്നും കരുതുന്നു (*Nelson's Encyclopaedia*, 1913). അവരുടെ തീക്ഷ്ണത (impetuosity), ശുഷ്കാന്തി എന്നീ സ്വഭാവഗുണങ്ങൾ പല സന്ദർഭങ്ങളിലും ശ്രദ്ധേയമാണ്. അവരുടെ പെട്ടെന്ന് ക്ഷോഭിക്കുന്ന സ്വഭാവം (quick temper) കൊണ്ടാണ് ബോവനർഗേസ് എന്ന് വിളിക്കപ്പെട്ടതെന്നും പരാമർശമുണ്ട്. (White, 1991) ബോവനർഗേസ് എന്നത് അറിയപ്പെടാത്ത ഒരു അരമായ പദവിയാണെന്നും അഭിപ്രായമുണ്ട് (*Encyclopedia Americana*, 1988).

ലൂക്കൊ. 9:52– 56 വാക്യങ്ങളിൽ പരാമർശിച്ചിരിക്കുന്നതുപോലെ യേശു ഊർശ്ലേമിലേക്കു പോകുന്നുവെന്നതിനാൽ ശമര്യക്കാർ യേശുവിനെ സ്വീകരിക്കുന്നതിന് തയ്യാറായില്ല. അതിനാൽ അവരെ അഗ്നിയിറക്കി നശിപ്പിക്കുന്നതിന് സബ്ദായ പുത്രന്മാരായ യാക്കോബും യോഹന്നാനും യേശുവിനോട് അപേക്ഷിക്കുന്നു. മറ്റൊരവസരത്തിൽ യേശുവിന്റെ നാമത്തിൽ ഭൂതങ്ങളെ

പുറത്താക്കുന്ന ഒരുവൻ യേശുവിനെ അനുഗമിക്കാത്തതിനാൽ ഇടിമക്കൾ അദ്ദേഹത്തെ വിലക്കി (മർക്കൊ. 9:38).

യേശുക്രിസ്തുവിനോടുകൂടെ പല പ്രധാന സംഭവങ്ങൾക്കും വലിയ മോർ യാക്കോബ് സാക്ഷിയായിരുന്നു. കർത്താവിന്റെ ഏറ്റവും അടുത്ത സഹചാരികളിലൊരുവനായി വലിയ യാക്കോബ് മറുരൂപമലയിലും (മത്താ. 17:1-2), സംഘാലയ പ്രമാണി യായിറോസിന്റെ മകളെ ഉയിർപ്പിച്ചപ്പോഴും (ലൂക്കൊ. 8:41-42, 49-56) - ഗത്സീമോനിൽ യേശു പ്രർത്ഥിക്കാൻ പോയപ്പോഴും (മത്താ. 26:37) കൂടെയുണ്ടായിരുന്നു. കാനാവിലെ കല്യാണത്തിലും പത്രൊസിന്റെ അമ്മാവിയമ്മയെ സുഖപ്പെടുത്തിയ സന്ദർഭത്തിലും (മർക്കൊ. 1:29 - 31) വലിയ യാക്കോബ് കൂടെയുണ്ടായിരുന്നു.

വലിയ യാക്കോബ് ജറൂസലേമിലും (ഗലാ. 2:1 - 9) യെഹൂദ്യയിലും സുവിശേഷമറിയിച്ചു. സഭയുടെ കെട്ടുപണിയിൽ, തൂണെന്ന് വലിയ യാക്കോബിനെ പൗലോസ് ശ്ലീഹാ വിശേഷിപ്പിച്ചിരിക്കുന്നു (ഗലാ. 2:9). ശ്ലീഹന്മാരിൽ ആദ്യ രക്തസാക്ഷിയാണ് വി. യാക്കോബ്. രാജാവായ ഹെറോദ് അഗ്രിപ്പാ ഒന്നാമൻ ശ്ലീഹായെ വാൾകൊണ്ട് വധിച്ചതായി (അപ്പൊ. പ്ര. 12:1 - 2) രേഖപ്പെടുത്തിയിരിക്കുന്നു. ഇത് ഏ.ഡി. 44 നോടടുത്തായിരുന്നുവെന്ന് ഭൂരിഭാഗം സംശോധിത ഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട്. ശ്ലീഹായെ ജറുസലേമിൽ കബറടക്കിയെന്നും പിന്നീട് തിരുശേഷിപ്പുകൾ പലസ്ഥലങ്ങളിലേക്കും മാറ്റി സ്ഥാപിച്ചുവെന്നും വിശ്വസിക്കപ്പെടുന്നു. സുറിയാനി സഭാ കലണ്ടറനുസരിച്ച് വി. ശ്ലീഹായുടെ പെരുന്നാൾ മെയ് 1-ാം തീയതി സഭ ആചരിക്കുന്നു.

## പരിശുദ്ധനായ പത്രൊസ് ശ്ലീഹാ

**(ഏ.ഡി. ? - 67)**

പത്രൊസ് ശ്ലീഹാ ഗലീലയിലെ ബെത്സെയ്ദാ പട്ടണക്കാരനായ ഒരു മീൻപിടുത്തക്കാരനായിരുന്നു (യോഹ. 1:44).

ശ്ലീഹായുടെ ആദ്യത്തെ പേര് സിമിയോൻ (Symeon) എന്നായിരുന്നു. ഗ്രീക്ക് ഭാഷയിലെ സൈമൺ (Simon) എന്ന പദമാണ് ശ്ലീഹായെ പരാമർശിച്ച് ചരിത്രപുസ്തകങ്ങളിൽ കാണുന്നത്. അറമായ ഭാഷയിലെ കേഫാ (*Kepha*) എന്നതിന്റെ ഗ്രീക്കു തർജ്ജമയാണ് ഇരട്ടപ്പേരായ പത്രോസ് (Peter). നീ യോഹന്നാന്റെ പുത്രനായ ശീമോൻ ആകുന്നു; നിനക്കു കേഫാ എന്ന് പേരാകും; അതു പത്രോസ് എന്നാകുന്നു (യോഹ. 1:42).

ശ്ലീഹായുടെ പിതാവിന്റെ പേര് ജോനാസ് (യൗനാൻ) എന്നായതിനാലാണ് മത്തായി 16:17 ൽ കാണുന്ന പ്രകാരം 'ബർയോനാ ശീമോനെ നീ ഭാഗ്യവാൻ'എന്ന് യേശു അഭിസംബോധന ചെയ്യുന്നത്. ടശാ്ീ ആമൃ ഖീിമമ എന്നാൽ യൗനായുടെ മകനായ ശീമോനെ എന്നാണർത്ഥം (*Nelson's Encyclopaedia*, 1913, p. 353). മീൻപിടുത്തക്കാരനായ സെബ്ദായ പുത്രന്മാരായ യാക്കോബും യോഹന്നാനും പത്രോസിന്റെ സഹപ്രവർത്തകരായിരുന്നു (ലൂക്കൊ. 5:10).

പത്രോസ് ശ്ലീഹാ വിവാഹിതനായിരുന്നു (മർക്കൊ. 1:30). വിവാഹത്തിനു ശേഷം ബെത്സൈയ്ദയിൽനിന്നും കപ്പർന്നഹൂമിലേക്കു മാറി താമസിച്ചു (Moothedan, 2001, p. 236). പത്രോസ് ശ്ലീഹായുടെ ഭവനം സ്ഥിതിചെയ്തിരുന്നത് കപ്പർന്നഹൂമിലെ സിന്നഗോഗിനടുത്താണ്. പത്രോസിന്റെ വീടിന്റെ അവശിഷ്ടങ്ങൾക്കു മുകളിലായി ഒരു ദേവാലയം തൂണുകളിന്മേൽ സ്ഥിതിചെയ്യുന്നു. പത്രോസ് ശ്ലീഹായുടെ ഭാര്യയും പിന്നീടുള്ള യാത്രയിൽ ശ്ലീഹായെ അനുഗമിച്ചതായി അനുമാനിക്കാം (1 കൊരി. 9:5).

പത്രോസ് ശ്ലീഹാ സ്നാപകയോഹന്നാന്റെ അനുയായി ആയിരുന്നുവെന്ന് പ്രബലമായ ഒരഭിപ്രായമുണ്ട് (യോഹ. 1:40). മറ്റു ശ്ലീഹന്മാരുമായി താരതമ്യം ചെയ്യുമ്പോൾ സെബദി പുത്രന്മാരും പത്രോസും യേശുവിന്റെ ഏറ്റവും അടുത്ത അനുചരന്മാരായിരുന്നുവെന്ന് കരുതാവുന്നതാണ് (മർക്കൊ. 5:37, 9:2, 13:3, 14:33).

പത്രോസ് ശ്ലീഹായുടെ തീക്ഷ്ണതയും വിവിധ അവസരങ്ങളിൽ അനുഭവിച്ച വിശേഷാവകാശങ്ങളും (മത്താ. 14:28) വിശ്വാസ പ്രഖ്യാപനവും (മർക്കൊ. 8:29) രക്ഷകനോടുള്ള സ്നേഹ

വും (മത്താ. 16:22) യേശുവിനെ പിടിക്കുന്നതിന് വന്നവരോടുള്ള ചെറുത്തുനിൽപ്പും (യോഹ. 18:10) ശ്രദ്ധേയമാണ്. ഫിലിപ്പിന്റെ കൈസര്യ പ്രദേശത്തുവച്ച് മനുഷ്യപുത്രൻ ആരാണെന്ന ചോദ്യത്തിന് ഉത്തരമായി ശീമോൻ പത്രോസ് ''നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു'' എന്നു പറഞ്ഞു. യേശു പത്രോസിനോട്:''നീ പത്രോസ് (കേഫാ) ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും . . . സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു. നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും . . .'' (മത്താ. 16:16-19). യേശുവിന്റെ സുവിശേഷവേലയുടെ കാലഘട്ടത്തിൽ പത്രോസിന് ശ്ലീഹന്മാരിൽ പ്രഥമസ്ഥാനമുണ്ടായിരുന്നതായി നാല് സുവിശേഷങ്ങളിൽനിന്നും ഗ്രഹിക്കാവുന്നതാണ്. ശ്ലീഹന്മാരുടെ പട്ടികയിൽ പത്രോസിന്റെ പേര് എപ്പോഴും ഒന്നാമതായി ചേർത്തിരിക്കുന്നു.

പത്രോസ് ശ്ലീഹാ, ശ്ലീഹന്മാരിൽ മുഖ്യനായിരുന്നുവെന്ന് വ്യക്തമാക്കുന്ന നിരവധി സന്ദർഭങ്ങളുണ്ട്. ഉദാഹരണമായി മത്ഥിയാസിന്റെ തെരഞ്ഞെടുപ്പിനുള്ള യോഗത്തിന്റെ അധ്യക്ഷൻ പത്രോസായിരുന്നു. (അപ്പൊ. പ്ര. 1:15 - 22). സുറിയാനി സഭയുടെ ആരാധനക്രമങ്ങളിൽ പത്രോസിനെ ശ്ലീഹന്മാരുടെ തലവനെന്നും മുമ്പനെന്നും (Primacy of St. Peter) എടുത്തു പറയുന്നുണ്ട്.

പുതിയനിയമ സഭയെ അന്ത്യോഖ്യായിൽ സംഘടിപ്പിച്ചതിൽ പ്രത്യേകമായ പങ്കുവഹിച്ചത് പത്രോസ് ശ്ലീഹായാണ്. അന്ത്യോഖ്യായിൽ പത്രോസ് ശ്ലീഹാ എ. ഡി. 37 (ഫെബ്രുവരി 22 -ാം തീയതി) സിംഹാസനം സ്ഥാപിച്ചു. ഈ ഭരണസിരാകേന്ദ്രവുമായി മറ്റു ശ്ലീഹന്മാർ ബന്ധപ്പെട്ടിരുന്നു. (അപ്പൊ. പ്ര. 14:24 - 26). യേശുക്രിസ്തുവിനെ അനുകരിക്കുന്നവർക്ക് ക്രിസ്ത്യാനികൾ എന്നപേർ വിളിക്കപ്പെട്ടതും അന്ത്യോഖ്യായിൽ വച്ചായിരുന്നു (അപ്പൊ. പ്ര. 11:26).

പത്രോസിന്റെ ഭവനത്തിൽ യേശു താമസിച്ചിരുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. (Hoever, 1989). യേശു പത്രോസിനുള്ള പടകിൽ യാത്ര ചെയ്യുന്നതായി സുവിശേഷഭാഗങ്ങളിൽ നിന്നു ഗ്രഹിക്കാവുന്നതാണ്. പത്രോസ് ശ്ലീഹാ, ശ്ലീഹന്മാരുടെ വക്താവായിരുന്നു (മത്താ. 17:24). സുവിശേഷ

കനായ മർക്കൊാസ്, പത്രൊാസ് ശ്ലീഹായുടെ ശിഷ്യനായിരുന്നു (1 പത്രൊാസ് 5:13).

ഏഴു സംവത്സരങ്ങൾ അന്ത്യോഖ്യായിൽ ഭരിച്ചതിനു ശേഷം 25 സംവത്സരങ്ങൾ റോമിൽ ചിലവഴിച്ചുവെന്ന് പലരും അഭിപ്രായപ്പെടുന്നുണ്ടെങ്കിലും (Moothedan, 2001) ഈ അഭിപ്രായം വിശ്വസിക്കാവുന്നതല്ല എന്ന വാദഗതിയുമുണ്ട് (White, 1991). ഏതായാലും പത്രൊാസ് ശ്ലീഹായും പൗലോസ് ശ്ലീഹായും ഒരേ ദിവസം (എ. ഡി. 67, ജൂൺ 29) രക്തസാക്ഷി മരണം പ്രാപിക്കുന്നതിനുമുമ്പ് ഉദ്ദേശം 9 മാസത്തോളം ഒന്നിച്ച് ജയിലിലായിരുന്നുവെന്നു കരുതപ്പെടുന്നു (Pollock,1985, p. 307).

പത്രൊാസ് ശ്ലീഹാ റോമിൽ നീറോ ചക്രവർത്തിയുടെ വാഴ്ചയുടെ അവസാന വർഷം ക്രൂശിക്കപ്പെട്ടുവെന്ന് തെർത്തുല്യനും പത്രോസിന്റെ അന്ത്യ അഭിലാഷമനുസരിച്ച് തന്റെ യജമാനൻ മരണം വരിച്ചതിന് സമാനമായി മരിക്കുന്നതിന് യോഗ്യനല്ലെന്ന് ചിന്തിച്ചതിനാൽ (Hoever, 1989) തന്റെ ഗുരുവിന്റെ പാദങ്ങൾ ചുംബിക്കുന്ന രീതിയിൽ തലകീഴായി ക്രൂശിച്ചുവെന്നു യൂസേബിയോസും രേഖപ്പെടുത്തിയിരിക്കുന്നു (White,1991). സുറിയാനി സഭയുടെ പ്രാർത്ഥനാക്രമത്തിൽ ശ്ലീഹാനോമ്പിലെ സന്ധ്യാ പ്രാർത്ഥന, രണ്ടാമത്തെ വിവരണം ശരിവയ്ക്കുന്നതാണ്. ‘‘കർത്താവേ നിന്നെയുള്ള സ്നേഹത്താൽ മോർ പത്രൊാസ് ശ്ലീഹാ തലകീഴായുള്ള മരണത്തിനും . . .’’ (Mathen Corepiscopa, 1996, p. 221).

പത്രൊാസ് ശ്ലീഹായുടെ തിരുശേഷിപ്പുകൾ റോമിലെ സെന്റ് പീറ്റേഴ്സ് ബസലിക്കയിലെ മദ്ബഹായ്ക്കു താഴെ അടക്കം ചെയ്തിരിക്കുന്നു. ശ്ലീഹാ നോമ്പവസാനിക്കുന്ന ജൂൺ 29 - ാം തീയതി പ. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മപെരുന്നാൾ സഭ ആഘോഷിക്കുന്നു.

പ. പത്രൊാസിന്റെ 123-ാമത്തെ പിൻഗാമിയായ പ. പാത്രിയർക്കീസ് ഇഗ്നാത്തിയോസ് അഫ്രേം രണ്ടാമൻ ബാവ 2014 മുതൽ സുറിയാനി സഭയെ മേയിച്ച് ഭരിക്കുന്നു. ഈ പൗരോഹിത്യത്തിന്റെ പിൻതുടർച്ചയാണ് മലങ്കരയിലെ സുറിയാനി ക്രിസ്ത്യാനികളും ആദരിച്ച് അംഗീകരിച്ചിരിക്കുന്നത്. ഇത് സഭയുടെ അടിസ്ഥാന പ്രമാണങ്ങളിലൊന്നാണ്.

# പരിശുദ്ധനായ പൗലോസ് ശ്ലീഹാ

**(ഏ. ഡി. ? - 67)**

പൗലോസ് ശ്ലീഹായുടെ ആദ്യത്തെ പേര് ശൗൽ എന്നായിരുന്നു. ശൗൽ കിലികൃയിലെ (Cilicia) തർസോസ് എന്ന പട്ടണത്തിൽ ജനിച്ചു. (അപ്പൊ. പ്ര. 9:11, 22:3). യെഹൂദനായ പിതാവ് ബെന്യാമീൻ ഗോത്രത്തിൽപ്പെട്ടവനായിരുന്നു. പിതാവ് റോമാ പൗരനായതിനാൽ ശൗൽ ജന്മനാതന്നെ പൗരസ്വാതന്ത്ര്യമുള്ളവനായിരുന്നു (അപ്പൊ. പ്ര 22:28). ശൗലിന്റെ മാതാവ് ബാല്യത്തിൽതന്നെ ദിവംഗതയായി.

ആറുവയസ്സായപ്പോൾ ശൗലിനെ തർസോസിലെ യെഹൂദ സംഘാലയത്തിലെ വിദ്യാലയത്തിൽ ചേർത്തു (Aphrem, 1963). പതിനഞ്ച് വയസ്സായപ്പോൾ ഹില്ലേലിന്റെ പൗത്രൻ പ്രസിദ്ധനായ യെഹൂദ റാബി ഗമാലിയേലിന്റെ അടുക്കൽ പഠിക്കുന്നതിനായി യെരുശലേമിലേക്ക് അയച്ചു (അപ്പൊ. പ്ര. 5:34, 22:3). യെഹൂദ ബാലന്മാർ ഏതെങ്കിലും തൊഴിൽ അറിഞ്ഞിരിക്കണമെന്ന് യെഹൂദ ന്യായപ്രമാണം നിർദ്ദേശിക്കുന്നതിനാൽ ശൗൽ കൂടാരം പണിയുന്ന തൊഴിൽ അഭ്യസിച്ചു (Aphrem, 1963).

വൈരാഗ്യമുള്ള യെഹൂദമതാനുസാരിയായതിനാൽ, ശെമ്മാശന്മാരുടെ തലവനും സഹദേന്മാരുടെ മുമ്പനുമായ മോർ സ്തേഫാനോസിനെ കല്ലെറിയുന്നവരുടെ കൂട്ടത്തിൽ ശൗൽ ഉൾപ്പെട്ടിരുന്നു (അപ്പൊ. പ്ര. 7:58). യേശുക്രിസ്തുവിനെ അനുഗമിക്കുന്നവരെ പീഡിപ്പിക്കുന്നതിനും തടവിലാക്കുന്നതിനും വേണ്ടി ദമസ്ക്കോസിലേക്കു പോയ ശൗൽ കർത്താവിനാൽ പിടിക്കപ്പെട്ടു (അപ്പൊ. പ്ര. 9:1 - 6). ഈ സംഭവം നടന്നത് ഏ. ഡി. 31 -ൽ ആണെന്ന് കരുതപ്പെടുന്നു (Aphrem, 1963).

ശൗൽ മാനസാന്തരത്തിനുശേഷം അദ്ദേഹം ഏകദേശം മൂന്നുവർഷം ഏകാന്തതയിലും (White, 1991) ധ്യാനത്തിലും (Hoever, 1989) അറേബ്യയിലായിരുന്നുവെന്നും പിന്നീട് ദമസ്ക്കോസിൽ തിരിച്ചുവന്നുവെന്നും പലരും രേഖപ്പെടുത്തിയിട്ടുണ്ട് (ഗലാ. 1:17; Moothedan, 2001; *Nelson's Encyclopaedia,* 1913).

ദമസ്ക്കോസിൽ തിരിച്ചെത്തിയ ശൗൽ യേശുതന്നെ ദൈവ പുത്രൻ എന്ന് പള്ളികളിൽ പ്രസംഗിക്കുവാൻ തുടങ്ങി (അപ്പൊ. പ്ര. 9:20–22).

ശൗലിന്റെ സുവിശേഷ പ്രചരണം യെഹൂദന്മാരിൽ ഉഗ്ര രോഷമുളവാക്കിയതിനാൽ അവനെ കൊല്ലുന്നതിന് യെഹൂദ ന്മാർ ആലോചിച്ചു (അപ്പൊ. പ്ര. 9:23 – 25). എന്നാൽ ശൗൽ യെരുശലേമിലേക്ക് രക്ഷപ്പെട്ടു. യെരുശലേമിൽ സഭയുടെ ത ലവനായ പത്രോസ് ശ്ലീഹായെ കണ്ട് ബഹുമാനാദരവുകൾ പ്രകടിപ്പിക്കുന്നതിനും (Moothedan, 2001) ശിഷ്യസമൂഹത്തോട് ചേരുന്നതിനും ആഗ്രഹിച്ചു. എന്നാൽ ബർന്നബാസ് ശൗലിനെ പിന്താങ്ങുന്നതുവരെ യെരുശലേമിലെ സഭ ശൗലിനെ സ്വീകരി ച്ചില്ല (അവർക്ക് ശൗലിന്റെ ആദ്യകാല പ്രവർത്തനങ്ങൾ നേരിൽ അറിയാമായിരുന്നു).

പൗലോസ് ശ്ലീഹായുടെ യെരുശലേമിലെ യെഹൂദന്മാരുടെ ഇടയിലെ പ്രവർത്തനങ്ങളും ജീവന് ഭീഷണി ആയതിനാൽ ര ണ്ടാഴ്ച മാത്രം യെരുശലേമിൽ താമസിച്ചിട്ട് സ്വന്തപട്ടണമായ തർസോസിലേക്കുപോയി (അപ്പൊ. പ്ര. 9:30). അവിടെ ഏഴെട്ടു വർഷമെങ്കിലും താമസിച്ചുവെന്നു കരുതുന്നു (Aphrem, 1963).

ഏ. ഡി. 44 ൽ യെരുശലേമിൽ മഹാക്ഷാമമുണ്ടായപ്പോൾ പൗലോസ് ശ്ലീഹാ ബർന്നബാസിനോടു കൂടെ സംഭാവനകളുമാ യി വീണ്ടും യെരുശലേമിലേക്കു പോയി. പിന്നീട് സൈപ്രസിലേ ക്കുപോയ സന്ദർഭത്തിൽ അവിടുത്തെ ഗവർണർ, സെർജിയസ് പൗലോസ് (Sergius Paulose) മാനസാന്തരപ്പെടുകയുണ്ടായി. ഏ. ഡി. 49– 52 കാലഘട്ടത്തിൽ ശീലാസിനോടു കൂടെ വിവിധ സ്ഥലങ്ങളിൽ സുവിശേഷ ഘോഷണാർത്ഥം യാത്ര ചെയ്തു. ഏ. ഡി. 51 ൽ ഊർശ്ലേമിലെ ഒന്നാമത്തെ സുന്നഹദോസിൽ സംബന്ധിച്ചു (Aphrem, 1963).

പൗലോസ് ശ്ലീഹായുടെ മിഷനറി യാത്രകളും തടവിലാ ക്കപ്പെട്ട സന്ദർഭങ്ങളും, വിവിധ സ്ഥലങ്ങളിൽ സ്ഥാപിതമായ സഭകളുടെ (സമൂഹങ്ങളുടെ) വിവരണങ്ങളും ഇവിടെ പ്രതിപാ ദിക്കുന്നില്ല. എന്നാൽ ശ്ലീഹായുടെ സുവിശേഷവേലയിൽ നേ രിടേണ്ടിവന്ന രണ്ട് ബുദ്ധിമുട്ടുകൾ ഇന്നും പ്രസക്തമാണ്.

1. യെഹൂദ ക്രിസ്ത്യാനികളും ജാതികളിൽനിന്ന് ക്രിസ്തുമതം സ്വീകരിച്ചവരും തമ്മിലുള്ള വേർതിരിവ്.

2. പൗലൂസ് ശ്ലീഹായാൽ മാനസാന്തരപ്പെട്ടവർ മറ്റു (ആദ്യകാല) ശ്ലീഹന്മാരാൽ മാനസാന്തരപ്പെട്ടവരെക്കാൾ കുറഞ്ഞവരാണെന്ന ചിന്ത. യെഹൂദാ മതാനുസാരികൾ ക്രിസ്തുമതം സ്വീകരിച്ചശേഷവും യാഥാസ്ഥിതികത്വം (Conservatism) പുലർത്തിയെങ്കിലും ആത്മികമായി അവികസിതരായിരുന്നു (Spiritually undeveloped). എന്നാൽ ജാതികളിൽനിന്ന് ക്രിസ്തുമതം സ്വീകരിച്ചവർ ആത്മാവ് സാക്ഷാത്തായ പരമാർത്ഥ ജ്ഞാനം കൊണ്ടുമാത്രമാണ് ഭൗതികം എന്ന അമിത ആത്മികത (Ultra Spiritualism) ഉൾക്കൊള്ളുന്നവരായിരുന്നു (*Nelson's Encyclopaedia* 1913, pp. 257 258).

കൈസര്യയിലെ രണ്ടുവർഷത്തെ ജയിൽവാസത്തിനുശേഷം (A. D. 57-59)റോമിലെത്തിയതായി കരുതാം. നീറോ ചക്രവർത്തിയുടെ പീഡയുടെ കാലഘട്ടത്തിൽ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടു. റോമാ പൗരനായതുകൊണ്ട്, ദീർഘസമയം വേദനയനുഭവിക്കുന്ന നീചമരണത്തിൽനിന്നും ഒഴിവാക്കപ്പെടുകയും പട്ടണമതിലുകൾക്കു പുറത്തുകൊണ്ടുപോയി ശിരഛേദം ചെയ്യപ്പെടുകയും ചെയ്തു. ഇത് പത്രോസ് ശ്ലീഹായെ ക്രൂശിച്ച അതേ ദിവസം തന്നെയായിരുന്നു (ഏ.ഡി.. 67, ജൂൺ 29). വധശിക്ഷയ്ക്കു മുമ്പ് രണ്ട് ശ്ലീഹന്മാരും ഉദ്ദേശം 9 മാസത്തോളം തടവിലായിരുന്നു (Pollock, 1985). വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ ശ്ലീഹാ നോമ്പുവീടുന്ന ജൂൺ 29-ാം തീയതി സഭ ആഘോഷിക്കുന്നു.

# പാത്രിയർക്കീസായ
# മോർ ഇഗ്നാത്തിയോസ് നൂറോനോ
**(എ.ഡി. 35 - 107)**

അന്ത്യോഖ്യായിലെ സഭാ പിതാവായിരുന്ന മോർ ഇഗ്നാത്തിയോസ്, വി. പത്രോസിന്റെ പിൻഗാമിയും ആദിമ ക്രൈസ്തവ സഭയിലെ പിതാക്കന്മാരിൽ പ്രഥമഗണനീയനുമായിരുന്നു. യൗസേബിയോസ് എന്ന സഭാചരിത്രകാരൻ മോർ ഇഗ്നാത്തിയോസിനെ സഭയിലെ മൂന്നാമത്തെ പാത്രിയർക്കീസും എവോദിയോസിന്റെ പിൻഗാമിയുമെന്നാണ് പരാമർശിച്ചിരിക്കുന്നത് (Eusebius, 1980).

മോർ ഇഗ്നാത്തിയോസ് വിഗ്രഹാരാധനക്കാരായിരുന്ന മാതാപിതാക്കളുടെ മകനായി ജനിച്ചുവെന്നാണ് അദ്ദേഹത്തിന്റെ തന്നെ കത്തുകളിൽനിന്ന് അനുമാനിക്കുന്നത് (Ignatius of Antioch, 1968). ഇദ്ദേഹം പ്രായമായതിനുശേഷം ക്രിസ്ത്യാനിയായിത്തീർന്നു. ഇദ്ദേഹം സുവിശേഷകനായ മോർ യൂഹാനോന്റെ ശിഷ്യനായിരുന്നുവെന്നും (*Encarta Encyclopaedia*, 2001) ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നവനായിരുന്നുവെന്നും ചിലർ അഭിപ്രായപ്പെടുന്നു (e. g. White, 1991).

മോർ ഇഗ്നാത്തിയോസിന്റെ 'അഗ്നിമയൻ'' (*Theophorus*) എന്ന ഗ്രീക്കു നാമം അഥവാ നൂറോനൊ (നൂറോനൊ എന്ന സുറിയാനി പദത്തിന് അഗ്നിധരിച്ചവൻ എന്നാണർത്ഥം) എന്ന ഇരട്ടപ്പേര് ദുർഗ്രഹമെങ്കിലും രണ്ടർത്ഥത്തിൽ ഈ ഇരട്ടപ്പേര് വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. (1) ദൈവം വഹിച്ചവൻ (God-Borne), (2) ദൈവത്തെ വഹിച്ചവൻ (God-bearer). ദൈവം വഹിച്ചവൻ എന്ന പ്രയോഗം യേശു കൈയിലെടുത്ത് ശിഷ്യന്മാർക്ക് മാതൃകയായി കാണിച്ചുകൊടുത്ത പൈതൽ (മത്താ. 18:2-4, മർക്കൊ. 9:36-37) ഇദ്ദേഹമായിരുന്നു എന്ന പാരമ്പര്യത്തെ അടിസ്ഥാനമാക്കിയുള്ളതാണ് (Cayre, 1935; Cross & Livingstone, 1974; Ignatius of Antioch, 1968). ഈ ശിശുവാണ് ഏ. ഡി. 69ൽ എവോദിയൂസിന്റെ മരണത്തിനുശേഷം അന്ത്യോഖ്യാപാത്രിയർക്കീസായത്. 'ദൈവത്തെ വഹിച്ചവൻ' എന്ന പ്രയോഗം ക്രിസ്തുവിനെ യഥാർത്ഥത്തിൽ

വഹിച്ചിരുന്ന ദൈവികൻ എന്ന അർത്ഥത്തിലാണ് പ്രയോഗത്തി ലിരുന്നത്. യഥാർത്ഥ ക്രിസ്ത്യാനി ദൈവത്തെ ജീവിതത്തിൽ (ഉൾക്കൊണ്ട്) വഹിക്കുന്ന സാക്ഷികളാകുന്നു.

സിറിയയുടെ തലസ്ഥാനമായിരുന്ന അന്ത്യോഖ്യ, ഉന്നത നഗരങ്ങളായ റോം, അലക്സന്ത്രിയ എന്നിവയെപ്പോലെ ലോ കത്തിലെ പ്രശസ്തനഗരങ്ങളിലൊന്നായി അറിയപ്പെട്ടിരുന്നു. മൂന്ന് നൂറ്റാണ്ടുകൾ അന്ത്യോഖ്യാ, സിറിയായിലെ രാജാവിന്റെ ആസ്ഥാനമായിരുന്നു. മോർ ഇഗ്നാത്തിയോസിന്റെ കാലഘ ട്ടത്തിൽ സഭയിലെ ഭിന്നതയും വേദവിപരീതവുമായിരുന്നു പ്രധാന പ്രശ്നങ്ങൾ. ആദിമ നൂറ്റാണ്ടിൽ സഭ അംഗീകരിച്ച കാനോനുകളോ തത്വസംഹിതകളോ ഇല്ലാതിരുന്നതിനാൽ സ ഭയിലെ പ്രശ്നങ്ങളിൽ ഉദ്ധരിക്കാവുന്ന ലിഖിത നിയമങ്ങളി ല്ലായിരുന്നു. അതിനാലാണ് മോർ ഇഗ്നാത്തിയോസ് വൈദിക സ്ഥാനികളോടുള്ള അനുസരണത്തെ സംബന്ധിച്ച് തന്റെ എഴു ത്തുകളിൽ ഊന്നിപ്പറയുന്നത്.

വേദവിപരീതികളായ രണ്ടു വിഭാഗങ്ങളെയാണ് മോർ ഇഗ്നാ ത്തിയോസിന് അഭിമുഖീകരിക്കേണ്ടി വന്നത്. ഒരു വിഭാഗം ക്രിസ്തീയ മതാനുഷ്ഠാനങ്ങളെ യെഹൂദ മതാചാരങ്ങൾക്ക് അനുയോജ്യമാക്കി തീർക്കണമെന്ന് വാദിക്കുന്നവരായിരുന്നു. ഈ വിഭാഗത്തിൽപ്പെട്ടവർ പുതിയനിയമത്തിന്റെ അധീശത്വം അംഗീകരിക്കാതെ ശാബത് ആചരിക്കുന്നവരായിരുന്നു. ഇക്കൂട്ടർ പരിഛേദനം ഉപേക്ഷിച്ചെങ്കിലും സഭയിലേക്ക് യെഹൂദ മതാ നുഷ്ഠാനങ്ങൾ കൂടുതൽ ഉൾപ്പെടുത്തണമെന്നാഗ്രഹിച്ചിരുന്നു. കുമറാൻ (Qumran) വാസികളായ എസ്സനിസ്സുകളിൽനിന്ന് (Ess-enes) ക്രിസ്ത്യാനികളായി തീർന്നവരിലാണ് ഈ താല്പര്യം ഏറെ പ്രകടമായിരുന്നത് (Ignatius of Antioch, 1968; *Encyclopaedia Britannica*, 2001). മറ്റൊരു വിഭാഗം ഡോസിറ്റിസ്റ്റുകൾ (Docetists) എന്നറിയപ്പെടുന്നു. (Docetists from the Greek *dokein* which means ‘to seem’). ഇവർ ക്രിസ്തുവിന്റെ മരണവും കഷ്ടാനുഭവവും ബാ ഹ്യമായ ഒരവസ്ഥ മാത്രമാണെന്ന് ചിന്തിച്ചിരുന്നു.

Docetism can be summarised as follows: “Christ had not had real or natural body during his life on earth, but only the appearance and that all his acts and sufferings including Crucifixion and resurrection were conse-

quently illusions.” It had been held that the Godhead descended upon the man Jesus at baptism, endowing him with miraculous powers and left him again before his death on the cross’’ (Ignatius of Antioch, 1968).

മോർ ഇഗ്നാത്തിയോസ് മേൽപറഞ്ഞ വേദവിപരീതങ്ങളെ ശക്തമായി എതിർത്തു. സ്മിർണാക്കാർക്ക് (Smyrna, modern Izmir in Turkey)എഴുതിയ കത്തിൽ ഈ വിഷയങ്ങളെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. യേശുമിശിഹാ ശരീരം ധരിച്ചവനായി വന്നുവെന്ന് ഏറ്റുപറയാത്ത യാതൊരാത്മാവും ദൈവത്തിൽനിന്നുള്ളതല്ല (1 യോഹ. 4:3). യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തിന്റെ പൂർണ്ണതയെ മോർ ഇഗ്നാത്തിയോസ് സ്ഥിരീകരിക്കുകയും അതാണ് വിശുദ്ധ കുർബ്ബാനയിൽ സൗഖ്യദായകമായ ആഹാരമായി ആഘോഷിക്കപ്പെടുന്നതെന്ന് പഠിപ്പിക്കുകയും ചെയ്തു (Douglas, 1978). ദീർഘമായ ഒരു വി. കുർബ്ബാന തക്സാ ഈ പിതാവ് എഴുതിയിട്ടുണ്ട്. (അതിന്റെ തർജ്ജമ നേരത്തെ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ കോപ്പികൾ ലഭ്യമല്ല. കൂടാതെ സമയചുരുക്കം താല്പര്യപ്പെടുന്നവർക്ക് പ്രസ്തുത ക്രമം അനുയോജ്യവുമല്ല).

മോർ ഇഗ്നാത്തിയോസിന്റെ കത്തുകളിലെ ദൈവശാസ്ത്ര ചിന്തകൾ മൂന്ന് പ്രധാന ആശയങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

1. തെറ്റായ പഠിപ്പിക്കലുകൾ, പ്രബോധനങ്ങൾ എന്നിവ സംബന്ധിച്ചുള്ള മുന്നറിയിപ്പ്.

2. സമാധാനവും ഐക്യവും നിലനിർത്തുന്നതിനും ആത്മീയ കാര്യങ്ങളിൽ വൈദിക സ്ഥാനികൾക്കും വിശേഷാൽ മെത്രാപ്പോലീത്തായ്ക്കും കീഴടങ്ങിയിരിപ്പാനുള്ള ശാസനം.

3. രക്തസാക്ഷി മരണത്തിന്റെ മഹത്വം.

മോർ ഇഗ്നാത്തിയോസിന്റെ കാലഘട്ടത്തിലെ വേദവിപരീതങ്ങളും, വൈദിക സ്ഥാനികളോടുള്ള അനുസരണത്തിന്റെ സവിശേഷ പ്രാധാന്യവും നേരത്തെതന്നെ പരാമർശിച്ചിട്ടുണ്ട്. രക്തസാക്ഷി മരണമാണ് ക്രിസ്തുവിനെ അനുകരിക്കുന്നവർ ആഗ്രഹിക്കേണ്ടതെന്നും വിജയകിരീടമെന്ന രക്തസാക്ഷി മരണമാണ് ഓരോ വിശ്വാസിയും ലക്ഷ്യമാക്കേണ്ട വലിയ

സമ്മാനമെന്നും മോർ ഇഗ്നാത്തിയോസ് പഠിപ്പിച്ചു. മോർ ഇഗ്നാത്തിയോസിന്റെ ഉറ്റ സുഹൃത്തായിരുന്ന സ്മിർണായിലെ പോളികർപ്പോസ് ഏ. ഡി. 155 ൽ രക്തസാക്ഷി മരണം വരിച്ചത് ഇദ്ദേഹത്തിന്റെ സ്വാധീനം വ്യക്തമാക്കുന്നതാണ് (*Encyclopaedia Britannica,* 2001).

ട്രാജൻ ചക്രവർത്തിയുടെ കാലത്ത് മോർ ഇഗ്നാത്തിയോസിനെ വിചാരണ ചെയ്ത് ചങ്ങലയിട്ട് വന്യമൃഗങ്ങൾക്ക് ഭക്ഷണമായി തീരുന്നതിനായി റോമിലേക്കയച്ചു. ട്രാജന്റെ ഉത്തരവുകേട്ട് മോർ ഇഗ്നാത്തിയോസ് ഇപ്രകാരം പറഞ്ഞു. 'കർത്താവേ! നിന്നിലുള്ള വിശ്വാസത്തെ പ്രതി എന്റെ ജീവൻ ബലികഴിച്ച് നിന്നോടുള്ള സ്നേഹം പ്രകാശിപ്പിക്കുവാൻ സാധിക്കുന്നതിന് ഞാൻ നന്ദി പറയുന്നു' (Moothedan, 2001).

റോമിലേക്കുള്ള യാത്രയിൽ ബന്ധിതനായി (ചങ്ങല ധരിച്ചും) പട്ടാളക്കാരുടെ അകമ്പടിയോടെ ഏഷ്യാമൈനറിന്റെ വടക്കു പടിഞ്ഞാറുള്ള ട്രാവോസിലേക്ക് യാത്രതിരിച്ചു. വിവിധ സ്ഥലങ്ങളിൽനിന്നുള്ള ആളുകൾ, സഭാപ്രതിനിധികൾ എന്നിവർ യാത്രയിലുടനീളം അദ്ദേഹത്തെ അനുഗമിച്ചു. അവ്യക്തമായ കാരണങ്ങളാൽ യാത്ര സ്മിർണായിൽ തടസ്സപ്പെട്ടു. അവിടെ വച്ച് സ്മിർണായിലെ മെത്രാപ്പോലീത്ത പോളിക്കർപ്പോസിനും സമീപ സ്ഥലങ്ങളിലുള്ള (എഫേസൂസ്, മഗ്നീസിയ, ത്രോന്തോസ്, റൂമി, ഫിലദൽഫിയ, സ്മിർണ) സഭകൾക്കുമായി ഏഴ് ലേഖനങ്ങളെഴുതി. തുടർന്ന് ട്രാവോസിലെത്തി. മോർ ഇഗ്നാത്തിയോസിന്റെ താൽപര്യപ്രകാരം എഫേസൂസിലെ ബുറൂസ് ശെമ്മാശൻ അദ്ദേഹത്തോടൊപ്പം താമസിച്ചു. ത്രോവോസിൽനിന്നും ഫിലദൽഫിയക്കാർക്കും സ്മിർണാക്കാർക്കും കത്തുകളെഴുതി.

ഏറ്റവും ഒടുവിൽ ഏ. ഡി. 107 ലെ ശീതകാലത്ത് റോമിലെത്തി. റോമിലെ ഒരു പൊതു വിനോദസ്ഥലത്തുവച്ച് മോർ ഇഗ്നാത്തിയോസിനെ സഹചരരായ സോസിമോസിനോടും റോപ്പോസിനോടും കൂടെ വിശക്കുന്ന സിംഹങ്ങൾക്ക് ഇരയാക്കി (Aphrem, 1963). മോർ ഇഗ്നാത്തിയോസ് മുമ്പുതന്നെ പറഞ്ഞിരുന്നതുപോലെ കാട്ടുമൃഗങ്ങളുടെ പല്ലുകൾ ക്രിസ്തുവിന്റെ ഗോതമ്പുമണിയെ പൊടിച്ചെടുത്തു (Hoever, 1989; Ignatius of Antioch, 1968; Smith & Wace, 1982). പരിശുദ്ധന്റെ അന്ത്യവാക്കുകൾ ഇപ്ര

കാരമായിരുന്നു: ‘‘എന്റെ നാഥന് ഞാൻ സ്വീകാര്യ അപ്പമായി ഭവിക്കട്ടെ’’. വി. ഇഗ്നാത്തിയോസിനെ സംബന്ധിച്ചുള്ള വി. ഈവാനിയോസിന്റെ പ്രസംഗത്തിൽ അദ്ദേഹത്തിന്റെ രക്തസാക്ഷിമരണം ഒക്ടോബർ 17-ാം തീയതിയാണെന്ന പരാമർശമുണ്ട് (Smith & Wace, 1882). ദൃക്സാക്ഷികളുടെ രേഖകളിൻ പ്രകാരം വിശുദ്ധന്റെ ശരീരത്തിലെ കടുപ്പമുള്ള അസ്ഥികൾ മാത്രമേ ശേഷിച്ചുള്ളു. ക്രിസ്ത്യാനികൾ അവ ശേഖരിച്ച് അന്ത്യോഖ്യായിലെത്തിച്ചു. അവ ഭക്തിപുരസ്സരം സ്ഥാപിക്കപ്പെട്ട സ്ഥലത്ത് ഒരു വലിയ ദൈവാലയം പണിയപ്പെടുകയും ചെയ്തു.

തിയഡോഷ്യസ് രണ്ടാമന്റെ കാലഘട്ടത്തിൽ (A. D. 408 - 450) തിരുശേഷിപ്പുകൾ പട്ടണത്തിലെ മറ്റൊരു ദൈവാലയത്തിലേക്കു മാറ്റി സ്ഥാപിക്കപ്പെട്ടതായ ദിനമെന്നു കരുതപ്പെടുന്ന ഡിസംബർ 20-ാം തീയതി വിശുദ്ധന്റെ ഓർമ്മപെരുന്നാൾ കൊണ്ടാടുന്നു. റോമിലെ സെന്റ് പീറ്റേഴ്സ് ബസലിക്കയിലും വിശുദ്ധന്റെ തിരുശേഷിപ്പുകൾ സൂക്ഷിച്ചിട്ടുണ്ട്. ചിത്രങ്ങളിൽ ഈ വിശുദ്ധന്റെ അടുത്ത് ഒരു സിംഹം നിൽക്കുന്നതായും അല്ലെങ്കിൽ രണ്ടു സിംഹങ്ങളുടെ മധ്യേ ഈ വിശുദ്ധൻ നിൽക്കുന്നതായും ചിത്രീകരിച്ചിട്ടുണ്ട് (White, 1991). ഈ വിശുദ്ധൻ 40 വർഷം പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിലെ പാത്രിയർക്കീസായിരുന്നു.

## മോർ തോമാശ്ലീഹാ

### (ഏ. ഡി. ? - ഏ.ഡി. 72)

കർത്താവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ ഒരുവനായ തോമാശ്ലീഹാ ഒരു യെഹൂദനായിരുന്നു. അദ്ദേഹം ഗലീലക്കാരനായിരുന്നുവെന്നു കരുതപ്പെടുന്നു (Aphrem, 1964; White , 1991). തോമാശ്ലീഹാ കർത്താവിന്റെ ശിഷ്യനായ സാഹചര്യം വ്യക്തമല്ല. തോമാ എന്ന പേര് അറമായ സുറിയാനിയിൽ ടിയോമ (*Teoma*) എന്നും ഗ്രീക്ക് ഭാഷയിൽ ദിദിമസ് (*Didymus*) (യോഹ. 11:16 ; 20:24) എന്നും അറിയപ്പെടുന്നു. ഈ പദങ്ങൾക്ക് ഇരട്ട (twin) എന്നാണ് അർത്ഥം (*The encylopedia Americana*, 1988, p. 687-688).

തോമാശ്ലീഹായുടെ ഇരട്ട എന്ന പേരിനടിസ്ഥാനം അദ്ദേഹത്തിന്റെ ഇരട്ട സഹോദരനായ ആദായിയാണ്. എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ ആദായി ഉറഹായുടെ എപ്പിസ്കോപ്പായായിരുന്നു (Aprem Aboodi, 1966, p. 6; Kurian, 1982, p. 15). തോമാശ്ലീഹാ മീൻപിടുത്തക്കാരനായിരുന്നുവെന്ന അനുമാനത്തിന് വഴിനൽകുന്ന സൂചനകളില്ല. അദ്ദേഹം മരപ്പണിക്കാരനായിരുന്നുവെന്നു പല എഴുത്തുകാരും അഭിപ്രായപ്പെടുന്നു (*Britannica*, 1988, p. 712).

തോമാശ്ലീഹായുടെ സുവിശേഷ പ്രവർത്തനങ്ങളെ സംബന്ധിച്ച് വി. വേദപുസ്തകത്തിലും ആരാധനാക്രമങ്ങളിലും ചരിത്ര പുസ്തകങ്ങളിലും കൊടുത്തിരിക്കുന്ന വിവരണങ്ങൾ ഓരോന്നായി താഴെ പ്രതിപാദിക്കുന്നു.

വി. വേദപുസ്തകത്തിൽ തോമാശ്ലീഹായെ സംബന്ധിക്കുന്ന പരാമർശങ്ങൾ പരിമിതമെങ്കിലും അവ അദ്ദേഹത്തിന്റെ ശ്രദ്ധേയമായ വ്യക്തിത്വവും ഉന്നതമായ ആത്മവൈശിഷ്ട്യവും വെളിവാക്കുന്നതാണ്. ലാസർ മരിച്ചതിനുശേഷം ബഥാന്യയിലേക്കു പോകുന്നതിന് ഒരുങ്ങുന്ന യേശുവിനെ അനുഗമിക്കുന്നതിന് തോമാശ്ലീഹാ സഹശിഷ്യരോടു പറയുന്നു:''അവനോടുകൂടെ മരിക്കേണ്ടതിന് നാമും പോക'' (യോഹ. 11:16). ഭയപ്പെട്ടിരുന്ന കൂട്ടു ശ്ലീഹന്മാരോടുള്ള പ്രബോധനമായിരുന്നു ഇത്. പ്രതികൂലസാഹചര്യങ്ങളിലും യേശുവിനെ അനുഗമിക്കുന്നതിന് പരസ്പരം ഉത്തേജിപ്പിക്കുവാനുള്ള ക്രിസ്തു ശിഷ്യന്മാരുടെ ഉത്തരവാദിത്വം തോമാശ്ലീഹാ അനുസ്മരിപ്പിക്കുന്നു. ക്രിസ്തുവിനോടുകൂടെ മാമോദീസായിലും (കൊലൊ. 2:12). ചിലപ്പോൾ രക്തസാക്ഷിത്വത്തിലും (യോഹ. 11:16) മരിക്കുന്നത് യഥാർത്ഥ ശിഷ്യത്വത്തിന്റെ സ്ഥിരീകരണമാകുന്നു. കർത്താവിനോടുകൂടെ മരിക്കുന്നതിനുള്ള സന്നദ്ധത ശ്ലീഹാ സ്വജീവിതത്തിൽ പ്രാവർത്തികമാക്കി. വിശ്വാസം, വിധേയത്വം, ധൈര്യം എന്നീ ഗുണങ്ങൾ മേൽപറഞ്ഞ സംഭവങ്ങളിൽനിന്ന് വിശ്വാസികൾ ഉൾക്കൊള്ളേണ്ടതാണ്.

പിന്നീട് യേശുതമ്പുരാൻ തന്റെ മനുഷ്യാവതാര ദൗത്യത്തിന്റെ മർമ്മങ്ങൾ വെളിപ്പെടുത്തിക്കൊണ്ട് പറയുന്നു. ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു. തോമസ് അവ

നോട് കർത്താവേ, നീ എവിടെ പോകുന്നുവെന്ന് ഞങ്ങൾ അറിയുന്നില്ല. പിന്നെ വഴി എങ്ങനെ അറിയും എന്നു പറഞ്ഞു. യേശു അവനോട് ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു . . . (യോഹ. 14:4–6). പിതാവിങ്കലേക്കു നാം എത്തുന്നതിനുള്ള മാർഗ്ഗം ക്രിസ്തു വഴിയായി സംസ്ഥാപിതമായി. ഈ ലോകജീവിതത്തിൽ നാം ആരിലേക്കു യാത്രചെയ്യുന്നുവോ ആ പിതാവ് ലോകത്തിനു വെളിപ്പെടുത്തിയ സത്യമാണ് ക്രിസ്തു (യോഹ. 1:8). ക്രിസ്തുവിലുള്ള ജീവനാലാകുന്നു (യോഹ. 5:26) നാം ജീവനുള്ളവരായിരിക്കുന്നത്. നമുക്ക് സമൃദ്ധിയായി ജീവനുണ്ടാകുവാനത്രേ യേശു ലോകത്തിൽ വന്നത് (യോഹ. 10:10, 20:31). നീ എവിടെ പോകുന്നുവെന്ന് ഞങ്ങൾ അറിയുന്നില്ല, പിന്നെ വഴി എങ്ങനെ അറിയും എന്ന ശിശുപ്രകൃതമായ ചോദ്യമാണ് തോമാശ്ലീഹാ ചോദിക്കുന്നത്. അറിവില്ലാത്തതും ബോധ്യപ്പെടാത്തതും അന്വേഷിക്കുന്ന ആരോഗ്യകരമായ ശ്ലീഹായുടെ സമീപനം നമ്മുടെ ആത്മീയ ജീവിതത്തെ പരിപോഷിപ്പിക്കേണ്ടതാണ്.

യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിനുശേഷം കാണാതെ വിശ്വസിക്കയില്ലെന്ന തോമാശ്ലീഹായുടെ നിർബ്ബന്ധം (യോഹ. 20:25) കാഴ്ച, സ്പർശനം എന്നിവയാൽ സാധ്യമാകുന്ന വിശ്വാസത്തെ സാധൂകരിക്കുമെങ്കിലും കാണാതെ (ദൈവവചനം കേട്ട്) വിശ്വസിക്കുന്നതിനുള്ള ആഹ്വാനം നല്കുന്നു. കാണാതെ വിശ്വസിക്കുന്നതിനുള്ള ഭാഗ്യാവസ്ഥ നാം ഉൾപ്പെട്ട തലമുറകൾക്കു നൽകിയിരിക്കുന്നു. വീണ്ടും യേശുക്രിസ്തു പ്രത്യക്ഷപ്പെട്ട് തോമാശ്ലീഹായെ ഉറപ്പിക്കുമ്പോൾ (യോഹ. 20:27–28) ശ്ലീഹായുടെ ഏറ്റുപറച്ചിൽ: ''എന്റെ കർത്താവും ദൈവവും.'' ക്രിസ്തുവിന്റെ രക്ഷാകര നടപടികളുടെ ആകെതുകയും വിശ്വാസത്തിന്റെ അടിസ്ഥാനവുമാണ്. തിബര്യോസ് കടല്ക്കരയിലും (യോഹ. 21:2) കർത്താവ് സ്വർഗ്ഗാരോഹണം ചെയ്യുമ്പോഴും (മർക്കൊ. 16:19) മാർ തോമാശ്ലീഹാ ഉണ്ടായിരുന്നതായി മനസ്സിലാക്കാം.

ആരാധനാക്രമങ്ങളിലും പ്രാർത്ഥനകളിലും സുറിയാനി സഭാപിതാക്കന്മാരുടെ എഴുത്തുകളിലും മോർ തോമാശ്ലീഹായെപ്പറ്റി പരാമർശിക്കുന്നുണ്ട്. സുറിയാനി സഭാപിതാക്കന്മാരായ

മാർ അഫ്രേം (306-373) നസിയാൻസിലെ ഗ്രിഗോറിയോസ് (330-395), മാർ ഈവാനിയോസ് (347-407), സാരൂഗിലെ മാർ യാക്കോബ് (451-521) എന്നിവരുടെ രചനകളിൽ മാർ തോമാ ശ്ലീഹായുടെ ഇന്ത്യയിലെ സുവിശേഷവേലയെപ്പറ്റി പ്രതിപാദിക്കുന്നുണ്ട് (Panicker, 1989:Koodapuzha, 1984; Kolangadan, 1995-96). മേൽപറഞ്ഞ പിതാക്കന്മാരുടെ രചനകളുടെ അടിസ്ഥാനം തോമായുടെ നടപടികൾ (*Acts of St. Thomas*) എന്ന ഇതര കാനോനിക ഗ്രന്ഥമാണെന്നും കരുതപ്പെടുന്നു. ചരിത്രപരമായ തെളിവുകൾക്ക് വിശ്വാസ്യത ഇല്ലെന്നും (White, 1991, p. 359) ഉണ്ടെന്നും (Kolangadan 1995-96) അഭിപ്രായമുണ്ട്. ചരിത്രപരമായ പല താളിയോലകളും ശിലാ ലിഖിതങ്ങളും തമിഴ് രചനകളും 19-ാം നൂറ്റാണ്ടിൽ കണ്ടെടുത്ത നാണയങ്ങളും പരസ്പരം ബന്ധിപ്പിച്ച് സിദ്ധാന്തീകരണങ്ങൾ (D'souza, 1952; Paul, 1997) അടുത്തകാലത്ത് ഉണ്ടായിട്ടുണ്ട്. എന്തായാലും വി. മോർ തോമാശ്ലീഹാ ഇന്ത്യയിൽ സുവിശേഷം അറിയിച്ചുവെന്ന് വ്യാപകമായി വിശ്വസിച്ചുവരുന്നു. അതിനടിസ്ഥാനം സുറിയാനി സഭാപിതാക്കന്മാർ നാലും അഞ്ചും നൂറ്റാണ്ടുകളിൽ എഴുതിയ പ്രാർത്ഥനകളാണ്.

സാരൂഗിലെ മോർ യാക്കോബിന്റെ മെമ്രായിൽ സുവിശേഷവേലയ്ക്കുവേണ്ടി ഭൂലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കയക്കപ്പെടുന്നതിന് നറുക്കെടുത്തപ്പോൾ ഇന്ത്യയിലേക്കുള്ള നറുക്ക് തോമാശ്ലീഹായ്ക്കു വീണു. (ഇതേ വിവരണം *തോമായുടെ നടപടികൾ* എന്ന ഇതര കാനോനിക ഗ്രന്ഥത്തിലും കാണുന്നു) കറുത്തവരും വിരൂപരും, ഹൃദയത്തിന് അന്ധത ബാധിച്ചവരുമായ ഇന്ത്യാക്കാരുടെ അടുക്കൽ പോകുന്നതിന് തോമാശ്ലീഹാ വിസമ്മതിച്ചു (Panicker, 1989). തുടർന്ന് കർത്താവ് ആ(ഹാ)ബാൻ എന്ന കച്ചവടക്കാരന് (അവന്റെ രാജാവിനുവേണ്ടി) തോമാശ്ലീഹായെ അടിമയായി വിറ്റുവെന്നു രേഖപ്പെടുത്തിയിരിക്കുന്നു (White, 1991).

ഒരു കെട്ടിടം പണിയുന്നതിനുവേണ്ടി പണിക്കാരനെന്ന നിലയിൽ തോമാശ്ലീഹായ്ക്കു രാജാവ് 20 വെള്ളിനാണയങ്ങൾ കൊടുത്തു. പുതു ഞായറാഴ്ചയിലെ പ്രഭാതത്തിന്റെ കോലോ

കളിൽ, ''രാജാവു കണ്ട സ്വപ്നപ്രകാരം അവനു കോവിലകം ഉണ്ടാക്കുന്നപണിക്കാരനെ അന്വേഷിപ്പാൻ അവൻ കച്ചവടക്കാരനായ ഹാബാനെ അയയ്ക്കുകയും ഇന്ത്യയിൽ സുവിശേഷം പ്രസംഗിപ്പാനായിട്ട് പണിക്കാരനെന്നുള്ള പേരിൽ കർത്താവെ! നീ തോമ്മായെ അവനു വിൽക്കുകയും ചെയ്തുവല്ലോ . . .'' (പ്രാർത്ഥനാക്രമം 1981, p. 212) എന്നു നാം പ്രാർത്ഥിക്കുന്നു. ഈ രാജാവ് ഒന്നാം നൂറ്റാണ്ടിൽ തക്ഷശില കേന്ദ്രമാക്കി ഭരണം നടത്തിയ ഗാന്ധാര (Gandhara) രാജ്യത്തിലെ ഗോൻഡഫോറസ് (Gondaphorus) രാജാവാണെന്ന് കരുതപ്പെടുന്നു (Kolangadan, 1995 - 96). ഗോൻഡഫോറസ് രാജാവിന്റെ പേര് ഗുഡ്നാഫർ (Gudnapher) എന്ന് ചില ഗ്രന്ഥങ്ങളിൽ കാണുന്നു (Menachery, 1973). "Some coins of Gondophares and Gad (രാജാവിന്റെ സഹോദരന്റെ പേര്) were discovered in North India in the ninteenth century. It must be said, however, that it by no means certain that Gondophares of the coins is the same person as Gudnapher of the Acts" (Menachery, 1973, p. 3). ഈ രാജാവ് ഇൻഡോ പാർത്തിയൻ രാജാവെന്നും വിശേഷിപ്പിക്കപ്പെടുന്നുണ്ട്.

വെള്ളി നാണയങ്ങൾ കെട്ടിടം പണിയുന്ന ചിലവിലേക്ക് ഉപയോഗിക്കുന്നതിനു പകരം ശ്ലീഹാ ധർമ്മാർത്ഥ കാര്യങ്ങൾക്കായി ചിലവഴിച്ചു. രാജാവ് ഒരു യാത്ര കഴിഞ്ഞുവന്നപ്പോൾ പണികളൊന്നും നടന്നില്ലെന്നു മനസ്സിലാക്കി ശ്ലീഹായെ തോലുരിച്ചു കൊല്ലുന്നതിനുവേണ്ടി തടവിലാക്കി (White, 1991, p. 360). ആ അവസരത്തിൽ രാജാവിന്റെ സഹോദരൻ മരിക്കുകയും വി. തോമാശ്ലീഹായുടെ നല്ല പ്രവർത്തികളാൽ രാജാവിന് സ്വർഗ്ഗത്തിൽ പണിതിരിക്കുന്ന കൊട്ടാരം കാണിച്ചു കൊടുക്കുകയും സഹോദരനെ (Gad) ഭൂമിയിലേക്ക് മടങ്ങാൻ അനുവദിക്കുകയും ചെയ്തു. മാർ തോമാശ്ലീഹാ (രാജാവിനുവേണ്ടി) സ്വർഗ്ഗത്തിൽ പണിത കൊട്ടാരം രാജാവിനോടു വാങ്ങുന്നതിന് സഹോദരൻ വില പറഞ്ഞു. ഈ സംഭവം രാജാവിന്റെ മാനസാന്തരത്തിനു കാരണമാകുകയും തോമാശ്ലീഹായെ തടവിൽനിന്ന് വിട്ടയയ്ക്കുകയും ചെയ്തു. പുതു ഞായറാഴ്ചയിലെ സന്ധ്യയുടെ ബോവുസ്സോ ഈ ആശയം നൽകുന്നുണ്ട്. ''ഇന്ത്യയുടെ രാജാവിന് മാർ തോമാശ്ലീഹായെകൊണ്ട് സ്വർഗ്ഗത്തിൽ കോവിലകം പണിയിച്ചവനായ കർത്താവേ . . .''

മോർ തോമാ ശ്ലീഹാ ആദ്യം ഗുഡ്നാഫർ രാജാവിന്റെ സാമ്രാജ്യത്തിലും പിന്നീട് മസ്ദായ് (Mazdai) രാജാവിന്റെ പ്രദേശങ്ങളിലും സുവിശേഷം അറിയിച്ചു (Menachery, 1973, p. 3). കേരളത്തിൽ യെഹൂദന്മാരായ ശ്ലീഹായുടെ സഹോദരങ്ങൾ താമസിക്കുന്ന ചേരസാമ്രാജ്യത്തിന്റെ അന്നത്തെ തലസ്ഥാന മായ കൊടുങ്ങല്ലൂരിൽ (Muziris) എ. ഡി. 52 വന്നിറങ്ങി.

മോർ തോമാശ്ലീഹാ ഇന്ത്യയിൽ സുവിശേഷമറിയിച്ച കാല ഘട്ടത്തിൽ ഗോൻഡഫറസ് രാജാവ് മാനസാന്തരപ്പെട്ട സാഹ ചര്യങ്ങളെപ്പറ്റി വ്യത്യസ്ത സംഭവങ്ങളാണ് പല പുസ്തകങ്ങ ളിലും കാണുന്നത്. നേരത്തെ പ്രതിപാദിച്ച സംഭവം കൂടാതെ രാജാവിന്റെ സഹോദരനെ (Gad) മരിച്ചതിനുശേഷം ഉയർപ്പിച്ചു എന്നും (Menachery, 1973) രാജാവിന്റെ മകളുടെ വിവാഹവി രുന്നിൽ വച്ച് ശ്ലീഹായെ കവിളത്തടിച്ചുവെന്നും അടിച്ച ആ കൈ പട്ടി കടിച്ചെടുത്തെന്നും (Panicker, 1989, p. 61) അവിടെ ശ്ലീഹാ അത്ഭുതം പ്രവർത്തിച്ചുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടാമത്തെ സംഭവം പുതുഞായറാഴ്ച പ്രഭാതപ്രാർത്ഥനയു ടെ ബോവൂസൊയിൽ പരാമർശിക്കുന്നുണ്ട്. മാർ തോമാശ്ലീഹാ ഇന്ത്യയുടെ രാജാവിനാൽ കല്യാണത്തിനു ക്ഷണിക്കപ്പെടുകയും അവിടെ അവൻ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും രാജാവും കുടുംബവും വിശ്വസിക്കുകയും ചെയ്തുവല്ലോ . . . (പ്രാർത്ഥ നാക്രമം 1981., p. 213)

തോമാശ്ലീഹാ കൊടുങ്ങല്ലൂരിൽ വന്നിറങ്ങി ആദ്യം യെഹൂ ദന്മാരോടും അനന്തരം പുറജാതികളോടും ക്രിസ്തുമാർഗം അറിയിച്ചു. ഏഴ് പള്ളികൾ സ്ഥാപിച്ചു. കൊടുങ്ങല്ലൂരടുത്ത് മാല്യങ്കര, കൊല്ലം, നിരണം, ചായൽ (നിലയ്ക്കൽ), ഗോക്ക മംഗലം, പറവൂർ (കോട്ടക്കാവ്), പാലയൂർ എന്നിവയാണ് (D' souza, 1952; Aphrem, 1964). നാല് ബ്രാഹ്മണകുടുംബങ്ങളിൽനിന്ന് (ശങ്കരപുരി, പകലോമറ്റം, കള്ളി, കാളിയാങ്കൽ) പരോഹിതന്മാ രെ നിയമിച്ചു. പിന്നീട് ബംഗാൾ കടൽ തീരങ്ങളിലേക്കും മലാ ക്കയിലേക്കും പോയി എന്നു കരുതപ്പെടുന്നു. എ. ഡി. 72 ൽ (75 ?) മദ്രാസിലേക്കു തിരികെ വരുമ്പോൾ ഡിസംബർ 18-ാം തീയതി ശൂലമേറ്റ് 21-ാം തീയതി രക്തസാക്ഷി മരണം വരിച്ചു. തോമാശ്ലീഹായെ ശൂലംകൊണ്ടു കുത്തി തൊലിയുരിച്ചുവെന്ന്

ചില എഴുത്തുകളിൽ കാണുന്നു. വിശുദ്ധന്റെ ശരീരം മൈലാപൂരിൽ സംസ്കരിച്ചു.

ശ്ലീഹായുടെ രക്തസാക്ഷിമരണത്തെ സംബന്ധിച്ച് മൂന്നു വ്യത്യസ്ത വിവരണങ്ങൾ ചില പുസ്തകങ്ങളിൽ കാണുന്നുണ്ടെങ്കിലും (ഉദാ: Menachery,1973, p. 4) ശൂലമേറ്റ് രക്തസാക്ഷിയായി എന്നതാണ് പ്രബലമായ വിശ്വാസം. ഈ രക്തസാക്ഷിമരണം ഡിസംബർ 21, ഏ.. ഡി. 72 നാണെന്ന് പാരമ്പര്യമായി വിശ്വസിച്ചുപോരുന്നു. വി. ശ്ലീഹായുടെ തിരുശേഷിപ്പുകൾ മൈലാപ്പൂരിൽനിന്നും ജൂലൈ 3, 394-ാം മാണ്ടിൽ ഉറഹായി (Edessa) ലേക്ക് കൊണ്ടുപോയി. ഓഗസ്റ്റ് 22-ാം തീയതി അവിടെ സ്ഥാപിച്ചു (Aphrem, 1964). അവിടെ ശ്ലീഹായുടെ നാമത്തിൽ ഒരു ദൈവാലയം പണിയപ്പെടുകയും ചെയ്തു. പിന്നീട് ഉറഹായിൽ നിന്നും ഏ. ഡി. 1258 ൽ തിരുശേഷിപ്പുകൾ ചിയോസിലേക്കു (Chios) കൊണ്ടുപോയി എന്നും (*The encyclopedia Americana*, 1988) അതിനു ശേഷം ഇറ്റലിയിലെ ഒർട്ടോണയിലേക്കു (Ortona) കൊണ്ടുപോയി എന്നും (Dsouza, 1952, p. 14; *Britannica*, 1988, p. 712) രേഖപ്പെടുത്തിയിട്ടുണ്ട്. മോർ തോമാശ്ലീഹാ കെട്ടിടം പണിക്കാരുടെ മധ്യസ്ഥനായി അറിയപ്പെടുന്നു.

മോർ തോമാശ്ലീഹായുടെ മഹാമധ്യസ്ഥതയാൽ നമ്മുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ അംഗീകാരയോഗ്യങ്ങളായി തീരട്ടെ. ശ്ലീഹായുടെ പുണ്യജീവിതം അനുകരിക്കുന്നതിന് ശ്ലീഹായുടെ പെരുന്നാൾ മുഖാന്തരമാകട്ടെ. ശ്ലീഹായുടെ മൂന്നു പെരുന്നാളുകളാണ് പ്രധാനമായും ആചരിക്കുന്നത്.

1. പുതു ഞായറാഴ്ച
2. ഡിസംബർ -21 രക്തസാക്ഷിയായ ദിവസം
3. ജൂലൈ 3 തിരുശേഷിപ്പുകൾ മൈലാപ്പൂരിൽ നിന്നും ഏ. ഡി. 394 ൽ ഉറഹായിലേക്ക് കൊണ്ടുപോയ ദിനം. (പല പരിശുദ്ധന്മാരുടേയും ഒന്നിലധികം പെരുന്നാളുകൾക്കടിസ്ഥാനം തിരുശേഷിപ്പുകൾ മറ്റു സ്ഥലങ്ങളിലേക്കു കൊണ്ടുപോയ ദിനങ്ങളാണ്).

# ഈജിപ്റ്റിലെ വി. അന്തോണിയോസ്
**(ഏ. ഡി. 251 - 356)**

ഈജിപ്റ്റിലെ ഏകാന്തവാസിയായ വി. അന്തോണിയോസിനെ കർത്ത്മീൻ ദയാറായിലെ ദയറാക്കാർക്കും വിശുദ്ധർക്കും തലവൻ എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ഈ വിശുദ്ധന്റെ ജീവചരിത്രം നമുക്ക് ലഭിച്ചത് അലക്സാന്ത്രിയായിലെ മഹാനായ അത്താനാസിയോസിൽനിന്നാണ് (ഏ.ഡി. 295-373). മോർ അത്താനാസിയോസ് വളരെനാൾ അന്തോനിയോസിന്റെ ശുശ്രൂഷകനായിരുന്നിട്ടുണ്ട്.

വി. അന്തോണിയോസ് ഈജിപ്റ്റിന്റെ (Upper Egypt) തെക്കുഭാഗത്തുള്ള കമാൻ നഗരത്തിൽ ഏ. ഡി. 251 ൽ ജനിച്ചു. കുലീനരും ധനികരുമായ മാതാപിതാക്കൾ ക്രിസ്ത്യാനികളായിരുന്നു. വി. അന്തോണിയോസിന് ഉദ്ദേശം 18 (20?) വയസ്സുള്ളപ്പോൾ മാതാപിതാക്കൾ നിര്യാതരായി. ഒരു ശിശുവായിരുന്ന ഏക സഹോദരിയുടെ സംരക്ഷണ ചുമതലയും അന്തോണിയോസിനായിരുന്നു. ഏറെ താമസിയാതെ സഹോദരിയെ ഒരു സന്യാസിനി സംഘത്തിൽ ചേർത്തു. തന്റെ സമ്പത്തുമുഴുവനും (300 ഏക്കർ നിലം) വിറ്റ് ദരിദ്രർക്ക് ദാനം ചെയ്തു.

കഠിനമായ തപോനിഷ്ഠകളായിരുന്നു വി. അന്തോണിയോസ് പരിശീലിച്ചിരുന്നത്. ജോലി ചെയ്യുന്നതിന് മനസ്സില്ലാത്തവൻ ഭക്ഷിക്കയുമരുത് (2 തെസ്സ. 3:10) എന്ന ശ്ലീഹായുടെ പഠിപ്പിക്കൽ സ്വന്തജീവിതത്തിൽ പാലിച്ചിരുന്നതിനാൽ കൈകൊണ്ട് അധ്വാനിച്ച് കിട്ടുന്ന പണത്തിൽനിന്നും സ്വന്തഭക്ഷണത്തിനുള്ളത് നീക്കിവച്ച് ബാക്കിയുള്ളത് ദരിദ്രർക്കായി ചിലവുചെയ്തു. സൂര്യാസ്തമനത്തിനുശേഷം ദിവസത്തിൽ ഒരിക്കൽമാത്രം ഭക്ഷിച്ചിരുന്നു. ആഹാരം അപ്പം മാത്രമായിരുന്നു. വെള്ളം മാത്രമേ കുടിച്ചിരുന്നുള്ളു. വെറും തറയിൽ കിടന്നുറങ്ങുന്നതായിരുന്നു സാധാരണ ശീലം. ശരീരത്തിൽ എണ്ണ ഉപയോഗിക്കുന്നത് അന്തോണിയോസ് ഉപേക്ഷിച്ചു. വസ്ത്രം, അകത്ത് രോമവും പുറത്ത് തുകലും കൊണ്ടുള്ളവയായിരുന്നു. വി. അന്തോണിയോസിന്റെ താമസസ്ഥലം കല്ലറയും, ഗുഹയും, ഉയർന്ന മലയിലെ

കോട്ടയും, വനപ്രദേശങ്ങളുമായിരുന്നു. എന്നിരുന്നാലും, വിശേഷപ്പെട്ട ഭക്ഷണസാധനങ്ങൾ ഉപയോഗിക്കുകയും, നിത്യവും കുളിക്കുകയും ധാരാളം വിശേഷവസ്ത്രങ്ങൾ ധരിക്കുകയും ചെയ്യുന്നവരെക്കാൾ ആരോഗ്യവും ചൈതന്യവും വി. അന്തോണിയോസിനുണ്ടായിരുന്നു. അദ്ദേഹം 105 വയസ്സുവരെ ജീവിച്ചിരുന്നു.

വി. അന്തോണിയോസിന് 35 വയസ്സായപ്പോൾ തപസ്സനുഷ്ഠിച്ചിരുന്നത് ഒരു കല്ലറയിലായിരുന്നു. പല പൈശാചിക പീഡകളും സഹിക്കേണ്ടി വന്നെങ്കിലും അവയെല്ലാം ദൈവാശ്രയത്താൽ അതിജീവിച്ചു. മിശിഹായുടെ സ്നേഹത്തിൽനിന്ന് ആർ എന്നെ വേർപിരിക്കും? ഞെരുക്കമോ? ബന്ധനമോ? പീഡയോ? പട്ടിണിയോ, നഗ്നതയോ? ആപത്തോ? വാളോ? (റോമ. 8:35). ഒരു സൈന്യം എനിക്ക് വിരോധമായി പാളയമടിച്ചാലും എന്റെ ഹൃദയം ഭയപ്പെടുകയില്ല; എന്റെ നേരെ യുദ്ധമുണ്ടായാലും ഞാൻ ധൈര്യമായിരിക്കും (സങ്കീ. 27:3) എന്നീ ദൈവവചനങ്ങൾ വിശുദ്ധൻ പരീക്ഷകളിൽ ഉരുവിട്ടുകൊണ്ടിരിക്കുന്നു.

ഒരു മലയിലെ കോട്ടയിൽ വിശുദ്ധൻ ഏകദേശം 20 സംവത്സരങ്ങൾ ഏകാന്ത സന്യാസജീവിതം നയിച്ചു. ഇതുമൂലം മിശിഹായ്ക്കുവേണ്ടിയുള്ള ബലഹീനതകളിലും അപമാനത്തിലും ഞെരുക്കങ്ങളിലും പീഡകളിലും ബന്ധനങ്ങളിലും ഞാൻ ഇഷ്ടപ്പെടുന്നു. എന്തെന്നാൽ എപ്പോഴാണോ ഞാൻ ബലഹീനനായിരിക്കുന്നത് അപ്പോഴാണ് ഞാൻ ശക്തനായി തീരുന്നത് (2 കൊരി. 12:10) എന്നദ്ദേഹം വിശ്വസിച്ചു. വിശുദ്ധന്റെ മധ്യസ്ഥപ്രാർത്ഥനയാൽ രോഗസൗഖ്യം, ദുരാത്മാക്കളിൽനിന്നുള്ള മോചനം എന്നിവ സാധ്യമായി.

വിശുദ്ധന് 54 വയസ്സുള്ളപ്പോൾ (ഏ. ഡി .305) തന്നെ അനുകരിച്ച സന്യാസികളുടെ അപേക്ഷപ്രകാരം അദ്ദേഹം മലയിൽനിന്ന് ഇറങ്ങിവന്ന് ഫായമിൽ (Fayum) ഒരു ദയറാ ആരംഭിച്ചു. ഇത് ദയറാ പ്രസ്ഥാനത്തിന്റെ ഔപചാരിക പ്രാരംഭമായി ക്രൈസ്തവലോകം പരിഗണിക്കുന്നു. പിസ്പർ (Pispir) എന്ന സ്ഥലത്ത് മറ്റൊരു ദയറായും പിന്നീട് ആരംഭിക്കുകയുണ്ടായി (White, 1991).

വിശുദ്ധൻ ഏകാന്തവാസത്തിനിടയിൽ രണ്ടുപ്രാവശ്യം മാത്രമേ മനുഷ്യവാസമുള്ള സ്ഥലത്ത് വന്നിട്ടുള്ളു. ഒന്ന്, അലക്സന്ത്രിയായിലെ മക്സിമാസിന്റെ ക്രൂരപീഡയാൽ (ഏ.ഡി. 313 or 311) വധിക്കപ്പെട്ട സഹദേന്മാരെ ധൈര്യപ്പെടുത്തുന്നതിനും, പീഡ അനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുന്നതിനുമായിരുന്നു. രണ്ട്, അറിയോസുകാർക്കെതിരായ പോരാട്ടത്തിൽ (ഏ.ഡി. 351 or 349) അലക്സന്ത്രിയായിലെ മോർ അത്താനാസിയോസിനെ സഹായിക്കുന്നതിന് വേണ്ടിയായിരുന്നു.

പുണ്യത്തിൽ തന്റെ സമകാലീനന്മാർക്ക് രണ്ടാമതാകാതിരിക്കണമെന്നല്ലാതെ അവരോട് മറ്റ് യാതൊരു മത്സരവും വിശുദ്ധ അന്തോണിയോസിനില്ലായിരുന്നു. എപ്പിസ്കോപ്പന്മാർ കശീശന്മാർ എന്നീ ആചാര്യഗണത്തിൽപ്പെട്ടവരുടെ മുമ്പാകെ തലകുനിക്കുന്നതിന് വിശുദ്ധന് ലജ്ജ തോന്നിയിരുന്നില്ല. ശെമ്മാശന്മാരുണ്ടെങ്കിൽ പ്രാർത്ഥന ആരംഭിക്കുന്നതിന് അവരോട് ആവശ്യപ്പെടുമായിരുന്നു. വിശുദ്ധന്റെ അടുക്കൽ വരുന്ന രോഗികളോട് അദ്ദേഹം ക്ഷമയോടെ സഹിക്കണമെന്നും രോഗശാന്തി നൽകുവാനുള്ള അധികാരം തനിക്കോ മറ്റു മനുഷ്യർക്കോ ഉള്ളതല്ല; ദൈവത്തിൽ നിന്നുള്ളതാകുന്നു എന്ന് പറയുമായിരുന്നു. ദൈവത്തിന് തിരുവിഷ്ടമാകുമ്പോഴും തനിക്കിഷ്ടമുള്ളവർക്കും അത് നൽകുന്നു. ആയതിനാൽ സൗഖ്യപ്പെടാത്ത രോഗികൾ രോഗശാന്തിക്കു പകരമായി വി. അന്തോണിയോസിന്റെ വചനം സന്തോഷത്തോടെ സ്വീകരിച്ചു. സൗഖ്യമായവർ അന്തോണിയോസിനെ അല്ല ദൈവത്തെ മാത്രം മഹത്വപ്പെടുത്തണമെന്ന് വിശുദ്ധൻ പഠിപ്പിച്ചു.

വി. അന്തോണിയോസ് തന്റെ മരണസമയം ദൈവത്തിൽ നിന്നറിഞ്ഞിട്ട് (ഏ. ഡി. 356, 105 വയസ്സ്) തന്നെ അനുകരിച്ചവരെ ഉപദേശിച്ചു. കർത്താവിൽ ശരണപ്പെടുക, കർത്താവിനെ സ്നേഹിക്കുക, ദുർവികാരങ്ങളിൽനിന്നും ലോകമോദങ്ങളിൽനിന്നും അകലുക, നിത്യവും സ്വന്തം പ്രവർത്തികൾ പരിശോധിച്ച് അനുതപിക്കുക, പാപം ചെയ്യാതിരുന്നാൽ പ്രശംസിക്കാതിരിക്കുക, പ്രാർത്ഥന ദൈവം അംഗീകരിച്ചാൽ പ്രശംസയോ, അംഗീകരിക്കാതിരുന്നാൽ പിറുപിറുപ്പോ ഉണ്ടാകാതെ സൂക്ഷിക്കുക. അറിയോസുകാരുമായി ഒരു ബന്ധവും പാടില്ല. അവരുടെ ദുഷ്

ടതകൾ എല്ലാവർക്കും അറിവുള്ളതാണ്. ന്യായാധിപന്മാർ അവരെ സംരക്ഷിക്കുന്നതു കണ്ടാൽ ഇളകി പോകരുത്. അവരുടെ ജയം അവസാനിക്കും. അത് നശിച്ചുപോകുവാനുള്ളതത്രെ.

മലയിലുള്ള ദയറായിൽ വച്ച് മരിക്കുന്നതിന്, സന്യാസികൾ വിശുദ്ധനെ നിർബന്ധിച്ചെങ്കിലും താനതിന് സമ്മതിച്ചില്ല. രണ്ട് ദയറാക്കാരുമായി സാധാരണ താമസിച്ചിരുന്ന ഉൾവനത്തിലേക്ക് (Mount Kolzim?) തിരികെ പോയി. അവിടെ ചെന്ന് വിശുദ്ധൻ അവർക്ക് നിർദ്ദേശം നൽകി. ഈജിപ്റ്റിലേക്ക് എന്റെ ശരീരം ആരും എടുത്തുകൊണ്ടുപോകാൻ അനുവദിക്കരുത്. അവർ അത് അവരുടെ വീടുകളിൽ സൂക്ഷിച്ചുവച്ചിരിക്കാനിടയുണ്ട്.

സന്യാസികളുടെ പ്രത്യേകിച്ച് വി. സഹദേന്മാരുടെ മൃതശരീരങ്ങൾ അവരെ ബഹുമാനിക്കാനായി കുഴിച്ചിടാതെ മരുന്നുകൾ പുരട്ടി ലിനനിൽ പൊതിഞ്ഞ് ഭവനങ്ങളിൽ സൂക്ഷിച്ചുവയ്ക്കുന്ന പതിവ് പുരാതന ഈജിപ്റ്റുകാർക്കുണ്ടായിരുന്നു. താൻ മരിച്ചാലും തന്റെ ശരീരം ഇപ്രകാരം സൂക്ഷിച്ചുവച്ചേക്കുമെന്ന് അദ്ദേഹം ഭയപ്പെട്ടു. മാത്രവുമല്ല യേശുക്രിസ്തുവിനെപ്പോലും കബറടക്കിയതിനാൽ തന്നെയും കബറടക്കണമെന്ന് വിശുദ്ധൻ ആഗ്രഹിച്ചു. അവരുടെ തെറ്റായ പതിവ് നിറുത്തലാക്കണമെന്ന് വി. അന്തോണിയോസ് ആഗ്രഹിച്ച് അവരെ ശാസിച്ചിരുന്നു.

നിങ്ങൾ (രണ്ടു ദയറാക്കാർ) എന്റെ ശവസംസ്കാര ശുശ്രൂഷനടത്തിയാൽ മതി. എന്റെ ശരീരം കുഴിച്ചിടണം. എന്നെ കബറടക്കുന്ന സ്ഥലം നിങ്ങളല്ലാതെ മറ്റാരും അറിയരുത്. എന്റെ വസ്ത്രങ്ങളിൽ ഒരു ആട്ടിൻതുകൽ കൊണ്ടുള്ള ഉടുപ്പും ശിരോവസ്ത്രവും (കൂബാത്തോ) ഞാൻ സാധാരണ കിടക്കാൻ ഉപയോഗിച്ചുകൊണ്ടിരുന്ന വിരിയും അലക്സന്ത്രിയായിലെ മോർ അത്താനാസിയോസിന് കൊടുക്കണം. പുതുതായിരുന്നപ്പോൾ അദ്ദേഹം അത് എനിക്ക് തന്നതാണ്. താനുപയോഗിച്ചിരുന്ന വടി (സന്യാസികൾ ഉപയോഗിക്കുന്ന T ആകൃതിയിലുള്ളത്) താൻ സന്യാസവസ്ത്രം ധരിപ്പിച്ച മക്കാറിയോസിനും കൊടുക്കണം. ഇത്രയും പറഞ്ഞ് അവരെ പിടിച്ച് തഴുകിയതിനുശേഷം കാൽ നീട്ടിവച്ച് തന്റെ പിതാക്കന്മാരോടു ചേർന്നു.

ഈ ജീവചരിത്രം എഴുതിയ വി. അന്തോണിയോസിന്റെ ശുശ്രൂഷകനായിരുന്ന അലക്സന്ത്രിയായിലെ മോർ അത്താ

നാസിയോസ് എഴുതിയിരിക്കുന്നത്, അന്തോണിയോസിനെ ഓർക്കുന്നതുപോലും എനിക്ക് വലിയ സഹായങ്ങൾ ലഭിപ്പാൻ കാരണമാണ് എന്നാണ്. മോർ അന്തോണിയോസിന്റെ ഓർമ്മ ജനുവരി 18-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു. ചില ചരിത്രകാരന്മാർ ജനുവരി 17 എന്നും രേഖപ്പെടുത്തിയിട്ടുണ്ട് (e. g, White, 1991).

വിശുദ്ധ അന്തോണിയോസിന്റെ ഉപദേശങ്ങൾ വിശ്വാസികൾക്ക് പൊതുവെയും സന്യാസി സന്യാസിനികൾക്ക് പ്രത്യേകിച്ചും ആത്മീയ അഭിവൃദ്ധിക്ക് പ്രയോജനകരമാണ്. അവ ചുരുക്കമായി താഴെ രേഖപ്പെടുത്തുന്നു.

1. നാം ആരംഭിച്ചത് വിട്ടുകളയരുത്. കലപ്പയ്ക്ക് കൈ വച്ചശേഷം പിന്നോട്ട് നോക്കുന്നവനാരും ദൈവരാജ്യത്തിന് കൊള്ളാവുന്നവനല്ല (ലൂക്കോ. 9:62). ഞാൻ പിമ്പിലുള്ളവയെ മറന്നിട്ട് മുമ്പിലുള്ളതിനെ ലാക്കാക്കി ഓടുന്നു (ഫിലി. 3:14) തീക്ഷണതയോടുകൂടെ ലക്ഷ്യത്തിലേക്ക് ഓടണം. പ്രയത്നങ്ങളെക്കുറിച്ച് മനസ്സിടിവുണ്ടാകരുത്.

2. നാം ഭക്തിജീവിതത്തിൽ 80 ആണ്ടുകളോ 100 സംവത്സരങ്ങളോ കഴിച്ചാൽ നൂറിനുപകരം അനന്തകാലം (റോമ. 8:18) കർത്താവിനോടുകൂടെ ആയിരിക്കുമെന്ന് ഓർക്കണം.

3. നാം ലോകത്തിൽ അദ്ധ്വാനിക്കുന്നത് ലോകത്തിൽ അവകാശം ലഭിപ്പാനല്ല.

4. നാം മരിക്കുമ്പോൾ നമുക്കിഷ്ടമില്ലാത്തവരായിരിക്കും പലപ്പോഴും നമ്മുടെ സ്വത്ത് അവകാശിക്കുന്നത് (സഭാ. 2:18-23) അങ്ങനെയെങ്കിൽ പുണ്യത്തിനായും സ്വർഗ്ഗരാജ്യം അവകാശമാക്കുവാനും അവയെ ഉപേക്ഷിക്കരുതോ? നമ്മോടുകൂടെ കൊണ്ടുപോകാൻ കഴിയാത്ത ഈ സമ്പാദ്യം കൊണ്ട് എന്ത് പ്രയോജനമുണ്ട്?

5. നാം ഒരു ദിവസം മടിയന്മാരായാൽ മുൻകാലങ്ങളെ കരുതി ദൈവം നമ്മോട് ക്ഷമിക്കയില്ല. തന്നെ നിരസിച്ചതിന് കോപിക്കും (യെഹെ. 3:17 -19). യൂദ ഒരു രാത്രികൊണ്ട് അവന്റെ മുൻകാലത്തെ പ്രയത്നത്തെ മുഴുവൻ നശിപ്പിച്ചില്ലയോ?

6. ഉണർന്നെഴുന്നേൽക്കുമ്പോൾ വൈകുന്നേരംവരെ ജീവിക്കയില്ലെന്നും ഉറങ്ങാൻ പോകുമ്പോൾ നാം ഉണരുകയില്ലെന്നും വിചാരിച്ചുകൊള്ളണം. ഉപേക്ഷയെ (അലസതയെ) തടയാൻ നിരന്തരം ഉത്തേജിപ്പിക്കുന്ന ഒരു ചിന്തയാണിത്.

7. ഒരുവന് മറ്റൊരുവന്റെ വിശ്വാസം കണ്ട് ധൈര്യം വർദ്ധിപ്പാനിടയാകണം.

## മോർ ബർസൗമൊ
### (എ. ഡി. ? - 458)

വിലാപക്കാർ (ദുഃഖിതർ) എന്നറിയപ്പെടുന്ന സന്യാസിമാരിൽ തലവനായി മോർ ബർസൗമൊ അറിയപ്പെടുന്നു. ഇദ്ദേഹത്തിന്റെ അത്ഭുതകരമായ നോമ്പ് (സൗമൊ) ഹേതുവായി 'നോമ്പിന്റെ പുത്രൻ''എന്നർത്ഥമുള്ള ബർസൗമൊ എന്ന് വിളിക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ പേര് ബർസുമ എന്നും ബാർസോമ എന്നും ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. പ. അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ രചിച്ച *The history of Syriac Literature and sciences* എന്ന ഗ്രന്ഥത്തിൽ ബർസൗം (Barsoum) എന്നാണ് പരാമർശിച്ചിരിക്കുന്നത്.

ശ്മീശാത്ത് നഗരത്തിന് സമീപമുള്ള ഓട്ടൻ (Otton) ഗ്രാമത്തിൽ ദൈവഭക്തരായ ഹാനോക്കിന്റേയും സക്കിയായുടെയും പുത്രനായി ജനിച്ചു. ജനിച്ച വർഷമോ തീയതിയോ ലഭ്യമല്ല. യെരുശലേമിലെ വി. മർക്കോസിന്റെ മാളികയിലെ ലൈബ്രറിയിൽ മോർ ബർസൗമൊയുടെ ജീവചരിത്രം അദ്ദേഹത്തിന്റെ തന്നെ ശിഷ്യനായ ബ. ശമുവേൽ അച്ചൻ എഴുതിയത് 1546 ൽ ബ. ദനഹ അച്ചൻ പകർത്തിയെഴുതിയത് സൂക്ഷിച്ചിട്ടുണ്ട്. (Zafaran, MSS 117 *The life story of Barsoum, Chief of the ascetics*, (d. 458) written by his disciple, Samuel the priest).

ബർസൗമൊ പൈതലായിരിക്കുമ്പോൾ പിതാവ് നിര്യാതനാകുകയും മാതാവ് പുനർവിവാഹം കഴിക്കുകയും ബർസൗമൊ

അവരോടുകൂടെ പാർക്കുകയും ചെയ്തു (Aphrem Paulose, 1963; Aphrem Aboodi, 1966). ഒരു ദിവസം ശ്മീശാത്ത് നഗരത്തിൽ ഒരു ആഘോഷത്തിനു പോയ സന്ദർഭത്തിൽ ഫ്റാത്ത് (Euphrates) നദിയുടെ തീരത്ത് ബർസൗമൊ ഏകനായി കരഞ്ഞുകൊണ്ട് നടക്കുമ്പോൾ ഒരു ഉത്തമ സന്യാസിയായ ഏബ്രഹാം അവനെ കാണുകയും കരയുന്നതെന്തിനാണെന്ന് ചോദിക്കുകയും ചെയ്തു. മോർ ബർസൗമൊ ഉത്തരമായിട്ട് ഞാൻ കർത്താവായ യേശു മിശിഹായുടെ അടിമയാകാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. വൃദ്ധനായ ഏബ്രഹാം സന്യാസി തന്റെ ദയറായിലേക്ക് ബർസൗമൊയെ കൂട്ടിക്കൊണ്ടുപോകുകയും അവിടെ താമസിച്ച് വ്രതാനുഷ്ഠാനങ്ങൾ പഠിച്ചുകൊണ്ടിരിക്കെ ഉദ്ദേശം ഏ. ഡി. 409-ൽ ഗുരുവായ ഏബ്രഹാം സന്യാസി നിര്യാതനായി.

ഗുരുവിന്റെ നിര്യാണത്തിനുശേഷം മോർ ബർസൗമൊ വിശുദ്ധനാടുകൾ കാൽനടയായി സന്ദർശിക്കുകയും തിരിച്ചുവന്ന് ഉയരമുള്ള ഒരു പർവ്വതത്തിൽ കയറി അവിടെയുള്ള പഴങ്ങളും കായ്കനികളും ഭക്ഷിച്ച് ഉപജീവിക്കുകയും ചെയ്തു. സമീപ പ്രദേശത്തുള്ള വിശ്വാസികൾ അദ്ദേഹത്തിനുവേണ്ടി ഒരു ദയറാ പണിയുകയും അദ്ദേഹം ആ ദയറായിൽ താമസിക്കുകയും ചെയ്തു. പിന്നീട് മറ്റ് പലരും ആ ദയറായിൽ അന്തേവാസികളായി സ്വീകരിക്കപ്പെട്ടു. മോർ ബർസൗമൊയുടെ ദയറാ മീലിത്തിക്ക് സമീപമാണ്. 11-ാം നൂറ്റാണ്ടിൽ ഇത് പാത്രിയർക്കാ സിംഹാസന ആസ്ഥാനമായിരുന്നു. ഈ ദയറായിൽനിന്ന് 5 പാത്രിയർക്കീസന്മാരും 34 മെത്രാപ്പോലീത്തന്മാരും ഉണ്ടായിട്ടുണ്ട്. 17-ാം നൂറ്റാണ്ടിന്റെ പകുതിവരെ ഇവിടെ ദയറാക്കാർ താമസിച്ചിരുന്നു.

വേനൽക്കാലത്ത് ഒരു രാത്രിയിൽ മോർ ബർസൗമൊ തന്റെ മുറിയിൽനിന്നും പുറത്തിറങ്ങി നിന്നു. ഉയരത്തിലേക്കു നോക്കിയപ്പോൾ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളെ കാണുകയും ദൈവത്തിന്റെ മഹിമയിൻ മുമ്പാകെ താൻ വെറും നിസ്സാരനെന്ന് ബോധ്യംവന്ന് യജമാനന്റെ സന്നിധിയിൽ ദാസൻ ഇരിക്കയില്ല എന്നു നിശ്ചയിക്കുകയും ആ ദിവസം മുതൽ എഴുന്നേറ്റു നിന്നുകൊണ്ടുള്ള നില സ്വീകരിക്കുകയും ചെയ്തു. ക്ഷീണം തോന്നുമ്പോൾ അല്പ സമയം പാറയിൽചാരി വിശ്രമിക്കുകയും ചെയ്തുപോന്നു.

ദിവസവും സന്ധ്യാസമയത്ത് ശിഷ്യന്മാരെ സന്ദർശിക്കുകയും വിശുദ്ധ വേദപുസ്തകത്തിൽനിന്നും ഒരു വാക്യത്തിന്റെ ആദ്യ പകുതി ബർസൗമൊ വായിക്കുകയും ബാക്കി പകുതി ശിഷ്യന്മാർ വായിക്കുകയും പതിവായിരുന്നു. ഒരു ദിവസം സാധാരണ പ്രാർത്ഥിക്കാറുള്ള സ്ഥലത്തുനിന്ന് മാറിനിന്ന് പ്രാർത്ഥിക്കുന്നത് ഒരു ദയറാക്കാരൻ കാണുകയും അഗ്നിനാവ് മിന്നൽപോലെ മോർ ബർസൗമൊയുടെ മേൽ ഇറങ്ങി വസിക്കുന്നത് കാണുകയും ചെയ്തു.

ഏ. ഡി. 449 ൽ പൗരസ്ത്യദേശത്തുള്ള എല്ലാ ദയറാകളുടെയും അധിപന്മാരുടെ പ്രതിനിധിയായി എഫേസൂസിലെ രണ്ടാം സുന്നഹദോസിൽ സന്നിഹിതനായ മോർ ബർസൗമൊയ്ക്ക് തേവോദോസിയോസ് സീസർ പ്രത്യേക അധികാരപത്രം കൊടുത്തു. അതിൻപ്രകാരം ദയാറകളിലുണ്ടാകുന്ന ഭിന്നതകളും വഴക്കുകളും തീരുമാനം ചെയ്യുന്നതിനധികാരപ്പെടുത്തിയിരുന്നു.

ഒരിക്കൽ അസൂയാലുക്കളായ ചിലർ മോർ ബർസൗമൊ മുടി കത്രിച്ചുകളഞ്ഞുവെന്ന് സീസറിന്റെ അടുക്കൽ ഏഷണി പറയുകയും മോർ ബർസൗമൊയെ കണ്ട് തനിക്ക് ലഭിച്ച വിവരം തെറ്റാണെന്നറിഞ്ഞ് അതീവ വാത്സല്യത്തോടെ വിശുദ്ധനെ ചുംബിച്ച് ദയറായിലേക്ക് തിരികെ അയയ്ക്കുകയും ചെയ്തു.

തേവോദോസിയോസ് ദ്വിതീയന്റെ മരണശേഷം സൈന്യാധിപനായ മർക്കിയാൻ നിയമിതനാകുകയും കൽക്കദുന്യ സുന്നഹദോസ് കൂടുകയും വിശ്വാസവിപരീതമായ നിലപാടെടുക്കുകയും ചെയ്തപ്പോൾ മോർ ബർസൗമൊ ദുഃഖിതനായി. ഏ. ഡി. 452-ൽ മർക്കിയാൻ കുസ്തന്തീനോസ്പ്പോലീസിലെ ഒരു ന്യായാധിപന്റെ അടുക്കൽ കൽക്കദുന്യ വിരുദ്ധനിലപാടിനെക്കുറിച്ച് ബർസൗമൊയെ കഠിനമായി ചോദ്യംചെയ്തു. എന്നാൽ ആ ന്യായാധിപൻ വിശുദ്ധന്റെ പ്രവചനംപോലെ അന്നു രാത്രിതന്നെ മരിക്കുകയും ചെയ്തു.

കൽക്കദുന്യർ മോർ ബർസൗമൊയെ മുടക്കിയ കല്പന ഒരു ദൈവാലയത്തിൽ വായിച്ചപ്പോൾ ഒരു പ്രമാണി എഴുന്നേറ്റ് ഇങ്ങനെ പറഞ്ഞു. നിങ്ങളുടെ മധ്യത്തിൽ നിൽക്കുന്ന എന്റെ മകൻ മരണത്തോടുവളരെ അടുത്തപ്പോൾ ഞാൻ അവനെ

വിശുദ്ധന്റെ അടുത്ത് കൊണ്ടുപോകുകയും വിശുദ്ധൻ അവന്റെമേൽ പ്രാർത്ഥിച്ച് അവന് സൗഖ്യം ലഭിക്കുകയും ചെയ്ത സംഗതി നിങ്ങൾക്കേവർക്കും അറിവുള്ളതാണല്ലോ. എന്നാൽ ഈ എപ്പിസ്കോപ്പന്മാർക്കാകട്ടെ ചത്ത ഒരു ആടിനെപ്പോലും ഉയിർപ്പിക്കാനുള്ള കഴിവില്ല. ആകയാൽ ഞാനും എന്റെ കുടുംബവും ഉള്ള കാലത്തോളം ഈ വിശുദ്ധനെ അഭയംതേടി സ്വീകരിക്കുകതന്നെചെയ്യും എന്നു പരസ്യമായി പറയുകയും ജനമെല്ലാം അപ്രകാരംതന്നെ ഉറപ്പിച്ചുപറയുകയും ചെയ്തു.

മോർ ബർസൗമൊ അലക്സന്ത്രിയായിലെ പാത്രിയർക്കീസായിരുന്ന മോർ ദിയസ്ക്കൊറോസിന്റെ (ഏ. ഡി. 444-451) അടുത്ത സ്നേഹിതനായിരുന്നു (Smith & Wace, 1877). മോർ ബർസൗമൊ ഫെബ്രുവരി 3-ാം തീയതി കാലംചെയ്തു. ഏ. ഡി. 458 ലാണ് വിശുദ്ധന്റെ നിര്യാണമെന്ന് അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഏ. ഡി. 457 ലാണെന്ന് അഫ്രേം പൗലൂസ് റമ്പാനും (1963) അഫ്രേം ആബൂദി റമ്പാനും (1966) രേഖപ്പെടുത്തിയിട്ടുണ്ട്.

# പരിശുദ്ധനായ സ്ലീബാ മോർ ഒസ്താത്തേവോസ് ബാവാ

**(ഏ. ഡി. 1854 - 1930)**

അന്ത്യോഖ്യാ മലങ്കര ബന്ധത്തിന്റെ നിത്യസ്മാരകമാണ് കുന്നംകുളം സിംഹാസനപ്പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധനായ സ്ലീബാ മാർ ഒസ്താത്തേവോസ് ബാവ. മെസപൊട്ടോമ്യയിലെ അമീദ് പട്ടണത്തിനടുത്തുള്ള ശൃഹറെ എന്ന സ്ഥലത്തെ കഫർസൊ ഗ്രാമമാണ് ജന്മസ്ഥലം. അബാക്കർ കുടുംബത്തിൽ സൽബിയുടെയും നബൂനയുടെയും മകനായി 1854 ജനുവരി മാസം 1-ാം തീയതി സ്ലീബാ ഭൂജാതനായി. സ്ലീബായ്ക്ക് രണ്ട് സഹോദരന്മാരും മൂന്ന് സഹോദരികളും ഉണ്ടായിരുന്നു. സ്ലീബായുടെ ബാല്യത്തിൽത്തന്നെ പിതാവായ

സൽബി നിര്യാതനായി. സ്ലീബായുടെ പിതൃസഹോദരനായ ദ നഹാ കശീശാ ആയിരുന്നു ആദ്യത്തെ ഗുരുനാഥൻ. പ്രാരംഭ പഠനത്തിനുശേഷം ദമസ്കോസ് പള്ളി വികാരിയായിരുന്ന വന്ദ്യ ശെമവൂൻ റമ്പാച്ചന്റെ അടുക്കൽ സുറിയാനി ഭാഷയും വേദശാസ്ത്രവും പഠിച്ചു.

**ഗുരുവായ വന്ദ്യ ശെമവൂൻ റമ്പാച്ചൻ**

1849-ൽ യാക്കോബ് ദ്വിതീയൻ പാത്രിയർക്കീസ്സ് ബാവ മല ങ്കരയിലേക്കയച്ച മോർ അത്താനാസിയോസ് സ്തേഫാനോസ് മെത്രാപ്പോലീത്തായുടെ കൂടെ വന്ദ്യ ശെമവൂൻ റമ്പാച്ചൻ ആ ദ്യമായി മലങ്കരയിൽ വന്നു. എട്ട് വർഷം മലങ്കരയിൽ താമ സിച്ചതിനുശേഷം ശീമയിലേക്ക് മടങ്ങി. പ്രൊട്ടസ്റ്റന്റ് മിഷനറി മാരുടെ പാഷാണ്ഡോപദേശങ്ങൾ സുറിയാനി സഭാമക്കളിൽ ചലനങ്ങൾ ഉണ്ടാക്കിയിരുന്ന കാലമായിരുന്നു അത്.

1875 -ൽ പത്രോസ് തൃതീയൻ (നാലാമൻ) പാത്രിയർക്കീസ് ബാവായുടെ ആഗമനവും 1876 ലെ മുളന്തുരുത്തി സുന്നഹ ദോസും പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിനെ മലങ്കര മെത്രാപ്പോലീത്തായാക്കിയുള്ള നിയമനവും ഭദ്രാസന ഭരണ ക്രമീകരണങ്ങളും പ. ചാത്തുരുത്തിൽ കൊച്ചു തിരു മേനിയുൾപ്പെടെയുള്ള തിരുമേനിമാരുടെ വാഴ്ചയും സഭയിൽ സത്യവിശ്വാസം നിലനിർത്തുന്നതിനു സഹായകമായി. വി. കന്യകമറിയാമിന്റെ മധ്യസ്ഥതയെയും, മരിച്ചവരുടെ ഓർമ്മ ആചരിക്കുന്നതിനെയും വേദവിപരീതമെന്ന് പ്രചരിപ്പിച്ചുകൊ ണ്ടിരുന്ന നവീകരണക്കാരുടെ പ്രവർത്തനം മൂലമുണ്ടായിക്കൊ ണ്ടിരുന്ന പ്രയാസങ്ങളെപ്പറ്റി മലങ്കര മെത്രാപ്പോലീത്തായായി രുന്ന ജോസഫ് മോർ ദീവന്നാസിയോസ് തിരുമേനിയും, പ. ചാത്തുരുത്തിൽ മാർ ഗ്രിഗോറിയോസ് തിരുമേനിയും ചേർന്ന് പ. പാത്രിയർക്കീസ് ബാവായുടെ അടുക്കൽ സങ്കടം അറിയി ച്ചു. 17-ാം നൂറ്റാണ്ടിൽ പറങ്കി വേദത്തിൽനിന്നും സഭയെ വീ ണ്ടെടുത്ത പ. അന്ത്യോഖ്യാ സിംഹാസനം 19-ാം നൂറ്റാണ്ടിലും സംരക്ഷണത്തിനായെത്തി.

1880-ൽ പ. പത്രോസ് പാത്രിയർക്കീസ് ബാവ വന്ദ്യ ശെ മവൂൻ റമ്പാച്ചനെ മോർ അത്താനാസിയോസ് എന്ന പേരിൽ

മെത്രാപ്പോലീത്തയായി വാഴിച്ച് മലങ്കരയിലേക്ക് അയച്ചു. ശിഷ്യനായ സ്ലീബായ്ക്കു ശെമ്മാശ സ്ഥാനം നൽകി, ഗുരുവും ശിഷ്യനും കേരളത്തിലേക്ക് യാത്രതിരിച്ചു. 1881 ജനുവരി മാസം 1-ാം തീയതി കൊച്ചിയിൽ വന്നിറങ്ങി.

കോട്ടയം പഴയ സെമിനാരിയും കോട്ടയം ചെറിയപള്ളിയും നവീകരണക്കാരുടെ കൈവശമായതിനാൽ സത്യവിശ്വാസികൾ കോട്ടയം പുത്തൻപള്ളി സ്ഥാപിച്ച് ദിവ്യാരാധന നടത്തിവന്നു. ശെമവൂൻ മാർ അത്താനാസിയോസ് ബാവായും, സ്ലീബാ ശെമ്മാശനും പുത്തൻപള്ളിയിൽ താമസമാക്കി. 1889-ൽ കോട്ടയം പഴയസെമിനാരി, ജോസഫ് മോർ ദീവന്നാസിയോസിന് കോടതി വിധിമൂലം ലഭിച്ചപ്പോൾ മോർ ശെമവൂൻ ബാവായും സ്ലീബാ ശെമ്മാശനും പഴയസെമിനാരിയിലേക്ക് താമസം മാറ്റി. 1881 മുതലുള്ള എട്ടുവർഷത്തെ സത്യവിശ്വാസ സംരക്ഷണത്തെ പ്രതിയുള്ള കഠിനാധ്വാനത്തെ തുടർന്ന് ശെമവൂൻ മാർ അത്താനാസിയോസ് ബാവ 1889 ജൂൺ 11-ാം തീയതി പഴയസെമിനാരിയിൽ വച്ച് കാലംചെയ്തു. മോർ ശെമവൂൻ ബാവയെ ദീർഘകാലം താമസിച്ച കോട്ടയം പുത്തൻപള്ളിയിൽ കബറടക്കി. സ്വദേശത്തും വിദേശത്തും സ്ലീബാ ശെമ്മാശന്റെ ഗുരുവായിരുന്ന ബാവായുടെ വേർപാടിൽ സ്ലീബാ ശെമ്മാശൻ വാവിട്ടുകരഞ്ഞുവെങ്കിലും "കലപ്പയ്ക്കു കൈവച്ചശേഷം പുറകോട്ടുനോക്കാതെ" പഴയ സെമിനാരിയിൽ താമസിച്ച് സുവിശേഷവേലയും സഭാ ചരിത്രപ്രസംഗങ്ങളും നടത്തി സഭയെ സത്യവിശ്വാസത്തിൽ നിലനിർത്താൻ അത്യുത്സാഹം ചെയ്തു.

**പ. ചാത്തുരുത്തിൽ തിരുമേനിയും സ്ലീബാ ശെമ്മാശനും**

പരിശുദ്ധനായ ചാത്തുരുത്തിൽ മാർ ഗ്രിഗോറിയോസ് തിരുമേനിക്ക് സ്ലീബാ ശെമ്മാശനെ വലിയ സ്നേഹവും മതിപ്പുമായിരുന്നു. 1895-ൽ വിശുദ്ധനാട് സന്ദർശിക്കുന്നതിന് പ. ചാത്തുരുത്തിൽ തിരുമേനിയുടെ യാത്രാക്രമീകരണങ്ങൾക്ക് ചുക്കാൻ പിടിച്ചതും സഹായിച്ചതും സ്ലീബാ ശെമ്മാശനായിരുന്നു. ആത്മിക സുകൃതങ്ങൾ ഒരുപോലെ ഉൾക്കൊള്ളുന്ന പുണ്യാത്മാക്കൾ ഉറ്റമിത്രങ്ങളായതിൽ അത്ഭുതപ്പെടാനില്ലല്ലോ. ഊർശ്ലേം യാത്രയ്ക്കുശേഷം പ. പരുമലതിരുമേനിയോടൊപ്പം സ്ലീബാ ശെമ്മാശനും മലങ്കരയിൽ തിരിച്ചെത്തി.

ഉറ്റ മിത്രങ്ങളായിരുന്ന പ. ചാത്തുരുത്തിൽ തിരുമേനിയും സ്ലീബാ ശെമ്മാശനും പരുമല സെമിനാരിയിൽ ഒത്തുചേരുമായിരുന്നു. 1902 നവംബർ 2 ന് പരുമല തിരുമേനി കാലം ചെയ്തപ്പോൾ സ്ലീബാ ശെമ്മാശന് മലങ്കരയിലെ ഗുരുവും നഷ്ടപ്പെട്ടു. എന്നാൽ തുടർന്നും സുവിശേഷവേല ചെയ്തും മെമ്രാകൾ രചിച്ചും ഗ്രന്ഥങ്ങളെഴുതിയും സുറിയാനി സഭയെ സമ്പന്നമാക്കി. ദീർഘകാലത്തെ മലങ്കരയിലെ താമസംകൊണ്ട് (ഉച്ചാരണശുദ്ധിയില്ലാതെയെങ്കിലും) മലയാളം സംസാരിക്കാൻ ബാവായ്ക്ക് അറിയാമായിരുന്നു.

**മെത്രാപ്പോലീത്താ സ്ഥാനലബ്ദി**

സ്ലീബ ശെമ്മാശനെ മെത്രാപ്പോലീത്തയായി വാഴിച്ച് മലങ്കര സഭയിലെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായി നിയമിക്കുന്നതിന് പ. പാത്രിയർക്കീസ് ബാവാ നിശ്ചയിച്ചതറിഞ്ഞ് മലങ്കര മെത്രാപ്പോലീത്തയായ ജോസഫ് മാർ ദീവാന്നാസിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ഒരു മഹായോഗം കൂടി സ്ലീബാ ശെമ്മാശന് ഭാവുകങ്ങൾ ആശംസിക്കുകയും ഒരു സ്വർണ്ണമാലയും കുരിശും സമ്മാനമായി നൽകുകയും ചെയ്തു.

1906–ൽ സ്ലീബാ ശെമ്മാശൻ ശീമയിലേക്ക് യാത്രതിരിച്ചു. കൂടെ ചേട്ടാളത്തുംകര മത്തായി ശെമ്മാശനും (പിന്നീട് ഔഗേൻ കാതോലിക്ക) പോയിരുന്നു. ഇരുവരും മൂസലിലെ മോർ മത്തായിയുടെ ദയറായിൽ എത്തി. അവിടെവച്ച് ദയറാധിപനായ മോർ കൂറിലോസ് ഏലിയാസ് കുദ്സോ മെത്രാപ്പോലീത്ത സ്ലീബാ ശെമ്മാശന് റമ്പാൻ (ദയറോയൂസോ) സ്ഥാനം നൽകി. രണ്ടാഴ്ചക്കുശേഷം കശീശ്ശാ സ്ഥാനവും നൽകി. തുടർന്ന് രണ്ടുവർഷം സ്ലീബാ കശീശ്ശാ ശീമയിൽ പള്ളികളും ദയാറകളും സന്ദർശിച്ച് നാഥന്റെ മുന്തിരിത്തോപ്പിൽ അവിരാമം അധ്വാനിച്ചു.

1908 മാർച്ച് മാസത്തിൽ അന്ത്യോഖ്യായുടെ പ. അബ്ദേദ് ആലോഹൊ രണ്ടാമൻ പാത്രിയർക്കീസ് ബാവ മൂസലിലുള്ള നാല്പത് സഹദേന്മാരുടെ പള്ളിയിൽവച്ച് സ്ലീബാ കശീശ്ശായെ ഒസ്താത്തേവോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ച് സിംഹാസന പ്രതിനിധിയായി നിയമിച്ചു.

മലങ്കര മെത്രാപ്പോലീത്തയായിരുന്ന ജോസഫ് മാർ ദീവന്നാസിയോസ് തിരുമേനിക്ക് വാർധക്യമായതുകൊണ്ടും മുറിമറ്റ

ത്തിൽ മാർ ഈവാനിയോസ് സഭാ ഭരണത്തിൽനിന്നും വിരമിച്ചതിനാലും 1908 മാർച്ചിൽ പഴയ സെമിനാരിയിൽകൂടിയ പള്ളി പ്രതിപുരുഷയോഗം മേൽപ്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുത്ത വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാരെയും കൊച്ചുപറമ്പിൽ പൗലോസ് റമ്പാച്ചനെയും മെത്രാൻ സ്ഥാനം ഏൽക്കേണ്ടതിനായി ശീമയിലേക്കയച്ചു. പ. അബ്ദേദ് ആലോഹൊ പാത്രിയർക്കീസ് ബാവ രണ്ടുപേർക്കും മേൽപ്പട്ടസ്ഥാനം കൊടുത്തു. അങ്ങനെ സ്ലീബാ മാർ ഒസ്താത്തേവോസ് ബാവയുൾപ്പെടെ മൂന്ന് നവാഭിക്ഷിക്തരായ മെത്രാപ്പോലീത്തന്മാരും ഔഗേൻ റമ്പാച്ചനും കൂടി നാട്ടിലേക്ക് മടങ്ങി.

1909 ജൂലൈ മാസം 11-ാം തീയതി ജോസഫ് മോർ ദീവന്നാസിയോസ് തിരുമേനി കാലംചെയ്തപ്പോൾ ഭരണപരമായ ചുമതലകൾ സ്ലീബാ മാർ ഒസ്താത്തേവോസ് ബാവ അന്ത്യോഖ്യായുടെ ഇന്ത്യയിലെ പ്രതിനിധി എന്നനിലയിൽ നിർവഹിച്ചു. പഴയ സെമിനാരിയിൽവച്ച് മറ്റ് മെത്രാപ്പോലീത്തന്മാരുടെ സാന്നിധ്യത്തിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസിനെ മലങ്കര മെത്രാപ്പോലീത്തായായി സ്ഥാനാരോഹണം നടത്തുകയും ചെയ്തു. വട്ടശ്ശേരിൽ തിരുമേനിയുടെ കാലം മുതൽ പ. അന്ത്യോഖ്യാ സിംഹാസനത്തോട് അകൽച്ചയും പുണ്യവാനായ സ്ലീബാ മാർ ഒസ്താത്തേവോസ് ബാവായോട് വൈരാഗ്യവും ആരംഭിച്ചു. ഒന്നരദശകത്തിലധികം പഴയസെമിനാരിയിൽ താമസിച്ചിരുന്ന ബാവാ അവിടെനിന്ന് താമസംമാറ്റി. സഭാകേസ്സിലും ഭരണകാര്യങ്ങളിലും സാമ്പത്തികബുദ്ധിമുട്ടുകളിലും ബാവ തളർന്നില്ല. സഭാമക്കളെ വിശ്വാസസ്ഥിരരും കർത്തവ്യോന്മുഖരുമാക്കിത്തീർക്കുന്നതിന് ബാവ മലങ്കരയിലുടനീളം സഞ്ചരിച്ചു. കല്ലുങ്കത്ര, മലേക്കുരിശ്, പൊയ്ക്കാട്ടുശ്ശേരി തുടങ്ങി പല പള്ളികളിലും ബാവ ദീർഘനാൾ താമസിച്ചിട്ടുണ്ട്.

### കുന്നംകുളം സിംഹാസനപ്പള്ളി സ്ഥാപനം

1910 മുതൽ വട്ടശ്ശേരിൽ തിരുമേനിയും പ. പാത്രിയർക്കീസ് ബാവായുമായുള്ള തർക്കങ്ങളും മെത്രാൻ കക്ഷി, ബാവാ കക്ഷി എന്നീ ചേരിതിരിവുകളും മൂർഛിച്ചു. വ്യവഹാരങ്ങൾ മൂലം പൂർവ്വിക വിശ്വാസത്തിൽ നിലനിന്നിരുന്നവരുടെ ആത്മീയ ആവശ്യങ്ങൾ ആർത്താറ്റ് വലിയപള്ളിയിൽ നടത്തികിട്ടുവാൻ തടസ്സം നേരിട്ടു.

പ. പാത്രിയർക്കീസ് ബാവായുടെയും അദ്ദേഹത്തിന്റെ ഇന്ത്യയിലെ പ്രതിനിധികളുടെയും നേരിട്ടുള്ള ഭരണത്തിൽ ഒരു പള്ളി സ്ഥാപിക്കണമെന്ന് കുന്നംകുളത്തു പാർക്കുന്ന സത്യവിശ്വാസികൾ ആഗ്രഹിച്ചു. അതനുസരിച്ച് പ. സിംഹാസനത്തിനുവേണ്ടി പുണ്യവാനായ ഒസ്താത്തേവോസ് ബാവയുടെ പേർക്ക് സ്ഥലം ദാനതീറായി നൽകി.

1920 ഒക്ടോബർ 9-ാം തീയതി മോർ ഒസ്താത്തോവോസ് ബാവ പള്ളിയുടെ ശിലാസ്ഥാപനം നിർവഹിച്ചു. ഓലയും പനമ്പും കൊണ്ടു മറച്ച ഒരു ഷെഡുണ്ടാക്കി വി. കുർബ്ബാന അർപ്പിച്ചു. പുണ്യവാനായ ബാവ ശീമയിൽനിന്നു കൊണ്ടു വന്ന മോർ കൗമായുടെ തിരുശേഷിപ്പിട്ട് വാഴ്ത്തിയ വെള്ളം അനേകം രോഗികൾക്ക് സൗഖ്യകാരണമായി. (ഇന്നും ബാവാ വാഴ്ത്തിയ വെള്ളം വർധിപ്പിച്ച് അനുഗ്രഹത്തിനായി നൽകി വരുന്നു). ക്രൈസ്തവരും അക്രൈസ്തവരും ഒരുപോലെ ബാവായുടെ അടുക്കൽ വന്നുകൂടി. യെഹൂദജനത്തിന് അന്ധത ബാധിച്ചതുപോലെ പലവിധത്തിലും പ. അന്ത്യോഖ്യാ പ്രതിനിധിയെ ഉപദ്രവിക്കുന്നതിന് മെത്രാൻകക്ഷികൾ ഒരുമ്പെട്ടു. എങ്കിലും ഓങ്ങിയ കൈകളും ചതിപ്രയോഗങ്ങളും ഏറെനാൾ നിലനിന്നില്ല. ഈ കാലയളവിൽ പുണ്യവാനായ ബാവാ മലേക്കുരിശിലും വടവുകോട്ടും പള്ളികൾ സ്ഥാപിച്ചു.

**ബാവായുടെ ദേഹവിയോഗം**

1927 മുതൽ പുണ്യവാനായ ബാവായുടെ ആരോഗ്യ സ്ഥിതി മോശമായി. ഹെർണിയ രോഗത്താൽ ബാവാ ഏറെ വിഷമിച്ചു. (അന്ത്യോഖ്യായുടെ ഇന്ത്യയിലെ പ്രതിനിധി പുണ്യവാനായ യൂലിയോസ് ഏലിയാസ് ബാവാ 1927 മുതൽ ഒസ്താത്തിയോസ് ബാവായുടെ സഹായിയായി പ്രവർത്തിച്ചുകൊണ്ടിരുന്നു). 1930 മാർച്ച് മാസത്തിൽ രോഗം വർധിച്ചു. മാർച്ച് 13-ാം തീയതി കന്തീല ശുശ്രൂഷ നടത്തി. യൂലിയോസ് ഏലിയാസ് ബാവായുൾപ്പെടെയുള്ള മെത്രാപ്പോലീത്തന്മാരും വൈദികരും പ്രാർത്ഥന നടത്തിക്കൊണ്ടിരിക്കെ മാർച്ച് 19-ാം തീയതി ചൊവ്വാഴ്ച രാത്രി 9 മണിക്ക് ബാവാ തന്റെ ആത്മാവിനെ സ്വർഗ്ഗപിതാവിന്റെ തൃക്കരങ്ങളിലേൽപ്പിച്ചു. ബുധനാഴ്ച മുഴുവനും വലിയ ജനക്കൂട്ടം ബാവായെ ഒരുനോക്കു കാണുന്നതിന് തിക്കും തിരക്കും കൂട്ടി.

വ്യാഴാഴ്ച രാവിലെ 8 മണിക്ക് വിലാപയാത്രയും തുടർന്ന് അഞ്ച് തിരുമേനിമാർ ചേർന്ന് കബറടക്ക ശുശ്രൂഷകളും പൂർത്തിയാക്കി. മീഖായേൽ മാർ ദീവന്നാസിയോസ്, ഔഗേൻ മാർ തീമോത്തിയോസ് എന്നീ തിരുമേനിമാർ ചരമപ്രസംഗങ്ങൾ നടത്തി ജനങ്ങളെ ആശ്വസിപ്പിച്ചു.

ബാവായുടെ തിരുശേഷിപ്പുകൾ അനേകായിരങ്ങൾക്ക് ദൈവകൃപയ്ക്കുള്ള മധ്യസ്ഥതയായി തുടരുന്നു. സ്ലീബാ എന്ന പേരിൽ മാമോദീസാ ഏൽക്കുന്ന കുഞ്ഞുങ്ങൾ പുണ്യവാനായ ബാവായുടെ മധ്യസ്ഥതയ്ക്കായി സമർപ്പിക്കപ്പെടുന്നു. ദരിദ്രരെ സഹായിക്കാനും നിഷ്ഠയോടെ നോമ്പാചരിക്കാനും വിശ്വാസത്തിൽ ഉറച്ചുനിൽക്കുവാനും ബാവാ അവശേഷിപ്പിച്ചുപോയ മാതൃക അനുകരിപ്പാൻ നമുക്ക് കഴിയട്ടെ. 1958 ലെ ''സമാധാനം' കുന്നംകുളത്ത് അസമാധാനം വിതച്ചു. കഴിഞ്ഞ അൻപതു വർഷങ്ങളായി വ്യവഹാരങ്ങൾ ഒരു തുടർക്കഥയായിരിക്കുന്നു. പരീക്ഷ സഹിക്കുന്നതിൽ ഒട്ടും തളരാതെയിരുന്ന ബാവയുടെ മാതൃക കർത്താവിന്റെ വീണ്ടുംവരവുവരെയും പിന്തുടരാം.

നമ്പർ E 71/2000, ഏപ്രിൽ 4, 2000 ലെ പ. പാത്രിയർക്കീസ് ബാവായുടെ കല്പനപ്രകാരം മോർ ഒസ്താത്തിയോസ് ബാവായെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

## മോർ ശെമവൂൻ ദെസ്തുനൊ

**(ഏ. ഡി. 390 – 459)**

മോർ ശെമവൂൻ ആദ്യത്തെ ദെസ്തുനോ (Pillar Ascetics, തൂണിന്മേൽ തപസ്വികൾ) എന്നറിയപ്പെടുന്നു. തൂണിന്മേൽ സന്യസിക്കുന്നവർ എന്നർത്ഥമുള്ള Stylites എന്ന പദം *Stylos* (തൂണ്) എന്ന ഗ്രീക്കുപദത്തിൽനിന്നാണ് ഉത്ഭവിച്ചത്.

നിക്കോപ്പോലീസ് ദേശത്ത് സീസ (Sesan) എന്ന ഗ്രാമത്തിലാണ് ശെമവൂൻ ജനിച്ചത്. കിലിക്യയുടെയും സിറിയയുടെയും

അതിർത്തി പ്രദേശത്താണ് ഈ ഗ്രാമം സ്ഥിതിചെയ്യുന്നത്. (Smith & Wace, 1887; Cross & Livingstone, 1974; Douglas, 1978). ശെമവൂന് ശെമ്ശി എന്നുപേരുള്ള ഒരു സഹോദരനുണ്ടായിരുന്നു.

ശെമവൂൻ ബാല്യത്തിൽ ഒരു ആട്ടിടയനായിരുന്നു. ആടുകളുടെ അടുത്തായിരുന്നപ്പോൾ ശെമവൂൻ ഒരു ദർശനം കണ്ടു. ആ ദർശനത്തിൽ തന്നെ ഒരു ഉയർന്ന പർവ്വതത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നതായും ഒരു ബലിപീഠം പണിയുന്നതായും പൗലോസ് ശ്ലീഹായുടെ ശിഷ്യനായ തീമോഥിയോസിന്റെ ശരീരം വയ്ക്കപ്പെട്ടിരിക്കുന്ന സ്ഥലത്തും തുടർന്ന് ദൈവാലയത്തിനുള്ളിലും പ്രവേശിപ്പിക്കുന്നതായും കണ്ടു.

ശെമവൂൻ തന്റെ സഹോദരനായ ശെമ്ശിയുമായി കുടുംബസമ്പാദ്യം ഭാഗംചെയ്തു. കൂടാതെ ധനാഢ്യനായ ഒരു അമ്മാവിയുടെ മരണത്തിനുശേഷം അവളുടെ സമ്പാദ്യം മുഴുവനും ശെമവൂന് ലഭിച്ചു. അതു മുഴുവനും ദൈവഭക്തർക്കും ദരിദ്രർക്കും അഗതികൾക്കുമായി വീതിച്ചുകൊടുത്തു. ശേഷിച്ച സമ്പാദ്യങ്ങൾ ഒട്ടകങ്ങളുടെ പുറത്തുകയറ്റി എവുസേബൂനോ (Eusebona at Tell 'Ada, between Antioch and Aleppo) ദയറായിലേക്കു കൊണ്ടുപോയി. പിന്നീട് സഹോദരനായ ശെശ്മിയും ദയറായിൽ ചേർന്നു. ശെമവൂൻ ദയറായിൽ ചേർന്നത് 13 നും 19 നും ഇടയ്ക്ക് പ്രായമുള്ളപ്പോഴായിരുന്നു.

ദയറായിൽ ചേർന്ന് കുറെ നാളുകൾക്കുശേഷം, തന്റെ സഹോദരരിൽ നിന്നകന്ന് തോട്ടത്തിന്റെ ഒരു കോണിൽ നെഞ്ചോളം താഴ്ചയുള്ള ഒരു കുഴിയുണ്ടാക്കി അതിൽ രണ്ടുമാസം നിന്നു. സഹോദരന്മാർ രാത്രി പ്രാർത്ഥന കഴിഞ്ഞ് വിശ്രമിക്കുമ്പോൾ മോർ ശെമവൂൻ തന്റെ കഴുത്തിൽ കല്ലുകെട്ടിത്തൂക്കി നിൽക്കുമായിരുന്നു. രാത്രിയിൽ ഒരു ഉരുളൻ തടി കൊണ്ടുവന്ന് അതിന്മേൽ നിൽക്കുകയും മയക്കംവരുമ്പോൾ അത് ഉരുളുകയും ചെയ്തിട്ട് അദ്ദേഹം ഉറക്കത്തെ പ്രതിരോധിച്ചു. ദയറായിലെ സഹോദരന്മാർക്ക് മോർ ശെമവൂന്റെ കഠിന നിഷ്ഠകൾ അനുകരിക്കാൻ കഴിയാത്തതിനാൽ അദ്ദേഹത്തിനെതിരായി വ്യാജ ആരോപണങ്ങൾ കൊണ്ടുവന്നു. തുടർന്ന് അദ്ദേഹം എവുസേബൂനോ ദയറായിൽനിന്ന് യാത്രതിരിച്ചു. ആ സമയത്ത് റീശ്ദയറൊ (ദയറാ തലവൻ) ശെമവൂന് നാല് ദീനോറോ

നാണയങ്ങൾ കൊടുത്തിട്ട് ഇപ്രകാരം പറഞ്ഞു:നീ മനുഷ്യരെ അറിയുന്നതുവരെ ഇത് നിന്റെ വസ്ത്രത്തിനും ആഹാരത്തിനുമായിരിക്കട്ടെ. എന്നാൽ പരിശുദ്ധൻ മറുപടിയായി പറഞ്ഞു; നിന്റെ ദാസനായ ശെമവൂന്റെ കൈകൾ ഇവയിൽ സ്പർശിക്കുവാൻ ഇടയാക്കരുതേ. എന്തുകൊണ്ടെന്നാൽ ഇവ എന്നെ ധന്യനാക്കുകയില്ല. അങ്ങയുടെ പ്രാർത്ഥന എനിക്കു യാത്രാഭക്ഷണമായി തീരട്ടെ.'

മോർ ശെമവൂൻ യാത്രചെയ്ത് തെൽനെശീൻ (Telanissur, Dair Sem'an) ഗ്രാമത്തിന്റെ അതിർത്തിയോളമെത്തി. ഒരു വൃക്ഷചുവട്ടിലിരുന്ന് പ്രാർത്ഥിച്ചു: ''ദൈവമായ കർത്താവേ! നിന്റെ തിരുവിഷ്ടപ്രകാരം . . . ദുഃഖങ്ങളുടെ കാലത്ത് ദുഷ്ടനിൽനിന്നും അവന്റെ സകല സൈന്യങ്ങളിൽനിന്നും എന്നെ നീ രക്ഷിച്ചു. നിന്റെ ശ്രേഷ്ഠത നിവസിക്കുന്ന സ്ഥലത്ത് ഞാൻ എത്തിച്ചേരുന്നതുവരെ നീ എനിക്ക് നല്ല സഹയാത്രികനും സഹായിയും ആയിരിക്കേണമേ.'' തുടർന്ന് തെൽനെശീൻ ഗ്രാമത്തലവനും ബാറാത്തൂന്റെ പുത്രനുമായ മാറീസിന്റെ ദയറായിൽ എത്തി. നാല്പതുനോമ്പ് വളരെ പ്രത്യേകതയോടെ ആചരിക്കുന്ന പതിവ് മോർ ശെമവൂനുണ്ടായിരുന്നു. അവിടെ താമസിച്ച കാലഘട്ടത്തിൽ അനേകം രോഗികളെ സുഖപ്പെടുത്തി.

ഉദ്ദേശം ഏ. ഡി. 423-ൽ നാല് കാലുകളുള്ളതും രണ്ടുമുഴം ഉയരമുള്ളതുമായ ഒരു കല്ലുണ്ടാക്കി പരിശുദ്ധൻ 5 വർഷം അതിന്മേൽ നിന്നു. നാല്പതുനോമ്പുകാലത്ത് യാതൊരു ഭക്ഷണവും കഴിച്ചിരുന്നില്ല. ദൈവദൂതന്മാരും മോശയും ഏലിയാവും മോർ ശെമവൂന് ദർശനത്തിൽ പ്രത്യക്ഷരായി. വിവിധ രോഗബാധിതർ മോർ ശെമവൂൻ ദെസ്തുനോയുടെ മധ്യസ്ഥ പ്രാർത്ഥനകളാൽ സൗഖ്യം പ്രാപിച്ചു. പുറജാതിക്കാരും രാജാക്കന്മാരും സമുദ്രയാത്രക്കാരും മോർ ശെമവൂന്റെ പ്രാർത്ഥനകളാൽ ദൈവത്തിൽനിന്ന് അനുഗ്രഹങ്ങളെ പ്രാപിച്ചു. ക്ഷാമവും വരൾച്ചയും കെടുതികളും വിശുദ്ധന്റെ പ്രാർത്ഥനകളാൽ നീങ്ങിപ്പോയി.

മോർ ശെമവൂൻ ഏതാണ്ട് 40 സംവത്സരങ്ങൾ (ചില ചരിത്രകാരന്മാർ 56 വർഷങ്ങൾ എന്നു രേഖപ്പെടുത്തിയിട്ടുണ്ട്) തൂണിന്മേൽ നിന്നുകൊണ്ട് തപസനുഷ്ഠിച്ചു. ആദ്യത്തെ 7 വർഷങ്ങൾ 11, 17, 22 മുഴം വീതം ഉയരമുള്ള തൂണുകളിലും പിന്നീട് 40

മുഴം (ഏതാണ്ട് 20 മീറ്റർ) ഉയരമുള്ള തൂണിന്മേലും നിന്നാണ് നോമ്പും പ്രാർത്ഥനകളും നടത്തിയത്. ദീർഘകാലം അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ചു: ''ബലവാനായ ദൈവമായ കർത്താവേ! മരണത്തിനധീനരായ മനുഷ്യരുടെ കരങ്ങൾ നിന്റെ ദാസന് ആവശ്യമായിത്തീരരുതേ. ഈ സ്ഥാനത്തു നിന്നിറങ്ങി ഭൂമിയിൽവച്ച് ഞാൻ മനുഷ്യരെക്കാണാൻ ഇടയാക്കരുതേ. പിന്നെയോ തിരുകല്പനയാൽ ഞാൻ പ്രവേശിച്ച ഈ കല്ലിന്മേൽ എന്റെ ജീവിതമവസാനിപ്പിക്കുവാൻ കൃപയരുളണമേ. നിന്റെ കർതൃത്വത്തിന് ഹിതകരമായ വിധം നിന്റെ ആരാധകന്റെ ആത്മാവിനെ ഇവിടെനിന്നും കൂട്ടിക്കൊണ്ടുപോകുമാറാകണമേ.''

ദീർഘസമയം നിന്നിരുന്നതുകൊണ്ട് കാലിൽ വ്രണമുണ്ടായിട്ട് 9 മാസത്തോളം വളരെ പ്രയാസപ്പെടേണ്ടിവന്നു. തിയോഡോസിയസ് ചക്രവർത്തി മോർ ശെമവൂന് കത്തുകൾ കൊടുത്തയയ്ക്കുകയും തൂണിൽനിന്നിറങ്ങുന്നതിന് അപേക്ഷിക്കേണ്ടുന്നതിന് മൂന്നു മെത്രാപ്പോലീത്തന്മാരെ അയയ്ക്കുകയും ചെയ്തുവെങ്കിലും അദ്ദേഹം നോമ്പിലും പ്രാർത്ഥനയിലും കഴിച്ചുകൂട്ടി. നോമ്പിന്റെ 38-ാംദിവസം വ്രണം സുഖപ്പെട്ടു.

ഏ. ഡി. 459 ജൂലൈ മാസത്തിൽ ധാരാളം ആളുകൾ അദ്ദേഹത്തിന്റെ അന്ത്യവാക്കുകൾ കേൾക്കുന്നതിനായി കൂടിവന്നു. ഏ. ഡി. 459 കർക്കിടകം 26-ാം തീയതി അല്ലെങ്കിൽ കന്നി 2-ാം തീയതി (Aphrem, 1966) ബുധനാഴ്ച 9 മണിക്ക് കാലംചെയ്തു. (Semavoom & Barhathor, 1979). യൗനായ വർഷം 771-ാം ആണ്ട് കന്നിമാസം 2-ാം തീയതി എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കാലം ചെയ്ത പരിശുദ്ധന്റെ ശരീരം അപഹരിക്കാതിരിപ്പാൻ അദ്ദേഹത്തിന്റെ ശിഷ്യന്മാർ ഭൗതികശരീരം ഒരു പെട്ടിയിലാക്കി ബഹുമാന്യമായ ഒരു സ്ഥലം സംബന്ധിച്ച് തീരുമാനമാകുന്നതുവരെ (19 ദിവസങ്ങൾ) തൂണിന്മേൽതന്നെ സൂക്ഷിച്ചു.

കന്നിമാസം 21 -ാം തീയതി തിങ്കളാഴ്ച ശെമവൂന്റെ കോട്ടയിൽ നിന്നു (ആലപ്പോയ്ക്കു സമീപമുള്ള ഇദ്ദേഹം തപസനുഷ്ഠിച്ചിരുന്ന തൂണിനു ചുറ്റുംകെട്ടിയിരുന്ന മതിലാണ് ശെമവൂന്റെ കോട്ടയെന്നറിയപ്പെട്ടിരുന്നത്) വിലാപയാത്ര പുറപ്പെട്ട് 25-ാം തീയതി അന്ത്യോഖ്യായിലെത്തി. ഭൗതിക ശരീരം അന്ത്യോഖ്യായിൽ കുസ്തന്തീനോസ് രാജാവ് പണികഴിപ്പിച്ച വലിയ പള്ളിയിൽ

കബറടക്കി. വിലാപയാത്രയിൽ പരിശുദ്ധന്റെ ശരീരം വഹിച്ചിരുന്ന പേടകം സ്പർശിച്ച് ഭൂതഗ്രസ്തർ സൗഖ്യം പ്രാപിച്ചു.

പരിശുദ്ധന്റെ സന്യാസത്തിനായുണ്ടാക്കിയ തൂണിനടുത്ത് ഇപ്പോൾ നാല് പള്ളികളുണ്ട്. ഇദ്ദേഹത്തിന്റെ സന്യാസരീതിയെ അനുകരിച്ചവരാണ് എസ്തൂനോയെ (തൂണിന്മേൽ തപസ്വികൾ) എന്നറിയപ്പെടുന്നത്. അവരിൽ പ്രമുഖ ശിഷ്യനായി ദാനിയേൽ അറിയപ്പെടുന്നു. തെൽനെശീലിൽ മോർ ശെമവൂന് മതിൽകെട്ടുണ്ടാക്കുന്നതിന് സ്വന്തം വയലിൽ സ്ഥലം ദാനമായി നൽകിയ പുരോഹിതനായ ദാനിയേൽ തന്നെയാണോ ഈ ശിഷ്യനെന്ന് ഖണ്ഡിതമായി പറയാനാവില്ല. മോർ ശെമവൂൻ ദെസ്തൂനോയുടെ പെരുന്നാൾ ജൂലൈ 27- ാം തീയതി സുറിയാനിസഭ ആഘോഷിക്കുന്നു.

## സുവിശേഷകനായ വിശുദ്ധ മത്തായി ശ്ലീഹാ
### (? - എ. ഡി. 70 ?)

പന്ത്രണ്ട് ശ്ലീഹന്മാരിൽ ഒരുവനായ വി. മത്തായി ശ്ലീഹായുടെ ആദ്യപേര് ലേവി എന്നായിരുന്നു. മത്തായി എന്നത് ലേവിയുടെ ക്രിസ്തീയ പേരാണെന്നും അഭിപ്രായമുണ്ട്. മത്തായി എന്ന പദത്തിന് യഹോവയുടെ ദാനം എന്നാണ് അർത്ഥം. ഇദ്ദേഹം ഗലീലായിലെ കപ്പർന്നഹോമിൽ താമസിച്ചിരുന്ന ഒരു യെഹൂദനായിരുന്നു. മത്തായിയെ അൽപായിയുടെ പുത്രൻ ലേവി (Levi, S/o. Alpaeus) എന്നും പരാമർശിച്ചിട്ടുണ്ട് (മർക്കൊ. 2:24). ഇദ്ദേഹമാണ് ഒന്നാമത്തെ സുവിശേഷം എഴുതിയത്.

മത്തായിയുടെ സുവിശേഷത്തിൽ ശ്ലീഹായുടെ പട്ടികയിൽ വി. ശ്ലീഹായെ പരാമർശിച്ച് ചുങ്കക്കാരൻ മത്തായി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (മത്താ. 10:3). ഗലീലായിലെ തെത്രർക്കായിരുന്ന ഹേറോദ് അന്തിപാസിന്റെ ഭരണസീമയിലൂടെ കടന്നുപോകുന്ന വ്യാപാരസാധനങ്ങളുടെ ചുങ്കം പിരിവിന് മത്തായി നിയമിതനായിരുന്നു (*The New Encyclopaedia Britan-*

*nica*, 1988, Vol. 7). ചുങ്കം പിരിക്കുന്ന സ്ഥലത്തിരിക്കുമ്പോഴാണ് മത്തായിയെ യേശു വിളിക്കുന്നത് (മത്താ. 9:9, ലൂക്കൊ.5:27). യേശു ചുങ്കക്കാരൻ മത്തായിയുടെ ഭവനത്തിൽ ഭക്ഷണം കഴിക്കുന്നതിനെ വിമർശിക്കുന്ന പരീശന്മാരോട് യേശു മറുപടി പറയുന്നതായി കാണാം (മർക്കൊ. 2:15-17; ലൂക്കൊ. 5:27-30). യേശു മത്തായിയെ വിളിച്ചത് പരസ്യശുശ്രൂഷയുടെ രണ്ടാമാണ്ടിലാണെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

കൈസര്യായിലെ യൗസേബിയോസ് എഴുതിയ (263-339) സഭാചരിത്രത്തിൽ ഏ. ഡി. 140 ൽ ഹിയരാപോലീസിലെ (Hierapolis) പപ്പിയാസ്, മത്തായി തന്റെ സുവിശേഷം അറമായ ഭാഷയിൽ എഴുതിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. (*The history of the Church* by Eusebius, 3:39) മത്തായിയുടെ ഗ്രീക്ക് ഭാഷയിലുള്ള സുവിശേഷം ഹീബ്രു അല്ലെങ്കിൽ അറമായ ഭാഷയിലെ മൂലകൃതിയുടെ പരിഭാഷയാണെന്ന് ഐറേനിയോസിന്റെ കാലം മുതൽ (c. A. D. 130 200) കരുതിവരുന്നു (*Encyclopedia Americana*, 1988, Vol. 18). വി. സുവിശേഷ രചനാകാലത്തെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടെങ്കിലും ഏ. ഡി. ഒന്നാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണെന്ന് ഉറപ്പിച്ചു പറയാം.

മത്തായിയുടെ സുവിശേഷം പലസ്തീനിലോ സിറിയായിലെ അന്ത്യോഖ്യായിലോ വച്ചെഴുതിയെന്ന് കരുതുന്നു. വിശുദ്ധ ശ്ലീഹ എത്യോപ്യ, പേർഷ്യ, പാർത്ഥിയാ എന്നീ രാജ്യങ്ങളിൽ സുവിശേഷം അറിയിച്ചു. വിശുദ്ധ ശ്ലീഹാ രക്തസാക്ഷിയായി ആദരിക്കപ്പെടുന്നുണ്ടെങ്കിലും ഭൂരിഭാഗം വിജ്ഞാനകോശങ്ങളും രക്തസാക്ഷി മരണത്തിന്റെ വിവരണം നൽകുന്നില്ല. വന്ദ്യ അപ്രേം ആബൂദി റമ്പാൻ എഴുതിയ സ്തുതി ചൊവ്വാക്കപ്പെട്ട സുറിയാനിസഭ എന്ന പുസ്തകത്തിൽ ശ്ലീഹാ ജബാലായിൽ വച്ച് മരിക്കുകയും അന്ത്യോഖ്യായിൽ കബറടക്കപ്പെടുകയും ചെയ്തു എന്നും വന്ദ്യ കണിയാമ്പറമ്പിൽ കുര്യൻ കോറെപ്പിസ്ക്കോപ്പ പരിഭാഷപ്പെടുത്തിയ വിശുദ്ധ ഗ്രന്ഥത്തിൽ ശ്ലീഹാ ബലിയർപ്പണസമയത്ത് എത്യോപ്യായിൽവച്ച് വധിക്കപ്പെട്ടു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മോറാൻ മീഖായേൽ റാബോബാവായും മോർ ബർസ്ലീബിയും വി. മത്തായി ശ്ലീഹായുടെ കബറടക്കം ജബാലയിലൊ അന്ത്യോഖ്യയിലൊ നടത്തിയെന്ന്

രേഖപ്പെടുത്തിയിട്ടുണ്ട് (cited in Abdul Ahad , 1948)

സുറിയാനി സഭ വി. മത്തായി ശ്ലീഹായുടെ പെരുന്നാളുകൾ ഫെബ്രുവരി 24, മെയ് 20 (നാല് ഏവൻഗേലിസ്തന്മാരുടെ ഓർമ്മ), ജൂൺ 30 (പന്ത്രണ്ട് ശ്ലീഹന്മാരുടെ ഓർമ്മ), ആഗസ്റ്റ് 24, സെപ്റ്റംബർ 21, നവംബർ 16 എന്നീ ആറ് തീയതികളിൽ ആഘോഷിക്കുന്നു.

## വിശുദ്ധ തെക്ള
### (? - ഏ. ഡി. 70 ?)

സുറിയാനിസഭയിലെ വിശുദ്ധന്മാരുടെ പട്ടികയിൽ ഉൽപ്പെടുത്തിയിട്ടുള്ള പലരുടേയും ജീവചരിത്രം ലഭ്യമല്ല. ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധ തെക്ളയുടെ ചരിത്രവും ആക്കൂട്ടത്തിലുൾപ്പെട്ടിരുന്നു. എന്നാൽ ദമസ്ക്കോസിലുള്ള ഗ്രീക്ക് ഓർത്തഡോക്സ് പാത്രിയർക്കീസിന്റെ നിയന്ത്രണത്തിലുള്ള വിശുദ്ധയുടെ കബറും അനുബന്ധസ്ഥാപനങ്ങളും സന്ദർശിച്ചപ്പോൾ* വിശുദ്ധയുടെ ജീവചരിത്രമടങ്ങുന്ന ഇംഗ്ലീഷിലുള്ള ചെറിയ പുസ്തകം (16 പേജ്) വാങ്ങുന്നതിനിടയായി. അതിലെ പ്രസക്തഭാഗങ്ങളുടെ പരിഭാഷയാണ് താഴെ ചേർക്കുന്നത്. 2000-ാമാണ്ട് മെയ് 11-ാം തീയതി വിശുദ്ധയുടെ കബറിടം സന്ദർശിക്കുന്നതിന് ഭാഗ്യം ലഭിച്ചു. കുടുംബസമേതം മാലൂലയിലെത്തി (സിറിയ) ആ വിശുദ്ധ കബറിങ്കൽ മധ്യസ്ഥ പ്രാർത്ഥന നടത്തി.

വി. പൗലൂസ് ശ്ലീഹാ ഏ. ഡി. 45 ൽ സുവിശേഷഘോഷണാർത്ഥം ഗ്രീസിലേക്ക് പോകുമ്പോൾ ഐകോണിയ എന്ന പട്ടണത്തിലെത്തി. ഐകോണിയ - ഏഷ്യമൈനർ പ്രദേശത്ത് ഗ്രീസിന്റെ അതിർത്തിയിലാണ് സ്ഥിതിചെയ്യുന്നത്. അവിടെ ഒരു ആരാധനാലയത്തിലെത്തി പൗലൂസ് ശ്ലീഹാ പ്രസംഗിക്കുന്നതു കേട്ട് തെക്ള അതിൽ ആകൃഷ്ടയായി. എന്നാൽ മാതാപിതാക്കന്മാർ അവളെ അതിൽനിന്ന് പിന്തിരിപ്പിക്കുന്നതിന്

കഠിനപ്രയത്നം ചെയ്തു. തെക്ള പിന്തിരിഞ്ഞില്ല. തന്മൂലം പൗലൂസ് ശ്ലീഹായെ പട്ടണത്തിൽനിന്നു പുറത്താക്കുന്നതിനും തെക്ളയെ ചുട്ടുകൊല്ലുന്നതിനും പിതാവ് (പിതാവ് ഐകോണിയ പട്ടണത്തിലെ ഗവർണ്ണറായിരുന്നു) ഉത്തരവിട്ടു. തെക്ളയെ ചുട്ടുകൊല്ലുന്നതിന് വലിയ ആഴി ഒരുക്കി. ധാരാളം ആളുകൾ ഈ സംഭവം കാണുന്നതിന് കൂട്ടംകൂടി നിന്നു. തെക്ള മുന്നോട്ട് വന്ന് ഉച്ചത്തിൽ ഇങ്ങനെ പറഞ്ഞു: ''പൗലൂസിന്റെ ദൈവമേ! നിന്നോട് ചേരുവാൻ വാഞ്ചിക്കുന്ന നിന്റെ ദാസിയുടെ ആത്മാവിനെ സ്വീകരിക്കണമേ.'' ഉടനെ തന്നെ ആകാശം കാർമേഘാവൃതമായി. ഇടിയും മിന്നലും ഉണ്ടാവുകയും കനത്ത മഴ പെയ്ത് ആഴി കെട്ടുപോകുകയും ചെയ്തു. തെക്ള തിരിഞ്ഞുനോക്കിയപ്പോൾ കൂടിനിന്നിരുന്ന ജനമെല്ലാം ഭയപ്പെട്ട് ഓടിപ്പോയിരുന്നു.

മേൽ വിവരിച്ച സംഭവത്തിനുശേഷം തെക്ള അയൽവാസിയായ ഓണിവോറോസിന്റെ വീട്ടിൽ താമസിച്ചു. ഓണിവോറോസും ഭാര്യയും മക്കളും തെക്ളയ്ക്കുവേണ്ടി നോമ്പുനോറ്റ് പ്രാർത്ഥിച്ചിരുന്നവരായിരുന്നു. പൗലോസ് ശ്ലീഹാ തെക്ളയെ ദൈവകരങ്ങളിൽ ഏൽപ്പിച്ചിട്ട് അന്ത്യോഖ്യായിലേക്കു പോയി.

തെക്ളയുടെ പിതാവ് മകളെ ക്രൂരമൃഗങ്ങൾക്ക് ഇട്ടുകൊടുക്കുന്നതിന് കൽപ്പന പുറപ്പെടുവിച്ചു. നിശ്ചയിച്ച സമയത്ത് തെക്ളയെ സിംഹങ്ങൾ ഉറങ്ങുന്ന ഇരുട്ടുള്ള കിണറ്റിലിട്ടു. എന്നാൽ അവ ശാന്തരായ മെരുങ്ങിയ ആടുകളെപ്പോലെ തെക്ളയുടെ കാൽക്കലിരുന്നു. ഇതു കണ്ട ജനക്കൂട്ടം അതിശയിച്ച് തെക്ളയുടെ ദൈവത്തിൽ വിശ്വസിച്ച് ദൈവത്തെ മഹത്വപ്പെടുത്തി.

പിന്നീട് വിവിധങ്ങളായ പീഡകൾ തെക്ള സഹിക്കേണ്ടി വന്നു. തെക്ളയുടെ അരയിൽ കയർകെട്ടി കാളപ്പോരിനുപയോഗിക്കുന്ന കാളകളുടെ കൊമ്പിൽ ബന്ധിച്ചു. എന്നാൽ ആകാശത്തുനിന്ന് അഗ്നി ഇറങ്ങി കയർ കത്തുകയും കാളകൾ ജനക്കൂട്ടത്തിലേക്ക് പാഞ്ഞുകയറി അവരെ ആക്രമിച്ചു. ഇതിലൊന്നും മതിവരാതെ ഗവർണ്ണറും അയാളുടെ പാർശ്വവർത്തികളും തെക്ളയെ വിഷസർപ്പങ്ങളുള്ള ഇടുങ്ങിയ മുറിയിലിട്ടു. എന്നാൽ സർപ്പങ്ങൾ മുറിയിൽനിന്നും ഇറങ്ങിപ്പോയി. ഒടുവിൽ

ഗവർണ്ണർ മകളുടെ ശിരഛേദം ചെയ്യുന്നതിന് ഉത്തരവായി. എന്നാൽ തെക്ള അന്ത്യോഖ്യായിലേക്ക് ഓടിപ്പോയി.

അന്ത്യോഖ്യായിലെ ഗവർണ്ണറും ആളുകളും തെക്ളയെ കാണുന്നതിന് ഓടിക്കൂടി. ഗവർണ്ണർ തെക്ളയോട് വിവരങ്ങൾ ആരാഞ്ഞു. തെക്ള പറഞ്ഞു: ഞാൻ സർവ്വത്തെയും സൃഷ്ടിച്ച ദൈവത്തിന്റെ ദാസിയാകുന്നു. ഞാൻ യേശുമിശിഹായിലും അവന്റെ പരിശുദ്ധമായ കുരിശിലും വിശ്വസിക്കുന്നു. തെക്ള പൗലൂസ് ശ്ലീഹായിൽ നിന്നുകേട്ട പ്രസംഗം ആവർത്തിച്ചു. അപ്പോൾ ഗവർണ്ണർ ദൈവത്തിലുള്ള അദ്ദേഹത്തിന്റെ വിശ്വാസം പരസ്യമായി പ്രഖ്യാപിച്ചു. തെക്ള ദൈവത്തിന്റെ ദാസിയാണെന്നും ആരും അവളെ ഉപദ്രവിക്കരുതെന്നും കല്പനയായി. അവൾ വളരെ സ്ഥലങ്ങളിൽ സുവിശേഷവേല ചെയ്തു. കാൽനടയായി സഞ്ചരിച്ചു. അൽ-കാലമൗൺ (സെയ്ദനായ -മാലുല എന്ന സ്ഥലങ്ങൾക്കിടയിലുള്ള പ്രദേശങ്ങൾ) എന്ന പ്രദേശത്ത് എത്തിയപ്പോൾ കുറെ കൃഷീവലന്മാർ ഗോതമ്പു വിതയ്ക്കുന്നതു കണ്ടു. തെക്ള സ്വർഗ്ഗത്തിലേക്കു നോക്കി അവയ്ക്കു കതിരുണ്ടാകുന്നതിന് പ്രാർത്ഥിച്ചു. അവൾ കടന്നുപോയ സമയംകൊണ്ട് ഗോതമ്പ് മുളയ്ക്കുകയും കതിരുണ്ടാകുകയും ചെയ്തു. താമസിയാതെ തെക്ളയെ പിടിക്കുന്നതിന് പിന്തുടർന്നിരുന്ന അവളുടെ പിതാവായ ഐക്കോണിയ ഗവർണ്ണറുടെ ആളുകൾ ആ വഴിയെ വന്നു. കൃഷിക്കാരെ കണ്ട് ഇതുവഴി ഒരു പെൺകുട്ടി കടന്നുപോയോ എന്നന്വേഷിച്ചു. ഉവ്വ് എന്നവർ പറഞ്ഞു. അവൾ കടന്നുപോയ സമയം തെരക്കിയപ്പോൾ ഗോതമ്പ് വിതച്ച സമയത്താണെന്ന് പറഞ്ഞതിനാൽ അവർ സംഭ്രമിച്ച് മറ്റൊരു ദിശയിൽ തെക്ളയെ അന്വേഷിച്ച് പോകുകയും ചെയ്തു.

തെക്ള താഴ്വരകളും കുന്നുകളും കടന്ന് മാലൂല മലയിലെത്തി. (മാലൂല ഒരു കാലമോണിയൻ സിറിയൻ പട്ടണമാണ്. ദമസ്ക്കോസിൽ നിന്നും ഹോംസിന് പോകുന്നവഴി 56 കി. മീ. വടക്കു കിഴക്കായി സ്ഥിതിചെയ്യുന്നു.) അത്രയും ഉയർന്ന മല കയറുന്നതിന് അവൾക്കു കഴിയാത്തവിധം ക്ഷീണിതയായിരുന്നു. അവൾ മുട്ടുകുത്തി കൈകളുയർത്തി ദൈവത്തോടു പ്രാർത്ഥിച്ചു: ''ദൈവമേ! ക്രൂരമൃഗങ്ങളിൽനിന്നും ജ്വലിക്കുന്ന അഗ്നി

യിൽനിന്നും എന്റെ പിതാവിന്റെ പീഡനങ്ങളിൽനിന്നും നീ എന്നെ രക്ഷിച്ചുവല്ലോ? വലിയ ദൂരം സഞ്ചരിച്ച് ഈ സ്ഥലത്ത് എത്തുന്നതിന് നീ എന്നെ സഹായിച്ചിരിക്കുന്നു.'' ഇത്രയും പ്രാർത്ഥിച്ചപ്പോൾ വലിയ മുഴക്കത്തോടെ അവൾ നിന്നിരുന്ന പാറ രണ്ടായി പിളർന്നു. ആ പിളർപ്പിൽ വിശുദ്ധ തെക്ള ഇറങ്ങി. വിശുദ്ധയുടെ കാൽപാദത്തിനടിയിൽക്കൂടി ഒരു അരുവി ഒഴുകി. ഈ പിളർപ്പ് ഇപ്പോഴും കാണാം. ആ പിളർപ്പിനൊടുവിൽ താഴെയായി ഒരു ഗുഹയുണ്ട്. ആ ഗുഹയിൽ വി. തെക്ള അവളുടെ ശിഷ്ടായുസ്സ് പ്രാർത്ഥനയിലും നോമ്പിലും ദൈവാരാധനയിലും കഴിച്ചുകൂട്ടി. വി. തെക്ള ഗുഹയിൽ തന്നെക്കാണാൻ വരുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും രോഗസൗഖ്യം വരുകയും ചെയ്യുമായിരുന്നു. വിഗ്രഹാരാധന ഉപേക്ഷിക്കുന്നതിന് പ്രസംഗിക്കുകയും വിശ്വസിക്കുന്നവർക്ക് മാമോദീസ നൽകുകയും ചെയ്യുമായിരുന്നു. ശ്ഹീമൊ നമസ്കാരത്തിലെ മരണസമയത്തെ പ്രാർത്ഥനയിൽ ഇപ്രകാരം കാണുന്നു. ''കർത്താവെ കന്യകയും രക്തസാക്ഷിക്കാരിയും ആയ വിശുദ്ധ തെക്ളയെ മൂന്നു കഠിന ഉപദ്രവങ്ങളിൽനിന്നും നീ രക്ഷിച്ചതുപോലെ നിന്റെ ദാസന്റെ /ദാസിയുടെ ആത്മാവിനെ നീ രക്ഷിക്കണമേ.''

വി. തെക്ള ഇലകൾ ഭക്ഷിച്ചും പാറയിടുക്കിൽനിന്ന് ഇറ്റിറ്റുവീഴുന്ന വെള്ളം കുടിച്ചും മരണംവരെ ജീവിച്ചു. ഇപ്പോഴും ഗുഹയുടെ മുകളിൽനിന്ന് 10 –15 സെക്കന്റിനിടയിൽ ഒന്നുരണ്ടുതുള്ളി വെള്ളം വീഴുന്നത് തീർത്ഥാടകർ ഭക്തിപൂർവ്വം സ്വീകരിച്ച് അനുഗ്രഹം പ്രാപിക്കുന്നു. ഞങ്ങളുടെ സംഘത്തിൽപ്പെട്ടവരും ആ ജലത്തിനുവേണ്ടി കാത്തുനിന്ന് അത് ഭക്തിപൂർവ്വം സ്വീകരിച്ചു.

മാലൂലയിലുള്ള ആളുകൾ കർത്താവ് സംസാരിച്ച അറമായ സുറിയാനി സംസാരിക്കുന്നവരാണ്. മാലൂലിൻ എന്ന അറബി പദത്തിന് 'രോഗികളുടെ അമ്മ' എന്നർത്ഥമുണ്ട്. വി. തെക്ളയുടെ ഓർമ്മ സെപ്റ്റംബർ 24–ാം തീയതി ആചരിക്കുന്നതാണ് അവിടുത്തെ പതിവ്. എന്നാൽ സെപ്റ്റംബർ 14–ാം തീയതിയും മാലൂലയിൽ ധാരാളം സന്ദർശകർ വരാറുണ്ട്. അതിനു കാരണം, ഹെലനി രാജ്ഞി വി. സ്ലീബ കണ്ടെടുത്തപ്പോൾ പ്രസ്തുതവിവരം അറിയിക്കുന്നതിന് യെരുശലേമിനും കുസ്തന്തിനോസ്

ചക്രവർത്തിയുടെ ആധിപത്യത്തിലുമുള്ള സ്ഥലങ്ങൾക്കിട ക്കുള്ള ഉയർന്ന മലകളിൽ തീ കത്തിച്ചിരുന്നതായി പാരമ്പര്യ മുണ്ട്. അങ്ങനെ സ്ലീബാ കണ്ടെടുത്ത വിവരം വിളംബരം ചെ യ്യുന്നതിന് അന്ന് (മാർച്ച് 24, ഏ. ഡി. 327?) മാലൂല മലയിലും തീകത്തിച്ചിരുന്നു. അതിന്റെ അനുസ്മരണത്തിനാണ് സ്ലീബാ പെരുന്നാൾ ദിനമായ സെപ്തംബർ 14-ാം തീയതി ആളുകൾ മാലൂല സന്ദർശിക്കുന്നത്.

**കുറിപ്പ്:** മൊർത്ത് തെക്ളയെ സംബന്ധിച്ച് പ്രധാനമായും മൂന്നു രേഖകളിൽ നിന്നാണ് വിവരങ്ങൾ ലഭിക്കുന്നത്. (1) *Apocryphal Acts of Paul and Thecla,* (2) *Book of Women*, (3) *Book of Thecla*. ഈ രേഖകളുടെയും പുരാവസ്തു ഗവേഷണത്തിന്റെയും അടിസ്ഥാനത്തിൽ വി. തെക്ളയെ സംബന്ധിച്ച് തയ്യാറാക്കിയ പുസ്തകമാണ് Stephen J. Davis 2001 ൽ എഴുതിയ T*he cult of St. Thecla: A tration of women's piety in late antiquity.*

മേൽപറഞ്ഞ പുസ്തകം ഏഷ്യാമൈനർ, ഈജിപ്റ്റ് എന്നീ സ്ഥലങ്ങളെമാത്രം കേന്ദ്രീകരിച്ചുള്ള പഠനത്തെ ആശ്രയിച്ചിരിക്കുന്നു. തെക്ളയുടെ കബറിടം ഏ. ഡി. 380 നോട ടുത്ത് സന്ദർശിച്ച തീർത്ഥാടകയായ ഇജീരിയായുടെ (Egeria) ഡയറിക്കുറിപ്പുകളെ അടിസ്ഥാനപ്പെടുത്തിയും, ഈജിപ്റ്റിലെ വിശ്വാസികൾ വി. തെക്ളയുടെ മധ്യസ്ഥത യാചിക്കുന്നതുമായി ബന്ധപ്പെട്ട കഥകളും ഈ പുസ്തകത്തിൽ വിശകലനം ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ പുസ്തകത്തിൽ സിറിയയിലെ പാരമ്പര്യങ്ങൾ വിട്ടുകളഞ്ഞിരിക്കുന്നുവെന്ന് നോർത്ത് കരോലിന സർവ്വക ലാശാലയിലെ Catherine Burris, ഡ്യൂക്ക് സർവ്വകലാശാലയിലെ Lueas Van Rompay ഒരു ഗവേഷണ പ്രബന്ധത്തിൽ (*Thecla in Syriac Christianity, Preliminary observation*, 2002) രേഖപ്പെടുത്തിയിരിക്കുന്നു.

*The Book of Thecla, Book of women* എന്ന പുസ്തകത്തിൽ 6-ാം നൂറ്റാണ്ടിൽ ചേർക്കപ്പെട്ടു എന്നു കരുതപ്പെടുന്നു. പഴയ നിയ മത്തിലെ ദാനിയേലിന്റെ പുസ്തവും തെക്ളയുടെ പുസ്തകവും ചേർത്തുള്ള കൈയ്യെഴുത്തു പ്രതിയും കണ്ടെത്തിയിട്ടുണ്ട്.

അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മോർ സേവേറിയോസിന്റെ (ഏ. ഡി. 512–518) ധർമ്മോപദേശങ്ങളിൽ (*Cathedral Homilies*) 97-ാമത്തേത് രക്തസാക്ഷിണിയായ തെക്ളയെ സംബന്ധിച്ച് വിശുദ്ധയുടെ പെരുന്നാളിൽ (സെപ്റ്റംബർ 24) നടത്തിയ പ്രസംഗമാണ്. ഈ ധർമ്മോപദേശത്തിൽ നിരവധി സ്ത്രീകൾ വി. തെക്ളയെ കന്യകാത്വത്തിലും രക്തസാക്ഷിത്വത്തിലും അനുകരിച്ചതായി പരാമർശിച്ചിട്ടുണ്ട്. വി. തെക്ളയുടെ കഷ്ടതകൾ തീച്ചൂളയിൽ ഇടപ്പെട്ട ശദ്രക്ക്, മേശക്ക്, അബേദ്നഗോ എന്നീ മൂന്നു പേരോടും (ദാനി. 3) സിംഹക്കുഴിയിൽ ഇടപ്പെട്ട ദാനിയേലിനോടും (ദാനി. 6) താരതമ്യം ചെയ്തിട്ടുണ്ട്.

വിശ്വാസികളുടെ ഇടയിൽ തെക്ളയെന്ന വിശുദ്ധയുടെ സ്വാധീനം മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഫെബ്രോണിയയുടെ (ഏ. ഡി. 284 - 304) ജീവിതത്തിൽ വ്യക്തമാണ്. അതുപോലെ തന്നെ നിസിബിസിലെ താപസനായ മോർ ഔഗേന്റെ സഹോദരിയായ തെക്ളയുടെ പേര് വി. തെക്ളയുടെ സ്വാധീനം വ്യക്തമാക്കുന്നതാണ്.

## സുവിശേഷകനായ വിശുദ്ധ ലൂക്കൊസ്

**(? - ഏ. ഡി. 84?)**

വി. ലൂക്കൊസ് അന്ത്യോഖ്യായിൽ ജനിച്ച ഒരു പുറജാതിക്കാരനായിരുന്നു. ഇദ്ദേഹം അപ്പൊസ്തോലന്മാരുടെ ശിഷ്യനായിത്തീർന്ന ഒരു വൈദ്യനായിരുന്നു (കൊലൊ. 4:14). ഇദ്ദേഹം ഗ്രീക്കുകാരനായിരുന്നുവെന്ന് സഭാചരിത്രകാരനായ യൗസേബിയോസ് രേഖപ്പെടുത്തിയിട്ടുണ്ട്.

ഏ. ഡി. 67 ൽ രക്തസാക്ഷിയായ വി. പൗലോസിനോടുകൂടെ അദ്ദേഹത്തിന്റെ അന്ത്യകാലത്ത് ലൂക്കോസ് ഉണ്ടായിരുന്നതായി പൗലോസ് ശ്ലീഹാ രേഖപ്പെടുത്തിയിട്ടുണ്ട് (2 തിമോ. 4:7-11). വി. പൗലോസിന്റെ രക്തസാക്ഷി മരണത്തിനുശേഷമുള്ള ലൂക്കോസിന്റെ ജീവിതത്തെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല.

ലൂക്കോസ് വി. പൗലോസിന്റെ സഹപ്രവർത്തകനായി (ഫിലേ. 1:24) പല മിഷനറി യാത്രകളിലും പങ്കെടുത്തിട്ടുണ്ട്. ലൂക്കോസിന്റെ വൈദ്യവും പൗലോസിന്റെ കൂടാരപ്പണിയും അവരുടെ നിത്യവൃത്തിക്ക് മതിയായ മാർഗ്ഗമായിരുന്നുവെന്ന് കരുതുന്നു. എന്റെയും എന്റെ കൂടെയുള്ളവരുടെയും ആവശ്യത്തിന് എന്റെ ഈ കൈകൾ വേലചെയ്തുവെന്ന് നിങ്ങൾക്കറിയാമല്ലോ (അപ്പൊ. പ്ര. 18:3; 20:34).

ലൂക്കോസ് മക്കദോന്യയിലെ ഫിലിപ്പ്യയിൽ വച്ച് (c. A. D. 51-58) പൗലോസിനോടുകൂടെ യെരൂശലേമിലേക്കു യാത്രചെയ്യുന്നതായും ലേഖനങ്ങളിൽ കാണാവുന്നതാണ്. പൗലോസ് ബന്ധിതനായി കൈസര്യയിൽ ഏറെനാൾ താമസിച്ചപ്പോൾ ലൂക്കോസ് പലസ്തീനിൽ അപ്പൊസ്തോലന്മാരുമായി ഇടപഴകിയതായും അവരിൽനിന്ന് സുവിശേഷവും അപ്പൊസ്തോലപ്രവർത്തികളും എഴുതുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചിരുന്നതായും അനുമാനിക്കുന്നു. ഏതായാലും രണ്ടുവർഷങ്ങൾ കഴിഞ്ഞ് പൗലോസ് കൈസര്യയിൽനിന്ന് റോമിലേക്ക് യാത്ര ചെയ്തപ്പോൾ ലൂക്കോസ് കൂടെയുണ്ടായിരുന്നതായി കാണാം (2 തിമോ. 4:11).

ഇവർ ചേലാകർമ്മത്തിൽ നിന്നുള്ളവരാണ് എന്ന ലൂക്കോസ് ഒഴികെയുള്ളവരെക്കുറിച്ചുള്ള പരാമർശം അംഗീകരിച്ചാൽ (കൊലൊ. 4:11) പുതിയ നിയമപുസ്തകങ്ങൾ എഴുതിയവരിൽ യെഹൂദനല്ലാത്ത ഏക എഴുത്തുകാരനാണ് എന്ന പ്രത്യേകതയും ലൂക്കോസിനുണ്ട്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടവനായ ലൂക്കോസ് എഴുതിയ രണ്ടു പുസ്തകങ്ങളും (സുവിശേഷവും, ശ്ലീഹന്മാരുടെ നടപ്പുകളും) ആദിമ പുതിയ നിയമസഭയുടെ ചരിത്രം വെളിവാക്കുന്നു.

സമാന സുവിശേഷങ്ങളായ മത്തായി, മർക്കോസ്, ലൂക്കോസ് എന്നിവ തമ്മിൽ ഏറെ സാമ്യങ്ങളുണ്ടെങ്കിലും ലൂക്കോസെഴുതിയ സുവിശേഷത്തിന് ചില അതുല്യതകളുണ്ട്. ഒന്നാമതായി യേശുക്രിസ്തുവിന്റെ പൈതൽപ്രായത്തെ സംബന്ധിക്കുന്ന വിശദാംശങ്ങൾ മറ്റു സുവിശേഷങ്ങളിലില്ല. വി. ലൂക്കോസിന്റെ സുവിശേഷത്തിൽ കന്യക മറിയാമിന്റെ സങ്കീർത്തനം (ലൂക്കോ 1:46–56) ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ഇദ്ദേഹം

കന്യകമറിയാമിനെ സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചു എന്ന് ചിന്തിക്കുന്നതിൽ അപാകതയില്ല. വിശുദ്ധ കന്യകമറിയാമിന്റെ ചിത്രം ആദ്യം വരച്ചതും ലൂക്കോസാണെന്ന് കരുതപ്പെടുന്നു. വി. ലൂക്കോസ് വരച്ച കന്യകമറിയാമിന്റെ ചിത്രം സുറിയാനി ഓർത്തഡോക്സ് സഭയുടെ അധീനതയിലുള്ള ജറുസലേമിലെ മർക്കോസിന്റെ മാളികയിൽ സൂക്ഷിച്ചിട്ടുണ്ട്.

അവിവാഹിതനായിരുന്ന ലൂക്കോസ് വി. സുവിശേഷം അചായിയായിലോ (Achaia) ഗ്രീസിലോ വച്ചെഴുതി എന്നു കരുതുന്നു. ഇദ്ദേഹം 84-ാമത്തെ വയസ്സിൽ ബൊയറ്റിയയിലൊ (Boetia) ബിഥിനിയായിലൊ (Bithynia) നിദ്രപ്രാപിച്ചു. വി. ലൂക്കോസ് ഏവൻഗേലിസ്തായുടെ പെരുന്നാൾ ഒക്ടോബർ 18-ാം തീയതി സുറിയാനി സഭ ആഘോഷിക്കുന്നു.

# പരിശുദ്ധനായ ചാത്തുരുത്തിൽ ഗ്രീഗോറിയോസ് തിരുമേനി

**(ഏ. ഡി. 1848 - 1902)**

ആകമാന സുറിയാനി സഭയിൽ കേരളത്തിൽ ജനിച്ചുവളർന്ന ഒരു പരിശുദ്ധനാണ് ചാത്തുരുത്തിൽ തിരുമേനി. ജീവിതംകൊണ്ടും പ്രവൃത്തികൊണ്ടും മറ്റുള്ളവർക്ക് സദാചാര ധർമ്മാനുഷ്ഠാനത്തിന് മാതൃകയായി ശോഭിക്കുന്നവരെയാണ് പരിശുദ്ധന്മാരെന്ന് വിശേഷിപ്പിക്കുന്നതെന്ന് എൻസൈക്ലോപീഡിയ അമേരിക്കാനയിൽ രേഖപ്പെടുത്തിയിരിക്കുന്നു. പരിശുദ്ധന്മാർ അവരുടെ ജീവിതം ദൈവശുശ്രൂഷയ്ക്കായി മാറ്റിവച്ചവരും, അതിന്റെ ഫലമായി ദൈവത്തെ പ്രീതിപ്പെടുത്തിയവരും, ദൈവസന്നിധിയിൽ പ്രാഗത്ഭ്യമുള്ളവരുമാകുന്നു. സ്വർണ്ണനാവുകാരനെന്ന് അറിയപ്പെടുന്ന പരിശുദ്ധനായ യൂഹാനോൻ മോർ ഈവാനിയോസ് (ജോൺ ക്രിസോസ്റ്റം ഏ. ഡി. 347-407) പരിശുദ്ധന്മാരോടുള്ള മധ്യസ്ഥ പ്രാർത്ഥനയ്ക്ക് ഏറെ പ്രാമുഖ്യം നൽകിയ പിതാവാണ്.

വി. പത്രോസ് തൃതീയൻ (നാലാമൻ) പാത്രിയർക്കീസ് ബാവായാൽ 1876-ൽ ഗീവറുഗീസ് മാർ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ട പരുമല തിരുമേനി പൗരോഹിത്യത്തിന്റെ വിവിധ സ്ഥാനങ്ങൾ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൽനിന്നാണ് പ്രാപിച്ചത്. സുറിയാനി സഭയെയും അതിന്റെ വിശ്വാസാചാരങ്ങളെയും സംരക്ഷിക്കുന്നതിന് പ. തിരുമേനി ഏറെ ത്യാഗങ്ങളനുഷ്ഠിച്ചു. അതുമുഖാന്തരം ''മോർ ഗ്രിഗോറിയോസേ നിന്റെ ശോഭ മേലുള്ളവരെ വിസ്മയിപ്പിച്ചു . . .'' എന്നിത്യാദി സുറിയാനി ക്രമമനുസരിച്ച് (സാധാരണ) സന്ധ്യാപ്രാർത്ഥനയിലും ''കർത്താവേ, നിന്നെ ഇഷ്ടപ്പെടുന്നവരുടെ പ്രാർത്ഥനകളാൽ ഞങ്ങളോടു കരുണ ചെയ്യണമേ . . .'' എന്ന് പാതിരാത്രിയുടെ രണ്ടാം കൗമായിലും ''മോർ ഗ്രിഗോറിയോസേ, ഞെരുക്കത്തിലിരിക്കുന്നവർ നിന്റെ സഹായത്തെ (മധ്യസ്ഥത) അന്വേഷിക്കുന്നു . . .'' എന്ന് പ്രഭാതത്തിലും അനേകം വിശ്വാസികൾ പ്രാർത്ഥിക്കുന്നു.

**ബാല്യവും വിദ്യാഭ്യാസവും**

പരിശുദ്ധനായ പരുമലതിരുമേനി 1848 ജൂൺ 15 ന് മുളന്തുരുത്തിയിൽ ജനിച്ചു. ചാത്തുരുത്തി (പള്ളത്തട്ട) കൊച്ചുമത്തായിയുടെയും കല്ലറയ്ക്കൽ ഗീവറുഗീസിന്റെ ഏകപുത്രി മറിയത്തിന്റെയും ഇളയപുത്രനായ ഗീവറുഗീസിന്റെ വിളിപ്പേര് കൊച്ചയിപ്പോര എന്നായിരുന്നു. കുര്യൻ, വർക്കി, എന്നീ രണ്ടു സഹോദരങ്ങളും മറിയം, ഏലി എന്നീ രണ്ടു സഹോദരികളും ഗീവറുഗീസിനുണ്ടായിരുന്നു. രണ്ടുവയസ്സുള്ളപ്പോൾ അമ്മ മരിച്ചതിനാൽ, മൂത്തസഹോദരി മറിയമാണ് ഗീവറുഗീസിനെ സംരക്ഷിച്ചത്.

പ്രീ പ്രൈമറി വിദ്യാഭ്യാസം ഓണക്കാവിൽ അയ്യ ആശാന്റെയും തുടർന്ന് മണി ആശാന്റെയും കളരിയിലായിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പിതൃസഹോദരനായ ഗീവറുഗീസ് മല്പാന്റെ കീഴിലും, അദ്ദേഹത്തിന്റെ ദേഹവിയോഗശേഷം, 1865മുതൽ കോനാട്ടു മല്പാന്റെ (മത്തായി?) ശിക്ഷണത്തിലും മുളന്തുരുത്തി മാർത്തോമ്മാ പള്ളിയിൽ ഏറെക്കാലം താമസിച്ച് (1846-1874 കാലഘട്ടം) അവിടെ കബറടങ്ങിയ യൂയാക്കീം മാർ

കൂറിലോസ് ബാവായുടെ മേൽനോട്ടത്തിലും സുറിയാനിഭാഷ, വിശ്വാസാചാരങ്ങൾ എന്നിവയിൽ പ്രാവീണ്യം നേടി.

**പൗരോഹിത്യം**

മുളന്തുരുത്തി മാർത്തോമൻ പള്ളി ഇടവകയിൽപ്പെട്ട ഗീവറുഗീസിന് 10 വയസ്സായപ്പോൾ (1858 സെപ്തംബർ 14 ന്) കരിങ്ങാച്ചിറ പള്ളിയിൽവച്ച് പാലക്കുന്നത്ത് മാത്യൂസ് അത്താനിയോസ് കോറൂയോ പട്ടം നല്കി. 17-ാമത്തെ വയസ്സിൽ (1865 തുലാമാസം 18 ന്) യൂയാക്കീം മോർ കൂറിലോസ് തിരുമേനി പൂർണ്ണ ശെമ്മാശനാക്കുകയും അതേയാണ്ടിൽ വൈദികനാക്കുകയും പിന്നീട് കോർ എപ്പിസ്കോപ്പാ സ്ഥാനം നൽകുകയും ചെയ്തു. (യൂയാക്കീം മോർ കൂറിലോസ് ബാവ, പാലക്കുന്നത്തു മാത്യൂസ് അത്താനാസിയോസിന്റെ പ്രൊട്ടസ്റ്റന്റ് വിശ്വാസരീതികളെപ്പറ്റി അന്വേഷിക്കുന്നതിന് മോർ ദിവന്നാസിയോസിന്റെ അപേക്ഷപ്രകാരം പ. ഇഗ്നാത്തിയോസ് ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസ് ബാവായാൽ അയയ്ക്കപ്പെട്ട അന്ത്യോഖ്യാ പ്രതിനിധിയാണ്).

യുയാക്കീം മാർ കൂറിലോസ് ബാവായുമൊത്തുള്ള ഗീവറുഗീസ് കോർ എപ്പിസ്കോപ്പായുടെ താമസം ദയറാ ജീവിതത്തിന് ഏറെ മാതൃകയായിരുന്നിരിക്കണം. തുടർന്ന് സന്യാസ ജീവിതരീതികൾക്ക് സഹായകമാകുംവിധം വെട്ടിക്കൽ ദയറായിൽ താമസിച്ചു.

24-ാമത്തെ വയസ്സിൽ (1872 മാർച്ച് 25) അന്ത്യോഖ്യാ -മലങ്കര ബന്ധത്തിന്റെ വക്താവായ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്ന്യാസിയോസ് മെത്രാപ്പോലീത്ത ചാത്തുരുത്തിയിൽ ഗീവറുഗീസ് കോർ എപ്പിസ്കോപ്പായ്ക്ക് റമ്പാൻ സ്ഥാനം നൽകി.

28-ാമത്തെ വയസ്സിൽ (1876 ഡിസംബർ 10ന്) വടക്കൻ പറവൂർ പള്ളിയിൽവച്ച് പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവ ഗീവറുഗീസ് റമ്പാനെ ഗീവറുഗീസ് മാർ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. അങ്ങനെ അന്നുണ്ടായിരുന്ന മെത്രാപ്പോലീത്താമാരിൽ ഏറ്റവും പ്രായംകുറഞ്ഞ ചാത്തുരുത്തിൽ തിരുമേനിക്ക് കൊച്ചുതിരുമേനി എന്ന അപരനാമം സിദ്ധിച്ചു. പരിശുദ്ധ പത്രോസ് തൃതീ

യൻ പാത്രിയർക്കീസ് ബാവ പരുമല തിരുമേനിയെ ചെറിയ യോഹന്നാൻ എന്ന് വിശേഷിപ്പിച്ചിരുന്നത് രണ്ടർത്ഥത്തിലാണ്. പ്രായം കുറഞ്ഞവനും, താൻ ഏറ്റവും കൂടുതൽ സ്നേഹിച്ച ശിഷ്യനും.

**സഭാസേവനം**

പരിശുദ്ധനായ ചാത്തുരുത്തിൽ തിരുമേനി സഭയാകുന്ന മുന്തിരിത്തോപ്പിൽ മേല്പട്ടക്കാരനെന്ന നിലയിൽ കാൽ നൂറ്റാണ്ടിലേറെ കഠിന പ്രയത്നം ചെയ്തു. 54-ാം വയസ്സ് പൂർത്തിയാക്കിയശേഷം 1902 നവംബർ 2 ന് കാലംചെയ്ത് പരുമലയിൽ കബറടങ്ങിയ തിരുമേനി അനേകായിരങ്ങൾക്ക് മധ്യസ്ഥനാണ്. സഭാ ശുശ്രൂഷയിൽ നിർവ്വഹിച്ച പ്രധാനപ്പെട്ട ഏതാനും സേവനങ്ങൾ ഇവിടെ പരാമർശിക്കുന്നു.

1872-ൽ റമ്പാനായ ശേഷം, പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസിന്റെ നവീകരണ പ്രവർത്തനങ്ങൾക്കെതിരായി പ്രവർത്തിക്കുന്നതിന് പുലിക്കോട്ടിൽ ദീവന്നാസിയോസ് തിരുമേനിയോടൊപ്പം അചഞ്ചലനായി നിലകൊണ്ടു. 1872 കർക്കിടകം 13-ാം തീയതി പരുമലയിൽ അന്ത്യോഖ്യാ സിംഹാസനത്തിന് വിധേയത്വമുള്ള മെത്രാപ്പോലീത്തായ്ക്കുവേണ്ടി അരികുപുറം മാത്തൻ കാരണവർ വസ്തു എഴുതികൊടുത്തപ്പോൾ മുതൽ പരുമലയിൽ താമസമാക്കി പള്ളിപണി ആരംഭിച്ചു. (വസ്തു അന്ത്യോഖ്യാസിംഹാസനത്തിലിരിക്കുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ്ബാവായുടെ കീഴ് അനുസരിപ്പിൽ ഉള്ള സുറിയാനിക്കാരുടെ ആവശ്യത്തിന് പൂർണ്ണമനസ്സാലെ എഴുതികൊടുത്തിട്ടുള്ളതാണ്).

1875-77 കാലഘട്ടത്തിൽ മലങ്കരയിൽ എഴുന്നെള്ളി താമസിച്ച പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവ 1876-ൽ വിളിച്ചുകൂട്ടിയ മുളന്തുരുത്തി സുന്നഹദോസിന്റെ നടത്തിപ്പിൽ പ. ബാവായുടെ സെക്രട്ടറിയായും, ദ്വിഭാഷിയായും ഗീവറുഗീസ് റമ്പാൻ പ്രവർത്തിച്ചു. മുളന്തുരുത്തി പള്ളിയിൽവച്ച് നടത്തപ്പെട്ട വി. മൂറോൻ കൂദാശയിൽ പ. ബാവായുടെ സഹായിയായി പ്രവർത്തിച്ചു. പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവ 1877 മകരം 15-ാം തീയതി കൊച്ചി കോട്ട പള്ളിയിൽനിന്ന് എഴു

തിയ യാക്കോബായ സുറിയാനി സഭയിലെ നടപടി ചട്ടങ്ങൾ മലയാളത്തിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചത് പരുമല തിരുമേനിയാണ്. 1895-ൽ (മകരം 15) പരുമല പള്ളിയുടെ പണി പൂർത്തീകരിച്ച് വി. ദൈവമാതാവിന്റെ പെരുന്നാൾ ദിവസം കൂദാശ ചെയ്തു.

പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ നിർദ്ദേശാനുസരണം റോമൻ കത്തോലിക്കാ സഭയിൽ നിന്ന് സുറിയാനി സഭാവിശ്വാസത്തിലേക്ക് വന്ന ഗോവ സ്വദേശിയും ജസ്യൂട്ട് സഭാംഗവുമായ അൽവാറിസ് എന്ന പുരോഹിതന് 1889 ജൂലൈ 29 ന് പരുമല തിരുമേനി റമ്പാൻ സ്ഥാനം കൊടുത്തു. കടവിൽ മോർ അത്താനാസിയോസ്, മുറിമറ്റത്തിൽ മോർ ഈവാനിയോസ് എന്നിവരുടെ സഹകരണത്തിൽ മോർ യൂലിയോസ് എന്ന പേരിൽ അൽവാറീസ് റമ്പാനെ മെത്രാപ്പോലീത്തയായി വാഴിച്ചു. അതുപോലെ പത്രോസ് തൃതീയൻ ബാവായുടെ കല്പനപ്രകാരം 1892 മെയ് 29 ന് സിലോണിൽ വച്ച് റെനി വിലാത്തി എന്ന പുരോഹിതനെ അൽവാറീസ് മോർ യൂലിയോസ്, കടവിൽ മാർ അത്താനാസിയോസ് എന്നിവരുടെ സഹകരണത്തിൽ പരുമല തിരുമേനി മോർ തിമൊത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു.

1895 ഫെബ്രുവരി 19-ാം തീയതി വിശുദ്ധനാടുകൾ സന്ദർശിക്കുന്നതിന് പരുമല തിരുമേനിയും സംഘവും യാത്രതിരിച്ചു. സംഘത്തിൽ സ്ലീബാ ശെമ്മാശൻ (പിന്നീട് അന്ത്യോഖ്യാ പ്രതിനിധിയായ സ്ലീബാ മോർ ഒസ്താത്തിയോസ് ബാവ), കൊച്ചുപറമ്പിൽ പൗലോസ് റമ്പാച്ചൻ, വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് കത്തനാർ, തെക്കൻ പറവൂർ തോപ്പിൽ ലൂക്കോസ് കോർ എപ്പിസ്കോപ്പ, തുമ്പമൺ കരിക്കാട്ടിൽ സ്കറിയാ കത്തനാർ, കടമ്പനിട്ട പുത്തൻപുരയ്ക്കൽ ഗീവറുഗീസ് കത്തനാർ എന്നിവർ ഉൾപ്പെട്ടിരുന്നു. തിരികെ എഴുന്നെള്ളിയ ശേഷം പ്രസിദ്ധീകരിച്ച *ഊർശ്ലേം യാത്രാവിവരണം* വിഖ്യാതമാണ് (Chathuruthil Thirumeni, 1895).

1899-ൽ ആർത്താറ്റു കുന്നംകുളം പള്ളിയുടെ പ്രശസ്തിക്കനുയോജ്യമായ വിധം ശവക്കോട്ട മതിൽ പണിയുന്നതിന് പ്രേരണ നൽകുകയും ആയതു നിർവഹിക്കപ്പെടുകയും ചെയ്

തു. കേരളത്തിലെ ഏറ്റവും പുരാതനവും വലിയതുമാണ് ഈ ശവക്കോട്ട മതിൽ.

### വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

സുറിയാനി സഭാമക്കൾക്ക് ഉന്നത വിദ്യാഭ്യാസ സാധ്യതകൾ വർധിപ്പിക്കുന്നതിനും, സി. എം. എസ്. മിഷനറിമാരുടെ നവീകരണാശയങ്ങൾ എതിർക്കുന്നതിനും, പരുമല സെമിനാരിയിൽ വേദശാസ്ത്രക്ലാസ്സുകൾ നടത്തിയിരുന്നതു കൂടാതെ പല സ്കൂളുകളും പരിശുദ്ധ തിരുമേനി സ്ഥാപിച്ചു. കുന്നംകുളത്തു താമസിച്ചു പ്രാർത്ഥന നടത്തിയിരുന്ന ചാപ്പലിനടുത്ത് മോർ ഇഗ്നാത്തിയോസ് സ്കൂൾ സ്ഥാപിച്ചു (ഇപ്പോൾ ഗവ. മോഡൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ എന്നറിയപ്പെടുന്നു). കൂടാതെ മുളന്തുരുത്തി സെന്റ് തോമസ് സ്കൂൾ, തുമ്പമൺ മിഡിൽ സ്കൂൾ, തിരുവല്ല എം. ജി. എം. സ്കൂൾ എന്നിവ ആരംഭിക്കുന്നതിനും തിരുമേനി പ്രേരണ നൽകി.

### അനുകരണീയ മാതൃക

പരിശുദ്ധ പിതാക്കന്മാരുടെ വിശ്വാസാചാരങ്ങളിൽനിന്ന് വ്യതിചലിക്കാത്ത, പാതാള ഗോപുരങ്ങൾക്ക് അജയ്യനായ വിശ്വാസ സ്ഥിരത പരിശുദ്ധ തിരുമേനി കൈമുതലാക്കിയിരുന്നു. അന്ത്യോഖ്യാ സിംഹാസനത്തെയും അതിലെ പിതാക്കന്മാരെയും ആദരിക്കുകയും സുറിയാനി സഭാ വിശ്വാസപാരമ്പര്യങ്ങളിൽ മാറ്റംവരുത്തുന്നതിനു ശ്രമിച്ച (തനിക്കു കോറൂയോ പട്ടം നൽകിയ) പാലക്കുന്നത്തു മാത്യൂസ് അത്താനാസിയോസിനെ ശക്തിയായി എതിർക്കുകയും ചെയ്തു.

വലിയനോമ്പിലെ പ്രഭാതപ്രാർത്ഥനയുടെ കോലാകളിൽ ധ്യാനിക്കുന്നതുപോലെ ‘നോമ്പിനാൽ പറുദീസായുടെ വാതിലുകൾ തുറക്കപ്പെടുന്നു. അതിനെ ശരിയായി ആചരിക്കുന്നവർക്ക് മാലാഖമാരുടെ പ്രഭയും ഉയരത്തിലേക്കു കരേറുവാനുള്ള ആത്മീയ ചിറകുകളും ലഭിക്കുന്നു’ എന്നത് അന്വർത്ഥമാകുമാറ് കഠിനമായ നോമ്പും ഉപവാസവും തിരുമേനി അനുഷ്ഠിച്ചു.

വി. അന്തോനിയോസിനെ മാതൃകയാക്കി ജീവിതം നയിച്ച പിതാവ് ദാനശീലവും പ്രാർത്ഥനയും കൈമുതലാക്കിയിരുന്നു. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഉത്തമമെന്നും, പറയുന്ന

തിനേക്കാൾ പ്രവർത്തിക്കുന്നതിനും തിരുമേനിക്കു സാധിച്ചു. ഗുരുഭക്തിയിൽ വിളങ്ങിയിരുന്ന പിതാവ് ജീവിച്ചിരുന്നപ്പോഴും, ഇന്നും ദൈവശക്തിയാൽ മറ്റുള്ളവർക്ക് അഭയസ്ഥാനമായിരിക്കുന്നു. 1987- ലെ പാത്രിയർക്കീസ് ബാവായുടെ കല്പനപ്രകാരം 5-ാം തുബ്ദേനിൽ ഈ പരിശുദ്ധന്റെ പേര് ചേർത്തിരിക്കുന്നു.

## സ്വർണ്ണനാവുകാരനായ വിശുദ്ധ ഈവാനിയോസ്

**(ഏ. ഡി. 347 407)**

ഈവാനിയോസ് (യോഹന്നാൻ) ഉദ്ദേശം ഏ. ഡി. 347 -ൽ സൈന്യാധിപനായ സെക്കൻഡസിന്റെയും (Secundus) അന്തൂസയുടെയും (Anthusa) മകനായി അന്ത്യോഖ്യായിൽ ജനിച്ചു (Cayre, 1935, p. 461). ഇദ്ദേഹം തത്വശാസ്ത്രം, നിയമം, പ്രസംഗകലയുടെ സൈദാന്തികവും, പ്രയോഗികവുമായ വശങ്ങൾ എന്നിവ അന്ത്യോഖ്യക്കാരനായ ലിബിയാനോസ് (Libianos, or Libanios) എന്ന വാഗ്മിയിൽനിന്നും പഠിച്ചു. കൂടാതെ തർസൊസുകാരനായ തിയഡോറിൽനിന്ന് (Diodore) ദൈവശാസ്ത്രവും അഭ്യസിച്ചു. ഇദ്ദേഹത്തെ സ്വർണ്ണനാവുകാരനായ ഈവാനിയോസ് എന്നും ചരിത്രപുസ്തകങ്ങളിലും വിശ്വവിജ്ഞാനകോശങ്ങളിലും ജോൺ ക്രിസോസ്റ്റം (John Chrystostom , Golden-mouthed) എന്നും പരാമർശിച്ചിട്ടുണ്ട്.

മാതാവായ അന്തൂസയ്ക്കു 20 വയസ്സുള്ളപ്പോൾ പിതാവ് നിര്യാതനായി. ഏ. ഡി. 373 ൽ അമ്മ അന്തൂസ മരിച്ചതിനുശേഷം യോഹന്നാൻ ഏകാന്തവാസിയായ ഒരു സന്യാസിയായി. അന്നത്തെ അന്ത്യോഖ്യായിലെ എപ്പിസ്കോപയായ മെലെത്യോസ് ഈ യുവാവിന്റെ സ്വഭാവശ്രേഷ്ഠതയും പാണ്ഡിത്യവും മനസ്സിലാക്കി തന്റെ കൂടെ താമസിപ്പിക്കുകയും മൂന്നു വർഷത്തെ സേവനത്തിനുശേഷം കോറുയൊയായി പട്ടം കൊടുക്കുകയും ചെയ്തു. ഏ. ഡി. 381 ൽ പൂർണ്ണ ശെമ്മാശനായി പൗരോഹിത്യം സ്വീകരിച്ചു. സന്യാസിയെന്ന രീതിയിലുള്ള നോമ്പിലെ

കാർക്കശ്യം മൂലം അദ്ദേഹത്തിന്റെ ആരോഗ്യനില മോശമാകുകയും അദ്ദേഹം അന്ത്യോഖ്യായിലേക്ക് തിരിച്ചുപോകേണ്ടതായി വരികയും ചെയ്തു.

ഉദ്ദേശം ഏ. ഡി. 386 ൽ പുരോഹിതനായി. ഏ. ഡി. 397 വരെ ഫ്ളേവിയൻ പാത്രിയർക്കീസിന്റെ കീഴിൽ പ്രസംഗകനായിരിക്കുകയും ചെയ്തു. ഏ. ഡി. 397 ൽ (സെപ്റ്റംബർ 27) കുസ്തന്തീനൊസ് പോലീസിലെ പാത്രിയർക്കീസ് നെക്താരിയൂസ് കാലം ചെയ്തപ്പോൾ ആ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. ഏ. ഡി. 398 ൽ (ഫെബ്രുവരി 26) അലക്സന്ത്രിയ പാത്രിയർക്കീസ് തെയോഫിലോസിനാൽ മേൽപ്പട്ട സ്ഥാനത്തേക്ക് വാഴിക്കപ്പെട്ടു. മോർ ഈവാനിയോസിന്റെ താൽപ്പര്യത്തിനെതിരായി പാത്രിയർക്കീസായി ഉയർത്തപ്പെടുകയും ചെയ്തു (Cross & Livingstone, 1974; Douglas, 1978; Smith & Wace, 1877).

ഇദ്ദേഹത്തിന്റെ പ്രസംഗചാതുര്യം കൊണ്ട് ഇദ്ദേഹത്തെ സ്വർണ്ണവായുള്ളവൻ (Golden-mouthed) എന്നും വിളിച്ചിരുന്നു. ഇദ്ദേഹം തത്വങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് പുരോഹിതന്മാരുടെ നവീകരണത്തിനും അധഃസ്ഥിതരുടെ ഉന്നമനത്തിനും പരിശ്രമിച്ചതിനാൽ രാഷ്ട്രീയമായും സഭാപരമായും ഉന്നതസ്ഥാനീയരായ പലരും ശത്രുക്കളായിത്തീർന്നു. ജനങ്ങൾക്കിടയിൽ ഇദ്ദേഹത്തിന് നല്ല പിന്തുണ ഉണ്ടായിരുന്നു. എന്നാൽ ധനികരുടെ ധൂർത്തിനെ വിമർശിച്ചുകൊണ്ടുള്ള നിലപാടുകൾ പ്രഭുക്കന്മാരെയും സ്വാധീനശക്തിയുള്ള ആളുകളെയും രോഷാകുലരാക്കി (*Britannica*, 2001).

ഇദ്ദേഹം സമ്പത്തിന്റെ ദുർവിനിയോഗത്തിനെതിരായി പ്രസംഗിച്ചു. വ്യക്തിപരമായ സ്വത്ത് തീർത്തും സ്വകാര്യമല്ലെന്നും, വേറൊരാൾക്കുവേണ്ടി ഭരണം നടത്താൻ വിശ്വാസത്തിന്മേൽ ഏൽപ്പിക്കപ്പെട്ട വകകളാണെന്നും, ഒരു വ്യക്തിയുടെ ആവശ്യത്തിലധികമുള്ളവ മറ്റുള്ളവർക്കു കൊടുക്കണമെന്നും ഇദ്ദേഹം പ്രസംഗിച്ചു. മടിയന്മാരായ വൈദികരെ ശാസിക്കുകയും കുറ്റക്കാരായ മെത്രാന്മാരെ ശിക്ഷിക്കുകയും ദയറാക്കാരെ ഗുണദോഷിക്കുകയും ആക്രമികളായ ധനവാന്മാരെയും ഉദ്യോഗസ്ഥരെയും രാജകുടുംബാംഗങ്ങളെയും ശാസിക്കുകയും ചെയ്തു. ആഡംബരജീവിതത്തെ എതിർത്തു കൊണ്ടുള്ള തന്റെ പ്രസംഗങ്ങൾ

രാജ്ഞിക്കും രാജസദസിനും എതിരായിട്ടുള്ളതാണെന്ന് ശത്രുക്കൾ രാജ്ഞിയെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തു.

അലക്സന്ത്രിയ പാത്രിയർക്കീസായിരുന്ന തെയോഫിലോസ് പുറത്താക്കിയ ഈജിപ്റ്റുകാരായ ചില ദയറാക്കാർക്ക് മോർ ഈവാനിയോസ് അഭയം കൊടുത്തതിനാൽ മോർ തെയോഫിലോസുമായി ശത്രുതയിലായി. കിഴക്കൻ റോമാസാമ്രാജ്യത്തിന്റെ ചക്രവർത്തിയായ അർക്കേഡിയസിന്റെ (Arcadius) ഭാര്യ യൂഡോക്സിയ (Eudoxia) യുടെ പ്രതിമ പള്ളിക്കു സമീപം സ്ഥാപിക്കുന്നതിനെ മോർ ഈവാനിയോസ് എതിർത്തു. മോർ ഈവാനിയോസ് യൂഡോക്സിയയെ ജെസബൽ (Jezebel) എന്നു പരാമർശിച്ചു എന്നുള്ള ആരോപണത്തെ തുടർന്നു മോർ ഈവാനിയോസിനെതിരെ യൂഡോക്സിയ പ്രതികാരം ചെയ്യാനാഗ്രഹിച്ചു.

ഏ. ഡി. 403-ൽ തെയോഫിലോസ്, തന്നെ അനുസരിക്കുന്ന സിറിയയിലെയും ഈജിപ്റ്റിലെയും മെത്രാപ്പോലീത്തന്മാരുടെ ഒരു സുന്നഹദോസ് ബോസ്പോറോസിലെ (Bosporus) ഓകിൽ (Oak) ചേർന്നു. അതിൽ മോർ ഈവാനിയോസിനെതിരെ പ്രകോപനപരമായ കഴമ്പില്ലാത്ത പല കുറ്റങ്ങൾ ആരോപിച്ചു. മോർ ഈവാനിയോസ് ഈ സുന്നഹദോസിൽ ഹാജരായില്ല. അദ്ദേഹത്തിന്റെ അഭാവത്തിൽ അദ്ദേഹത്തെ സിംഹാസനത്തിൽനിന്ന് സ്ഥാനഭ്രഷ്ടനാക്കി. തെയോഫിലോസ് ഇദ്ദേഹത്തെ നാടുകടത്തുന്നതിനു യൂഡോക്സിയയെ നിർബന്ധിക്കുകയും ഏ. ഡി. 404 ൽ മോർ ഈവാനിയോസിനെ അർക്കേഡിയസ് ചക്രവർത്തി പട്ടണത്തിൽ നിന്നും നാടുകടത്തുകയും ചെയ്തു. എന്നാൽ ജനങ്ങളുടെ കലഹം ഭയന്നും ഭൂകമ്പം മൂലം രാജകൊട്ടാരത്തിലുണ്ടായ ദാരുണ സംഭവങ്ങൾ മൂലവും അദ്ദേഹത്തെ തിരികെ വിളിച്ചെങ്കിലും അടുത്തവർഷം വീണ്ടും നാടുകടത്തി. ഇദ്ദേഹത്തെ കുക്കൂസസിൽ (Cucusus) തടവിലാക്കി.

മോർ ഈവാനിയോസ് റോമിലെ പോപ്പ് ഇന്നസെന്റ് ഒന്നാമനോട് സഹായം അപേക്ഷിക്കുകയും അദ്ദേഹം പടിഞ്ഞാറൻ ചക്രവർത്തിയായ ഹൊണറിയസുമായി (Honorius) ചേർന്നു ഇടപെടാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. പാപ്പയുടെ നയതന്ത്ര പ്രതിനിധികളായി അയയ്ക്കപ്പെട്ടിരുന്നവർ തടവിലാക്കപ്പെട്ടു.

തുടർന്ന് പോപ്പ് ഇന്നസെന്റ് ഒന്നാമനും കുസ്തന്തീനോസ്പോലീസുമായുള്ള സംസർഗ്ഗം വേർപെടുത്തുകയും ചെയ്തു.

നാടുകടത്തപ്പെട്ടുവെങ്കിലും മോർ ഈവാനിയോസ് കുസ്തന്തീനോസ്പോലീസിലെ വിശ്വാസികൾക്കായി 200 ലധികം കത്തുകളയയ്ക്കുകയും സ്നേഹിതന്മാർ അദ്ദേഹത്തെ സന്ദർശിക്കുകയും അവരുമായി സമ്പർക്കം പുലർത്തുകയും ചെയ്തുവന്നു. അതിനാൽ അദ്ദേഹത്തെ കരിങ്കടലിന്റെ കിഴക്കേയറ്റത്തുള്ള പൊന്തൂസ് (Pontus) എന്ന സ്ഥലത്തേക്കു മാറ്റുകയും ചെയ്തു. ദുരിതപൂർണ്ണമായ കാൽനടയാത്രയിലും അസ്സഹനീയമായ കാലാവസ്ഥയിലും കഷ്ടപ്പെട്ടു. അദ്ദേഹം ഹെലനോപോലിസിലെ (Helenopolis) കൊമാനയിൽ (Comana) വച്ച് ഏ. ഡി. 407 സെപ്റ്റംബർ 14 നു 'എല്ലാറ്റിനുവേണ്ടിയും ദൈവത്തിനു സ്തുതി' എന്നുച്ചരിച്ചുകൊണ്ട് കാലം ചെയ്തു. മോർ ഈവാനിയോസിന്റെ തിരുശേഷിപ്പുകൾ 31 വർഷങ്ങൾക്കുശേഷം ഏ. ഡി. 438 ൽ (ജനുവരി 27) കൊമാനയിൽ നിന്ന് കുസ്തന്തീനോസ്പോലീസിലേക്ക് ആഘോഷമായി കൊണ്ടുവരികയും അന്നത്തെ മെത്രാപ്പോലീത്ത പ്രൊക്ലസും ഭരണാധിപനായ തിയഡോഷ്യസ് രണ്ടാമനും (അർക്കേഡിയസിന്റേയും യൂഡോക്സിയായുടെയും മകൻ) ഭക്ത്യാദരപൂർവ്വം സ്വീകരിക്കുകയും ശ്ലീഹന്മാരുടെ പള്ളിയിൽ സ്ഥാപിക്കുകയും ചെയ്തു.

മോർ ഈവാനിയോസ് പ്രസംഗകൻ, വ്യാഖ്യാതാവ് എന്നീ നിലകളിൽ വിഖ്യാതനാണ്. ഏ. ഡി. 386 മുതൽ 12 വർഷങ്ങൾ മഹത്തായ പ്രസംഗകൻ എന്നു അദ്ദേഹം തെളിയിച്ചു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ ഒന്നും നാലും സുവിശേഷങ്ങളെ സംബന്ധിച്ചുള്ളവയും പൗലോസ് ശ്ലീഹായുടെ 8 ലേഖനങ്ങളെ സംബന്ധിച്ചുള്ളവയും ഉൾപ്പെടുന്നു. ഇദ്ദേഹത്തിന്റേതായി ഒരു വിശുദ്ധകുർബ്ബാന തക്സായും നിലവിലുണ്ട്. അദ്ദേഹത്തോട് താരതമ്യം ചെയ്യാവുന്ന മറ്റൊരാളില്ല. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേൾക്കുന്നവർ അദ്ദേഹത്തെ പ്രശംസിക്കുകയും അനുതാപത്താൽ കരയുകയും ചെയ്തിരുന്നു. അനേകം ദൃഷ്ടാന്തങ്ങൾ മോർ ഈവാനിയോസ് തന്റെ വ്യാഖ്യാനങ്ങളിൽ ഉപയോഗിച്ചിരുന്നു. മോശ- ക്രിസ്തു, ചെങ്കടൽ കടക്കുന്നത്- മാമോദീസ, പെസഹാ കുഞ്ഞാട്- ദൈവത്തിന്റെ കുഞ്ഞാട് എ

ന്നിവ അവയിൽ ചിലതു മാത്രമാണ്. അക്കാലത്തെ നാമമാത്ര ക്രിസ്ത്യാനികളായിരുന്നവർ മദ്യപന്മാരും, വെറിക്കൂത്തുകളിൽ താൽപര്യമുള്ളവരും, യെഹൂദരോടുകൂടെ ഉപവസിക്കുന്നവരും, അന്യദൈവങ്ങളെ ആരാധിക്കുന്നവരും (വിഗ്രഹാരാധികളും) ആയിരുന്നു. അവരെ സഭാജീവിതത്തിലേക്ക് കൊണ്ടുവരിക എന്നതായിരുന്നു മോർ ഈവാനിയോസിന്റെ ദൗത്യം.

മോർ ഈവാനിയോസിന്റെ രചനകൾ പ്രസിദ്ധമാണ്. ഏ. ഡി. 390 ൽ ഈവാനിയോസ് അന്ത്യോഖ്യായിൽവച്ച് മാമോദീസായ്ക്ക് ഒരുങ്ങുന്നവരോടും മാമോദീസ ഏറ്റവരോടും ചെയ്ത പ്രസംഗങ്ങൾ വിഖ്യാതമാണ്. അവയിൽ 8 മാമോദീസാ പ്രസംഗങ്ങളുടെ കൈയെഴുത്തുപ്രതി ഏതോസിലെ (Mount Athos in Greece) ദയറായിൽനിന്നും കണ്ടെടുത്തു. അവയുടെ ഇംഗ്ലീഷ് പരിഭാഷ ലഭ്യമാണ്.

മോർ ഈവാനിയോസ് പൗരോഹിത്യത്തെ സംബന്ധിച്ച് എഴുതിയ ആറുഗ്രന്ഥങ്ങൾ പ്രസിദ്ധമാണ്. അവയിൽ പൗരോഹിത്യത്തിന്റെ മഹത്വവും പ്രതീകാത്മക വിവരണങ്ങളും പ്രതിപാദിച്ചിരിക്കുന്നു. പടിഞ്ഞാറൻ ദേശത്തുള്ളവർ ഇദ്ദേഹത്തിന്റെ പെരുന്നാൾ സെപ്റ്റംബർ 13 നും പൗരസ്ത്യ ദേശത്തുള്ളവർ ഇദ്ദേഹത്തിന്റെ ഓർമ്മ നവംബർ 13 നും ആഘോഷിക്കുന്നു.

## മോർ യാക്കോബ് ബുർദോനൊ
### (ഏ. ഡി. 505 – 578)

മോർ യാക്കോബ് ബുർദോനൊ (St. James Baradaeus) ഉറഹായ്ക്കു (Edessa) 55 മൈൽ കിഴക്കുള്ള റ്റെല്ലാ മൗസൽത്ത് (Tella Mouzalat) അഥവാ കോൺസ്റ്റന്റീനാ (Constantina) എന്ന നഗരത്തിൽ മാഅനോയുടെ മകനായ തെയോഫിലസ് (Theophilus Bar Manu) എന്ന സുറിയാനി സഭയിലെ വൈദികന്റെ പുത്രനായി ജനിച്ചു (Smith & Wace, 1882).

ദീർഘനാൾ മക്കളില്ലാതിരുന്നിട്ട് നേർച്ച പുത്രനായി ജനിച്ചതിനാൽ 2 വയസ്സുള്ളപ്പോൾ മാതാപിതാക്കന്മാരുടെ നേർച്ചയനുസരിച്ച് നിസിബിന് സമീപമുള്ള ഫസിൽത്തോ (Phasilita, near Nisbis) ദയറായിൽ ദയറാധിപനായ ഒസ്താത്തിയോസിന്റെ സംരക്ഷണയിൽ ഏല്പിച്ചു. അവിടെ ഗ്രീക്ക്, സുറിയാനി ഭാഷകളിൽ പരിശീലനംനേടുകയും കർക്കശമായ സന്യാസചര്യകൾ അഭ്യസിക്കുകയും ചെയ്തു.

ഒരു ദിവസം മാതാവു വന്ന് അദ്ദേഹത്തെ ദയറായിൽനിന്ന് വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോകാനാഗ്രഹിച്ചു. അദ്ദേഹം അതു സമ്മതിക്കാതെ ഇപ്രകാരം പറഞ്ഞു. 'ഞാൻ മുഴുവനും മിശിഹായുടേതായിരിക്കയാൽ അമ്മയ്ക്ക് എന്നിൽ ഓഹരിയില്ല.' ഈ സംഭവത്തിനു ശേഷം ഒരു വർഷം കഴിഞ്ഞ് മാതാവും മൂന്നുവർഷം കഴിഞ്ഞ് പിതാവും നിര്യാതരായി.

മാതാപിതാക്കന്മാരുടെ കാലശേഷം തനിക്കവകാശപ്പെട്ട സ്വത്തു മുഴുവൻ പാവങ്ങൾക്കായി ദാനം ചെയ്തു (Cross & Livingstone, 1974; Douglas, 1978). ലോകത്തിന്റെ സമ്പാദ്യം ലോകത്തിനിരിക്കട്ടെ എന്നായിരുന്നു അദ്ദേഹത്തിന്റെ ചിന്താഗതി. പിതൃഭവനത്തിലുണ്ടായിരുന്ന രണ്ട് അടിമകളെ അദ്ദേഹം സ്വതന്ത്രരാക്കി.

സുറിയാനി സഭ ഈ ഭൂമുഖത്തുനിന്ന് തുടച്ചു നീക്കപ്പെടുമായിരുന്ന ഒരു കാലഘട്ടത്തിൽ (കൽക്കദുനിയ സുന്നഹദോസിനുശേഷം) രാഷ്ട്രീയവും ഭരണപരവുമായ സ്വാധീനശക്തികൾക്കിടയിൽ കഠിനപ്രയത്നംകൊണ്ടും, ദൈവാശ്രയംകൊണ്ടും നവജീവൻ നൽകി വംശനാശത്തിൽനിന്നും വീണ്ടെടുത്ത പരിശുദ്ധ പിതാവാണ് യാക്കോബ് ബുർദോനോ. കൽക്കദുനിയ (ഇരുസ്വഭാവ) വിശ്വാസത്തിനെതിരായി നിന്ന സത്യസഭ പീഡിപ്പിക്കപ്പെട്ടപ്പോൾ ഈ പരിശുദ്ധ പിതാവ് സഭയിൽ മെത്രാപ്പോലീത്തന്മാരെയും, വൈദികരെയും വാഴിക്കുകയും വേഷപ്രച്ഛന്നരായി (യാചകവേഷത്തിൽ) കാൽനടയായി ചുറ്റി സഞ്ചരിച്ച് സഭയെ നിലനിർത്തുകയും ചെയ്തു. അതുകൊണ്ടാണ് സുറിയാനി സഭ യാക്കോബായ എന്ന വിശേഷണത്താൽ അറിയപ്പെടുന്നതും അഭിമാനം കൊള്ളുന്നതും.

അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന മോർ യാക്കോബ്, തന്നെ മെത്രാപ്പോലീത്തയായി വാഴിച്ച ആസ്യയിലെ യോഹന്നാൻ എഴുതിയ ജീവചരിത്രത്തിൽനിന്നും (*Anecdota Syriaca*, Vol. II. pp. 249 253; pp. 364, 383, 1875) അദ്ദേഹത്തിന്റെ തന്നെ സഭാചരിത്രത്തിന്റെ (*Ecclesiastical history,* Payne Smith's translation, pp. 273 - 278, 291) മൂന്നാം ഭാഗത്തുനിന്നുമാണ് വി. യാക്കോബ് ബുർദോനൊയെ സംബന്ധിച്ചുള്ള പ്രധാന വിവരങ്ങൾ ലഭിക്കുന്നത് (Cited in Smith & Wace, 1882). ബാർ എബ്രായ 13-ാം നൂറ്റാണ്ടിലെഴുതിയ സഭാചരിത്രത്തിൽ (*Chronicon ecclesiasticum*) വി. യാക്കോബ് ബുർദോനൊയെ സംബന്ധിക്കുന്ന പരാമർശങ്ങളും മേൽപ്പറഞ്ഞ രണ്ടു പുസ്തകങ്ങളെ ആശ്രയിച്ചുള്ളതാണ്.

ബുർദോനൊ (Baradaeus) എന്ന ഇരട്ടപ്പേര് യാക്കോബിന് ലഭിച്ചത് ജീർണ്ണ വസ്ത്രം ധരിച്ച ഭിക്ഷാംദേഹി (ragged medicant's garb) എന്ന അർത്ഥത്തിലോ, കട്ടിയുള്ള ഒരേ ഒരു വസ്ത്രം ധരിക്കുകയും അത് കട്ടിപിടിച്ച് കുതിരയുടെ ജീനിപോലെ (ബുർദ് ഓ = കുതിരയുടെ ജീനി, saddle-cloth) ആയിത്തീരുകയും ചെയ്തതിനാൽ അപ്രകാരം വിളിക്കപ്പെടുകയും ചെയ്തു എന്ന് കരുതപ്പെടുന്നു. ഈ പേരിന്റെ അറബി, ഗ്രീക്ക്, ലാറ്റിൻ തത്തുല്യ പദങ്ങളെ സംബന്ധിച്ചുള്ള വ്യാഖ്യാനങ്ങളും ആശ്രിത ഗ്രന്ഥത്തിൽ ലഭ്യമാണ് (Smith & Wace, Vol. III, 1882, p. 329).

ഫ്സിൽത്തോ ദയറായിലെ പരിശീലനത്തിനുശേഷം മോർ യാക്കോബ്, ശെമ്മാശനായും കശീശയായും പട്ടമേറ്റു. കാലംചെയ്ത വി. സേവേറിയോസും വി. യൂഹാനോൻ റ്റെല്ലായും മോർ യാക്കോബിന് ദർശനത്തിൽ കാണപ്പെട്ട് നിർദ്ദേശിച്ചതനുസരിച്ച് കുസ്തന്തീനോസ് പോലീസിലേക്ക് പോകുകയും ചെയ്തു (എ. ഡി. 528). കുസ്തന്തീനോസ് പോലീസിലെ രാജ്ഞി തിയോദോറ (Theodora) ആവശ്യമായ സഹകരണങ്ങൾ നൽകി. അലക്സന്ത്രിയ പാത്രിയർക്കീസ് തേവോദ്യോസിയോസിന്റെ പ്രധാന കാർമ്മികത്വത്തിലും കുസ്തന്തീനോസ്പോലീസിൽ നിന്ന് നിഷ്കാസിതനായ അന്തിമോസ്, ലബോദീസിയയിലെ കോൺസ്റ്റാറ്റിയസ്, ഈജിപ്റ്റിലെ യൂഹാനോൻ, പത്രോസ് എന്നിവരുടെ സഹകരണത്തിലും എ. ഡി. 541 ൽ (542?) യാക്കോബിനെ മെത്രാപ്പോലീത്തയായി വാഴിച്ചു. ഇദ്ദേഹത്തിന്റെ

സഹായികളായി മോർ ഗ്രിഗോറിയോസിനെയും ഗീവറുഗീസി നെയും എപ്പിസ്കോപ്പന്മാരായി വാഴിച്ചു. മൂന്നുപേരും ചേർന്ന് പാത്രിയർക്കീസിന്റെ അനുവാദത്തോടെ 89 മേല്പട്ടക്കാരെയും (Smith & Wace, 1882, p. 330) രണ്ട് പാത്രിയർക്കീസന്മാരെയും വാ ഴിക്കുകയും (ചില പുസ്തകങ്ങളിൽ 27 മേല്പട്ടക്കാരെ വാഴിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്). അനേകായിരം പുരോഹിതന്മാ ർക്ക് പട്ടം കൊടുക്കുകയും ചെയ്തു. ഏ. ഡി. 550-ൽ സെലൂ ക്ക്യയിലെ എപ്പിസ്കോപ്പയായ ഔഗേന്റെ സഹായത്തോടെ മോർ യാക്കോബ് മെസ്രേമ്യനായ പൗലൂസിനെ അന്ത്യോഖ്യാ പാത്രിയർക്കീസായി വാഴിച്ചു.

അനേകം രോഗികൾ ദൂരദേശങ്ങളിൽനിന്ന് വന്ന് മോർ യാ ക്കോബിന്റെ മധ്യസ്ഥതയാൽ സൗഖ്യം പ്രാപിച്ചു. തിയഡോറ രാജ്ഞിക്ക് യാക്കോബായക്കാരോട് ആഭിമുഖ്യമുണ്ടായിരുന്ന തിനാൽ വിശുദ്ധനെ കാണുവാൻ ആഗ്രഹിച്ചു. തിയഡോറാ രാജ്ഞി വളരെ ബഹുമാനത്തോടെ മോർ യാക്കോബിനെ സ്വീകരിച്ചുവെങ്കിലും രാജസദസ്സിന് വി. യാക്കോബിനോട് താ ൽപര്യമില്ലായിരുന്നു. അതിനാൽ ഒരു ദയറായിൽ അദ്ദേഹം 15 വർഷങ്ങൾ (ഏ. ഡി. 526-541) ഏകാന്തവാസിയായി കഴിഞ്ഞുകൂ ടി. ഈ കാലഘട്ടം ഏറെ പ്രയാസമേറിയതായിരുന്നു. അറബി ക്രിസ്ത്യാനികളുടെ ഷെയ്ക്കായിരുന്ന ഹാരിത്ത് (Harith, A. D. 530 - 572) തിയഡോറാ രാജ്ഞിക്ക് നിവേദനം സമർപ്പിക്കുക യും വി. യാക്കോബിനെ ജയിലറയിൽനിന്ന് മോചിപ്പിക്കുകയും ചെയ്തു.

ജസ്റ്റിനിയൻ രാജാവ് കൽക്കിദുനാ തീരുമാനങ്ങൾ പെ ാതുവായി നടപ്പിലാക്കാൻ ഉറച്ച നിലപാടെടുക്കുകയും അവ സ്വീകരിക്കാത്ത മെത്രാപ്പോലീത്തന്മാരെയും വൈദികരെയും പുറത്താക്കുകയും തടവിലാക്കുകയും നാടുകടത്തുകയും ചെ യ്തു. സിറിയ മുഴുവനിലും സമീപ രാജ്യങ്ങളിലുമുണ്ടായിരുന്ന സുറിയാനി സഭക്കാർക്ക് (യാക്കോബിനെ സ്വീകരിച്ച യാക്കോ ബായക്കാർ) ആത്മീയ ഇടയന്മാരില്ലാത്തതിനാൽ ഈ വിശ്വാസം മൃതപ്രായമായിത്തീർന്നു. പത്ത് വർഷത്തേക്ക് ഈ പ്രദേശങ്ങ ളിലെ ദൈവാലയങ്ങളിൽ കൂദാശകളില്ലാതെ ശൂന്യമായി കിട

ന്നു. വേദവിപരീതികളായ കൽക്കദൂനിയരിൽ നിന്ന് കൂദാശകൾ സ്വീകരിപ്പാൻ വിശ്വാസികൾക്ക് മനസ്സില്ലായിരുന്നു.

വി. യാക്കോബ് ബുർദോനൊ വിശ്വാസികളെ സന്ദർശിച്ച് സത്യവിശ്വാസത്തിൽ ഉറപ്പിക്കുന്നതിന് പരിശ്രമിച്ചു. അദ്ദേഹം സിറിയ, മെസപ്പൊട്ടോമ്യ, അർമേനിയ, കപ്പദോക്യ, കിലിക്യ, ഇത്തൂറിയ, പംഫൂല്യ, ലിബിയ, അബിസീനിയ മുതലായ രാജ്യങ്ങളിലെല്ലാം ചുറ്റി നടന്ന് പട്ടക്കാരെയും ശെമ്മാശന്മാരെയും വാഴിച്ച് നിയമിച്ചു. ഊണും ഉറക്കവുമില്ലാതെ യാത്രചെയ്ത് ഉണക്ക അപ്പം ഭക്ഷിച്ചും ഉപവസിച്ചും അദ്ദേഹം സഭയിൽ സത്യവിശ്വാസം നിലനിർത്തി. അദ്ദേഹത്തിന്റെ ഈ പരിശ്രമങ്ങളിൽ സഹായിച്ചവരായിരുന്നു ആസിയായിലെ മോർ യൂഹാനോനും (യക്കോബ് ബുർദാന വാഴിച്ച എഫേസോസിലെ മെത്രാപ്പോലീത്ത) വി. ആഹൂദേമെ സഹദായും (പേർഷ്യയിലെ രാജാവായ കിസ്രാ അനുഗർവ്വാൻ ഈ വിശുദ്ധനെ ഏ. ഡി. 575 ൽ വധിച്ചു) വി. യൂലിയാനും.

വി. യാക്കോബ് ബുർദോനൊയുടെ പ്രവർത്തനങ്ങൾ മൂലം, മൃതപ്രായമായ സഭ പുനരുജ്ജീവിച്ചു. ഇരുസ്വഭാവ വാദികളായ കത്തോലിക്ക മെത്രാന്മാരുടെയും ജസ്റ്റീനിയൻ ചക്രവർത്തിയുടെയും അവജ്ഞക്കെതിരെയുള്ള വിശുദ്ധന്റെ പ്രവർത്തനങ്ങൾ വിജയത്തിലെത്തി. കുപിതരായ പ്രതിയോഗികൾ അദ്ദേഹത്തെ പിടികൂടുന്നതിന് ഉത്തരവിറക്കുകയും പാരിതോഷികം പ്രഖ്യാപിക്കുകയും ചെയ്തു. യാചകന്റെ വസ്ത്രം ധരിച്ചും, അറബിവംശജരിൽ പ്രധാനികളായവരുടെ സഹായവും ചങ്ങാത്തവും, സിറിയ, ആസ്യ എന്നീ സ്ഥലങ്ങളിലെ ജനങ്ങളുടെ സഹകരണവുംകൊണ്ട് അദ്ദേഹം പിടിക്കപ്പെടാതെ രക്ഷപ്പെട്ടു.

അസ്സിമാനി (Assemani) രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ചും മറ്റു ചരിത്രകാരന്മാരുടെ വിവരണമനുസരിച്ചും വി. യാക്കോബ് ബുർദോനൊ ഏ. ഡി. 578 ജൂലൈ 30-ാം തീയതി കാലം ചെയ്തു. മോർ ദുമാനോസിന്റെ ദയറായുടെ ദൈവാലയ ഹൈക്കലായിൽ കബറടക്കുകയും ചെയ്തു.

വി. യാക്കോബ് ബുർദോനൊ മേൽപട്ടക്കാരനെന്ന നിലയിൽ 37 വർഷങ്ങൽ (ഏ. ഡി. 541-578) സുറിയാനി സഭയിൽ ശുശ്രൂഷ

ചെയ്തു. അദ്ദേഹം 73-ാം വയസ്സിൽ കാലം ചെയ്തുവെന്ന് റെനൊഡോട്ട് (Renaudot) അഭിപ്രായപ്പെടുന്നു. ഏ. ഡി. 621ൽ തെല്ലാ നഗരത്തിലെ (വിശുദ്ധന്റെ ജന്മസ്ഥലം) എപ്പിസ്കോപ്പായ മോർ സക്കായ്, മോർ ദുമാനോസിന്റെ ദയറായിൽ നിന്ന് വിശുദ്ധന്റെ തിരുശേഷിപ്പുകൾ അദ്ദേഹത്തിന്റെ ദയറായിൽ കൊണ്ടുവന്നു സംസ്കരിക്കുകയും ചെയ്തു. വി. യാക്കോബ് ബുർദൊനൊയുടെ തിരുശേഷിപ്പുകൾ ചേലാട് (കോതമംഗലത്തിനടുത്ത്) സെന്റ് സ്റ്റീഫൻസ് ബസാനിയ പള്ളിയിൽ പരിശുദ്ധ ചാത്തുരുത്തിൽ തിരുമേനി സ്ഥാപിച്ചിട്ടുണ്ട്. ഈ വിശുദ്ധന്റെ പെരുന്നാൾ നവംബർ 28 ന് സുറിയാനി സഭ ആഘോഷിക്കുന്നു.

# സ്രൂഗിലെ മോർ യാക്കോബ്

**(c. ഏ. ഡി. 451 – 521)**

മോർ യാക്കോബിന്റെ ജനനം സ്രൂഗ് (സാരുഗ്) ജില്ലയിലെ കോർട്ടം (Kurtam) എന്ന ഗ്രാമത്തിലായിരുന്നു. മെസപ്പെട്ടോമിയൻ ഗ്രാമമായ ഉറഹാ (Edessa)യ്ക്ക് വളരെയടുത്തുള്ള കോർട്ടം ഇപ്പോൾ കുർട്ടക് (Kurtak) എന്നാണറിയപ്പെടുന്നത്. യാക്കോബിന്റെ പിതാവ് ഒരു പുരോഹിതനായിരുന്നു. സെഖര്യ പുരോഹിതനെ പോലെ വാർധക്യത്തിലാണ് മകനായ യാക്കോബ് ജനിച്ചത്.

യാക്കോബിന് മൂന്നുവയസ്സ് പ്രായമുള്ളപ്പോൾ ഉണ്ടായ ഒരു സംഭവം ചില എഴുത്തുകാർ വിവരിക്കുന്നുണ്ട് (e.g., Aphrem, 1963; Jacob of Serugh, 1997). അതിപ്രകാരമാണ്:ദനഹാ (കർത്താവിന്റെ മാമോദീസ പെരുന്നാൾ) പെരുന്നാളിന് പൈതലിനെ ദൈവാലയത്തിൽ കൊണ്ടുപോയി. പ്രധാനാചാര്യൻ പരിശുദ്ധാത്മാവിന്റെ വിളിയുടെ പ്രാർത്ഥനാസമയത്ത് പൈതൽ മാതാവിന്റെ കൈവിട്ട് ജനക്കൂട്ടത്തിനിടയിലൂടെ മദ്ബഹായിലെത്തി. ത്രോണാസിനെ സമീപിക്കുകയും മൂന്നു പ്രാവശ്യം തലകുനിച്ച് വന്ദിക്കുകയും രണ്ടു കൈകളും നീട്ടി നിറയെ എടുത്ത് കുടിച്ച് (മാലാഖ കൊടുത്തു എന്നും ചിലർ രേഖപ്പെടുത്തിയിട്ടുണ്ട്) സന്തോഷവാനായി അമ്മയുടെ അടുത്ത് തിരിച്ചെത്തുകയും ചെയ്തു.

ഏകദേശം 20 വയസ്സായപ്പോൾ ഉറഹായിലെ വിദ്യാലയത്തിൽ പഠിച്ചിരുന്നതായി അദ്ദേഹത്തിന്റെ തന്നെ ഒരു കത്തിൽ കാണുന്നു (cited in Jacob of Serugh, 1997). ഉറഹായിലെ വിദ്യാലയം സെനൊ (Zeno) ചക്രവർത്തി ഏ. ഡി. 489 ൽ അടച്ചുപൂട്ടി. അതിനാൽ മോർ യാക്കോബ് തന്റെ പ്രസംഗങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും സത്യവിശ്വാസം പഠിപ്പിക്കുന്നതിന് അക്ഷീണം യത്നിച്ചു.

22 വയസ്സുള്ളപ്പോൾ വിദ്യാഭ്യാസം പൂർത്തിയാക്കി പുരോഹിതനായി. പുരോഹിതനെന്ന നിലയിലും കോർ എപ്പിസ്കോപ്പാ എന്ന നിലയിലും ഉറഹായ്ക്കടുത്തുള്ള ഹേവ്റ (Hawra) ഗ്രാമ

ത്തിൽ പ്രവർത്തിച്ചു. കോറെപ്പിസ്കോപ്പായായിരുന്നപ്പോഴാണ് മെമ്രാകളില ധികവും രചിച്ചത്. തത്വത്തെക്കാൾ പ്രായോഗിക തയ്ക്കു പ്രാധാന്യം നൽകിക്കൊണ്ടുള്ള ധർമ്മോപദേശങ്ങൾ (Homilies) ധാരാളം രചിച്ചിട്ടുണ്ട്. അവയിൽ 17 എണ്ണം ബ:കൊല്ലംപറമ്പിൽ തോമസച്ചൻ സുറിയാനിയിൽ നിന്നും ഇംഗ്ലീഷിലേക്ക് തർജ്ജമചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട് (Jacob of Serugh, 1997). 760 ലധികം മെമ്രാകൾ നിലവിലുണ്ട്. അവ എഴുതുന്നതിനായി അക്കാലത്ത് എഴുപതിലധികം ഗുമസ്ഥന്മാരുടെ സേവനം ഉപയോഗപ്പെടുത്തിയിരുന്നതായി ബാർ എബ്രായ രേഖപ്പെടുത്തിയിട്ടുണ്ട് (cited in Smith & Wace, 1882).

വിശ്വാസപരമായ കാര്യങ്ങളിൽ കൽക്കദുനൃരുടെ പീഡനിമിത്തം സഭാമക്കൾ വളരെയധികം ചിതറിപ്പോയെങ്കിലും സമകാലീനരായ അന്ത്യോഖ്യായുടെ മോർ സേവേറിയോസ് പാത്രിയർക്കീസ് (460–538), മാബൂഗിലെ മോർ ഫിലക്സിനോസ് (450–523) എന്നിവരുമായി ചേർന്ന് പ്രവർത്തിച്ച് സത്യവിശ്വാസം നിലനിർത്തി. c. A. D. 519 ൽ സ്രുഗിലെ പ്രധാന പട്ടണമായ (ഉറഹായിൽ നിന്ന് 10 മൈൽ ദൂരമുള്ള) ബത്ത്നോവനിലെ (Batnae) മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു.

മോർ യാക്കോബിന്റെ മെമ്രാകൾ പഴയനിയമ പ്രവാചകന്മാരെ സംബന്ധിച്ചും പെരുനാളുകളിൽ നൽകേണ്ട ധർമ്മോപദേശങ്ങളും, മാലാഖമാരെ സംബന്ധിച്ചും, ദൈവപുത്രനെ സംബന്ധിക്കുന്ന രഹസ്യങ്ങൾ ഉൾപ്പെട്ടവയുമാണ്. ഇവ കൂടാതെ നിരവധി എഴുത്തുകളും 50 പ്രസംഗങ്ങളും ദയറാകൾക്കും സ്നേഹിതന്മാർക്കും പള്ളികൾക്കും ഇടവകക്കാർക്കുമായി എഴുതിയ 45 ലേഖനങ്ങളും, രണ്ട് കുർബ്ബാന തക്സാകളും, നമ്മുടെ കർത്താവിന്റെ ജനനപെരുന്നാൾ ദിവസം സമാധാനം കൊടുക്കുന്ന സമയത്തേക്കുള്ള പ്രാർത്ഥനയും, മാമോദീസായുടെ ഒരു ക്രമവും, സന്യാസി ശ്രേഷ്ഠന്മാരായ മോർ ദാനിയേലിന്റെയും മോർ ഹാനനിയായുടെയും ജീവചരിത്രങ്ങളും ഈ വിശുദ്ധൻ രചിച്ചിട്ടുണ്ട് (Aphrem, 1963).

മോർ അഫ്രേമിനു (306–373) നു ശേഷം സുറിയാനി സഭയിൽ തിളങ്ങിയ പരിശുദ്ധനാണ് മോർ യാക്കോബ്. മോർ യാക്കോബിന്റെ മെമ്രാകൾ സാധാരണ ജനങ്ങൾക്ക് എളുപ്പത്തിൽ

മനസ്സിലാക്കുവാൻ കഴിയുന്നവയാണ്. പദങ്ങളുടെ സമ്പന്നതയിലും, ലളിതമായ ആശയപ്രകാശനത്തിലും മോർ യാക്കോബ്, മോർ അഫ്രേമിനു തൊട്ടടുത്ത സ്ഥാനം അലങ്കരിക്കുന്നുവെന്ന് Prof. W. Wright അഭിപ്രായപ്പെട്ടിട്ടുണ്ട് (cited by Smith & Wace, 1882).

മേരിയും ഗോഗുൽത്തായും എന്ന മെമ്രാ രചിച്ചു പൂർത്തിയാക്കുന്നതിനുമുമ്പ് ഏ. ഡി. 521 നവംബർ 29-ാം തീയതി കാലം ചെയ്തു. വലിയ ബഹുമാനത്തോടും ആദരവോടും കൂടെ വിശുദ്ധന്റെ ശരീരം സ്രുഗിലെ ദൈവാലയത്തിന്റെ ഹൈക്കലായിൽ സംസ്കരിച്ചു. കബറിടത്തിലെ ഫലകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. 'സത്യവിശ്വാസം ക്രോഡീകരിച്ചവനും ആത്മീയ പണ്ഡിതനുമായ സുറിയാനിക്കാരനായ സാരൂഗിലെ മോർ യാക്കോബ്'. ഇദ്ദേഹത്തിന്റെ പെരുന്നാൾ നവംബർ 29-ാം തിയ്യതി സുറിയാനി സഭ ആഘോഷിക്കുന്നു

# പരിശുദ്ധനായ പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവാ

(എ. ഡി. 1799 – 1894)

പരിശുദ്ധനായ പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവാ മലങ്കര സഭയ്ക്ക് അവിസ്മരണീയനാണ്. ഇദ്ദേഹത്തിന്റെ മലങ്കരസഭയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമെങ്കിലും മറ്റു ജീവചരിത്ര വിശദാംശങ്ങൾ ലഭ്യമല്ല.

പ. പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവാ 1799 ൽ മൂസലിൽ (ഇറാഖ്) ജനിച്ചു. ബാവയുടെ ബാല്യകാലം മോർ ഹനനിയായുടെ ദയറായിൽ (അഥവാ സഫറാൻ ദയറ) ചില വഴിച്ചു. വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി. കശീശയായി. പത്രോസ് കശീശായെ 1846–ൽ പരിശുദ്ധ ഏലിയാസ് രണ്ടാമൻ ബാവാ മോർ യൂലിയോസ് എന്ന പേരിൽ സിറിയായുടെ മെത്രാപ്പോലീത്തയായി വാഴിച്ചു. 1847 ൽ പ. ഇഗ്നാത്തിയോസ് ഏലിയാസ് രണ്ടാമൻ ബാവാ കാലംചെയ്തു. 1847 ൽ പ. യാക്കോബ് രണ്ടാമൻ ബാവാ പാത്രിയർക്കീസായി സ്ഥാനമേറ്റു. 1871 ൽ പ. ഇഗ്നാത്തിയോസ് യാക്കോബ് രണ്ടാമൻ ബാവാ കാലം ചെയ്തു. 1872 ഇടവം (മിഥുനം?) 4–ാം തീയതി പെന്തിക്കൊസ്തി ദിവസം മോർ യൂലിയോസ് പത്രോസ് മെത്രാപ്പോലീത്ത പത്രോസ് നാലാമൻ എന്ന പേരിൽ പാത്രിയർക്കീസായി സ്ഥാനമേറ്റു.

പരിശുദ്ധ പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവാ പത്രോസ് മൂന്നാമൻ എന്നും അറിയപ്പെടുന്നുണ്ട്. പരിശുദ്ധ പത്രോസ് പാത്രിയർക്കീസ് ബാവാ കൊച്ചി കോട്ടപ്പള്ളിയിൽ നിന്നും 1877 മകരം 15–ാം തീയതി എഴുതിയ കല്പനയുടെ പരിഭാഷയിൽ മൂന്നാമത്തെ പത്രോസ് ഇഗ്നാത്തിയോസ് പാത്രിയർക്കീസെന്നാണ് എഴുതിയിരിക്കുന്നത്. എന്നാൽ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ മുളന്തുരുത്തി സുന്നഹദോസിനെ പരാമർശിച്ചെഴുതിയിരിക്കുന്നത് പരിശുദ്ധ പാത്രിയർക്കീസ് പത്രോസ് നാലാമൻ എന്നാണ്.

ചരിത്രഗവേഷണം വളരെ ബുദ്ധിമുട്ടുള്ള ഒരു മേഖലയാണ്. കൂടുതൽ പുസ്തകം പരിശോധിക്കുമ്പോൾ പലപ്പോഴും വ്യത്യസ്തതകൾ വർധിക്കുകയും ചെയ്യും. ഈ സന്ദർഭങ്ങളിൽ രണ്ട് മാർഗ്ഗങ്ങൾ അവലംബിക്കാറുണ്ട്.

1. ഭൂരിപക്ഷം പേരുടെ അഭിപ്രായങ്ങൾ അംഗീകരിക്കുക. 2. ആ കാലഘട്ടത്തിനോടടുത്ത് ചരിത്രരചന നടത്തിയിട്ടുള്ളവരുടെ കാര്യകാരണ വിവരണം സ്വീകരിക്കുക. ഈ വിഷയത്തിൽ പരിശുദ്ധ അപ്രേം പ്രഥമൻ ബാവായുടെ പത്രോസ് നാലാമൻ എന്ന പ്രയോഗമാണ് സ്വീകാര്യം. കാരണം പത്രോസ് ശ്ലീഹാ (ഒന്നാമൻ) ഏ. ഡി. -37-67, പത്രോസ് രണ്ടാമൻ the fuller - ഏ. ഡി. 468 - 488; പത്രോസ് മൂന്നാമൻ-ഏ. ഡി. 581-591 ; പത്രോസ് നാലാമൻ -ഏ. ഡി.. 1872-1894, മേൽ വിവരിച്ച പാത്രിയർക്കീസന്മാർ യഥാക്രമം സിംഹാസനത്തിലെ 1, 34, 40, 116-ാമത്തെ പിൻഗാമികളായിരുന്നു. ഈ ക്രമത്തിന്റെ ആധികാരിക ഗ്രന്ഥം യാക്കോബ് തൃതീയൻ ബാവാ രചിച്ച (1985) പുസ്തകമാണ് (പേജ് 4). ആ പുസ്തകത്തിൽ നാം 121-ാമത്തെ നിയമാനുസൃത പാത്രിയർക്കീസാകുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വന്ദ്യ കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പാ രചിച്ച സുറിയാനി സഭ എന്ന ഗ്രന്ഥത്തിലെ (സഭാമാസികയെ ആധാരമാക്കിയ പട്ടിക-പേജ് 752) വിവരണം വ്യത്യസ്തമാണ്.

മലങ്കരസഭയിലെ മേല്പട്ടക്കാരെ സംബന്ധിച്ച് പ. പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവായുടെ 1874 ഫെബ്രുവരി 25 ലെ കല്പനയിലെ പരാമർശം ഈ കാലഘട്ടത്തിലും അന്വർത്ഥമാണ്. നിങ്ങളുടെ മെത്രാപ്പോലീത്തന്മാർ പട്ടമേല്ക്കുന്ന സമയത്ത് ചെയ്യുന്ന വാഗ്ദാനങ്ങൾ പാലിക്കുന്നില്ല. പട്ടമേല്ക്കുന്നതിന് മുമ്പ് വലിയ പരമാർത്ഥികളും വിനീതരുമായി അഭിനയിക്കുന്നു. ഭരണാധികാരത്തിന്റെ വടി പിടിച്ചുപറ്റിയശേഷം പ്രശംസയുടെ (നിഗളത്തിന്റെ) അങ്കിയും അണിയുന്നു. എന്തെന്നാൽ ദ്രവ്യാഗ്രഹം അവരുടെ നിരൂപണങ്ങളെ കുരുടാക്കുന്നു . . .

പ. പത്രോസ് നാലാമൻ ബാവായുടെ മലങ്കരസഭാ സേവനത്തിൽ എടുത്തുപറയാവുന്ന മൂന്നു പ്രധാന കാര്യങ്ങളുണ്ട്.

1. പ്രൊട്ടസ്റ്റന്റ് നവീകരണത്തിൽനിന്നും മലങ്കരയിലെ സുറിയാനി സഭയെ സംരക്ഷിച്ചു.

2. മുളന്തുരുത്തി സുന്നഹദോസ് വിളിച്ചു കൂട്ടുകയും, ഭരണ ക്രമമുണ്ടാക്കുകയും, പ. പരുമല കൊച്ചുതിരുമേനിയുൾപ്പെടെ 6 മെത്രാപ്പോലീത്തന്മാരെ വാഴിക്കുകയും ചെയ്തു.

3. വി. മൂറോനില്ലാതെ മാമോദീസ നടത്തുന്നുവെന്നറിഞ്ഞ് മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽവച്ച് വി. മൂറോൻ കൂദാശ നടത്തി.

മലങ്കരയിലെ സുറിയാനി സഭാവിശ്വാസികൾ പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസിന്റെ നവീകരണ ശ്രമങ്ങളിൽ അസ്വസ്ഥരായിരുന്നു. നവീകരണക്കാർ വി. കുർബ്ബാന സമയത്ത് മദ്ബഹായിൽ തിരി കത്തിക്കുകയോ, ധൂപാർപ്പണം നടത്തുകയോ വി. കുർബ്ബാനയുടെ പ്രാരംഭ മാനിസ (നിൻ മാതാവു വിശുദ്ധന്മാർ . . .) ചൊല്ലുകയോ ചെയ്തിരുന്നില്ല. തുബ്ദേനിലെ സഭാപിതാക്കന്മാരുടെ പേരുകൾ സ്മരിക്കുകയോ മരിച്ചുപോയവരെ ഓർക്കുകയോ ചെയ്തിരുന്നില്ല. ദൈവമാതാവിനോടും പരിശുദ്ധന്മാരോടുമുള്ള മധ്യസ്ഥപ്രാർത്ഥനകൾ നീക്കം ചെയ്ത് ചെറുപ്രാർത്ഥനാ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

മേൽവിവരിച്ച നവീകരണ നീക്കങ്ങൾ തടയുന്നതിന് പുണ്യശ്ലോകനായ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനി പരിശ്രമിച്ചു. പാലക്കുന്നത്ത് തിരുമേനിയുടെ തിരുവെഴുത്തുവിളംബരം അസ്ഥിരപ്പെടുത്താൻ തിരുവിതാംകൂർ ദിവാന് അപേക്ഷ കൊടുത്തെങ്കിലും സാധിച്ചില്ല. ഈ പ്രയാസങ്ങൾ പുലിക്കോട്ടിൽ തിരുമേനി പ. പത്രോസ് നാലാമൻ ബാവായെ അറിയിച്ചു. ആ താത്പര്യം പരിഗണിച്ച് 1874 ആഗസ്റ്റ് 14-ാം തീയതി കുസ്തന്തിനോസ്പോലീസിൽ നിന്നും സമുദ്രമാർഗ്ഗം യാത്രതിരിച്ചു. യാത്രയിൽ ഊർശ്ലേമിന്റെ മെത്രാപ്പോലീത്തയായി വാഴിച്ച തന്റെ പ്രിയ ശിഷ്യൻ ഗ്രിഗോറിയോസും (മുമ്പ് അബ്ദുൾ സത്തുക്കി റമ്പാച്ചൻ) ഉണ്ടായിരുന്നു.

ലണ്ടനിലെത്തിയ പ. ബാവാ ഇന്ത്യൻ കാര്യങ്ങളുടെ ചുമതല വഹിക്കുന്ന സാലിസ്ബറി പ്രഭുവിന് നിവേദനം കൊടുക്കുകയും വിക്ടോറിയ രാജ്ഞിയെ സന്ദർശിക്കുകയും ചെയ്തു. അതിന്റെ ഫലമായി ഇന്ത്യയിലെ അധികാരികളുടെ പേർക്ക് ഉത്തരവുകൾ

പ. ബാവായ്ക്കു ലഭിച്ചു. ഈ ആവശ്യങ്ങൾക്കായി പ. ബാവാ ഏഴു മാസങ്ങൾ ലണ്ടനിൽ താമസിക്കുകയുണ്ടായി.

പുലിക്കോട്ടിൽ തിരുമേനി പ. ബാവാ മലങ്കരയിലേക്ക് എഴുന്നള്ളി അനുഗ്രഹിക്കണമെന്നപേക്ഷിച്ചുകൊണ്ട് 1875 ജനുവരി 11-ാം തീയതി ഒരു കത്തയച്ചു. ആ താത്പര്യം പരിഗണിച്ച് 1875 മീനമാസം 22-ാം തീയതി ലണ്ടനിൽനിന്ന് ഈജിപ്തുവഴി യാത്രചെയ്ത് മെയ് 7-ാം തീയതി ബോംബെയിലെത്തി. 15-ാം തീയതി ബോംബെയിൽനിന്ന് തീവണ്ടിമാർഗ്ഗം നീലഗിരിയിലെത്തി. ഗവർണറെ കാണുകയും മൂന്നു ദിവസം ഗവർണറുടെ അതിഥിയായി താമസിക്കുകയും ചെയ്തു. (മദ്രാസ് ഗവർണർ വേനൽക്കാലത്ത് നീലഗിരിയിൽ താമസിച്ചിരുന്നു). മിഥുനം 26-ാം തീയതി തിരുവനന്തപുരം മഹാരാജാവിനെ സന്ദർശിക്കുകയും ചെയ്തു.

മേൽവിവരിച്ച സന്ദർശനങ്ങളും രാഷ്ട്രീയ ഇടപെടലുകളും ഫലവത്താകുകയും 1876-ാമാണ്ട് മാർച്ച് മാസം 4-ാം തീയതി പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസിന്റെ തിരുവെഴുത്തുവിളംമ്പരം റദ്ദ് ചെയ്യുകയും അതിന്റെ പകർപ്പുകൾ പ. പാത്രിയർക്കീസ് ബാവായ്ക്കു ലഭിക്കുകയും ചെയ്തു. മലങ്കരസഭ 19-ാം നൂറ്റാണ്ടിലെ വേദവിപരീതത്തിൽ നിന്നും നവീകരണ കൗശലങ്ങളിൽ നിന്നും വിമുക്തമായി.

1876-ാമാണ്ട് ജൂൺമാസം 28-ാം തീയതി ചൊവ്വാഴ്ച പ. പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവ മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ സുന്നഹദോസ് വിളിച്ചുകൂട്ടി. ഈ സുന്നഹദോസിന്റെ നടപടികളിൽ വന്ദ്യ ഗീവറുഗീസ് റമ്പാൻ (പിന്നീട് ചാത്തുരുത്തിൽ കൊച്ചുതിരുമേനി) പ. ബാവായുടെ സെക്രട്ടറിയും ദ്വിഭാഷിയുമായി പ്രവർത്തിച്ചു. ഈ സുന്നഹദോസിൽ ഊർശ്ലേമിന്റെ മെത്രാപ്പോലീത്താ മോർ ഗ്രിഗോറിയോസും പുലിക്കോട്ടിൽ തിരുമേനിയും മലങ്കരയിലെ വൈദികരും പള്ളിപ്രതിനിധികളും സംബന്ധിച്ചു.

മുളന്തുരുത്തി സുന്നഹദോസിന്റെ ഫലമായി മലങ്കരസഭയിൽ ക്രമീകൃതമായ ഭരണം ആരംഭിക്കുകയും സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, മാനേജിംഗ് കമ്മറ്റി എന്നിവ

രൂപീകരിക്കപ്പെടുകയും ചെയ്തു. ഭദ്രാസന വിഭജനം നടത്തിയ തനുസരിച്ച് 6 മെത്രാപ്പോലീത്തന്മാരെ വാഴിക്കുകയും ചെയ്തു. ഈ രീതിയിൽ ജനായത്ത ഭരണക്രമം വിഭാവനംചെയ്തു.

1876 ആഗസ്റ്റ് 15-ാം തീയതി മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽവച്ച് വി. മൂറോൻ കൂദാശ നടത്തിയ പ. ബാവ രണ്ടു വർഷങ്ങൾ മലങ്കരയിൽ താമസിച്ച് സഭാഭരണം ക്രമീകരിച്ചതിന്റെ ശേഷം 1877 മെയ് 16-ാം തീയതി ബോംബെയിൽ നിന്ന് ഊർശ്ലേമിലേക്ക് കപ്പൽ കയറി.

പ. പത്രോസ് നാലാമൻ ബാവാ 1894 ഏപ്രിൽ 21-ാം തീയതി കാലം ചെയ്ത് കുർക്കുമ ദയറായിൽ കബറടക്കി. പ. പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവായുടെ ഓർമ്മ പെരുന്നാൾ ഏപ്രിൽ 21-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# പരിശുദ്ധ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ

**(ഏ. ഡി. 1887 – 1957)**

മൂസലിലെ (Mosul, Iraq) ശ്രേഷ്ഠമായ ബർസൗം കുടുംബത്തിൽ എസ്തേഫാന്റെയും ശൂശാന്റെയും മകനായി 1887 ജൂൺ മാസം 15-ാം തീയതി അപ്രേം ജനിച്ചു. ഇയ്യോബ് എന്നായിരുന്നു മാമോദീസാ പേര്.

1905-ൽ ടർക്കിയിലെ മർദ്ദീൻ പട്ടണത്തിലുള്ള സഫറാൻ (Zafaran) ദയറായിൽ വൈദിക വിദ്യാഭ്യാസം ആരംഭിച്ചു. 1905 തുലാം 31-ാം തീയതി മോർ ദീവാന്നാസിയോസ് ബഹനാൻ മെത്രാപ്പോലീത്തായിൽനിന്ന് യൗഫുദിയക്നോ പട്ടം സ്വീകരിച്ച് കുർക്കുമ ദയറായിൽ താമസിച്ചു. 1907 മേടം 1-ാം തീയതി റമ്പാനാക്കുകയും 1908 മീനം 8-ാം തീയതി കശീശയായി പട്ടം കൊടുക്കുകയും ചെയ്തു.

1911 ൽ ദയറായിലെ അച്ചടിശാലയുടെ ചുമതല അപ്രേം കശീശായെ ഏല്പിച്ചു. 1916 ൽ പ. അബ്ദുള്ള ദ്വിതീയന്റെ പാത്രിയർക്കീസ് ബാവായുടെ പിൻഗാമിയെ തെരഞ്ഞെടുക്കുന്നതിന് ഊർശ്ലേം മെത്രാപ്പോലീത്തായുടെ പ്രതിനിധിയായി സുന്നഹദോസിൽ സംബന്ധിച്ചു. 1918 മെയ് 20-ാം തീയതി മർദ്ദീനിലെ സിംഹാസന പള്ളിയിൽവച്ച് പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ സിറിയാ ഭദ്രാസനത്തിനുവേണ്ടി മോർ സേവേറിയോസ് അപ്രേം എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു.

1913-1926 കാലഘട്ടത്തിൽ ഓക്സ്ഫോർഡ്, കേംബ്രിഡ്ജ്, തുടങ്ങി വിശ്വപ്രസിദ്ധ സർവ്വകലാശാലകളിലും, ലൈബ്രറികളിലും പര്യടനം നടത്തി. ഗവേഷണ ചാതുര്യത്തോടെ ഗ്രന്ഥങ്ങളും ലേഖനങ്ങളും തയ്യാറാക്കി. അഭിവന്ദ്യ തിരുമേനി 1927 ൽ പ. പാത്രിയർക്കീസ് ബാവായുടെ നിർദ്ദേശപ്രകാരം സർവ്വരാജ്യസഖ്യത്തിൽ (League of Nations) ഒന്നാം ലോകമഹായുദ്ധശേഷം സുറിയാനിക്കാർക്കുണ്ടായ ബുദ്ധിമുട്ടുകളെക്കുറിച്ച് സംസാരിച്ചു.

പരിശുദ്ധ പാത്രിയർക്കാ പ്രതിനിധി എന്ന നിലയിൽ അമേരിക്ക, കാനഡ മുതലായ രാജ്യങ്ങൾ സന്ദർശിച്ച് സുറിയാനി

ക്കാരായ കുടിയേറ്റക്കാർക്കുവേണ്ടി പള്ളികൾ പണിയുന്നതിന് നേതൃത്വം നൽകി. സുറിയാനി സഭയെയും ഭാഷയെയും സംബന്ധിച്ച് പ്രൊവിഡൻസ്, ചിക്കാഗോ എന്നീ സർവ്വകലാശാലകളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ചിക്കാഗോ സർവ്വകലാശാല പൗരസ്ത്യ സംഘത്തിൽ (Asiatic Society) ബാവായ്ക്ക് അംഗത്വം നൽകി ആദരിച്ചു. 1927-ൽ (ആഗസ്റ്റ് 3-21) അപ്പോസ്തോലിക പ്രതിനിധിയെന്ന നിലയിൽ വിശ്വാസം, ക്രമം (faith and order) എന്നിവയെ സംബന്ധിച്ച് ജനീവ, ലുസാൻ എന്നീ സ്ഥലങ്ങളിൽ നടന്ന ലോക സമ്മേളനങ്ങളിൽ സംബന്ധിച്ചു.

ഹോംസിലെ മെത്രാസന അരമനയും ബെയ്റൂട്ടിലെയും അലപ്പൊ, ലബനോനിലെ സഹലേ എന്നിവിടങ്ങളിലെ ദൈവാലയങ്ങളും പണികഴിപ്പിച്ചു. സഹലേ പട്ടണത്തിൽ ഒരു വൈദിക സെമിനാരി സ്ഥാപിച്ചു. പിന്നീട് ഈ സെമിനാരി മൂസലിലേക്കും ബെയ്റൂട്ടിലേക്കും മാറ്റുകയുണ്ടായി.

പ. ഏലിയാസ് തൃതീയൻ ബാവാ കാലം ചെയ്തപ്പോൾ കൈമാഖമായി തെരഞ്ഞെടുക്കപ്പെട്ടു. 1933 ജനുവരി 16-ാം തീയതി സമ്മേളിച്ച ആകമാന സുറിയാനി സഭയുടെ സുന്നഹദോസ് മോർ സേവേറിയോസ് അപ്രേം മെത്രാപ്പോലീത്തായെ പാത്രിയർക്കീസായി തെരഞ്ഞെടുത്തു. 1933 ജനുവരി 30-ാം തീയതി ഹോംസിൽ വച്ച് സ്ഥാനാരോഹണം നടന്നു.

പരിശുദ്ധ പാത്രിയർക്കീസ് ബാവാമാരുടെ ഗണത്തിൽ പ. മിഖായേൽ റാബോ (1166-1199) ബാവായെപ്പോലെ വിഖ്യാതനാണ് അപ്രേം പ്രഥമൻ ബാവാ. മുപ്പത് വർഷത്തിലധികം (1906-1936) ചരിത്രസംബന്ധമായ ഗവേഷണത്തിലും രചനയിലും ബാവാ ശ്രദ്ധപതിപ്പിച്ചു. സുറിയാനി, അറബി, ലാറ്റിൻ, ഫ്രഞ്ച്, ജർമ്മൻ എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യുമായിരുന്നു. ബാർ എബ്രായയുടെ കാലഘട്ടത്തിനുശേഷമുള്ള (1286-1940) സഭാ ചരിത്രത്തിലാണ് ഏറെ സംഭാവനകൾ നൽകിയിട്ടുള്ളത്. കുർക്കുമ ദയറായുടെ ചരിത്രം, സുറിയാനി ഭദ്രാസന ഇടവകകളുടെ ചരിത്രം (1687-1768), പുതിയനിയമസഭയുടെ നാലാം നൂറ്റാണ്ടുവരെയുള്ള ചരിത്രം, സുറിയാനിക്കാരായ ദൈവവിജ്ഞാന പണ്ഡിതരുടെ ജീവചരിത്രങ്ങൾ, തുറബ്ദീന്റെ ചരിത്രം, *Unstrung pearls, The shorter catechism of the Syrian Orthodox Church, The*

*spiritual treasure of canonical prayers,* അറബി-സുറിയാനി നിഘണ്ടു എന്നിവ അവയിൽ ചിലതു മാത്രമാണ്.

പ്രസിദ്ധീകരിക്കാത്ത നിരവധി പുസ്തകങ്ങളും ലേഖനങ്ങളും ഇന്നും കൈയെഴുത്തുപ്രതികളായി അവശേഷിക്കുന്നു എന്ന ദുഃഖസത്യം സുറിയാനിക്കാരായ സഭാമക്കളെ ചിന്തിപ്പിക്കേണ്ടതാണ്. ഇതുവരെ പ്രസിദ്ധീകരിക്കാത്ത അറബിയിലും സുറിയാനിയിലും എഴുതിയ കൈയെഴുത്തുപ്രതികൾ ഇംഗ്ലീഷിലും മലയാളത്തിലും വിവർത്തനം ചെയ്യുക എന്ന ദൗത്യം ഏറ്റെടുക്കേണ്ടത് അത്യാവശ്യമാണ്. 1943-ൽ അഫ്രേം പ്രഥമൻ ബാവാ അറബിയിൽ പ്രസിദ്ധീകരിച്ച ചിതറിയ മുത്തുകൾ എന്ന ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ്, മലയാളം പരിഭാഷകൾ ഇപ്പോൾ ലഭ്യമാണ്.

ഹോംസ്, മർദ്ദീൻ, ഇറാഖ് എന്നിവിടങ്ങളിലെ ലൈബ്രറികളിലും വി. മർക്കോസിന്റെ മാളികയിലെ ലൈബ്രറിയിലും നിരവധി കൈയെഴുത്തുപ്രതികൾ ആധുനിക സാങ്കേതിക മാർഗ്ഗങ്ങളിലൂടെ സംരക്ഷിക്കുവാനും അടുത്ത തലമുറയ്ക്കു കൈമാറുന്നതിനും സുറിയാനി സഭയ്ക്കു സാധിക്കേണ്ടതാണ്. ഗവേഷണനൈപുണ്യത്തോടെ പ. ബാവാ എഴുതിയ ഗ്രന്ഥങ്ങളുടെ എണ്ണവും, ലഭ്യമായ കൈയെഴുത്തുപ്രതികളുടെ വിവരണങ്ങളും ഏതൊരു ഗവേഷകനും മതിയായ മാർഗ്ഗനിർദ്ദേശം നൽകുന്നവയാണ്. എന്നാൽ, അവയെല്ലാം വേണ്ടവിധം ഉപയോഗപ്പെടുത്തുന്നതിന് സംഘടിതമായ പരിശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു.

70 വർഷങ്ങൾ സഭയുടെ മുന്തിരിത്തോപ്പിൽ നല്ല ഇടയനായിരുന്ന ബാവാ 1957 ജൂൺ 23-ാം തീയതി കാലംചെയ്തു. ജൂൺ 27-ാം തീയതി ഹോംസിലെ സുനോറാ പള്ളിയുടെ വടക്കേ ത്രോണോസിന്റെ വടക്കുഭാഗത്തായി കബറടക്കി.

# പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ

(ഏ. ഡി. 1912 – 1980)

പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ മാമോദീസാ പേര് ശബാ എന്നായിരുന്നു. തോമായുടെയും ശ്മുനിയുടെയും മകനായ ശബാ 1912 ഒക്ടോബർ 13-ാം തീയതി ഇറാഖിലെ മൂസലിനടുത്തുള്ള ബർത്തലേ എന്ന ഗ്രാമത്തിൽ ജനിച്ചു. സ്വന്ത ഗ്രാമമായ ബർത്തലേയിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തി.

1923ൽ മോർ മത്തായിയുടെ ദയറായിൽ വൈദിക പഠനത്തിനായി ചേർന്നു. 1924 ൽ മോർ ക്ലിമ്മീസ് യൂഹാനോൻ മെത്രാപ്പോലീത്തായിൽ നിന്നും കോറൂയോ പട്ടവും 1929 ൽ പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായിൽനിന്നും യൗഫദിയക്കനൊ പട്ടവും സ്വീകരിച്ചു.

1931 മുതൽ 1933 വരെ ബെയ്റൂട്ടിലെ വൈദികപാഠശാലയിൽ സുറിയാനി മല്പാനായിരുന്നു. അറബി, ഇംഗ്ലീഷ്, ഫ്രഞ്ച് എന്നീ ഭാഷകൾ നന്നായി കൈകാര്യം ചെയ്യുമായിരുന്നു. 1933 കർക്കിടകം 20-ാം തീയതി പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിനായി മലങ്കരയിൽ നിന്നെത്തിയ അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവായോടുകൂടെ അബ്ദുൾ ആഹാദ് റമ്പാൻ 1933 ൽ മലങ്കരയിൽ വന്നു.

1934ൽ മോർ യൂലിയോസ് ഏലിയാസ് ബാവ അബ്ദുൾ ആഹാദ് റമ്പാനെ കശീശയാക്കി. റമ്പാച്ചൻ 1933 മുതൽ 1946 വരെ മഞ്ഞനിക്കരയിൽ താമസിക്കുകയും, തനിക്കു യൗഫദിയക്കനൊ പട്ടം തന്ന പ. ഏലിയാസ് തൃതീയന്റെ കബറിങ്കൽ ശുശ്രൂഷിക്കുകയും, വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിക്കുകയും ചെയ്തു.

1946ൽ അബ്ദുൾ ആഹാദ് റമ്പാച്ചൻ മൂസലിലേക്കു (ഇറാക്ക്) മടങ്ങിപ്പോയി. ഇദ്ദേഹത്തോടൊന്നിച്ചാണ് കൊച്ചി ഭദ്രാസന

മെത്രാപ്പോലീത്തയായി തിരഞ്ഞെടുക്കപ്പെട്ട, ചെറായി മുളയിരിക്കൽ പൗലോസ് റമ്പാച്ചനും വയലിപ്പറമ്പിൽ തോമസ് വറുഗീസ് കശീശായും മേല്പട്ട സ്ഥാനമേൽക്കുന്നതിനായി ഹോംസിലേക്കു യാത്രയായത്.

1946 മുതൽ 1950 വരെ റമ്പാച്ചൻ മൂസലിലെ മോർ അഫ്രേം വൈദിക സെമിനാരിയുടെ ചുമതല വഹിച്ചു. 1950ൽ അബ്ദുൾ ആഹാദ് റമ്പാച്ചനെ ബെയ്റൂട്ട്- ഡമാസ്കസ് ഇടവകകളുടെ മെത്രാപ്പോലീത്തയായി യാക്കോബ് മാർ സേവേറിയോസ് എന്ന പേരിൽ പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ വാഴിച്ചു.

1957 ജൂൺ 23-ാം തീയതി പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ കാലം ചെയ്തപ്പോൾ 1957 ഒക്ടോബർ 14-ാം തീയതി കൈമാഖാം (പാത്രിയർക്കീസിന്റെ താൽക്കാലിക ചുമതല വഹിക്കുന്ന ആൾ) കുരിയാക്കോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പരിശുദ്ധ സുന്നഹദോസ് യാക്കോബ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായെ പാത്രിയർക്കീസായി തിരഞ്ഞെടുക്കുകയും 1957 ഒക്ടോബർ 27-ാം തീയതി സ്ഥാനാരോഹണം നടത്തുകയും ചെയ്തു.

പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ സ്ഥാനാരോഹണം ചെയ്ത ഉടനെ സഭാ സമാധാനത്തിനുള്ള താല്പര്യം വ്യക്തമാക്കിക്കൊണ്ട് 1957 നവംബർ 11-ാം തീയതി 82-ാം നമ്പരായി കല്പന പുറപ്പെടുവിച്ചു. പാത്രിയർക്കീസ് പക്ഷം ഹൈക്കോടതിയിൽ പൂർണ്ണമായി വിജയിച്ചിരുന്ന അവസരത്തിലായിരുന്നു ഈ കല്പന. 1958 ഡിസംബർ 16-ാം തീയതിയിലെ 497-ാം നമ്പർ കല്പന പ്രകാരം മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയനെ കാതോലിക്കയായി സ്വീകരിച്ചു. എന്നാൽ 1963 ജനുവരി 3-ാം തീയതി മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാലം ചെയ്തു. തുടർന്ന് 1964 മെയ് 22-ാം തീയതി മോർ ഔഗേൻ തിമോത്തിയോസിനെ കാതോലിക്കയായി കോട്ടയത്തുവച്ച് വാഴിച്ചു.

പ. യാക്കോബ് തൃതീയൻ ബാവായുടെ, പാത്രിയർക്കീസെന്ന നിലയിലുള്ള 23 വർഷങ്ങളിലെ ശുശ്രൂഷകൾ അഭിമാനാർഹമാ

ണ്. ഈ കാലയളവിൽ രണ്ടു കാതോലിക്കന്മാരെയും, 13 മെത്രാപ്പോലീത്തന്മാരെയും വാഴിച്ചു. മലങ്കരയ്ക്കുവേണ്ടി 1970–75 കാലഘട്ടത്തിൽ 6 മെത്രാപ്പോലീത്തന്മാരെയും സിംഹാസന പ്രതിനിധിയായ മോർ തിമോത്തിയോസ് അഫ്രേം ആബൂദി മെത്രാപ്പോലീത്തായെയും വാഴിച്ചു.

പ. യാക്കോബ് തൃതീയൻ ബാവായുടെ സ്വരമാധുര്യം പ്രശംസനീയമാണ്. നിരവധി മണിക്കൂറുകളെടുത്ത് പാടിയ എക്കാറകൾ (സുറിയാനി രാഗങ്ങൾ) കാസറ്റുകളിലായി ഇന്ന് പ്രചാരത്തിലുണ്ട്. 1971 ഒക്ടോബറിൽ West Germany യിലെ ഗോറ്റിൻഗൻ സർവ്വകലാശാലയിൽ സുറിയാനി ഓർത്തഡോക്സ് സഭയെ സംബന്ധിച്ച് അവതരിപ്പിച്ച പ്രബന്ധം പരിശുദ്ധ ബാവായുടെ പാണ്ഡിത്യത്തിനും സുറിയാനി സഭയ്ക്കും അംഗീകാരമുണ്ടാക്കി. 1971 ലും 1980 ലും റോമൻ കത്തോലിക്കാ സഭയുമായി സഭൈക്യ ചർച്ചകൾ നടത്തുകയും പോപ്പിനെ സന്ദർശിച്ച് സംഭാഷണങ്ങൾ നടത്തുകയും സഭാബന്ധം ശക്തിപ്പെടുത്തുകയും ചെയ്തു.

ലബനോനിലെ അച്ചാനിയിൽ ആധുനിക രീതിയിൽ പണികഴിപ്പിച്ചിട്ടുള്ള അനാഥമന്ദിരം, വൈദിക സെമിനാരി, ബെയ്റൂട്ടിലെ മാർ സേവേറിയോസ് കോളേജ്, സഹലയിലെ മെത്രാസന അരമന, ദമസ്ക്കോസിലെ പാത്രിയർക്കാ ആസ്ഥാനം, മോർ അഫ്രേം ലൈബ്രറി എന്നിവ പരിശുദ്ധ ബാവായുടെ പരിശ്രമത്താൽ പരിപോഷിപ്പിക്കപ്പെട്ടവയാണ്.

1960ൽ W. C. C.യിൽ സുറിയാനിസഭ അംഗമാകുകയും നിരവധി വൈദികരെയും മെത്രാപ്പോലീത്തന്മാരെയും വിദേശങ്ങളിൽ ഉപരിപഠനത്തിനയയ്ക്കുകയും, സഭാ സമ്മേളനങ്ങളിൽ പ്രതിനിധികളെ അയയ്ക്കുകയും അതുവഴി സഭയുടെ മഹത്വം ഉയർത്തിക്കാട്ടുന്നതിന് പരിശ്രമിക്കുകയും ചെയ്തു.

1980 ജൂൺ 25-ാം തീയതി പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ 68-ാമത്തെ വയസ്സിൽ കാലംചെയ്തു. ജൂൺ 28-ാം തീയതി ദമസ്കോസിലെ പാത്രിയർക്കാ അരമനയോടു ചേർന്നുള്ള സെന്റ് ജോർജ്ജ് കത്തീഡ്രലിന്റെ മദ്ബഹായുടെ കിഴക്കുഭാഗത്തായി കബറടക്കിയിരിക്കുന്നു.

പ. ബാവായുടെ ഓർമ്മപ്പെരുന്നാൾ സുറിയാനി സഭ ജൂൺ 25-ാം തീയതി ആഘോഷിക്കുന്നു. പ. ബാവായുടെ ഭൗതിക തിരുശേഷിപ്പുകൾ 2016 ജൂൺ 29-ാം തീയതി മാറത്ത് സെയ്ദനായയിലെ സെന്റ് പീറ്റേഴ്സ് സെന്റ് പോൾസ് കത്തീഡ്രലിൽ പ്രത്യേകം തയ്യാറാക്കിയിരുന്ന സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിച്ചു.

# പരിശുദ്ധ മീഖായേൽ റബോ പാത്രിയർക്കീസ് ബാവാ

**(എ. ഡി. 1126 - 1199)**

മോർ മീഖായേൽ റാബോ പാത്രിയർക്കീസ് ബാവാ 12-ാം നൂറ്റാണ്ടിൽ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസന അധിപനായിരുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിൽ സിറിയായും മെസപ്പൊട്ടോമ്യയിലെ പല മേഖലകളും ജർമ്മൻ അധിനിവേശക്കാരുടെ കൈയേറ്റവും കവർച്ചയുംകൊണ്ട് യുദ്ധത്തിന്റെ നിഴലിലായിരുന്നു. സുറിയാനി സഭാംഗങ്ങളും അന്നു നിലനിന്നിരുന്ന അസ്വസ്ഥവും അസ്ഥിരവുമായ സാമൂഹ്യവ്യവസ്ഥിതിയിൽ ഉൾപ്പെട്ടിരുന്നതിനാൽ, വിശ്വാസത്തിൽ കുറവുള്ളവരും രക്ഷയെക്കുറിച്ച് പ്രത്യാശയില്ലാത്തവരും ചഞ്ചലമനസ്കരും ആശയകുഴപ്പത്തിലുൾപ്പെട്ടവരുമായിരുന്നു.

മേൽ വിവരിച്ച കാലഘട്ടത്തിലാണ് (എ. ഡി. 11126) മോർ മിഖായേൽ റാബോ (St. Michael , The Great) തുർക്കിയിലെ മിലാത്യ എന്ന സ്ഥലത്ത് ജനിച്ചത്. മിലാത്യ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിലുൾപ്പെട്ട സുറിയാനി സഭയുടെ ഒരു അതിരൂപതയായിരുന്നു. അന്ന് പരിശുദ്ധ സിംഹാസനത്തിൽ വാണിരുന്നത് മോർ അത്താനാസിയോസ് 7-ാമൻ അബു അൽ ഫറാജ് (എ. ഡി. 1091-1129) ആയിരുന്നു. വളരെ പണ്ഡിതനായിരുന്ന മോർ അത്താനാസിയോസ് 7-ാമൻ ബാവ മല്പാനായിരുന്ന സെയ്ദ് ഐബൻ അൽസബൂനിയെ മിലാത്യയിലെ മെത്രാപ്പോലീത്തയായി വാഴിച്ചു. മെത്രാപ്പോലീത്തയായി 40 ദിവസം തികയുന്നതിനുമുമ്പ് മിലാത്യയിലെ ബൈസന്റിയൻ ഭരണാധികാരിയായ ഗബ്രിയേൽ, മെത്രാപ്പോലീത്തായെ വധിച്ചു. ക്രൂരനായ ഗബ്രിയേൽ മെത്രാപ്പോലീത്തയ്ക്കെതിരായി പല രാഷ്ട്രീയ കുറ്റങ്ങളും ആരോപിച്ചിരുന്നു.

യുവാവായിരുന്ന മീഖായേൽ യേശുക്രിസ്തുവിന്റെ പരിമളം പരത്തുന്ന ഒരു സിറിയൻ കുടുംബത്തിലാണ് വളർന്നത്. അദ്ദേഹത്തിന്റെ പിതാവായ ഏലിയാ ഒരു നിർമ്മല പുരോഹിതനും ക്വാണ്ടാസി കുടുംബത്തിലുൾപ്പെട്ടവനുമായിരുന്നു. ഈ

ക്വാണ്ടാസി കുടുംബം സഭയ്ക്ക് ധാരാളം ശുശ്രൂഷകരെ സംഭാവന ചെയ്തിട്ടുണ്ട്. അവരിൽ ചിലരാണ് അയൻസർബയിലെ മെത്രാപ്പോലീത്തയായിരുന്ന അത്താനാസിയോസ് സഖാ; മോർ മിഖായേൽ ബാവായുടെ അമ്മാവനായിരുന്ന മഫ്രിയാന ഗ്രിഗോറിയോസ് യാക്കോബ്, മോർ മീഖായേലിന്റെ മരുമകനായ മീഖായേൽ രണ്ടാമൻ പാത്രിയർക്കീസ്.

യുവാവായ മീഖായേൽ മിലാത്യയ്ക്കടുത്തുള്ള മോർ ബർസൗമയുടെ ദയറായിൽ താമസിക്കുകയും, പിന്നീട് ദയറാധിപനാകുകയും ചെയ്തു. ആ സമയത്താണ് മോർ അത്താനാസിയോസ് 8-ാമൻ പാത്രിയർക്കീസ് ബാവ കാലംചെയ്തത്. അതേത്തുടർന്ന് ഗർഗാറിനടുത്തുള്ള ഫസ്ക്കീൻ ദയറായിൽ പെന്തികൊസ്തി ദിവസം പരിശുദ്ധ സുറിയാനി സഭയുടെ സുന്നഹദോസ് കൂടുകയും പരിശുദ്ധാത്മനിയോഗത്താൽ മീഖായേൽ റമ്പാച്ചനെ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ പാത്രിയർക്കീസായി ഏകമനസ്സോടെ തെരഞ്ഞെടുക്കുകയും ചെയ്തു. 18 മെത്രാപ്പോലീത്തമാർ അന്നത്തെ പരിശുദ്ധ സുന്നഹദോസിൽ പങ്കെടുത്തു.

തെരഞ്ഞെടുപ്പിനെക്കുറിച്ച് മനസ്സിലാക്കിയ വന്ദ്യ മിഖായേൽ റമ്പാച്ചൻ ഈ ഉന്നത പദവിക്ക് താൻ അയോഗ്യനാണെന്ന് ചിന്തിക്കുകയും ഓടി ഒളിക്കുകയും ചെയ്തു. ഏതായാലും ആമീദിലെ മെത്രാപ്പോലീത്തായായിരുന്ന മോർ ദിവന്നാസിയോസ് യാക്കോബ് ബർസ്ലീബിയും സുന്നഹദോസിൽ പങ്കെടുത്ത മറ്റൊരു മെത്രാപ്പോലീത്തായും ചേർന്ന് മിഖായേൽ റമ്പാച്ചനെ അനുനയിപ്പിച്ചു. അതേ തുടർന്ന് 1166 ഒക്ടോബർ മാസം 18-ാം തീയതി ചൊവ്വാഴ്ച മോർ ബർസൗമയുടെ ദയറായിൽ വച്ച് പാത്രിയർക്കീസായി വാഴിക്കപ്പെടുകയും ചെയ്തു. ഈ വാഴ്ചയ്ക്ക് മഫ്രിയാനയോട് കൂടി പന്ത്രണ്ട് മെത്രാപ്പോലീത്തന്മാർ പങ്കെടുത്തു.

പ. പാത്രിയർക്കീസ് മോർ മീഖായേൽ റാബോയുടെ ഏറ്റവും ശ്ലാഘനീയമായ പ്രവർത്തനമായി പരിഗണിക്കപ്പെടുന്നതാണ് പരിശുദ്ധ അന്ത്യോഖ്യാ സിംഹാസന ആസ്ഥാനം ആമീദിൽനിന്ന് സഫറാൻ എന്നറിയപ്പെടുന്ന മോർ ഹാനനിയ ദയാറായിലേക്ക് മാറ്റിയത്. പുതിയ ആസ്ഥാനത്ത് പ. ബാവാ എത്തി

ഉപവിഷ്ടനായതിന്റെയും പാത്രിയർക്കാ സ്ഥാനാരോഹണത്തിന്റെയും ആഘോഷ വേളയിൽ മോർ ദിവന്നാസിയോസ് യാക്കോബ് ബർസ്ലീബി ചെയ്ത പ്രസംഗത്തിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ സ്വഭാവ മഹിമയെ പ്രകീർത്തിക്കുകയും ആ ദിവസം ഏറ്റവും സന്തോഷദായകമാണെന്ന് പ്രസ്താവിക്കുകയും ചെയ്തു.

പ. മീഖായേൽ റാബോ ബാവാ വിവിധ ഭദ്രാസനങ്ങളിൽ അപ്പോസ്തോലിക സന്ദർശനങ്ങൾ നടത്തുകയും 1168 ൽ യെരുശലേമിലെ ബാബ് അൽ ആമൂദി (Damascus Gate) നടുത്തുള്ള മറിയം മഗ്ദലൈത്തായുടെ ദയറായിൽ താമസിക്കുകയും ചെയ്തു. അവിടെ വച്ച് വിശുദ്ധ മൂറോൻ കൂദാശ ചെയ്യുകയും ഈസ്റ്റർ ദിവസം ദമസ്ക്കോസിനുവേണ്ടി യോഹന്നായെ മെത്രാപ്പോലീത്തായായി വാഴിക്കുകയും ചെയ്തു. തിരിച്ച് അപ്പോസ്തോലിക സിംഹാസന ആസ്ഥാനമായ ഹനാനിയ ദയറായിൽ എഴുന്നെള്ളിയ ബാവ, മഫ്രിയാനയായ മോർ ഗ്രിഗോറിയോസ് ബാർ എബ്രായ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം സഭയെ സംബന്ധിക്കുന്ന പല കാനോനുകളും ക്രമീകരിച്ചു. 1169 ൽ മോർ ബർസൗമയുടെ ദയറായിൽ ഒരു സുന്നഹദോസ് ചേരുകയുണ്ടായി.

1180ൽ മോർ മീഖായേൽ റാബോ ബാവാ വിളിച്ചു കൂട്ടിയ സുന്നഹദോസിൽ മിലാത്യയിലെ തിയഡോറോസ് ബാർ വഹ്ബൂനെ സഭയ്ക്കിതരനായി പ്രഖ്യാപിച്ചു. ബാർ വഹ്ബൂൻ മേലധികാരികളെ ധിക്കരിക്കുകയും പുറത്താക്കപ്പെട്ട നാല് മെത്രാപ്പോലീത്തന്മാർ ചേർന്ന് ബാർ വഹ്ബൂനെ മറ്റൊരു പാത്രിയർക്കീസായി (antipatriarch) വാഴിക്കുകയും ചെയ്തു. പ. മീഖായേൽ റാബോ ബാവായുടെ ശിഷ്യനായിരിക്കുകയും പാത്രിയർക്കാ അരമനയിൽ താമസിച്ച് പഠിക്കുകയും ചെയ്തിട്ടുള്ള ബാർ വഹ്ബൂൻ 1193 ൽ നിര്യാതനായി.

മോർ മീഖായേൽ റാബോ ബാവ പൗരോഹിത്യ ശ്രേണിയെ സംബന്ധിച്ചും വി. കുർബ്ബാന സ്വീകരണത്തെ സംബന്ധിച്ചും ക്രിസ്തുവിന്റെ ശിഷ്യനായിരിക്കുന്നതിനെ സംബന്ധിച്ചും വി. കുമ്പസാരം, മാനസാന്തരം എന്നിവയെ സംബന്ധിച്ചും പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. ബാവായുടെ ഏറ്റവും വിലപ്പെട്ട ഗ്ര

നഥമെന്ന് കരുതുന്നത് സൃഷ്ടിയുടെ ആരംഭം മുതൽ ഏ. ഡി. 1193 വരെയുള്ള ദിനവൃത്താന്തമാണ്. ഈ ദിനവൃത്താന്തത്തിന്റെ കയ്യെഴുത്ത്പ്രതി ആലപ്പോയിലെ സെന്റ് ജോർജ്ജ് പള്ളിയിൽ ഇന്നും സൂക്ഷിച്ചിരിക്കുന്നു.

പാത്രിയർക്കാ വാഴ്ചയെ തുടർന്ന് പുരാതന പാരമ്പര്യം അനുസരിച്ച് പരിശുദ്ധ മീഖായേൽ റാബോ ബാവ അലക്സ ന്ത്രിയായിലെ പാത്രിയർക്കീസായിരുന്ന പോപ്പ് യോഹന്ന ഒന്നാമന് (ഇമ്പൻ അബി ഖാലിഫ്) ഒരു കത്തയയ്ക്കുകയും അതിൽ സുറിയാനി സഭയുടെ വിശ്വാസം ഏറ്റുപറയുകയും ചെയ്തു. പോപ്പ് യോഹന്ന ഒന്നാമൻ ബാവായുടെ പിൻഗാമിയായിരുന്ന പോപ്പ് മർക്കോസ് മൂന്നാമൻ വി. കുമ്പസാരത്തെ സംബന്ധിച്ച് ഒരു കത്തയയ്ക്കുകയും ചെയ്തു. അതിനുമുമ്പ് വേദവിപരീ തിയായ മർക്കോസ് ഇമ്പൻ വി. കുമ്പസാരം എന്ന കൂദാശയെ നിരസിക്കുകയും സഹോദരി സഭയായ കോപ്റ്റിക് സഭയിൽ മർക്കോസ് ഇമ്പന്റെ പഠിപ്പിക്കലുകൾ ആശയക്കുഴപ്പങ്ങളും തെ റ്റിദ്ധാരണകളും വരുത്തുകയും ചെയ്തിരുന്നു. പ. മീഖായേൽ റാബോ വി. കുമ്പസാരമെന്ന കൂദാശയുടെ ആവശ്യത്തെക്കു റിച്ചും അതിന്റെ പ്രായോഗികതയെ സംബന്ധിച്ചും ശക്തമായി എഴുതുകയും തെളിയിക്കുകയും ചെയ്തു.

മീഖായേൽ റാബോ ഒരു മഫ്രിയാനയെയും 54 മെത്രാപ്പോ ലീത്തന്മാരെയും വാഴിച്ചു. 1199 നവംബർ മാസം 7-ാം തീയതി തന്റെ സ്വർഗ്ഗീയ മോക്ഷത്തിൽ പ്രവേശിച്ചു. പ. ബാവാ കാ ലം ചെയ്യുമ്പോൾ 73 വയസ്സുണ്ടായിരുന്നു. അതിൽ 33 വർഷം അന്ത്യോഖ്യാ സിംഹാസനത്തിന്റെ അധിപനായിരുന്നു. മോർ ബർസൗമയുടെ ദയറായിൽ പ. ബാവാ നേരത്തെ തയ്യാറാക്കി യിരുന്ന കല്ലറയിൽ സംസ്കരിച്ചു. പ. പാത്രിയർക്കീസ് എഫ്രേം ബർസൗം ബാവാ, മോർ മീഖായേൽ റാബോ ബാവയെ ഇങ്ങനെ വിശേഷിപ്പിച്ചിരിക്കുന്നു: ‘‘ദൈവത്തിന്റെ സഭയുടെ ശ്രേഷ്ഠ മഹാപുരോഹിതനും അന്ത്യോഖ്യാ പാത്രിയർക്കീസന്മാരിൽ ഉ ന്നതനും പണ്ഡിതനും സുപ്രസിദ്ധ ചരിത്രകാരനും അനശ്വര നാമമുള്ളവനും മഹത്വ സത്യാന്വേഷകനും.’’ മാത്രമല്ല; മോർ മീഖായേൽ റാബോയുടെ ബഹുമാന്യ നാമം ലോകത്തിലെ ചരി ത്രകാരന്മാർ മുഴുവനും ആദരിക്കുന്നതിന് കാരണങ്ങളുണ്ട്.

സൃഷ്ടിയുടെ ആരംഭം മുതൽ ഏ. ഡി. 1193 വരെയുള്ള ദിനവൃത്താന്തങ്ങൾ എഴുതുക വഴി തലമുറകളുടെ ചരിത്രം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ചരിത്രം പ. ബാവായെ "The Great" എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് എത്രയോ അന്വർത്ഥമാണ്.

 പ. പാത്രിയർക്കീസ് സാഖാ ബാവായുടെ മാർച്ച് 14, 1999 ലെ കല്പനയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

ഏറ്റവും സ്നേഹിക്കപ്പെട്ടവരേ, പരിശുദ്ധനായ മോർ മീഖായേൽ പാത്രിയർക്കീസ് ബാവായുടെ സ്വർഗ്ഗീയ അറകളിലേക്കുള്ള വേർപാടിന്റെ 800-ാമത് വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ, അപ്പോസ്തോലികമായ അധികാരത്താൽ നാം ആജ്ഞാപിക്കുന്നത്, ലോകമെമ്പാടുമുള്ള വിശുദ്ധസഭ 1999 ഒക്ടോബർ 17-ാം തീയതി ഈ ഓർമ്മ അനുസ്മരിക്കണം; ഇത് വലിയവനായ മീഖായേൽ പാത്രിയർക്കീസിന്റെ വർഷമായി നാം കരുതുന്നു. വീണ്ടും നാം ആജ്ഞാപിക്കുന്നത്, ഈ സന്തോഷ അവസരം വി. കുർബ്ബാനയോടുകൂടെ ആരംഭിക്കണം. ദൈവം തിരുമനസ്സായാൽ മറത്ത് സെയ്ദനായയിലെ വിശുദ്ധ എഫ്രേം ദയറായിൽ നാമും വി. ബലിയർപ്പിക്കും. എല്ലാ അഭിവന്ദ്യ മെത്രാപ്പോലീത്താമാരും, സുറിയാനി ഓർത്തഡോക്സ് സഭയിലെ എല്ലാ വൈദികരും ലോകമെമ്പാടും ഒരേദിവസം ബലിയർപ്പിച്ച് ദൈവാരാധന നടത്തുകയും മോർ മീഖായേലിന്റെ മധ്യസ്ഥതയിൽ അഭയപ്പെടുകയും വേണം. അന്നേദിവസം ആരുടെ ആദരണീയ നാമം ഓർക്കുന്നുവോ അദ്ദേഹത്തിന്റെ ജീവചരിത്രത്തെ സംബന്ധിച്ച് പ്രസംഗിക്കുകയും ചെയ്യണം. വൈദികരും ആത്മായരും സത്യകുമ്പസാരം നടത്തുകയും സത്യവിശ്വാസത്തോടും നല്ല ദൈവഭക്തിയോടുംകൂടെ വി. കുർബ്ബാന അനുഭവിക്കുകയും ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുകയും വേണം. എന്തെന്നാൽ നീതിമാന്റെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടത് (സദൃശ. 10:7). അദ്ദേഹത്തിന്റെ ദൈവിക ജീവിതവും വിലയേറിയ എഴുത്തുകളെയും അടിസ്ഥാനമാക്കി അനുസ്മരണ സമ്മേളനങ്ങളും പണ്ഡിതസദസ്സുകളും ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കേണ്ടതാണ്. 1999 ഒക്ടോബർ 1 മുതൽ 8 വരെ സെയ്ദനായിലെ സെന്റ് എഫ്രേം ദയറായിലുള്ള തിയോളജി

ക്കൽ സെമിനാരിയിൽ സെമിനാറുകളും സിംപോസിയങ്ങളും സംഘടിപ്പിക്കുന്നുണ്ട്.

ഏറ്റവും സ്നേഹിക്കപ്പെട്ടവരേ, പരിശുദ്ധനായ മോർ മീഖായേലിന്റെ ജീവചരിത്രത്തെക്കുറിച്ച് വിചിന്തനം ചെയ്യുമ്പോൾ അന്നത്തെ സമകാലീന സംഭവങ്ങൾ വിലയിരുത്തുമ്പോൾ, സുറിയാനി സഭ വളരെ നിർണ്ണായകമായ ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപോയതെന്ന് കാണുവാൻ കഴിയും. യേശുക്രിസ്തു കയറിയ പടകുപോലെയായിരുന്നു അത് (മർക്കൊ. 4:35-41).

അതേ, വിശ്വാസക്കുറവ് പ്രതികൂലസന്ദർഭങ്ങളിൽ ഭയത്തിലേക്കും പരിഭ്രമത്തിലേക്കും നയിക്കും. എന്നാൽ യഥാർത്ഥവിശ്വാസികൾ യേശുക്രിസ്തുവിനെ പൂർണ്ണമായും ആശ്രയിക്കുകയും, അവന്റെ നടത്തിപ്പിലും അവന്റെ കഴിവിലും വിശ്വാസമുള്ളവരായിരിക്കുകയും അതു മുഖാന്തരം ഭയപ്പെടാത്തവരും, ഹൃദയചാഞ്ചല്യമില്ലാത്തവരും, ലോകത്തിനെന്തു സംഭവിച്ചാലും ലോകാവസാനത്തോളം നിങ്ങളോടു കൂടെയുണ്ടെന്നുള്ള ക്രിസ്തുവിന്റെ വാഗ്ദാനത്തിൽ ധൈര്യപ്പെടുകയും ചെയ്യും. അവർ വിശ്വാസത്തിൽ നിലനിൽക്കണം. എന്തുകൊണ്ടെന്നാൽ ദൈവം സർവ്വശക്തനാകുന്നു. അവർ ഒരിക്കലും ഭയപ്പെടുകയില്ല. അവരുടെ ഹൃദയം കലങ്ങുകയില്ല (യോഹ:14:1) ; ക്രിസ്തു അവരോടുകൂടെ തന്റെ സഭയിലുണ്ട്. എത്ര കഠിനമായ പ്രയാസങ്ങളുണ്ടായാലും നിരന്തരമായ പീഡനങ്ങൾ ക്രൈസ്തവ സഭയ്ക്കെതിരെ ഉണ്ടായാലും അത് കലങ്ങി പോകയില്ല; ദൈവം അതിന്റെ മധ്യേയുണ്ട് (സങ്കീ. 46:5). യേശുക്രിസ്തു സ്വർഗ്ഗീയ ആഹ്വാനത്താൽ വിശ്വാസമെന്ന പാറമേലാണ് സഭയ്ക്ക് അടിസ്ഥാനമിട്ടത്. അത് ശ്ലീഹന്മാരിൽ തലവനായ പത്രോസ് മുഖാന്തരം ചെയ്ത വാഗ്ദാനത്താലായിരുന്നു. പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല (മത്താ. 16:18). എന്നിരുന്നാലും ശാപഗ്രസ്തനായ പിശാച് കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിക്കുന്നു (മത്താ. 24:24). എന്നാൽ അവൻ യേശുക്രിസ്തുവിന് മുമ്പിലും അവനെ അനുഗമിക്കുന്ന നീതിമാന്മാരുടെ മുമ്പിലും എല്ലായ്പ്പോഴും പരാജിതനാകും. എന്നിരുന്നാലും, ചിലപ്പോൾ ലോകത്തിന് പ്രകാശമായിത്തീരുവാൻ ദൈവം തെരഞ്ഞെടുത്തവർ പിശാചിന്റെ തന്ത്രങ്ങളിൽ കുടുങ്ങി അവരുടെ

പ്രകാശം അന്ധകാരത്തിലേക്കു തിരിയുന്നതായി കണ്ടാൽ നാം അതിശയിക്കരുത്. അവർ സഭയിലെ നല്ല ഇടയന്മാർക്ക് ഇടർച്ച വരുത്തുന്നവരാണ്. കർത്താവ് തന്റെ അന്ത്യകാലപ്രബോധന ങ്ങളിൽ നമ്മോട് പറയുന്നത്, അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും. എന്നാൽ അവസാ നത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും എന്നാണ് (മത്താ. 24:12-13).

നാം ദൈവത്തിനു നന്ദി പറയുന്നു. അവന്റെ നാമം ഉന്നത പ്പെടട്ടെ. അവൻ തന്റെ സഭയെ കരുണയിൻ കണ്ണാൽ കാണു ന്നു. അവൻ തന്റെ സഭയെ ചുംബിക്കുകയും സംരക്ഷിക്കുകയും നല്ല ഇടയന്മാരെ നിയമിക്കുകയും തന്റെ ആടുകളെ മേയ്ക്കു ന്നതിന് നാം ആരുടെ സ്മരണയെ ആഘോഷിക്കുന്നുവോ ആ മോർ മീഖായേൽ പാത്രിയർക്കീസിനെപോലെ തക്കസമ യത്ത് ആത്മീയ ആഹാരം കൊടുക്കുന്ന നല്ല ഇടയന്മാരെ നി യമിക്കുകയും ചെയ്യട്ടെ. പരിശുദ്ധ പിതാക്കന്മാർ സുവിശേഷം അനുസരിച്ച് ജീവിച്ചവരാകുന്നു. യേശുക്രിസ്തുവിന്റെ കല് പനപ്രകാരം പ്രവർത്തിച്ചവരാകുന്നു. തന്റെ രക്തം നൽകിയ വിശുദ്ധസഭയുടെ കാനോനുകൾ അനുസരിച്ചവരും അതിനുവേ ണ്ടി ജീവിച്ചവരുമാകുന്നു. അങ്ങനെ അപ്പൊസ്തോലനായ വി. പൗലോസിനെപ്പോലെ അവർ കഷ്ടതകൾ സഹിച്ചു. നല്ല പോർ പൊരുതി. ഓട്ടം തികച്ചു. വിശ്വാസം കാത്തു. നീതിയുള്ള ന്യായാധിപനായ കർത്താവ്, നീതിയുടെ കിരീടം അവർക്കായി സ്വർഗ്ഗത്തിൽ ഒരുക്കിയിരിക്കുന്നു. അത് അവർ ഓരോരുത്തർ ക്കും മാത്രമല്ല, അവന്റെ വീണ്ടുംവരവ് കാത്തിരിക്കുന്നവരും പ്രാപിക്കും.

നാം മോർ മീഖായേൽ പാത്രിയർക്കീസ് ബാവായെ വി ശ്വാസത്തിന് മാതൃകയാക്കുകയും കർത്താവിന്റെ കല്പനക ളെ രാവും പകലും പാലിക്കുന്നതിൽ ബദ്ധശ്രദ്ധരാകുകയും പരിശുദ്ധാത്മ നിയോഗത്താൽ നമ്മെ ക്രിസ്തുവിനോടു കൂടെ നിർത്തേണ്ടതിന് നിയമിക്കപ്പെട്ടിരിക്കുന്ന സഭയുടെ കാനോനു കളെ പാലിക്കുകയും ചെയ്യുമെങ്കിൽ, അന്ന് നമ്മൾ ഇടയന്മാരും ആട്ടിൻകൂട്ടങ്ങളും എത്ര സന്തോഷിക്കും.

ദൈവം ഈ സന്തോഷകരമായ ഓർമ്മ നിങ്ങൾക്കെല്ലാം അനുഗ്രഹത്തിന് കാരണമാക്കട്ടെ. ആയത് ദൈവമാതാവായ പ. കന്യകമറിയമിന്റെയും, പരിശുദ്ധ പാത്രിയർക്കീസ് മോർ മീഖായേലിന്റെയും, നീതിമാന്മാരായ രക്തസാക്ഷികളുടെയും എല്ലാ പരിശുദ്ധന്മാരുടേയും പ്രാർത്ഥനകളാൽ തന്നെ. കർത്താവിന്റെ കൃപ നിങ്ങളോടുകൂടെ എന്നും എന്നാളും ഉണ്ടായിരിക്കട്ടെ (Zakka I, 1999).

# മോർ ഗ്രീഗോറിയോസ് യൂഹാനോൻ ബാർ എബ്രായ

## (എ. ഡി. 1226 - 1286)

മോർ ഗ്രീഗോറിയോസ് യൂഹാനോൻ 1226ൽ മെലിററിനിൽ (Meletine, now Malatya in Turkey) ജനിച്ചു. സുറിയാനിക്കാർ ഇദ്ദേഹത്തെ ബാർ എബ്രായ എന്നാണു വിളിച്ചിരുന്നത്. ഇദ്ദേഹത്തിന്റെ അറബിനാമം അബു അൽ-ഫറാജ് (Abu alFaraj or Abulfaraj) എന്നാണ്. ഇദ്ദേഹത്തിന് ജമാൻ അൽഡിൻ എന്നൊരു വിളിപ്പേരുണ്ടായിരുന്നു.

പൗരസ്ത്യദേശക്കാർ ഇദ്ദേഹത്തിന് ഇബ്റി (Ibri) അഥവാ എബ്രായ (Hebraeus) എന്നു പേരുവിളിക്കാനുള്ള കാരണം ഇദ്ദേഹം യെഹൂദ പാരമ്പര്യത്തിൽനിന്ന് വന്നവനായതുകൊണ്ടാണെന്നും ഇദ്ദേഹത്തിന്റെ പിതാവ് മതപരിവർത്തനം ചെയ്ത് ക്രിസ്ത്യാനിയായതുകൊണ്ടാണെന്നുമുള്ള തെറ്റായ വാദങ്ങൾ ഉന്നയിക്കുന്നുണ്ട് (e. g. *Encarta Encyclopedia*, 2001). പ. അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ പുരാതനരേഖകൾ പരിശോധിച്ച്, ബാർ എബ്രായയുടെ തന്നെ ഒരു പദ്യശകലം ഉദ്ധരിച്ചുകൊണ്ട് ഈ വാദഗതി ഖണ്ഡിക്കുന്നുണ്ട്. (Aphrem 1, 2000, pp. 152 - 153). The truth is that he was called Hebraeus because either one of his forefathers or he himself was born during a crossing of the River Euphrates.

ബാർ എബ്രായയുടെ പിതാവ് ശെമ്മാശനായ റ്റാജൽ -ഡിൻ അഹറോൻ (Tajal Din Aaron) ഒരു വൈദ്യനായിരുന്നു. എ. ഡി. 1243 ൽ ബാർ എബ്രായ പിതാവിനോടൊപ്പം അന്ത്യോഖ്യായിലേക്ക് (Antioch, now Antakya in Turkey) കുടിയേറിപ്പാർത്തു. ആഭ്യന്തര കലഹമാണ് മെലിറ്റിനിൽനിന്ന് അന്ത്യോഖ്യായിലേക്ക് മാറി താമസിക്കുന്നതിന് കാരണമായത്.

കുലീനമായ ക്രിസ്തീയ കുടുംബത്തിൽ ജനിച്ച ബാർ എബ്രായ പിതാവിൽനിന്ന് വൈദ്യം പഠിച്ചു. 18 വയസ്സുള്ളപ്പോൾ (1244 ൽ) ബാർ എബ്രായ സന്യാസം സ്വീകരിച്ചു. പ.

പാത്രിയർക്കീസ് ഇഗ്നാത്തിയോസ് മൂന്നാമൻ ബാർ എബ്രായയെ ഏറെ സ്നേഹിക്കുകയും പുരോഹിതനായി പട്ടംകൊടുക്കുകയും ചെയ്തു. 20 വയസ്സുള്ളപ്പോൾ സെപ്റ്റംബർ 4, 1246 ൽ ഗ്രീഗോറിയോസ് എന്ന പേരിൽ ഗുബാസിന്റെ (Gubas/ Jubas) മെത്രാപ്പോലീത്തയായി വാഴിച്ചു. പിന്നീട് ലക്ക്ബിൻ (Lakhbin/ Laqbin) ആലപ്പൊ എന്നീ ഭദ്രാസനങ്ങളിലേക്ക് പ. പാത്രിയർക്കീസ് ബാവാ നിയമിക്കുകയും ചെയ്തു. 38 വയസ്സുള്ളപ്പോൾ ജനുവരി 19, 1264 ൽ കിഴക്കിന്റെ മഫ്രിയാനയായി വാഴിച്ചു. ഇദ്ദേഹം സഭാശ്രേണിയിൽ പ. പാത്രിയർക്കീസിനു തൊട്ടുതാഴെ രണ്ടാം സ്ഥാനം അലങ്കരിക്കുന്ന മഫ്രിയാനായി തെഗ്രീസ് ആസ്ഥാനമാക്കി ഭരണം നടത്തി.

മഫ്രിയാനയായ ബാർ എബ്രായ 22 വർഷങ്ങൾ നിനുവ, ബാഗ്ദാദ്, മൂസൽ എന്നിവിടങ്ങളിൽ യാത്രചെയ്ത് സഭാശുശ്രൂഷകൾ നിർവ്വഹിച്ചു. നിർമ്മല ജീവിതം നയിക്കുന്നവരെ തെരഞ്ഞെടുത്ത് സന്യാസികളാക്കുകയും അവരിൽനിന്ന് 12 മെത്രാപ്പോലീത്തന്മാരെ വാഴിക്കുകയും ചെയ്തു. പള്ളികൾ, ആശ്രമങ്ങൾ, മെത്രാസന മന്ദിരങ്ങൾ എന്നിവ പണികഴിപ്പിച്ചു. സന്ദർശിച്ച സ്ഥലങ്ങളിലെല്ലാം വിദ്യാസമ്പന്നരായ പ്രഗത്ഭരുമായി ചർച്ചയിലേർപ്പെടുകയും അതുവഴിയായി ഇദ്ദേഹത്തിന്റെ അഗാധമായ പാണ്ഡിത്യം ശ്രദ്ധാകേന്ദ്രമാകുകയും ചെയ്തു. ഇദ്ദേഹത്തിന്റെ രാഷ്ട്രീയ നയംകൊണ്ട് മുസ്ലീം-ക്രിസ്ത്യൻ സമൂഹങ്ങൾക്കിടയിൽ സാംസ്കാരിക മൈത്രി സാധ്യമായി.

ബാർ എബ്രായ വിവിധ വിഷയങ്ങളിൽ പണ്ഡിതനായിരുന്നു. വൈദ്യശാസ്ത്രം, ജ്യോതിശാസ്ത്രം, തത്വശാസ്ത്രം, നിയമം, സുറിയാനി വ്യാകരണം, ചരിത്രം എന്നീ വിഷയങ്ങളിൽ ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ സഭാചരിത്രഗ്രന്ഥം, മതേതരചരിത്രം, ലോകചരിത്രം എന്നിവയെല്ലാം ഏറെ വിലമതിക്കപ്പെടുന്നവയാണ്. മഹാനായ പരിശുദ്ധ മീഖായേൽ റാബോയുടെ (പ. അന്ത്യോഖ്യാ പാത്രിയർക്കീസ്, ഏ. ഡി. 1126–1199) സൃഷ്ടി മുതൽ അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടം (1193) വരെയുള്ള ചരിത്രത്തെ അടിസ്ഥാനമാക്കിയാണ് ചരിത്രം രചിച്ചിട്ടുള്ളത്.

സഭാചരിത്ര ഗ്രന്ഥങ്ങളിൽ പ. പത്രോസ് ശ്ലീഹാ മുതൽ ഏ. ഡി. 1285 വരെയുള്ള സുറിയാനി ഓർത്തഡോക്സ് പാത്രിയർക്കീസന്മാരെ സംബന്ധിച്ചു പ്രതിപാദിച്ചിരിക്കുന്നു. രണ്ടാമത്തെ ഗ്രന്ഥത്തിൽ പ. തോമാശ്ലീഹാ മുതലുള്ള മഫ്രിയാനന്മാരുടെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ബാബോയ് (ഏ. ഡി. 457-484) കാതോലിക്കവരെയുള്ളവരെ മാത്രമേ സുറിയാനി ഓർത്തഡോക്സ് സഭ അംഗീകരിക്കുന്നുള്ളൂവെങ്കിലും ബാർ എബ്രായ അതിനുശേഷമുള്ള നെസ്തോറിയൻ കാതോലിക്കന്മാരുടെ ചരിത്രവും ഉൾപ്പെടുത്തിയിട്ടുണ്ട്.

ബാർ എബ്രായ സുറിയാനിയിലെഴുതിയ ലോകചരിത്രം മുസ്ലീം സഹോദരങ്ങളുടെ താൽപര്യപ്രകാരം അറബിയിലും എഴുതുകയുണ്ടായി. 17-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ പ്രചാരം നേടിയത് ഈ അറബി ഭാഷയിലുള്ള ചരിത്രപുസ്തകമായിരുന്നു.

ചരിത്രകാരനെന്ന നിലയിൽ മാത്രമല്ല മറ്റു ദൈവശാസ്ത്ര വിഷയങ്ങളിലും ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. വെളിപാടൊഴികെയുള്ള പഴയ പുതിയ നിയമപുസ്തകങ്ങൾക്ക് വ്യാഖ്യാനം എഴുതിയിട്ടുണ്ട് (*Store house of Secrets*). ഈ വ്യാഖ്യാനങ്ങളിലെല്ലാം ആദിമ സഭാപിതാക്കന്മാർ തുടങ്ങി മോർ മീഖായേൽ റാബോ വരെയുള്ളവരുടെ എഴുത്തുകളിൽനിന്ന് ഉദ്ധരിച്ചിട്ടുണ്ട്. ഇവയിൽ സന്യാസ ജീവിതത്തെ സംബന്ധിക്കുന്ന *പ്രാവ്, പ്രകാശങ്ങളുടെ പുസ്തകം, കാനോൻ* എന്നിവ ഉൾപ്പെടുന്നു.

ബാർ എബ്രായയുടെ രചനകളിൽ ഭൂരിഭാഗവും സുറിയാനിയിലും അറബിയിലുമാണ്. ഇവയിൽ സന്യാസജീവിതത്തെ സംബന്ധിക്കുന്ന *പ്രാവ്, കാനോൻ* നിയമങ്ങളുടെ 10 അധ്യായങ്ങൾ എന്നിവ മലയാളത്തിൽ ലഭ്യമാണ്. ഈ രണ്ടു പുസ്തകങ്ങളും പുണ്യശ്ലോകരായ മോർ യൂലിയോസ് യാക്കോബ് (മാടപ്പാട്ട്) തിരുമേനിയുടെയും അഭിവന്ദ്യ മോർ യൂലിയോസ് കുരിയാക്കോസ് (കൊച്ചുപുരയ്ക്കൽ) തിരുമേനിയുടെയും പരിശ്രമത്താലാണ് മലയാളഭാഷയിൽ പ്രസിദ്ധീകരിക്കാൻ സാധിച്ചത്.

ബാർ എബ്രായ ജ്ഞാനത്തിന്റെ സമുദ്രമെന്ന് അറിയപ്പെടുന്നു. ഇദ്ദേഹത്തിന്റെ എഴുത്തുകളിലെ നോമ്പ്, പ്രാർത്ഥന

എന്നീ ആശയങ്ങളെ സംബന്ധിച്ചുള്ള ഗവേഷണ പ്രബന്ധം (Chirathalattu, 2004) മലയാളഭാഷയിൽ പ്രസിദ്ധീകരിക്കുന്നത് സഭയ്ക്ക് ഒരു മുതൽകൂട്ടായിരിക്കും.

ഗ്രന്ഥരചനയിലും വായനയിലും മുഴുകിയ ബാർ എബ്രായ 1286 ജൂലൈ 30-ന് 60-ാം വയസ്സിൽ മറാഗയിൽ കാലംചെയ്ത് മൂസലിലെ മോർ മത്തായിയുടെ ദയറായിൽ കബറടക്കി. ഇദ്ദേഹത്തിന്റെ കബറിടം ഒരു തീർത്ഥാടനകേന്ദ്രമാണ്.

# പുണ്യശ്ലോകനായ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ

**(എ. ഡി. 1914 - 1996)**

ചെറായി സെന്റ് മേരീസ് പള്ളി ഇടവകയിൽപ്പെട്ട പുതുശ്ശേരിൽ ബ. പി. പി. ജോസഫ് കശീശയുടെയും വടക്കൻ പറവൂർ ഈരാളിൽ എലിസബത്ത് തോമസിന്റെയും മകനായി പൗലോസ് 1914 ജൂൺ 12-ാം തീയതി ജനിച്ചു. മൂന്നാമത്തെ മകനായ പൗലോസിന് മൂന്നു സഹോദരന്മാരും നാല് സഹോദരികളുമുണ്ടായിരുന്നു. വൈദികനായ പിതാവിന്റെ പ്രാർത്ഥനയും ആരാധനയും സുറിയാനി ഭാഷയിലുള്ള അവഗാഹവും പ. അന്ത്യോഖ്യാ സിംഹാസന പ്രതിനിധികളായിരുന്ന പ. ഒസ്താത്തിയോസ് സ്ലീബ, പുണ്യവാനായ മോർ യൂലിയോസ് ഏലിയാസ് എന്നീ പിതാക്കന്മാരോടുള്ള സ്നേഹവും അടുപ്പവും പൗലോസിനെ വളരെയേറെ ആകർഷിച്ചു. ജോസഫ് കശീശ ശെമ്മാശനായിരുന്നപ്പോൾ പല സുറിയാനി പുസ്തകങ്ങളും മലയാളത്തിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്. പ. ഒസ്താത്തിയോസ് സ്ലീബാ ബാവായുടെയും ഭാഗ്യസ്മരണാർഹനായ പുലിക്കോട്ടിൽ ദീവന്നാസിയോസ് ജോസഫ് മെത്രാപ്പോലീത്തായുടെയും സെക്രട്ടറി എന്ന നിലയിലും ബ. ജോസഫ് കശീശ പ്രവർത്തിച്ചിട്ടുണ്ട്. പൗലോസിന്റെ ബാല്യത്തിൽ തന്റെ പിതാവിന്റെ പ്രവർത്തനങ്ങൾ അദ്ധ്യാത്മിക കാര്യങ്ങളിൽ താല്പര്യമുണ്ടാക്കുന്നതിനിടയാക്കി.

**വിദ്യാഭ്യാസം**

ചെറായി രാമവർമ്മ ഹൈസ്കൂളിൽനിന്ന് പൗലോസ് സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കി. ബാല്യത്തിൽതന്നെ സ്വപിതാവിന്റെയും വെള്ളക്കുന്നത്ത് മത്തായി കശീശായുടെയും കീഴിൽ സുറിയാനി ഭാഷാപഠനം തുടങ്ങിയിരുന്നു. കോട്ടയം സി. എം. എസ്. കോളേജിൽനിന്നു ഇന്റർമീഡിയറ്റും, ആലുവ യു. സി. കോളേജിൽനിന്നു ബി. എ. യും പാസ്സായി. തുടർ

ന്ന് സുറിയാനി പഠനം മഞ്ഞിനിക്കരയിൽ അബ്ദുൾ ആഹാദ് റമ്പാന്റെ (പിന്നീട് പ. ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ) കീഴിലായിരുന്നു.

**പൗരോഹിത്യവും പ്രവർത്തനങ്ങളും**

അന്ത്യോഖ്യായുടെ ഇന്ത്യയിലെ പ്രതിനിധിയായിരുന്ന പുണ്യശ്ലോകനായ മാർ യൂലിയോസ് ഏലിയാസ് ബാവാ ആലുവയിൽ വന്ന അവസരത്തിൽ പിതാവായ ജോസഫ് കശീശായോടൊപ്പം മക്കളായ പൗലൂസും കുറിയാക്കോസും ബാവായെ ആലുവായിൽ ചെന്നു കണ്ടു. ആ അവസരത്തിൽ മക്കളെ ആരെയെങ്കിലും ദൈവത്തിന് സമർപ്പിച്ചിട്ടുണ്ടോ എന്ന് ബാവ ചോദിച്ചു. മൂത്ത മകനെ (കുറിയാക്കോസിനെ) കശീശ ചൂണ്ടിക്കാണിച്ചു. എന്നാൽ ഇളയ മകന്റെ തലയിൽ കൈവച്ച് ബാവാ കല്പിച്ചു. ഇവനാണ് ദൈവത്താൽ വിളിക്കപ്പെട്ടവൻ. അന്നുമുതൽ മോർ യൂലിയോസ് ബാവായ്ക്കു പൗലൂസ് പ്രിയപ്പെട്ടവനായിത്തീർന്നു.

1933-ൽ കോട്ടയം വലിയപള്ളിയിൽവച്ച് പൗലൂസിനെ (19-ാം വയസ്സിൽ) ശെമ്മാശനാക്കി. മഞ്ഞിനിക്കര ദയറായിൽവച്ച് 1938-ൽ (24-ാം വയസ്സിൽ) കശീശയാക്കി. പിന്നീട് ബ. പി. ജെ. പൗലോസച്ചൻ യൂലിയോസ് ബാവായുടെ സെക്രട്ടറിയും മഞ്ഞിനിക്കര ദയറായിലെ മല്പാനുമായി.

അന്ത്യോഖ്യയാണ് പൗരോഹിത്യത്തിന്റെ ഉറവയെന്ന് വിശ്വസിച്ചിരുന്ന ബ. പൗലോസച്ചനെ യൂലിയോസ് ബാവാ തന്റെ മൂത്തപുത്രനെന്ന് വിശേഷിപ്പിക്കുമായിരുന്നു. കണ്ടനാട് ഭദ്രാസനത്തിന്റെ ചുമതലകൂടി വഹിച്ചിരുന്ന മലങ്കര മെത്രാപ്പോലീത്തായായിരുന്ന (ആലുവയിലെ) പൗലോസ് മാർ അത്താനാസിയോസ് തിരുമേനിയുടെ അനാരോഗ്യത്തെത്തുടർന്ന് 1952 ഏപ്രിൽ 25-ാം തീയതി ആലുവ തൃക്കുന്നത്തു സെമിനാരിയിൽ ചേർന്ന കണ്ടനാട് ഭദ്രാസനപ്പള്ളി പ്രതിപുരുഷയോഗം ബ. പി. ജെ. പൗലോസച്ചനെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. നിയുക്ത മെത്രാൻ തന്റെ ഗുരുവായ യൂലിയോസ് ബാവായുമൊത്ത് 1952 സെപ്റ്റംബർ 11-ാം തീയതി ഹോംസിലേക്കു പോയി. പ. അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ പൗലോ

സച്ചനെ പൗലോസ് മാർ ഫീലക്സിനോസ് എന്ന നാമത്തിൽ 1952 ഒക്ടോബർ 19-ാം തീയതി മെത്രാപ്പോലീത്തയായി വാഴി ച്ചു. അഭിനവ മെത്രാപ്പോലീത്ത 1953 ജനുവരി 12-ാം തീയതി ആലുവ തൃക്കുന്നത്ത് സെമിനാരിയിലെത്തി കണ്ടനാട് ഭദ്രാസ നത്തിന്റെ ചുമതലയേറ്റു.

കണ്ടനാട് ഭദ്രാസനത്തിന്റെ ഭരണം നിർവഹിക്കുന്നതിനു വേണ്ടി പാത്രിയർക്കീസ് പക്ഷത്തിന് ആസ്ഥാനമില്ലാത്തതിനാൽ അന്ത്യോഖ്യായുടെ ഇന്ത്യയിലെ പ്രതിനിധിയായിരുന്ന പരിശു ദ്ധനായ ഒസ്താത്തിയോസ് സ്ലീബാ ബാവായുടെ പേർക്ക് അ യ്ക്കരനാട് പകുതിയിൽ വടയമ്പാടികരയിൽ വാളിയാൽ കുറി യാക്കോ കുരിയാക്കോ ഇഷ്ടദാനമായി കൊടുത്ത മലേക്കുരിശ് ദയറായിൽ താമസിച്ച് (1953-1958) ഭരണം നടത്തി.

പുണ്യശ്ലോകനായ മീഖായേൽ മോർ ദീവന്നാസിയോസ് തിരുമേനി ക്ഷീണിതനായ അവസരത്തിലും കാലംചെയ്ത ശേ ഷവും (1956) കോട്ടയം, കൊല്ലം ഭദ്രാസനങ്ങളുടെ ചുമതലകൂടി പൗലോസ് മാർ ഫീലിക്സിനോസ് തിരുമേനി വഹിച്ചിട്ടുണ്ട്. സഭാ സമാധാനത്തെ തുടർന്ന് 1966-1974 കാലഘട്ടത്തിൽ പ ൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സണ്ടേസ്കൂൾ അസോ സിയേഷൻ പ്രസിഡന്റായിരുന്നു.

സഭാ ഭിന്നതയെത്തുടർന്ന് 1975 സെപ്റ്റംബർ 7-ാം തീയതി പ. ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ ബാവ പൗലോസ് മാർ ഫീലക്സിനോസ് തിരുമേനിയെ ബസ്സേലിയോസ് പൗലോ സ് ദ്വിതീയൻ എന്ന പേരിൽ കിഴക്കിന്റെ കാതോലിക്കയായി വാ ഴിച്ചു. പ്രക്ഷുബ്ധമായ അന്തരീക്ഷത്തിൽ സഭാനൗകയെ രണ്ട് ദശാബ്ദകാലം നയിച്ചു. കേരളത്തിലും ബാഹ്യകേരളത്തിലും നിരവധി ദൈവാലയങ്ങൾക്ക് ബാവ തറക്കല്ലിട്ടു. പൗരോഹിത്യ ത്തിന്റെ വിവിധ ശ്രേണിയിലുള്ളവരെ ബാവാ പട്ടംകെട്ടി. (ഈ ഗ്രന്ഥകർത്താവിന് 1978 ജൂലൈ 23-ാം തീയതി തൃക്കോതമംഗ ലം മോർ ശർബീൽ ദയറാ പള്ളിയിൽവച്ച് യൗഫദ്യക്കിനൊ പട്ടം നൽകി).

അന്ത്യോഖ്യാ പ്രതിനിധിയാൽ ശെമ്മാശനായി, അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്ഥാനാരോഹണത്തിന് മുഖ്യ കാർമ്മി

കനായി, അന്ത്യോഖ്യാ സിംഹാസനത്തിന്റെ പേരിൽ തീറെഴു തപ്പെട്ട മലേക്കുരിശ് ദയറാ പള്ളിയിൽ കബറടക്കപ്പെട്ട ബാവാ മലങ്കരസഭയ്ക്കും ആകമാന സുറിയാനി സഭയ്ക്കും അവിസ് മരണീയനാണ്.

**മാതൃകകൾ**

1972 മുതൽ സഭാന്തരീക്ഷം കലുഷിതമായിരുന്നു. മലങ്ക രസഭ സ്വയം ശീർഷകമല്ല എന്നും മാർ തോമ്മാ ശ്ലീഹായുടെ പാരമ്പര്യം ബലികഴിക്കാതെ തന്നെ അന്ത്യോഖ്യാ സിംഹാസ നത്തെ പൗരോഹിത്യത്തിന്റെ ഉറവയായി അംഗീകരിക്കേണ്ട താണെന്നും ബാവാ വിശ്വസിച്ചു. 'നീ മരിക്കേണ്ടി വന്നാലും അന്ത്യോഖ്യയെ മറക്കരുതെന്ന്' ഗുരുവായ അന്ത്യോഖ്യാ പ്രതി നിധി മോർ യൂലിയോസ് ഏലിയാസ് ബാവാ കല്പിച്ചത് ശ്രേ ഷ്ഠകാതോലിക്ക ബാവാ മരണംവരെയും മറന്നില്ല. കേസ്സുകൾ തുടർക്കഥയാകുമ്പോൾ കേസിന്റെ വിജയവും പരാജയവും അല്ല പ്രധാനം 'സത്യവിശ്വാസവും ആചാര്യത്വവും നഷ്ടപ്പെടാ തിരുന്നാൽ നാം വിജയിച്ചു' എന്ന് ബാവ വിശ്വസിച്ചു. യാമപ്ര ാർത്ഥനകൾ മുടക്കാതിരിക്കുക, അതിഥികളെ സൽക്കരിക്കുക തുടങ്ങിയ ബാവായുടെ അനുകരണീയ മാതൃകകൾ ജീവിത ത്തിൽ പകർത്തുന്നതിന് സഭാമക്കൾക്ക് ഇടവരട്ടെ.

1996 സെപ്റ്റംബർ 1-ാം തീയതി ഞായറാഴ്ച കാലംചെയ്ത ശ്രേഷ്ഠ ബാവായുടെ ഓർമ്മപെരുന്നാൾ സെപ്റ്റംബർ ഒന്നാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# പുണ്യശ്ലോകനായ
# മോർ യൂലിയോസ് യാക്കോബ് തിരുമേനി
(എ. ഡി. 1912 - 1992)

## ബാല്യവും വിദ്യാഭ്യാസവും

പാമ്പാടി മാടപ്പാട്ട് ചാക്കോയുടെയും അന്നയുടെയും മകനായി കുഞ്ഞപ്പൻ എന്നു വിളിച്ചിരുന്ന ജേക്കബ് 1912 ഡിസംബർ 27 ന് ജനിച്ചു. ബാല്യത്തിൽതന്നെ മാതാപിതാക്കൾ മരിച്ചതിനാൽ ജ്യേഷ്ഠന്റെ സംരക്ഷണയിൽ വളർന്നു. പാമ്പാടിയിലും വാഴൂരിലുമായി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. കറുകച്ചാൽ എൻ. എസ്സ്. എസ്സ്. ഹൈസ്കൂളിൽ പഠിക്കുമ്പോൾ മലമ്പനി പിടിപെടുകയാൽ വിദ്യാഭ്യാസം നിർത്തേണ്ടിവന്നു.

സ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ വെള്ളൂർ സെന്റ് സൈമൺസ് പള്ളിയിൽ വി. കുർബ്ബാനയിൽ സംബന്ധിച്ചിരുന്ന അവസരത്തിൽ കടവുംഭാഗത്ത് അലക്സന്ത്രയോസ് കോർഎപ്പിസ്കോപ്പായുടെ ഭക്തിനിർഭരമായ ആരാധന മാടപ്പാട്ടു കുഞ്ഞപ്പനിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നതായി മെത്രാപ്പോലീത്തയായ ശേഷവും തിരുമേനി അനുസ്മരിക്കുമായിരുന്നു. വൈദിക പഠനത്തിനായി തൃക്കോതമംഗലം ശർബീൽ ദയറായിൽ കൊച്ചുപറമ്പിൽ ഗീവറുഗീസ് റമ്പാന്റെയും വഞ്ചിത്താറ്റിൽ കുര്യാക്കോസ് റമ്പാന്റെയും ശിഷ്യനായി അവിടെ താമസിച്ചു. പുണ്യശ്ലോകനായ മിഖായേൽ മാർ ദീവന്നാസിയോസ് തിരുമേനിയും അക്കാലത്ത് അവിടെ താമസിച്ചിരുന്നു. ആ ശിക്ഷണവും മാതൃകയും ഏറെ ശക്തമായിരുന്നു. അന്നു കൂടെ പഠിച്ചവരായിരുന്നു കാലംചെയ്ത പറയകുളത്തെ യാക്കോബ് മാർ തിമൊത്തിയോസ് തിരുമേനിയും പിതൃസഹോദരീ പുത്രനായ കൊച്ചിയുടെ കാലംചെയ്ത യൂഹാനോൻ മോർ സേവേറിയോസ് തിരുമേനിയും.

## പൗരോഹിത്യം

1942 മെയ് 24-ാം തീയതി മണർകാട് വി. മർത്തമറിയം പള്ളിയിൽ വച്ച് മീഖായേൽ മാർ ദീവന്നാസിയോസ് തിരുമേനി

ശെമ്മാശനാക്കി. 1945 ഓഗസ്റ്റ് 19 ന് ചെങ്ങളം സെന്റ് തോമസ് പള്ളിയിൽവച്ച് മോർ മീഖായേൽ തിരുമേനി കശീശ്ശാ പട്ടം നൽകി. ഏറെ താമസിയാതെ മഞ്ഞനിക്കരയിലേക്ക് താമസം മാറ്റിയ മാടപ്പാട്ട് യാക്കോബച്ചന് 1955 ജൂൺ 19 ന് അന്ത്യോഖ്യാ പ്രതിനിധി ഏലിയാസ് മോർ യൂലിയോസ് ബാവാ റമ്പാൻ സ്ഥാനം നൽകി. മഞ്ഞനിക്കരയിലും 1962-64 കാലഘട്ടത്തിൽ മലേക്കുരിശിലും താമസിച്ചു. നിരവധി വൈദിക വിദ്യാർത്ഥികളെ സുറിയാനിയും ആരാധനാക്രമവും അഭ്യസിപ്പിച്ചു. 1975 ജൂൺ 12 ന് ദമസ്ക്കൊസിലെ സെന്റ് ജോർജ്ജ് കത്തീഡ്രലിൽ വച്ച് പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ വന്ദ്യ എം. സി. യാക്കോബ് റമ്പാച്ചനെ യൂലിയോസ് എന്ന പേരിൽ സിംഹാസനപ്പള്ളിയുടെ മെത്രാപ്പോലീത്തയായി വാഴിച്ചു. 1990 നവംബറിൽ പരിശുദ്ധ സഖാ ഒന്നാമൻ പാത്രിയർക്കീസ് ബാവ *മ്ശബലോനോ തോബോ* അഥവാ ആത്മീയ ഗുരുശ്രേഷ്ഠൻ എന്ന ബഹുമതി നൽകി അദ്ദേഹത്തെ ആദരിച്ചു.

**സഭാസേവനം**

ഏതാണ്ട് അരനൂറ്റാണ്ടുകാലം മഞ്ഞനിക്കരയിൽ പരിശുദ്ധനായ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ കബറിങ്കൽ ശുശ്രൂഷിച്ചു. നിരവധി വൈദികരെ സുറിയാനിയും ആരാധനാക്രമങ്ങളും പഠിപ്പിച്ചു. 1962 ൽ കുന്നംകുളം സിംഹാസനപള്ളിയിൽ ശുശ്രൂഷകൾ നടത്തുകയും 1963-64 കാലഘട്ടത്തിൽ പൗരസ്ത്യ സുവിശേഷസമാജം പ്രസിഡന്റായും 1974 ൽ എം. ജെ. എസ്. എസ്. എ. യുടെ പ്രസിഡന്റായും പ്രവർത്തിച്ചു.

അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായിരുന്ന പുണ്യവാനായ ഏലിയാസ് മോർ യൂലിയോസ് ബാവായുടെ ദ്വിഭാഷിയായും സെക്രട്ടറിയായും ഏറെനാൾ പ്രവർത്തിച്ചു. അഭിവന്ദ്യ തിരുമേനി സുറിയാനിയിൽനിന്ന് പ്രാർത്ഥനകളും പ്രൊമിയോൻ സെദറാകളും പുസ്തകങ്ങളും തർജ്ജമ ചെയ്തിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവയാണ് (1) *മോർ യൂഹന്നാൻ മ്റഹമോനോയുടെ ജീവചരിത്രം* (2) ദയറാക്കാരുടെ നിയമങ്ങളടങ്ങിയ ബാർ എബ്രായ എഴുതിയ *യൗനൊ* (3) *താപസശ്രേഷ്ഠനായ മോർ*

*ഔഗേന്റെ ജീവചരിത്രം* (4) *ഹൂദായകാനോൻ* (5) *വിവാഹ കൂദാശയുടെ ശീമക്രമം* എന്നിവ.

**അനുകരണീയ മാതൃകകൾ**

നോമ്പ് കൃത്യമായി നോൽക്കുകയും പ്രാർത്ഥന മുടക്കം കൂടാതെ നിർവ്വഹിക്കുകയും ചെയ്തിരുന്ന തിരുമേനിയുടെ നിഷ്ഠ ദയറായിൽ താമസിക്കുന്നവർക്കെല്ലാം ശക്തമായ പ്രേരണ നൽകിയിരുന്നു. എത്ര പ്രധാനപ്പെട്ട ആളുകൾ വന്നാലും പ്രാർത്ഥനയുടെ സമയം മാറ്റുകയോ, പ്രാർത്ഥനയിൽ പങ്കുചേരാതിരിക്കുകയോ ചെയ്യുമായിരുന്നില്ല. പ്രാർത്ഥനയ്ക്ക് കുമ്പിടുന്ന രീതി വാർദ്ധക്യത്തിലും നിർവ്വഹിച്ചിരുന്നു.

ഭക്ഷണത്തിലോ, വസ്ത്രത്തിലോ, യാത്രയിലോ, താമസസൗകര്യത്തിലോ ആർഭാടങ്ങളില്ലാത്ത ലളിതജീവിതമായിരുന്നു തിരുമേനിയുടേത്. ഒരേ വിഭവം തന്നെ തിരുമേനി എന്നും രാവിലെ കഴിക്കുന്നത് കാണുമ്പോൾ ഇതെങ്ങനെ സാധിക്കുന്നുവെന്ന് തോന്നിയിട്ടുണ്ട്. കൂദാശാനുഷ്ഠാനങ്ങളിൽ മോർ മീഖായേൽ തിരുമേനി, മോർ യൂലിയോസ് ബാവ എന്നിവരിൽനിന്ന് കേട്ടും കണ്ടും പഠിച്ചിട്ടുള്ളത് അടുത്ത തലമുറയ്ക്ക് കൈമാറുന്നതിന് തിരുമേനി ഏറെ ഉത്സാഹം കാണിച്ചു. തെറ്റുകൾ തിരുത്തുന്നതിൽ തിരുമേനിക്ക് മുഖപക്ഷം ഇല്ലായിരുന്നു. ഗായകസംഘങ്ങളുടെ നൂതനരാഗങ്ങൾ, വി. കുർബ്ബാനയിൽ വൈദികർ വരുത്തുന്ന തെറ്റുകൾ എന്നിവ തിരുമേനി യഥാവസരം തിരുത്തുമായിരുന്നു. (കാലംചെയ്യുന്നതിന് ഒരാഴ്ച മുമ്പ് മഞ്ഞനിക്കര ദയറായിൽ വി. കുർബ്ബാന അർപ്പിച്ചപ്പോൾ ഈ ഗ്രന്ഥകർത്താവിനെ തിരുത്തിയതും നന്ദിയോടെ ഓർക്കുന്നു. 1976 മാർച്ച് 14 ന് ഗ്രന്ഥകർത്താവിന് കോറുയോ പട്ടം നൽകിയ പുണ്യവാനായ തിരുമേനിയോടുള്ള കടപ്പാടുകൾ ഏറെയാണ്).

**അന്ത്യനാളുകൾ**

പ്രായത്തിന്റെ ക്ഷീണവും ഹൃദ്രോഗത്തെ തുടർന്നുള്ള പ്രയാസങ്ങളും മൂലം നിത്യതയിലേക്കുള്ള യാത്രയുടെ ഒരുക്കം തിരുമേനി ത്വരിതപ്പെടുത്തി എന്നു പറയാം. തിരുമേനി തനിക്കുവേണ്ടി കബർ പണിതു. കാലംചെയ്യുമ്പോൾ ഇരിക്കാനുള്ള കസേര സജ്ജീകരിച്ചു. (അതിലിരുന്ന് ഏതാണ്ട് പത്തുവർഷത്തോളം വി.

കുർബ്ബാനയിൽ സംബന്ധിച്ചു) തനിക്കു പിൻഗാമിയെ നിയമിക്കുന്നതിന് പരിശുദ്ധ പാത്രിയർക്കീസ് ബാവായോടപേക്ഷിച്ചു. 1988 ജനുവരി 21-ാം തീയതി ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ നേതൃത്വത്തിലും മറ്റു മെത്രാപ്പോലീത്തന്മാരുടെ സഹകരണത്തിലും കന്തീല ശുശ്രൂഷ നടത്തി. ആ അവസരത്തിൽ തിരുമേനി ചെയ്ത പ്രസംഗത്തിൽ ഉയരത്തിലേക്കു ക്ഷണിക്കുന്ന വിളികേൾക്കാൻ നോക്കി പാർത്തിരിക്കുകയാണെന്നും സുബോധവും ആരോഗ്യവും ഉള്ളപ്പോൾ ചെയ്തുതീർക്കേണ്ട കാര്യങ്ങൾ ചെയ്തു തീർക്കണം എന്ന ചിന്തയാണ് കന്തീല നടത്തുന്നതിന് തന്നെ പ്രേരിപ്പിച്ചതെന്നും കുടുംബസ്വത്തായി കിട്ടിയ സ്ഥലത്ത് ഒരു ദൈവാലയം പണി കഴിപ്പിച്ചിട്ടുണ്ടെന്നും അതിന്റെ സുഗമമായ നടത്തിപ്പിന് ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടെന്നും പറയുകയുണ്ടായി.

1992 ജനുവരി 21-ാം തീയതി പ്രഭാതഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ കൈകൾ വിറയ്ക്കുകയും ക്ഷീണം തോന്നുകയും ചെയ്തതിനെത്തുടർന്ന് അഭിവന്ദ്യനായ ബെന്യാമീൻ തിരുമേനിയും റമ്പാച്ചന്മാരും കൂടി തൈലാഭിഷേകം നടത്തുകയും ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. 1992 ജനുവരി 24-ാം തീയതി വെള്ളിയാഴ്ച പുലർച്ചെ 1.05 ന് തിരുമേനി കാലംചെയ്തു. പിറ്റേന്ന് ജനുവരി 25-ാം തീയതി മഞ്ഞനിക്കരയിൽ കബറടക്കി. ആ പുണ്യപിതാവിന്റെ സ്മരണ ഇന്നും അനേകരിൽ സജീവമായിരിക്കുന്നു. ആ പുണ്യപിതാവിന്റെ മാതൃക അനുകരിക്കുന്നതിന് ആ സ്മരണ പ്രചോദനമാകട്ടെ.

# പുണ്യശ്ലോകനായ
# മോർ തിമോത്തിയോസ് യാക്കോബ് തിരുമേനി
## (എ. ഡി. 1916 - 1986)

തൃക്കോതമംഗലം പറേക്കുളത്ത് ഫീലിപ്പോസിന്റെയും മറിയാമ്മയുടെയും രണ്ടാമത്തെ പുത്രനായി യാക്കോബ് 1916 ജൂലൈ 31-ാം തീയതി ജനിച്ചു. ബാല്യത്തിൽ 'കുഞ്ഞി' എന്ന ഓമനപ്പേരിലാണ് അറിയപ്പെട്ടിരുന്നത്.

വിദ്യാഭ്യാസം വാകത്താനം മിഡിൽ സ്കൂളിലും പുതുപ്പള്ളി ഹൈസ്കൂളിലുമാണ് നിർവ്വഹിച്ചത്. വൈദിക വിദ്യാഭ്യാസം പണ്ഡിതന്മാരായ ഇട്ടീര മല്പാനച്ചൻ, ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത, കൊച്ചുപറമ്പിൽ ഗീവറുഗീസ് റമ്പാച്ചൻ, സത്യവിശ്വാസ വീരനെന്ന് അറിയപ്പെട്ടിരുന്ന മീഖായേൽ മോർ ദീവന്നാസിയോസ് തിരുമേനി എന്നിവരുടെ മേൽനോട്ടത്തിലായിരുന്നു.

1932 ൽ പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവാ കോറൂയൊ പട്ടം നൽകി. കൊല്ലവർഷം 1107 മേടമാസം 24-ാം തീയതി മീഖായേൽ മോർ ദീവന്നാസിയോസ് തിരുമേനിയിൽനിന്ന് ശെമ്മാശപട്ടം സ്വീകരിച്ചു. 1941 ൽ സ്വർഗ്ഗാരോഹണ പെരുന്നാൾ ദിവസം കോട്ടയം സിംഹാസനപള്ളിയിൽവച്ച് കശീശ സ്ഥാനം സ്വീകരിച്ചു. 1976 സെപ്റ്റംബർ 11-ാം തീയതി റമ്പാനായി. 1979 ഏപ്രിൽ 19-ാം തീയതി വെള്ളൂർ സെന്റ് സൈമൺസ് പള്ളിയിൽവച്ച് തോമസ് മോർ തെയോഫീലോസ്, ഫീലിപ്പോസ് മോർ ഈവാനിയോസ് എന്നിവരോടൊന്നിച്ച് യാക്കോബ് മോർ തിമൊത്തിയോസ് എന്നപേരിൽ ശ്രേഷ്ഠ കാതോലിക്കാ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ അദ്ദേഹത്തെ മെത്രാപ്പോലീത്തയായി വാഴിച്ചു.

ബാല്യത്തിൽത്തന്നെ കളിവിനോദങ്ങളിൽനിന്നും വ്യർത്ഥ സംസാരങ്ങളിൽ നിന്നും ഒഴിഞ്ഞുനിന്നിരുന്ന വ്യക്തിയായിരുന്നു പുണ്യശ്ലോകനായ തിരുമേനി. ശെമ്മാശനായിരുന്നപ്പോൾ യാത്രയിലും വി. വേദപുസ്തകവും നമസ്കാരക്രമവും കൂടെ കൊ

ണ്ടുപോകുമായിരുന്നു. 1985 ലെ മഞ്ഞനിക്കരപെരുന്നാളിന് തിരുമേനി തലേന്ന് സന്ധ്യക്ക് എത്തിയപ്പോഴേക്കും സന്ധ്യാപ്രാർത്ഥന കഴിഞ്ഞിരുന്നു. കറന്റില്ലാത്തതിനാൽ ഈ ഗ്രന്ഥകർത്താവ് ഒരു മെഴുകുതിരി നമസ്കാരമേശയിൽ കത്തിച്ചുവച്ചുകൊടുത്തു. ഏകനായി അവിടെ നിന്നുകൊണ്ട് തിരുമേനി പ്രാർത്ഥന നിർവ്വഹിച്ചു. പലരിലും പ്രാർത്ഥനാശീലം വളർത്തുന്നതിന് തിരുമേനി മാതൃകയായിട്ടുണ്ട്. യാമപ്രാർത്ഥന, രഹസ്യ പ്രാർത്ഥന, നോമ്പ് എന്നിവ ഏറെ ചിട്ടയോടെ അനുഷ്ഠിക്കുമായിരുന്നു.

മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടി ദീർഘമായി പ്രാർത്ഥിക്കുന്നവരും ഇല്ലാത്തശബ്ദം കൃത്രിമമായി ഉണ്ടാക്കി ആരാധന നടത്തുന്നവരും ശുശ്രൂഷ ക്രമങ്ങളിൽ ഇല്ലാത്ത വാചകങ്ങൾ ഉപയോഗിക്കുന്നവരും ഏറെയുള്ള ഇക്കാലത്ത് തിരുമേനി ഒരു നല്ല മാതൃകയായിരുന്നു. വിശുദ്ധ കുർബ്ബാനയ്ക്ക് ഒരുക്കിയ കൈകൾ, പിന്നീട് മുറിപൂട്ടാൻ ഉപയോഗിക്കുന്ന താക്കോലിലെങ്കിലും സ്പർശിക്കാൻ ഇടയായാൽ കൈകൾ വീണ്ടും കഴുകുമായിരുന്നു. കർത്താവിന്റെ വിശുദ്ധ ശരീരരക്തത്തെക്കുറിച്ചുള്ള ഭയബഹുമാന ആദരവുകൾ അത്രയ്ക്ക് തീവ്രമായിരന്നു. വീട്ടിൽ മേശപ്പുറത്ത് അഴിച്ചുവച്ച വാച്ച്, ത്രോണോസിൽ വയ്ക്കുന്നതിനുമുമ്പ് കഴുകിയതിനാൽ ഒരിക്കൽ വാച്ച് നിന്നുപോയ ഒരു സംഭവവും ഉണ്ടായിട്ടുണ്ട്.

ചിങ്ങവനം മോർ അപ്രേം സെമിനാരി, പെരുമ്പള്ളി സെന്റ് ജയിംസ് സെമിനാരി, മലേക്കുരിശ് ദയറാ, വെട്ടിക്കൽ എം. എസ്. ഒ. റ്റി. സെമിനാരി എന്നിവിടങ്ങളിൽ മല്പാനെന്ന നിലയിൽ നിരവധി വൈദിക വിദ്യാർത്ഥികളെ പഠിപ്പിച്ചിട്ടുണ്ട്. പെരുമ്പള്ളി സെമിനാരിയിൽ മല്പാനായിരുന്നപ്പോൾ സ്വന്തം വസ്ത്രങ്ങൾ സ്വയം കഴുകിയിടുമായിരുന്നു. സെമിനാരി വിദ്യാർത്ഥികൾ അത് ചെയ്യുന്നതിന് താല്പര്യപ്പെട്ടിരുന്നെങ്കിലും അതനുവദിക്കുമായിരുന്നില്ല.

മെത്രാൻ വാഴ്ചയുടെ അവസരത്തിൽ മൂന്ന് സ്ഥാനാർത്ഥികളിൽ പ്രായം കൂടുതലുണ്ടായിരുന്നത് വന്ദ്യ യാക്കോബ് റമ്പാച്ചനായിരുന്നു. എന്നാൽ വന്ദ്യ മൂത്തേടം റമ്പാച്ചൻ കോറെപ്പിസ്കോപ്പായായിരുന്നതിനാൽ, പ്രായമൂപ്പിനെ വകവയ്ക്കാതെ, സ്ഥാനമൂപ്പിനെ ബഹുമാനിച്ച്, തനിക്കു ലഭിക്കുമായിരുന്ന

മൂപ്പുസ്ഥാനം ഉപേക്ഷിക്കുകയാണുണ്ടായത്. മൂപ്പുസ്ഥാനം കൈവശപ്പെടുത്തുന്നവർക്കും ഫോട്ടോയ്ക്കുവേണ്ടി മുൻനിരയിൽ തള്ളി കയറുന്നവർക്കും നല്ല മാതൃകയായിരുന്നു തിരുമേനി.

പുണ്യശ്ലോകനായ മീഖായേൽ മോർ ദീവന്നാസിയോസ് തിരുമേനിയുടെ ഓർമ്മദിവസം, 1986 ജനുവരു 18-ാം തീയതി, പാണമ്പടി സെന്റ് മേരീസ് പള്ളിയിലായിരുന്നു അവസാനമായി തിരുമേനി കുർബ്ബാനയർപ്പിച്ചത്. തന്റെ ഗുരുവിന്റെ കബറിങ്കൽ പോകുന്ന പതിവ് തെറ്റിക്കാതെ മരണംവരെ പിന്തുടർന്നു.

സത്യവിശ്വാസത്തിൽ ജീവിക്കുന്നതിന് 1975 ജനുവരി 26-ാം തീയതി സ്വന്തം സ്ഥലത്ത് സെന്റ് മേരീസ് ബേത്‌ലഹേം പള്ളി സ്ഥാപിച്ചു. തന്റെ ഭൗതീകശരീരം അടക്കം ചെയ്യുന്നതിനുള്ള സ്ഥലം അന്നുതന്നെ തിരഞ്ഞെടുത്തു. വിശ്വാസത്തിന്റെ ആഴം വ്യക്തമാക്കുന്ന യഥാർത്ഥ തിരഞ്ഞെടുപ്പ്.

1986 ജനുവരി 22-ാം തീയതി പൊയ്ക്കാട്ടുശ്ശേരി പ. ബഹനാൻ സഹദായുടെ പള്ളിയിൽ പ. ബഹനാൻ സഹദായുടെ തിരുശേഷിപ്പ് സ്ഥാപിക്കുന്നതിനുവേണ്ടി എഴുന്നെള്ളിയ തിരുമേനി തിരുശേഷിപ്പുകളുടെ മാഹാത്മ്യത്തെ സംബന്ധിച്ച് ദീർഘമായി പ്രസംഗിച്ചു. അന്നു സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം (സെറിബറൽ ഹെമറേജ്) രോഗബാധിതനായി. 1986 ഫെബ്രുവരി 10-ാം തീയതി രാത്രി 9.10 ന് (വലിയനോമ്പ് ആരംഭ ദിവസം) കാലംചെയ്തു. കാലം ചെയ്ത വിവരം അറിഞ്ഞ് മോർ ക്ലീമ്മീസ് എബ്രാഹം, മോർ തോമസ് ദീവന്നാസിയോസ് എന്നീ തിരുമേനിമാരും മഞ്ഞനിക്കര പെരുന്നാളിൽ സംബന്ധിക്കുന്നതിനായി മലങ്കരയിൽ എത്തിയിരുന്ന മോർ അപ്രേം തീമോത്തിയോസ് ആബൂദി, മോർ ജോർജ്ജ് സലീബ തെയോഫിലോസ് എന്നീ തിരുമേനിമാരും അങ്കമാലിയിലെത്തി പ്രാർത്ഥനകൾ നടത്തി. പുണ്യശ്ലോകനായ തിരുമേനി പിതാക്കന്മാരുടെ ഗണത്തോടു ചേർന്ന് നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. സെന്റ് മേരീസ് ബേത്‌ലഹേം പള്ളിയിലെ പുണ്യശ്ലോകനായ തിരുമേനിയുടെ കബർ തൃക്കോതമംഗലത്തിനും മലങ്കരയ്ക്കു മുഴുവനും അഭയയാചനയ്ക്കു കാരണമായിരിക്കുന്നു.

# മോർ മോശെ ബർ കീപ്പാ
## (ഏ. ഡി. 813 - 903)

മോശയുടെ ജനനം ഏ. ഡി. 813 ൽ ദക്കില നദീതീരത്തുള്ള കുഹായൽ (Kuhayl) എന്ന ബലാദ് (Balad, Eski Mosul) പട്ടണത്തിലായിരുന്നു. ഇദ്ദേഹത്തിന്റെ മാതാപിതാക്കന്മാരുടെ പേര് ശീമോൻ കേപ്പാ (Simon) എന്നും മറിയാം എന്നുമായിരുന്നു. മോശ (Moses bar Simon) ചെറിയ പ്രായത്തിൽതന്നെ സിഞ്ചാറിനും (Sinjar) ബലാദിനും ഇടയ്ക്കുള്ള മലയിൽ മോർ സർഗ്ഗീസിന്റെ (Sergius) ദയറായിൽ ചേർന്നു. ദയറായിലെ കുരിയാക്കോസ് (Cyriacus) റമ്പാന്റെ കീഴിൽ സന്യാസ പരിശീലനം നേടി.

ഏ. ഡി. 863 ൽ ബെത്കിയോനായുടെയും (Beth Kiyona) മുസലിന്റെയും മെത്രാപ്പോലീത്തയായി സേവേറിയോസ് എന്ന പേരിൽ അഭിഷിക്തനായി. മോർ ദീവന്നാസിയോസ് ബർ സ്ലീബി (d,1171) മോശെ ബർ കീപ്പായുടെ എഴുത്തുകളെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം വിജ്ഞാനകോശങ്ങളിലും മോശെ ബർ കീപ്പായെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമല്ല.

മോർ മോശെ ബർ കീപ്പാ മാലാഖാമാരുടെ സൃഷ്ടിയെ സംബന്ധിച്ച് 54 അധ്യായങ്ങളുള്ള ഒരു പ്രബന്ധം എഴുതിയിട്ടുണ്ട്. സുറിയാനി സഭാപിതാക്കന്മാരായ മോർ അപ്രേം (306-373), കൈസര്യയിലെ മോർ ബാസ്സേലിയോസ് (329-379), നസിയാൻസിലെ മോർ ഗ്രീഗോറിയോസ് (329-390), നൈസയിലെ മോർ ഗ്രീഗോറിയോസ് (330-395), സ്വർണ്ണനാവുകാരനായ മോർ ഈവാനിയോസ് (347-407), അന്ത്യോഖ്യായുടെ മോർ സേവേറിയോസ് (460-538), ഉറഹായിലെ മോർ യാക്കോബ് (640-708) എന്നിവരുടെ എഴുത്തുകളാണ് ഈ പ്രബന്ധം എഴുതുന്നതിന് ആശ്രയിച്ചിട്ടുള്ളത്.

മോർ മോശെ ബർ കീപ്പാ വളരെയധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. പഴയനിയമപുസ്തകങ്ങളുടെ വ്യാഖ്യാനം, സുവിശേഷങ്ങൾ, അപ്പൊസ്തോല പ്രവർത്തികൾ എന്നിവയുടെ വ്യാഖ്യാനം, പറുദീസയെ സംബന്ധിച്ച്, പുനരുത്ഥാനത്തെ സംബന്ധിച്ച്, സ്വേച്ഛയാ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം, ദൈ

വവിധി, പ്രകൃതിക്ഷോഭങ്ങൾ എന്നിവയെ സംബന്ധിച്ച്, സഭയിലെ വിശുദ്ധ കൂദാശകളായ മാമോദീസാ, കുർബ്ബാന, മൂറോൻ എന്നിവയെ സംബന്ധിച്ച്, ശെമ്മാശൻ, പുരോഹിതൻ, മെത്രാപ്പോലീത്ത എന്നീ പൗരോഹിത്യ ക്രമങ്ങളിലെ രഹസ്യങ്ങളെ സംബന്ധിച്ച്, കൂദശ് ഈത്തോ മുതൽ സ്ലീബാ പെരുന്നാൾ വരെയുള്ള ഞായറാഴ്ചകളിലേക്കുള്ള (പ്രായോഗികതയ്ക്കു ഊന്നൽ നൽകിക്കൊണ്ടുള്ള) പ്രബോധനങ്ങൾ, സഭാചരിത്രം, നാല് ചരമപ്രസംഗങ്ങൾ, രണ്ട് കുർബ്ബാന തക്സാകൾ എന്നിവ അവയിൽ പ്രധാനപ്പെട്ടവയാണ്. ഇവയിൽ വി. കുർബ്ബാന വ്യാഖ്യാനത്തിന്റെ മലയാള പരിഭാഷ ലഭ്യമാണ്.

മോർ മോശെ ബർ കീപ്പായ്ക്കു (Moshe bar kipho) 90 വയസ്സായപ്പോൾ എ. ഡി. 903 ഫെബ്രുവരി 12-ാം തീയതി ശനിയാഴ്ച കാലം ചെയ്തു. മോർ സർഗ്ഗീസിന്റെ ദയറായിൽ കബറടക്കി. ഇദ്ദേഹം 40 സംവത്സരങ്ങൾ മെത്രാപ്പോലീത്തയായിരുന്നു. ഇദ്ദേഹത്തിന്റെ പെരുന്നാൾ ഫെബ്രുവരി 12-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# പുണ്യശ്ലോകനായ
# മോർ അത്താനാസിയോസ് യേശു ശമുവേൽ
(എ. ഡി. 1907 - 1995)

യേശു ശമുവേലിന്റെ ജനനം 1907 ഡിസംബർ 25-ാം തീയതിയായിരുന്നു. നിസിബിന് തെക്കുള്ള ഒരു മെസപ്പൊട്ടോമ്യ ഗ്രാമമായ ഹിൽവയാണ് ജന്മസ്ഥലം. യേശു ശമുവേലിന്റെ പിതാവായ സൗമെ (Soumay) മിദിയാത്തുകാരനാണ്. മാതാവായ കത്തൂൺ (Khatoum) ബാസബറിനിലെ തുറബ്ദീനിൽ നിന്നുള്ളവളായിരുന്നു. യേശു ശമുവേലിന് 7 വയസ്സുള്ളപ്പോൾ പിതാവ് കോളറ ബാധിച്ച് മരിച്ചു. യേശു ശമുവേലിന് മൽക്കി എന്ന ഒരു ഇളയ സഹോദരനുണ്ടായിരുന്നു.

പിതാവിന്റെ മരണശേഷം അമ്മയായ കത്തൂണും രണ്ടു മക്കളും കൂടി പിതൃസഹോദരനായ ജോസഫിന്റെ സഹായത്തോടെ ഹിൽവയിൽനിന്ന് മാറിത്താമസിച്ചു. അക്കാലത്ത് സുന്നി മുസ്ലീമുകളായ കുർദ്ദുകൾ ഹിൽവ ഗ്രാമത്തിൽനിന്നും ക്രിസ്ത്യാനികളെ തുരത്തി . തുറബ്ദീനിലെ ധാരാളം സുറിയാനിക്കാരും, മോർ ഗബ്രിയേൽ, മോർ ഔഗേൻ എന്നീ ദയറാകൾ ആക്രമിക്കപ്പെട്ടതിനാൽ ഒട്ടേറെ ദയറാക്കാരും, പുരോഹിതന്മാരും കൊല്ലപ്പെടുകയും ചെയ്തു. കാത്തൂൺ തുറബ്ദീനിൽ വന്ന് അവിടെ താമസിച്ചു.

അഭയം തേടിയുള്ള യാത്രയിൽ യേശു ശമുവേലിനെ കൊണ്ടുപോയി എങ്കിലും അവരുടെ യാത്രയ്ക്ക് കുറെ താമസം നേരിട്ടു. മാത്രമല്ല, മലകൾ കയറിയുള്ള യാത്ര ബുദ്ധിമുട്ടായതിനാൽ യേശു ശമുവേലിനെ വഴിയിൽ ഉപേക്ഷിക്കുന്നതിന് അവർ നിർബന്ധിതരായി. ദൈവനടത്തിപ്പനുസരിച്ച് ഉപേക്ഷിക്കപ്പെട്ട യേശു ശമുവേലിനെ ഫാ. ഡിമിട്രിയസും ഭാര്യ മേരിയും കണ്ടെത്തി സംരക്ഷിക്കുന്നതിനിടയായി. അവിടെവച്ച് യേശു ശാമുവേൽ അമ്മയെ വീണ്ടും കണ്ടുമുട്ടി. (സുറിയാനിക്കാർ ടർക്കി, സിറിയ, പലസ്തീൻ, എന്നീ ദേശങ്ങളിൽ അനുഭവിച്ച പീഡകൾക്കു ശേഷവും ഇത്രയും അംഗങ്ങൾ ശേഷിക്കുന്നുവെന്നത് മഹാഅത്ഭുതം തന്നെ).

യേശു ശമുവേലിന് ഏകദേശം 13 വയസ്സുള്ളപ്പോൾ അ ഥേനയിലെ സ്കൂളിൽ ചേർന്നു. അവിടെയുണ്ടായിരുന്ന ഹന്ന ദൊലബാനി എന്ന പുരോഹിതൻ യേശു ശമുവേലിനെ വളരെ യേറെ സ്വാധീനിച്ചു. പിന്നീട് ഹോംസിലെ സ്കൂളിൽ ഏതാനും മാസങ്ങൾ പഠിച്ചിട്ട് ദമസ്ക്കൊസിലും ബെയ്റൂട്ടിലും താമസിച്ച് പഠിച്ചു. വിശുദ്ധ പട്ടണത്തിൽ പോകാമെന്ന് കത്തൂൺ നേർച്ച നേർന്നിരുന്നത് നിവൃത്തിയാക്കാൻ യേശുവിന് 15 വയസ്സുള്ള പ്പോൾ ജറുസലേമിലേക്കു പോയി.

1926ൽ യേശു ശമുവേലിന് 19 വയസ്സുള്ളപ്പോൾ പ. ഇഗ്നാ ത്തിയോസ് ഏലിയാസ് തൃതീയൻ ബാവാ ജറുസലേമിലെ വി ശുദ്ധ മർക്കോസിന്റെ മാളിക സന്ദർശിച്ച സന്ദർഭത്തിൽ യേശു ശമുവേലിനെ ദയറാക്കാരനായി പട്ടംകൊടുക്കുന്നതിനെ സംബ ന്ധിച്ച് ചോദിച്ചു. യേശു ചിന്തിച്ചു. ഞാൻ ലോകത്തെയും അതി ന്റെ മോദങ്ങളെയും ഉപേക്ഷിക്കാൻ തയ്യാറാണോ? എന്റെ സ്വന്ത താത്പര്യങ്ങളേക്കാൾ ദൈവത്തിന്റെയും സഭയുടെയും ആവ ശ്യങ്ങളെ പരിഗണിക്കുവാൻ എനിക്കു കഴിയുമോ? പുരാതന കാലം മുതൽ ദയറാക്കാർ കാത്തു സൂക്ഷിക്കുന്ന ദാരിദ്ര്യം, പാതിവ്രത്യം, അനുസരണം എന്നിവ വ്രതമായി കാക്കുന്നതിന് എനിക്കു സാധിക്കുമോ? ഞാൻ യഥാർത്ഥമായും വിളിക്കപ്പെട്ടി ട്ടുണ്ടോ? ഞാൻ തെരഞ്ഞെടുക്കപ്പെട്ടവനാണോ?

പരിശുദ്ധ ബാവാ കല്പിച്ചു. നിങ്ങൾ ഏകാന്തമായി പ്രാർ ത്ഥിപ്പിൻ. നിങ്ങൾക്ക് നമ്മുടെ നല്ല നാഥൻ ഉത്തരം നൽകും. ദൈവത്തെയല്ലാതെ സന്യാസ ജീവിതത്തിൽ മറ്റെന്തെങ്കിലും ആഗ്രഹിക്കുന്നവൻ അസന്തുഷ്ടിയും വിരക്തിയുമായിരിക്കും കണ്ടെത്തുക.

1926 ൽ പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാ വായിൽനിന്ന് ശർവ്വോയോ റമ്പാൻ പട്ടമേറ്റ് കെയ്റോയിലെ മഹമഷയിലുള്ള കോപ്റ്റിക് സെമിനാരിയിൽ രണ്ടുവർഷം പഠി ച്ചു. പിന്നീട് ജറുസലേമിലെത്തി താമസിച്ചുകൊണ്ടിരുന്നപ്പോൾ പ. ഏലിയാസ് തൃതീയൻ ബാവയോടുകൂടെ ഇന്ത്യ സന്ദർ ശിക്കുന്നതിനായി മൂസലിലെത്തണമെന്നറിയിച്ചുകൊണ്ടുള്ള കമ്പിസന്ദേശം ലഭിച്ചു. 1931 ഫെബ്രുവരി 13-ാം തീയതി യേശു റമ്പാൻ ജറുസലേമിൽ നിന്നു യാത്ര തിരിച്ചു. മൂസലിലെ പ.

ബാവായുടെ ഡോക്ടർ യാത്രചെയ്യരുതെന്ന് നിർദ്ദേശിച്ചപ്പോൾ 'സഭയിലെ മുറിവുണക്കുന്നതാണ് നമ്മുടെ ദൗത്യം അതിന് ഒരു ദിവസം പോലും നഷ്ടപ്പെടുത്തികൂടാ' എന്നു കല്പിച്ച് യാത്രതിരിച്ചു.

1932 ഫെബ്രുവരി 13-ാം തീയതി ഏലിയാസ് തൃതീയൻ ബാവാ മഞ്ഞനിക്കരയിൽ കാലം ചെയ്തപ്പോൾ യേശു റമ്പാൻ ഏറെ ദുഃഖിതനായി. അന്ന് അന്ത്യോഖ്യാ സിംഹാസന പ്രതി നിധിയായിരുന്ന മോർ യൂലിയോസ് ഏലിയാസ് ബാവായോ ടൊപ്പം മഞ്ഞിനിക്കരയിൽ താമസിച്ച് പ. കബറിങ്കൽ ശുശ്രൂഷ ചെയ്തു.

1932 ഏപ്രിൽ 4-ാം തീയതി മോർ യൂലിയോസ് ഏലിയാസ് ബാവ യേശു റമ്പാനെ കശീശയായി പട്ടം കൊടുത്തു. നവാഭി ഷിക്തനായ പ. അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ നിർദ്ദേശമനുസരിച്ച് 1932 അവസാനത്തോടെ ജറുസലേമിലേക്കു മടങ്ങിപ്പോയി.

1940കളിൽ യേശു അച്ചൻ പാത്രിയർക്കൽ മാസികയുടെ എ ഡിറ്ററായും ജറുസലേമിലെ മോർ ഫീലക്സിനോസ് ജേക്കബ് തിരുമേനി ക്ഷീണിതനായതിനാൽ പാത്രിയർക്കാ പ്രതിനിധി എന്ന നിലയിലും പ്രവർത്തിച്ചു.

1946 ക്രിസ്തുമസ്സിനു മുമ്പ് യേശു ശമുവേൽ അച്ചനെ പ. അഫ്രേം പ്രഥമൻ ബാവാ ഹോംസിൽ വച്ച് പലസ്തീനിന്റെയും ജോർദ്ദാനിന്റെയും മെത്രാപ്പോലീത്തയായി വാഴിച്ചു. 1947 ൽ ജെറിഹോയ്ക്കടുത്തുള്ള ഐയിൻ ഫെഷ്കയിലെ (Ain Feshka) ഗുഹയിൽനിന്ന് ബെഡുവിയർ (സ്ഥിരമായ വീടുകളില്ലാത്ത ആ ട്ടിടയന്മാരായ അറബികൾ) കണ്ടെടുത്ത ചാവുകടൽ ചുരുളുകൾ (Dead Sea Scrolls) യേശു ശമുവേൽ മാർ അത്തനാസിയോസ് (ഏപ്രിൽ 5 ന്) 60 ദിനാറിന് വാങ്ങി. ഇതിന്റെ വില ഏതാണ്ട് 250 അമേരിക്കൻ ഡോളറാണ് . ഈ ചുരുളുകൾ കുമറാൻ ചു രുളുകൾ എന്നും അറിയപ്പെടുന്നു.

1948 ഒക്ടോബർ 19 ന് പ. അഫ്രേം പ്രഥമൻ ബാവ അഭി വന്ദ്യതിരുമേനിയെ അമേരിക്കയിലേക്കും കാനഡയിലേക്കും അപ്പൊസ്തോലിക പ്രതിനിധിയായി അയച്ചു. പ്രധാനമായും

ജറുസലേമിൽ അഭയാർത്ഥികളെപോലെ ജീവിക്കുന്ന സുറിയാനിക്കാരെ സഹായിക്കുന്നതിന് അഭ്യർത്ഥിക്കുന്നതിനായിരുന്നു യാത്ര എങ്കിലും ഏറെ പഴക്കമുള്ള ചാവുകടൽ ചുരുളുകൾ വില്ക്കുന്നതിന് അവ അമേരിക്കയിൽ പ്രദർശിപ്പിക്കുന്നത് നല്ലതാണെന്ന് ചിന്തിക്കുമ്പോഴായിരുന്നു പുതിയ നിയമന കല്പന കിട്ടിയത്. 1948 ക്രിസ്തുമസ്സിനുശേഷം എക്സ് കാലിബർ എന്ന കപ്പലിൽ യാത്രചെയ്ത് ന്യൂജേഴ്സിയിലെത്തി. 1949 ഏപ്രിൽ മാസത്തിൽ വി. എഫ്രേമിന്റെ നാമത്തിൽ ന്യൂജേഴ്സിയിലും ആഗസ്റ്റിൽ സ്വർണ്ണ നാവുകാരനായ വി. ഈവാനിയോസിന്റെ നാമത്തിൽ ഡിട്രോയിറ്റിലും പള്ളികൾ കൂദാശ ചെയ്തു.

1949 ഒക്ടോബറിൽ ലൈബ്രറി ഓഫ് കോൺഗ്രസിലും നവംബറിൽ ബാൾട്ടിമോറിലെ വാൾട്ടേഴ്സ് ആർട്ട് ഗാലറിയിലും 1950 ഫെബ്രുവരിയിൽ വടക്കൻ കരോലിനയിലെ ഡർഹാമിലെ ഡ്യൂക്ക് സർവകലാശാലയിലും നവംബറിൽ ചിക്കാഗോ യൂണിവേഴ്സിറ്റിയിലും ചാവുകടൽ ചുരുളുകൾ പ്രദർശിപ്പിച്ചു. മേൽപ്പറഞ്ഞ ചുരുളുകളിൽ യെശയ്യാവിന്റെ പ്രവചനം, ഹബബൂക്കിന്റെ പുസ്തകത്തിലെ ഉദ്ധരണികൾ, അതിന്റെ വ്യാഖ്യാനം, വേദപുസ്തകസംബന്ധിയല്ലാത്ത ഒരു യെഹൂദ കൂട്ടത്തിന്റെ ആരാധന, വിശ്വാസം, നിയമങ്ങൾ എന്നിവയടങ്ങിയ ലാമേക്കിന്റെ ചുരുളുകൾ എന്നിവയും ഉൾപ്പെടുന്നു.

1951 ജനുവരി 9 ന് University Institute for Nuclear Studies ലെ Dr. Willard F. Libby ചാവുകടൽ ചുരുളുകളിൽ കാർബൺ 14 ടെസ്റ്റ് (ചുരുളിന്റെ പഴക്കം ശാസ്ത്രീയമായി നിർണ്ണയിക്കുന്ന രീതി) നടത്തുകയും അവ ഉദ്ദേശം ഏ. ഡി. 33 ൽ എഴുതപ്പെട്ടവയാകാമെന്ന നിഗമനത്തിലെത്തുകയും ചെയ്തു.

അതിനിടെ ജറുസലേം, ലബനോൻ, ജോർദ്ദാൻ എന്നിവിടങ്ങളിലെ സുറിയാനിക്കാരായ അഭയാർത്ഥികൾക്കായി വസ്ത്രങ്ങളും 15,000/- അമേരിക്കൻ ഡോളറും എത്തിച്ചുകൊടുത്തു. 1951 ഒക്ടോബർ കഴിഞ്ഞ് കാനഡയിലേക്കു പോയി. 1952 മെയ് 13-ാം തീയതി മോർ അത്താനാസിയോസ് യേശു ശമുവേൽ തിരുമേനിയെ അമേരിക്കയുടെയും കാനഡയുടെയും പാത്രിയർക്കൽ വികാരിയായി പ. പാത്രിയർക്കീസ് ബാവാ നിയമിച്ചു. 1952 ആഗസ്റ്റിൽ ഷെർബ്രുക്കിൽ (Quebec, Canada) വി. അഫ്രേമിന്റെ

നാമത്തിൽ പള്ളി കൂദാശ ചെയ്തു. 1953 ൽ Hackensack (New Jersey, U. S. A) ൽ ഒരു സ്ഥിരമായ അരമന വാങ്ങി അവിടെത്തന്നെ ആരാധനയും ക്രമമായി ആരംഭിച്ചു.

1954 ജൂൺ 1-ാം തീയതി വോൾസ്ട്രീറ്റ് ജേണലിൽ ചാവുകടൽ ചുരുളുകൾ വില്പനയ്ക്കായി പരസ്യം ചെയ്തു. ജൂലൈ 1-ാം തീയതി Mr. Sidney Esteridge 250,000 ഡോളറിന് അവ വാങ്ങി. 1954 ഒക്ടോബർ 7ന് "Archbishop Samuel Trust" രൂപീകരിച്ച് അതിൽ തുക നിക്ഷേപിച്ച് സുറിയാനി സഭയ്ക്ക് സാമ്പത്തികമായി നല്ല ഒരടിത്തറ പാകി.

1957 നവംബർ 15 ന് പുതുതായി സ്ഥാനാരോഹണം ചെയ്ത പ. ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ ബാവ അഭിവന്ദ്യ തിരുമേനിയെ അമേരിക്കയിലും കാനഡയിലുമുള്ള എല്ലാ പള്ളികളുടെയും ആർച്ച് ബിഷപ്പായി നിയമിച്ച് കല്പനയായി. 1992 ൽ മലയാളികൾക്ക് മലയാളിമെത്രാനെന്ന ആശയം ശക്തമായി. അതിന്റെ ഫലമായി വാഴിക്കപ്പെട്ട മെത്രാപ്പോലീത്തായുടെ തുടക്കംപോലെ തന്നെ ഒടുക്കവും സംഭവിച്ചു.

1958 ൽ ന്യൂജേഴ്സിയിൽ St. Marks കത്തീഡ്രൽ കൂദാശ ചെയ്തു ആരാധന തുടങ്ങി. കേരളത്തിൽനിന്ന് അമേരിക്കയുടെ വിവിധ ഭാഗങ്ങളിലുള്ള വിശ്വാസികൾക്കുവേണ്ടി 25 ൽപരം ആരാധന കൂട്ടങ്ങൾ സംഘടിപ്പിക്കുകയും വളരെയേറെ വൈദികരെ അമേരിക്കയിലേക്ക് സ്പോൺസർ ചെയ്തതും തിരുമേനിയാണ്. ഈ ഗ്രന്ഥകാരനും ആ കൂട്ടത്തിൽപ്പെടുന്നു.

1958 മുതൽ 1993 വരെ അമേരിക്കൻ ഐക്യനാടുകളിലും കാനഡയിലും പള്ളികൾ സ്ഥാപിച്ചും വൈദികരെ അയച്ചും അഭിവന്ദ്യ തിരുമേനി ശുശ്രൂഷ തുടർന്നു. മഞ്ഞനിക്കരയിൽ കാലംചെയ്ത് കബറടക്കപ്പെടണമെന്ന് തിരുമേനി ആഗ്രഹിച്ചിരുന്നു. എന്നാൽ മലയാളികളുടെ 'മണ്ണിന്റെ മക്കൾ' വാദം തിരുമേനിയെ വേദനിപ്പിച്ചു. കാലിഫോർണിയയിലെ ലോസ് ഏഞ്ചൽസിലെ സുറിയാനിക്കാരുടെ പള്ളിയിൽ കബറടക്കപ്പെടാൻ നഗരസഭാ അധികൃതർ അനുവാദം നൽകാതിരുന്ന സാഹചര്യത്തിൽ (അമേരിക്കയിൽ പ്രത്യേകം നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ മാത്രമെ കബറടക്കം അനുവദിച്ചിട്ടുള്ളൂ) തിരുമേനി തിരഞ്ഞെടുത്ത സ്ഥലമായിരുന്നു നെതർലാണ്ട്.

അഭിവന്ദ്യ തിരുമേനി മലങ്കരയിൽ പലതവണ വരികയും താമസിക്കുകയും ചെയ്തിട്ടുണ്ട്. പ. പാത്രിയർക്കീസ് സാഖാ ഒന്നാമൻ ബാവ 1982 ൽ മലങ്കര സന്ദർശിച്ചപ്പോഴും അഭിവന്ദ്യ തിരുമേനി മലങ്കരയിൽ വന്നിരുന്നു. കാലംചെയ്ത മോർ കൂറിലോസ് കുര്യാക്കോസ് തിരുമേനിയെപ്പോലെ പലരും അദ്ദേഹത്തിൽ നിന്ന് പൗരോഹിത്യ പദവികൾ സ്വീകരിച്ചിട്ടുണ്ട്.

സുറിയാനിയിൽനിന്ന് വി. കുർബ്ബാന തക്സാകൾ ഇംഗ്ലീഷിലേക്ക് വിവർത്തനംചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആണ്ടു തക്സാ, ആനീദാ പുസ്തകങ്ങളും ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ദേഹവിയോഗം**

1995 ഏപ്രിൽ 16-ാം തീയതി (ഊശാന ഞായറാഴ്ച) രാത്രി 8.00 മണിക്ക് ന്യൂജേഴ്സിയിലെ അരമനയിൽവച്ച് കാലംചെയ്തു. ഏപ്രിൽ 26-ാം തീയതി ഹോളണ്ടിലെ മോർ യൂലിയോസ് യേശു ശീശക് തിരുമേനി, മോർ ക്ലീമീസ് ഔഗേൻ കപ്ലാൻ എന്നീ തിരുമേനിമാരും മലയാളികളുടെ ആദ്യത്തെ മെത്രാപ്പോലീത്ത മോർ നിക്കോളാവോസ് സഖറിയാസ് തിരുമേനിയും (പിന്നീട് സഭ വിട്ടുപോയി) പ്രാർത്ഥനകൾ നടത്തി.

1995 മെയ് 2-ാം തീയതി പ. പാത്രിയർക്കീസ് സാഖാ ഇവാസ് ഒന്നാമൻ ബാവാ ന്യൂജേഴ്സിയിലേക്കെഴുന്നള്ളി St. Marks Cathedral ൽ വി. കുർബ്ബാനയർപ്പിച്ചു. അന്ന് ഉച്ചയ്ക്കുശേഷം അഭിവന്ദ്യ തിരുമേനിയുടെ ശരീരം ഒരു പ്രത്യേക പേടകത്തിൽ വിമാനമാർഗ്ഗം ഹോളണ്ടിലേക്ക് കൊണ്ടുപോയി. മെയ് 5-ാം തീയതി ഉച്ചയ്ക്കുശേഷം 2 മണിക്ക് കബറടക്ക ശുശ്രൂഷകൾ St. Ephrem Monastery യിൽ നടന്നു. പ. ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന കബറടക്ക ശുശ്രൂഷയിൽ ഇറാഖിലെ മോർ സേവേറിയോസ് സഖാ, ലബനോനിലെ മോർ തെയോഫീലോസ് ജോർജ്ജ് സ്ലീബാ, ജറുസലേമിലെ മോർ ഒസ്താത്തിയോസ് മത്താ റോഹം, മോർ ഈവാനിയോസ് പൗലോസ് അൽസുഖി, മോർ നിക്കോളാവോസ് സഖറിയ എന്നീ തിരുമേനിമാരും നിരവധി വൈദികരും യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 5000 ത്തിലധികം വിശ്വാസികളും സംബന്ധിച്ചു.

പുണ്യശ്ലോകനായ പിതാവിന്റെ ശുശ്രൂഷകളും പ്രാർത്ഥനകളും സഭയുടെ മുന്തിരിത്തോപ്പിൽ നിറവേറ്റിയ പ്രയത്നങ്ങളും നമുക്ക് പ്രചോദനം നൽകട്ടെ. പിതാവേ! കർതൃസന്നിധിയിൽ ഞങ്ങൾ അങ്ങയെ കാണുന്നതിന് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

## പുണ്യശ്ലോകനായ
## മോർ അത്താനാസിയോസ് ശെമവൂൻ ബാവാ
### (എ. ഡി.? - 1889)

പ. പത്രോസ് നാലാമൻ (മൂന്നാമൻ) പാത്രിയർക്കീസ് ബാവാ 1876 ലെ മുളന്തുരുത്തി സുന്നഹദോസിനുശേഷം 1877 മെയ് 16-ാം തീയതി ബോംബെയിൽ നിന്നു തിരിച്ചുപോയി. ആ കാലഘട്ടത്തിൽ പഴയ സെമിനാരിയും വസ്തുവകകളും നവീകരണക്കാരുടെ കൈവശമായിരുന്നു. നവീകരണക്കാർ, പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥന, വി. കന്യകമറിയാമിനോടുള്ള മധ്യസ്ഥപ്രാർത്ഥന എന്നിവയും അനുബന്ധമായ രീതികളും മാറ്റുന്നതിന് പ്രയത്നിച്ച മിഷനറിമാരോടു കൂട്ടുചേർന്നവരാണ്.

അന്നത്തെ തിരുവിതാംകൂർ കോടതി പ്രൊട്ടസ്റ്റന്റ് (നവീകരണക്കാർ) അനുഭാവികളുള്ള പള്ളികളിൽ ഒരുതവണ അവരുടെ പട്ടക്കാർക്കുമുണ്ടായിരിക്കത്തക്ക വിധം വിധി പ്രസ്താവിച്ചിരുന്നു. ആയതിനാൽ ഒന്നിടവിട്ട ആഴ്ചകളിൽ രണ്ടുകൂട്ടരും ശുശ്രൂഷകൾ നടത്തിപ്പോന്നു. എന്നാൽ കോട്ടയം ചെറിയ പള്ളി ആലപ്പുഴ മുൻസീഫ്- നവീകരണക്കാർക്ക് അനുകൂലമായി വിധിച്ചതിനാൽ സത്യവിശ്വാസികൾ ആ പള്ളിയുപേക്ഷിച്ച് തൊട്ടടുത്തുള്ള പുത്തൻപള്ളിയിൽ ആരാധനകൾ നിർവ്വഹിക്കേണ്ടതായി വന്നു.

നവീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെട്ടുവന്നതിനാൽ 1865-ൽ പ. ഇഗ്നാത്തിയോസ് യാക്കൂബ് ദ്വിതീയൻ പാത്രിയർക്കീസ് ബാവായാൽ മലങ്കര മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ട ജോ

സഫ് മാർ ദീവന്നാസിയോസ് (മുമ്പ് ആർത്താറ്റ് കുന്നംകുളം പള്ളി വികാരിമാരിലൊരാളും, പിന്നീട് മുളന്തുരുത്തി പള്ളിയിൽ കബറടങ്ങിയ യുയാക്കീം മാർ കുറീലോസ് ബാവായുടെ സെക്രട്ടറിയുമായ പുലിക്കോട്ടിൽ ജോസഫ് കശീശ്ശ) 1879 ൽ നവീകരണ വക്താവായ പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസിന്റെ പിൻഗാമിയായ തോമസ് അത്താനാസിയോസിനെ പ്രതിയാക്കി അന്യായം ബോധിപ്പിച്ചു.

1880 ൽ പ. പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവായ്ക്കു ജോസഫ് മാർ ദീവന്നാസിയോസ് തിരുമേനിയും പരിശുദ്ധനായ പരുമല തിരുമേനിയും ചേർന്ന് ഒരു കത്തയച്ചു. കത്തിൽ നവീകരണക്കാരിൽനിന്ന് അനുഭവിക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വിവരിച്ചിരുന്നു. വിവരങ്ങൾ അറിഞ്ഞ് ദുഃഖിതനായ ബാവാ, 1849 ൽ തുറബ്ദീൻകാരനായ സ്തേഫാനോസ് മോർ അത്താനാസിയോസിനോടു കൂടെ മലങ്കരയിൽ വന്നിട്ടുള്ള എസ്ഫസ്കാരൻ ശെമവൂൻ റമ്പാച്ചനെ മോർ അത്താനാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ച് 1880 ൽ സ്ലീബാ ശെമ്മാശനോടുകൂടെ (പിന്നീട് അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായി വന്ന ആർത്താറ്റ് സിംഹാസന പള്ളിയിൽ കബറടങ്ങിയ പരിശുദ്ധനായ സ്ലീബാ മാർ ഒസ്താത്തിയോസ് ബാവാ) മലങ്കരയിലേക്കയച്ചു. അവർ 1881 ജനുവരി 1-ാം തീയതി കൊച്ചിയിലെത്തി.

മേൽപ്പറഞ്ഞ കാലഘട്ടത്തിൽ മലങ്കരയിലുണ്ടായിരുന്ന സിംഹാസന പ്രതിനിധി യുയാക്കീം മാർ കൂറിലോസ് ബാവാ 1874 ൽ കാലം ചെയ്ത് മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ കബറടങ്ങി. ഈ പിതാവ് 1846 മുതൽ 28 വർഷങ്ങൾ മലങ്കരയിൽ സത്യവിശ്വാസത്തെപ്രതി യത്നിച്ച് ദൈവവേലചെയ്തു.

മിഷനറിമാർക്ക് ഭരണാധികാരികളുടെ ഒത്താശയുണ്ടായിരുന്നതിനാൽ സത്യവിശ്വാസം നിലനിർത്തുന്നതിന് പുണ്യശ്ലോകനായ ജോസഫ് മോർ ദീവന്നാസിയോസ് (പുലിക്കോട്ടിൽ) തിരുമേനിയും, സ്ലീബാ ശെമ്മാശനും പുത്തൻപള്ളിയിൽ താമസിച്ച് കഠിനാദ്ധ്വാനം ചെയ്തു. സത്യവിശ്വാസം സത്യസഭയിൽ ദൈവം നിലനിർത്തുന്നതായി സുറിയാനി സഭാമക്കൾ അനുഭവിച്ചറിഞ്ഞു. 1889 ൽ പഴയ സെമിനാരിയും സ്വത്തുക്കളും

ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനിക്കു വിധിയിലൂടെ ലഭിച്ചപ്പോൾ പുത്തൻപള്ളിയിൽനിന്ന് പഴയ സെമിനാരിയിലേക്കു താമസം മാററി.

വിധിയുടെ പശ്ചാത്തലത്തിൽ നവീകരണം പ്രചരിപ്പിച്ച മിഷനറിമാർക്ക് സെമിനാരിയിൽ പ്രവേശിക്കുവാൻ സാധിക്കാതെയായി. അപ്പോൾ അവർ ഇന്ന് സി. എം. എസ് കോളേജ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് പുതിയ സെമിനാരി ആരംഭിച്ചു. അന്നുമുതൽ ആദ്യത്തെ സെമിനാരി പഴയ സെമിനാരി എന്നറിയപ്പെടാൻ തുടങ്ങി.

സുറിയാനി സഭയിൽ സത്യവിശ്വാസം നിലനിർത്തുന്നതിന് മലങ്കരയിൽ റമ്പാച്ചനെന്ന നിലയിൽ 1849 ൽ വന്ന് 1881–1889 വരെ മെത്രാപ്പോലീത്തായെന്ന നിലയിൽ ശുശ്രൂഷിച്ച ശെമവൂൻ മോർ അത്താനാസിയോസ് ബാവാ 1889 ജൂൺമാസം 11–ാം തീയതി പഴയ സെമിനാരിയിൽവച്ച് കാലംചെയ്തു. കോട്ടയം പുത്തൻപള്ളിയുടെ മദ്ബഹായുടെ വടക്കുവശത്തു കബറടക്കപ്പെട്ടു. മലങ്കരയുടെ മണ്ണിൽ കബറടങ്ങിയ ബാവാ അന്ത്യോഖ്യാ മലങ്കര ബന്ധത്തിന്റെ മങ്ങാത്ത സ്മാരകമായി പ്രശോഭിക്കുന്നു.

# References

Abraham Malpan, K. (1981). *Prarthanakramam* (2nd ed.) Pampakuda: Mor Julius Press.

Anna Benchamin (1987) *Vedapusthakathile Sthreekal* Thiruvalla: C.L.S

Aphrem I (2000). *The history of Syriac literature and sciences* (Matti Moosa, Trans.) Pueblo: Passeggiate Press.

Aphrem Paulose Ramban (1963). *Vellinakshathrangal*. (Fr. T. J. Abraham, Trans.). Manjhinikkara: Mor Ignatius Dayara.

Aphrem Paulose Ramban (1964). *Sheemakkaraya Pithakkanmar* (Fr. T. J. Abraham, Trans.) Manjanikkara: Mor Ignatius Dayara.

Aprem Aboodi Ramban (1966). *Stuthi chowayakkapetta suriyani sabha.* (Madappattu Yacoub Ramban, Trans). Pathanamthitta: Ajantha Press.

Athanatius of Alexandria (1932). *Mor Anthoniyosinte Jeevacharithram.* (Fr. M. Kuriakose, Trans.) Kizhakkambalam: Religious Movement of Ancient Syrians.

Athanatius Yeshue Samuel (1966). *Treasure of Qumaran: My story of the Dead Sea Scrolls*. Philedelphia: Westministers Press.

Britannica (2001). C. D. Britannica Inc.

Brock, S. P., & Taylor, D. G. K. (Eds.) (2001) *The hidden pearl - The Ancient Aramaic heritage* (Vol. I). Rome: Trans World Film Italia.

Brock, S. P., & Taylor, D. G. K. (Eds.) (2001) *The hidden pearl - The heirs of the Ancient Aramaic heritage* (Vol. II). Rome: Trans World Film Italia.

Brock, S. P., & Taylor, D. G. K. (Eds.) (2001). *The hidden pearl - At the turn of the third millenium; The Syrian Orthodox witness.* (Vol. III) Italia: Trans World Film.

Brown, R. E, Fitmyer, J. A., & Murphy, R. E. (Eds.) (1920). *The new Jerome biblical commentary*. New Jersey: Prentice Hall Inc.

Cayre, A. A. (1935). *Manual of Patrology* (Vo1. 1). (A. A. Howitt, Trans.). Paris: Desclee & Co.

Cayre, A. A (1935). *Manual of Patrology*. (Vol. 2). (A. A. Howitt, Trans.) Paris: Desclee & Co,

Chacko, P. N. (1971). *Sleeba Mor Osthatheos Bava.* Kunnamkulam: Simhasanapally.

Chediyath,G. (1988). *Sabhapithakanmar - II.* Kottayam: Oriental Institute of Religious Studies.

Cross, F. L., & Livingstone, E. A. (Eds.) (1974). *The Oxford Dictionary of the Christian Church* (2nd ed.) London: Oxford University Press.

D'souza, H. (1952). *In the steps of St.Thomas.* Madras: The Diocese of Mylapore.

Douglas, J. D. (Ed.) (1978). *The new international dictionary of the Christian Church* (rev. ed.) Michigan: Zondervan Publishing House.

*Encyclopaedia Americana* (1988).Connecticut: Grolier Incorporated.

*Encylopaedia Britannica* (1943). Chicago: Encyclopaedia Britannica.

*Encarta Encyelopaedia* (2001). C. D. Microsoft Corporation

*Encyclopaedia Britannica* (2001). Encyclopaedia Britannica, Inc.

Eusebius (1980). *The ecclesiastical history* (Vol. 1). (Kirsopp Lake, Trans.). London: William Heinemann Ltd.

Hoever, H. (1989). *Lives of the saints*. (rev.ed). New York: Catholic Book Publishing Company.

Ignatius of Antioch. (1968). *Early Christian writings: The apostolic fathers.* (Maxwell Staniforth, Trans.). New York: Dorset Press.

Jacob of Serugh. (1997). *Select Festal homilies.* (Fr. Thomas Kollam -parambil CMI, Trans.). Banglore: Dharmaram Publications.

John Chrysostom. (1963). *The ancient Christian writers: Baptismal instruction*. (Paul W. Hakins, Trans.). New York: Newman Press

John Chrysostom (1984). *Six Books on Priesthood.* (Gram Neville, Trans.) New York: St.Vladimir Seminary.

Jospeh, Kulathramannil (1992). *Suriyani Sabapithakanmar.* Mulanthuruthy: Seminary Publications.

Joseph, Kulathramannil (1996). *Suriyani sabha jyothissukal.* Mulanthuruthy: Seminary Publicaions.

Josephus (1992). *The works of Jesephus* (William Whiston, Trans.). Massachusetts: Hendrickson Publishers.

Kolangadan, J. (1995-96). The historicity of apostle Thomas evangelisation in Kerala. *The Harp*, VIII & IX, 305-327.

Koodpuzha, S. (Ed.) (1984). *Thirusabha charithram* (2nd ed.). Kottayam: Oriental Institue of Religious Studies.

Lovaski; L. G. (n.d). *The apostles of Jesus*. New York: Catholic Book Publishing Co.

Mathen Corpiscopa, K. (1996). *Syrian Orthodox sabhayude prarthanakramam.* Mulamthuruthy: Seminary Publications

Mathews, V. H. (1991). *Manners and customs in the Bible.* (rev.ed.). Masschusetts: Hendrickcon Publishers.

Menachery, G. (Ed.) (1973). *The St.Thomas Chistian encyclopaedia of India* (Vol. II). Trichur.

Moothedan, Thomas (2001). *Anudhina Visudhar* (5th ed.). Trivandrum: Carmel Publishing Centre

n.a. (1930). *Forty Matyrs of Sebastea.* Kunnamkulam:Syrian Christian Book Depot.

*Nelson's Encyclopaedia.* (1913). New York: Thomas Nelson & Sons.

Panicker, G. (1989). St.Thomas in India according to Jacob of Sarug. *The Harp*, 2 (1&2), 59-64

Paul, Babu (1977).*Vedashabda Rathnakaram.* Thiruvananthapuram: The State Institute of Languages.

Philip, E. M.(1992). *Marthomasleehayude Indian Sabha.* Mulamthuruthy: Seminary Publications.

Pollock, John (1985). *The Apostle: A life of Paul*. Illinois: Victor Books

Semavoon & Barhathor. (1979). *Dukkithanmaril Thalavanaya Mor Shemavoon Desthoono*. (Fr.Varghese Philip, Trans.) Velloor, Kottayam: St. Simon's Church.

Smith, W., & Wace, H. (Eds.). (1877). *A dictionary of Christian biography.* (Vol. 1). London: John Murray.

Smith, W. & Wace, H. (Eds.). (1880). *A dictionary of Christian biography.* (Vol. 2). London: John Murray.

Smith, W., & Wace, H. (Eds.) (1882). *A dictionary of Christian biography.* (Vol. 3). London: John Murray.

Smith, W., & Wace, H. (Eds.). (1887). *A dictionary of Christian biography* (Vol. 4). London: John Murray.

*The Encyelopaedia Americana.* (1988). Connecticut: Grolier Incorporated

*The new encyclopaedia Britannica*. (1988). Encyclopaedia Britannica Inc.

*The Orthodox Study Bible.* (1993). Tennessee: Thomas Nelson Publishers.

White, K. E. (1991). *A guide to the saints*. New York: Ivy Books.

Yacob III, Ignatius H. H. (1958). *History of the Syrian Church in India*. Aleppo: Syrian Orthodox Diocese.

Yacoub III, Ignatius, H. H. (1985). *The Syrian Orthodox Church.* Holland: St. Ephrem the Syrian Church

Zakka I, Ignatius H. H. (1999). *Patriarchal Encyclical dated 14th March on the occasion of 800th memorial celebrations of Patriarch Mor Michael Rabo.* Damascus, Syria.

## Name Index
## Vol. I

Antonius of Egypt ............ 38
Aphrem I, Patriarch............ 93
Athanatius Shemavoon ............ 131
Athantius Yeshu Samuel............ 125
Bar Hebreaus, Maphrian ............ 108
Barsoumo ............ 44
Baselus Paulose II, Catholicos............112
Fourty martyrs of Sebesthe ............ 10
George, Saint ............ 13
Gregorius of Chathuruthil ............ 69
Ignatius, Noorono ............ 26
Ivanius, Gold-mouthed ............ 75
Jacob of Sarug ............ 85
Jacob, The disciple............ 16
James Bardeaus............ 80
John, the Baptist............ 5
Julius Yacob ............116
Luke, the Evangelist ............ 67
Mathew, the disciple ............ 59
Michael Rabo, Patriarch ............ 100
Moshe Bar Kipho ............ 123
Osthatheos Sleeba ............ 48
Paul, the apostle............ 23
Peter III (IV), Patriarch............ 88
Peter, Chief among apostles ............ 19
Simon, the stylite ............ 55
Thekkla, the Saint............ 61
Thimotheos Yacoub ............ 120
Thomas, the apostle ............ 31
Yacoub III, Patriarch ............ 96

## Name Index
## Vol. II


Abgar V, the Black ........ 55
Agatha, Martyr ........ 08
Aphrem, the Syrian ........ 71
Athanatius Paulose, Saint ........ 43
Barbara and Juliana, Martyrs ........ 23
Baselius of Caesera, Saint ........ 38
Cipriyan, Martyr ........ 19
Clemis Abraham ........ 94
Cyril of Alexandria ........ 73
Dionysius Michael ........ 84
Elias III, the Patriarch of Antioch ........ 50
Gregorius Abdul Jaleel, Saint ........ 59
Gregory of Nyssa, Saint ........ 42
Helen, Queen ........ 68
James of Jerusalem, Martyr ........ 13
James of Nisbis ........ 64
John bar Aphthoonia ........ 77
John, the Disciple ........ 62
Julius Elias, the delegate of Antioch ........ 89
Kuriakose and Yulithi, Martyrs ........ 15
Mark, Martyr ........ 09
Marutha, the Maphrian ........ 82
Mary, Magdelena ........ 75
Mary, Mother of God ........ 26
Osthatheos, the Patriarch of Antioch ........ 80
Philexenus of Mabbug, Martyr ........ 25
Rabula of Edessa ........ 92
Sergius and Baccus, Martyrs ........ 22
Severius, the Patriarch of Antioch ........ 47
Stephen, Martyr ........ 05

# Name Index
# Vol. III


Abahai, Martyr ........ 15
Abded Aloho II, Patriarch ........ 48
Ahudemeh, The Great Bishop ........ 51
Ambrose, Saint ........ 32
Andrew, The Disciple ........ 21
Athanatius of Alexandria ........ 39
Babula, Patriarch ........ 5
Bartholomew, The Disciple ........ 11
Dionysius of Alexandria ........ 46
Dioscoros of Alexandria ........ 43
Gregorius Gheevarghese ........ 60
Gregorius Yuhanon ........ 76
Gregory of Nazianzen, ........ 27
Jacob of Edessa ........ 65
James, Son of Alphaeus ........ 18
Joseph, The Just ........ 34
Juda, The Disciple ........ 9
Julius of Rome, ........ 37
Julius Yeshu Cicek ........ 79
Mathias, The Disciple ........ 13
Osthatheos Bennyamin Joseph ........ 71
Pachomius, Saint ........ 29
Pelagia, Saint ........ 16
Philip, The Disciple ........ 19
Philoxenos Samuel ........ 58
Polycarp of Smirna, Martyr ........ 24
Severius Gheevarghese ........ 67
Shukr Allah of Aleppo, Maphrian ........ 55
Simeon, The Zeolot ........ 07
Yeldho Baselius Maphrian, Saint ........ 52

## Name Index
## Vol. IV

Anthimus of Constantinople ........ 59
Aphrahat, Hermit ........ 26
Athanatius Paulose Kadavil I ........ 71
Athnatius Paulose, Kadavil II ........ 78
Augen of Clysma ........ 23
Balai, Bishop of Balsh ........ 38
Clement of Rome ........ 05
Coorilos Kuriakose ........ 80
Coorilos Paulose ........ 49
Coorilos Yuyakim ........ 45
Dionysius Joseph ........ 67
Epiphanius of Salamis ........ 33
Eusebius of Caeseria ........ 17
Isaac, the Doctor ........ 39
Ivanios Hidayathulla ........ 61
Ivanios Yuhanon ........ 65
Joachim & Hannah ........ 15
John of Damascus ........ 42
Macrina ........ 28
Osthatheos Thomas ........ 82
Paul of Thebaid ........ 20
Phocas of Sinope, Gardner ........ 10
Severios Paulose ........ 74
Sharbil, Martyr ........ 07
Simon, the Potter ........ 41
Themotheos of Alexandria ........ 57
Theophilos Thomas ........ 84
Theophilus of Alexandria ........ 54
Yacoub, M'fasquo ........ 13
Zeno ........ 37

# Name Index
# Vol. V


Acacious Aleppo ........ 46
Anastasia, the Martyr........ 6
Arnobius, the Martyr ........ 16
Deevannasios Simon........ 55
Didymus, the blind ........ 51
Dodo Gregorios, the Saint ........ 33
Fabronia, the Martyr ........ 24
Flavian, the Patriarch........ 39
Habib, the Martyr ........11
Ivanios Philipose........ 60
John of Arabia........ 48
Julius Geevarghese........ 53
Julius Kuriakose ........ 68
Koorilos Geevarghese ........ 58
Koorilos Markose........ 64
Kuriakose, the Patriarch ........ 42
Kuriakose Vanchithattil, Ramban........ 71
Macarius, the Egyptian ........ 20
Malke, the Saint........ 32
Marina, the Saint ........ 30
Meletius Barnaba........ 62
Meletius, the Patriarch........ 37
Mena, the Martyr ........ 08
Ossyo, Martyr ........ 18
Polycarpus Geevarghese ........ 66
Serapion, the Patriarch........ 36
Shalito, the Martyr ........ 21
Simon, the Martyr ........ 05
Simon Theophilus, the Patriarch ........ 40
Yuhanon, the Bishop of Ephesus ........ 43

## Name Index
## Vol. VI


Adai, the first bishop of Edessa ........................................ 19
Adrian with his wife Natalia, Martyrs ................................. 24
Ahathulla ........................................................................ 41
Alexander, the Patriarch of Constantinople ....................... 40
Anthrayose, Kallada, Kerala, India ................................... 51
Athanasius Aphrem Barsoum, Archbishop ....................... 55
Babylas, Patriarch of Antioch, the Martyr .......................... 43
Barnabas, the Apostle ...................................................... 09
Carpos & Papylos, Martyrs ............................................... 26
Dionysius of Milan, the Bishop ......................................... 50
Euphemia, Virgin & Martyr ................................................ 28
Evodius, The Patriarch of Anticoh, Martyr ........................ 39
Gabriel of Thur’abdeen .................................................... 36
Gregorius Gheevarghese, Vayaliparampil ........................ 57
Gregory, the Wonderworker ............................................. 34
Hesychius, the Martyr ....................................................... 14
Hippolytus of Rome, the Martyr......................................... 22
Iranaeus of Sirmium, the Martyr ........................................ 23
Joseph of Arimathea ......................................................... 03
Justin, the Martyr............................................................... 12
Longinus, the Martyr ......................................................... 04
Nicephorus, the Martyr ..................................................... 15
Pantaenus of Alexandria (priest) ....................................... 08
Pantaleon, the Martyr ....................................................... 18
Pelagia of Tarsus, Virgin & Martyr .................................... 17
Philexinose Yoohanon ...................................................... 53
Shmuni, her seven children and Eliazar ........................... 05
Simeon, the Aged & Morth Hannah ................................. 01
Tharakkos, Prokkos & Andronikkos, Martyrs .................... 29
Zakka I, the Patriarch of Antioch ....................................... 45

## Name Index
## Vol. VII


Abraham Kidunay ........ 26
Aggai, The second Bishop of Edessa ........ 09
Agnes, Virgin & Martyr ........ 15
Alexander, the Patriarch of Alexandria ........ 19
Ammon (Amus) of Nitria ........ 23
Anthimos, Episcopo of Nicomedia, the Martyr ........ 13
Anysia, the Martyr ........ 14
Apollonia, the Martyr ........ 12
Bar-had- bashabo, Deacon & Martyr ........ 25
Callistus, Episcopo of Rome ........ 11
Cosmas & Damian, Martyrs ........ 16
Cyril of Jerusalem ........ 30
Daniel, the Stylite ........ 33
Hilarion, Abbot (of Gaza) ........ 28
Irenaeus, the Bishop of Lyons ........ 07
Isaac of Nineveh (Syrian) ........ 48
Jacob of Edessa ........ 50
John III of Sedre, the Patriarch of Antioch ........ 45
John of Egypt, the Abbot ........ 35
Mary of Egypt ........ 37
Maximus, the Confessor ........ 43
Pamphilus of Caesarea, the Martyr ........ 17
Severus Sabukht, Bishop of Qinnesrin ........ 47
Shemvun of Qartmin ........ 41
Silvester, the Patriarch of Rome ........ 21
Simon Zaytuni (of Harran) ........ 53
Theodotus, the Patriarch of Antioch ........ 39
Timothy, the disciple of Apostle St. Paul ........ 01
Titus, the disciple of Apostle St. Paul ........ 04
Zokhe (Nicholavos), Bishop of Moora (Myra) ........ 22

# Name Index
# Vol. VIII


Aho, the Ascetic ........ 05
Arsenius, the Great ........ 31
Artemius, Martyr ........ 04
Athanasius Denho ........ 03
Behnam and Sara, Martyrs ........ 22
Dionysius Tal Mahre, the Patriarch of Antioch ........ 19
Dionysius, the Areopagite ........ 55
Drosis, daughter of Emperor Trajan ........ 17
Eugenia, Martyr ........ 38
Eulogius, Episcopo of Edessa ........ 28
Evagrius, Ascetic and Writer ........ 35
Gregorius of Armenia, the Illuminator ........ 01
Hilaria, daughter of Emperor Zeno ........ 33
Ignatius Nuh (Noah), the Patriarch of Antioch ........ 27
Irene (Erini/Irini), Martyr ........ 42
Isidore of Chios, Martyr ........ 57
John (Yuhanon) of Tella ........ 45
John IX, Bar Shushan, the Patriarch of Antioch ........ 20
Mamas of Caesarea, Martyr ........ 40
Mennas, Martyr ........ 12
Moses, the Ethiopian ........ 24
Palladius, the Solitary ........ 53
Pambo, the Ascetic ........ 14
Paul (I) of Edessa ........ 58
Philexinose Yuhanon Dolabani of Mardin ........ 09
Theodora, Empress of Byzantine ........ 50
Theodotus, Martyr ........ 48
Thomas of Heraclea ........ 43
Yuhanon of Mardin ........ 47
Zenobius and Zenobia, Martyrs ........ 13

## Books by the Author


1. Rajan, K. M. (1991). *Queen of the  Sacraments.* California, U.S.A.: St. Mary's J.S.O Church.
2. Rajan, K. M. (1993). *The prayer book of the Syrian Orthodox Church*. California, U.S.A.: St. Mary's J.S.O Church.
3. Rajan, K. M. (1999). *Perspectives in physical science teaching.* Kottayam, Kerala: Vidyarthi Mithram Press & Book Depot.
4. Rajan, K. M. (1999). *A treatise on form of style of thesis and disseration.* Mannanm, Kottayam: St. Joseph's Training College.
5. Rajan, K. M. (2002). Role of teacher education institutions in school management (pp. 165-172). In M. Mukhopadhyay (Ed.), *Secondary education: The challenges ahead.* New Delhi: NIEPA.
6. Rajan, K. M. (2003).*Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum.* (Vol. I) Trivandrum: Lotus Publications.
7. Rajan, K. M. (2004). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. II). Trivandrum: Lotus Publications.
8. Rajan, K. M. (2004). *Science of science education*. Mannanam, Kottayam: St. Joseph's Training College.
9. Rajan, K. M. (2006). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. III). Trivandrum: Lotus Publications.

10. Rajan, K. M. (2007). *Martyrs, saints & prelates of the Syriac Orthodox Church* (Vol.I) Kottayam: The Travancore Syriac Orthodox Publishers.

11. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2008). *Teaching of Physical Science: Theory, Perspectives & Practice.* Mannanam, Kottayam: St. Joseph's Training College.

12. Rajan, K. M. (2009). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. IV). Trivandrum: Lotus Publications.

13. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2010). *Teaching of Physical Science: Theory, Perspectives & Practice* (2nd rev. ed.). Mannanam, Kottayam: St. Joseph's Training College.

14. Rajan, K. M. (2011). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. V). Kottayam: The Travancore Syriac Orthodox Publishers.

15. Rajan, K. M. (2012). *Martyrs, saints & prelates of the Syriac Orthodox Church* (Vol.II) Kottayam: The Travancore Syriac Orthodox Publishers.

16. Rajan, K. M. (2013). *Martyrs, saints & prelates of the Syriac Orthodox Church* (Vol.III) Kottayam: The Travancore Syriac Orthodox Publishers.

17. Rajan, K. M. (2016). *Martyrs, saints & prelates of the Syriac Orthodox Church* (Vol.IV) Puthencruz: J.S. C. Publications.

18. Rajan, K. M. (2016). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. VI). Kottayam: The Travancore Syriac Orthodox Publishers.

19. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (Vol.V) Puthencruz: J.S. C. Publications.

20. Rajan, K. M. (2017). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. VII). Puthencruz: J.S. C. Publications..

21. Rajan, K. M. (2017). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. VIII). Puthencruz: J.S. C. Publications.

22. Rajan, K. M. (2017). *St. Mary & The Apostles*. Puthencruz: J.S. C. Publications..23. Rajan, K. M. (2017). *Holy Fathers of the Syrian Orient Entombed in Kerala*. Puthencruz: J.S. C. Publications..

23. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (One Volume) Puthencruz: J.S. C. Publications.

24. Rajan, K. M. (2017). S*uriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (250 Biographies). Puthencruz: J.S. C. Publications.

**Books Compiled, Edited & Reprinted**

1. *Mar Anthoniyosinte Jeevacharithram* (2003). Kizhakkambalam: Religious Movement of Ancient Syrians (R.M.A.S.) - REPRINT
2. *Calendar of the Syrian Orthodox Church*. (2004). Kottayam: Travancore Syriac Orthodox Publishers.- EDITED
3. *Nidraprapikkunnavarkkuvendiyulla Prarthanakalum, kramangalum*.(2004). Arthat, Kunnamkulam: St. Mary's Simhasanapally - COMPILED
4. *Suriyanisabha Perunal Visheshadivasangalil Vishudha Kurbanayil Upayogickavunna Geethangal.* (2005). Kurichy, Kottayam: Vishudha Magdhalana Mariyam Mandiram Chapel. - COMPILED

5. *Angel of peace - Platinum Jubilee Souvenir of St. Elias III* (2007). EDITED
6. Aphrem Basoum I (2016). *The Shorter Catechism of the Syrian Orthodox Church.* Puthencruz: J. S. C. Publications. REPRINT
7. Aphrem Basoum I (2017). *The Spiritual Treasures of Canonical Prayers*. Puthencruz: J. S. C. Publications. REPRINT

## ഗ്രന്ഥകർത്താവ്

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ 1958 ആഗസ്റ്റ് 10-ാം തീയതി ജനിച്ചു. ഇദ്ദേഹം രസതന്ത്രത്തിൽ B.Sc., M.Sc. എന്നീ ബിരുദങ്ങളും വിദ്യാഭ്യാസത്തിൽ B.Ed., M. Ed. എന്നീ ബിരുദങ്ങളും രസതന്ത്രബോധനരീതികളിൽ Ph. D. ബിരുദവും കരസ്ഥമാക്കി.

1971 ജനുവരി 31-ാം തീയതി ശുശ്രൂഷയ്ക്കായി ബ. കെ. വി. കുര്യാക്കോസച്ചൻ (പുണ്യശ്ലോകനായ കുരിയാക്കോസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത) മദ്ബഹായിൽ ശുശ്രൂഷയക്കായി പ്രവേശിപ്പിച്ചു. 1976 മാർച്ച് 14-ാം തീയതി B.Sc. വിദ്യാർത്ഥിയായിരുന്നപ്പോൾ മഞ്ഞനിക്കര ദയറായിൽ വച്ച് മോർ യൂലിയോസ് യാക്കോബ് മെത്രാപ്പോലീത്തായിൽ നിന്നും കോറൂയോ പട്ടവും, 1978 ജൂലൈ 23-ാം തീയതി ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് രണ്ടാമ ബാവായിൽ നിന്നും യൗഫദയക്കിനൊ പട്ടവും സ്വീകരിച്ചു. 1984 ഒക്ടോബർ 12-ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്തായിൽ നിന്നും പൂർണ്ണ ശെമ്മാശ പട്ടവും 1984 ഒക്ടോബർ 14-ാം തീയതി ദമസ്കോസിൽ വച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവായിൽ നിന്നും കശീശ പട്ടവും സ്വീകരിച്ചു. കുന്നംകുളം സിംഹാസനപള്ളിയിലെയും സഭയിലെയും ശുശ്രൂഷകളെ അംഗീകരിച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവ 2000 മെയ് 12-ാം തീയതി ദമസ്കോസിൽ വച്ച് കുരിശുമാല നൽകി ആദരിച്ചു. 2009 ജനുവരി 24-ാം തീയതിയിലെ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ E27/09 നമ്പർ കല്പനപ്രകാരം 2009 മെയ് 24-ാം തീയതി മോർ യൂലിയോസ് കുരിയാക്കോസ് തിരുമേനിയിൽ നിന്ന് കോറെപ്പിസ്കോപ്പ സ്ഥാനം സ്വീകരിച്ചു.

1982 ൽ കൊച്ചി കേന്ദ്രീയവിദ്യാലയത്തിൽ (P. G. T. in Chemistry) അദ്ധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ചു. 1983 ൽ മാന്നാനം, സെന്റ് ജോസഫ് ട്രെയിനിംഗ് കോളജിൽ

അദ്ധ്യാപകനായി ജോലിയിൽ ചേർന്നു.  1984 മുതൽ കുന്നംകുളം സെന്റ് മേരീസ് പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചു വരുന്നു. കാലിഫോർണിയ സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ (1989-1993) ലോസ് ഏഞ്ചലസിലെ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് സിംഹാസനപള്ളിയിൽ സേവനമനുഷ്ഠിച്ചു. 1994-2003 കാലഘട്ടത്തിൽ ഇത്തിത്താനം M.M.D.M. Patriarchal centreൽ ശുശ്രൂഷകൾ നിർവ്വഹിച്ചു. 2009-2016 കാലഘട്ടത്തിൽ തൃശ്ശൂർ സെന്റ് പീറ്റേഴ്സ് സിറിയൻ സിംഹാസന പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചു.

*Queen of the Sacraments, The prayer book of the Syrian Orthodox Church, Perspectives in physical science teaching, A treatise on form and style of thesis and dissertation, Science of science education, Martyrs, Saints & Prelates of The Syriac Orthodox Church* (Vol. I-IV) സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും (Vol. I-VII) എന്നീ പുസ്തകങ്ങളും അമ്പതിലധികം സഭാസംബന്ധമായ ചെറിയ പുസ്തകങ്ങളും, ലഘുലേഖകളും, ലേഖനങ്ങളും, ഒന്നര ഡസനിലധികം ഗവേഷണ പ്രബന്ധങ്ങളും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ദേശീയ അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, 1998 ൽ മികച്ച ഗവേഷണപ്രബന്ധത്തിനുള്ള അവാർഡ് ലഭിക്കുകയും ചെയ്തു. U. G. C., N.C.T.E., K. P. S. C., S. C. E. R. T., I. A. S. E., S. M. E.  എന്നിവയിൽ Subject expert, Resource person  എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിദ്യാഭ്യാസഗവേഷണത്തിന് ഗൈഡ് എന്ന നിലയിലും പ്രവർത്തിക്കുന്നു.

For soft copies of the books, visit : www.rajanachen.com









# സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും

**വാല്യം - 1**

**ആകമാന സുറിയാനി ഓർത്തഡോക്സ് സഭ അംഗീകരിക്കുകയും, ആദരിക്കുകയും ചെയ്യുന്ന രക്തസാക്ഷികളുടെയും, പരിശുദ്ധന്മാരുടെയും, മേലദ്ധ്യക്ഷന്മാരുടെയും ജീവചരിത്രവും അനുകരണീയ മാതൃകകളും, സഭാ ശുശ്രൂഷകളും എന്നും സ്മരിക്കപ്പെടേണ്ടതാണ്. ഈ ലക്ഷ്യം മുൻനിർത്തിയുള്ള എളിയ പരിശ്രമമാണ് ഈ ഗ്രന്ഥം.**

**The Travancore Syriac Orthodox Publishers**
**Kottayam-686 004**
**SOCMNet.Org**